

# സുകൃതംസ്മര

ഒരു ബേസ് റൗമ പ്രസിദ്ധീകരണം

ചാവറ സെൻട്രൽ സെക്രട്ടറിയേറ്റ്

MOUNT CARMEL GENERALATE
CMC
ALUVA



# സുകൃതം സ്മര

## ചാവറ സംസ്കൃതിയെക്കുറിച്ചുള്ള
## പഠന നിരീക്ഷണങ്ങൾ

ഒരു ബേസ്റൗമ പ്രസിദ്ധീകരണം

# സുകൃതം സ്മര

(ലേഖനങ്ങൾ)

ഒരു ബേസ്‌റൗമ പ്രസിദ്ധീകരണം

Malayalam
**SUKRUTHAM SMARA**
Essays on the life, contributions and vision of
Chavara Kuriakose Elias

With an introduction by
Prof. M. Thomas Mathew

Edited by
John Paul

©
Rights Reserved

Cover Design
Gayathry Ashok

Pre Press and Layout
Anoop Antony

First Published
February 2012
Second Edition March 2012

Printed at
Anaswara Printers, Kochi

Published By
**Beth Rauma**
an initiative of
Chavara Central Secretariat
on behalf of
C.M.I., C.M.C. Congregations
from Chavara Hills, Kakkanad,
Cochin 682030

Distributed by
Chavara Central Secretariat, P.B. No. 3105
Chavara Hills, Kakkanadu, Cochin 682 030
Ph: 0484 4070012, Fax: 0484 4070015
E-mail: bethrauma@gmail.com
chavara.secretariat@cmi.in

Price: ₹. 80/-

## ഉള്ളടക്കം

*രണ്ടാം പതിപ്പിനൊരു മുന്നുര*

വാഴ്ത്തപ്പെട്ടവൻ തെളിച്ച വഴിയേ... 07

*ഫാ. റോബി കണ്ണഞ്ചിറ സി.എം.ഐ.*

*പ്രസാധകക്കുറിപ്പ്*

വിശാലചരിത്ര പശ്ചാത്തലത്തിൽ
പഠിയ്ക്കപ്പെടേണ്ട വ്യക്തിത്വം 09

*ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ.*

*എഡിറ്ററുടെ കുറിപ്പുകൾ*

ജീവിതാനന്തര ജീവിതത്തിന്റെ സാക്ഷ്യപത്രം 11

*ജോൺ പോൾ*

*അവതാരിക*

അർത്ഥവത്തായ ആരംഭം 15

*പ്രൊഫ. എം. തോമസ് മാത്യു*

**ലേഖനങ്ങൾ**

കാലാതീതമായ മഹാജ്യോതിസ്സിലേയ്ക്ക് 21

*ഡോ. സുകുമാർ അഴീക്കോട്*

നവോത്ഥാനത്തിലെ ശുക്രനക്ഷത്രം 31

*പ്രൊഫ. എം.കെ. സാനു*

ഘോഷിക്കപ്പെടാതെപോയ ചരിത്രപർവ്വം 36

*പ്രൊഫ. എ. ശ്രീധരമേനോൻ*

ചരിത്രത്തെ നയിച്ച ഒരാൾ 45

*പി. ഗോവിന്ദപ്പിള്ള*

സ്മൃതിയിൽ മൃതിയില്ലാതെ... 62

*ഡോ. എം. ലീലാവതി*

അനുഭവധ്യാനമാകുന്ന കാവ്യസപര്യ 66
*പ്രൊഫ. മാത്യു ഉലകംതറ*

മൗലിക സംസ്കൃതിയുടെ അമൃതവാഹിനി 75
*സി.പി. ശ്രീധരൻ*

വഴിതെളിച്ചവന്റെ ദർശനം 80
*പ്രൊഫ. കെ.എം. തരകൻ*

ഹൃദയത്തിന്റെ കൈയ്യൊപ്പുള്ള അക്ഷരസാക്ഷ്യം 87
*ഡോ. കുര്യാസ് കുമ്പളക്കുഴി*

വാഗ്ദേവതയുടെ നിതാന്തനർത്തനം 93
*ഫാ. ഡോ. ഇസഡ് എം. മുഴൂർ സി.എം.ഐ.*

ആത്മത്യാഗം വരച്ചു ചേർത്ത അവസാനത്തെ ഇല 101
*സി.വി. ആനന്ദബോസ്*

മലയാള മാധ്യമ കുടുംബത്തിന്റെ ആദ്യനാൾ വഴികളിലൂടെ 107
*ഡോ. സെബാസ്റ്റിൻ പോൾ*

ഇടയനാടകശാഖയിലെ മലയാളി സാന്നിദ്ധ്യം 113
*ടി.എം. എബ്രഹാം*

നാടൻശീലിന്റെ മൊഴിച്ചന്തം 121
*പി.കെ. രാജശേഖരൻ*

**അനുബന്ധം ഒന്ന്**
*ചാവറ കുര്യാക്കോസ് ഏലിയാസ് - ജീവിതരേഖ* 127

**അനുബന്ധം രണ്ട്**
*ചാവറ കുര്യാക്കോസ് ഏലിയാസിന്റെ രചനകൾ* 130

**അനുബന്ധം മൂന്ന്**
*ബേസ്റൗമ* 131

## രണ്ടാം പതിപ്പിനൊരു മുന്നുര

# വാഴ്ത്തപ്പെട്ടവൻ തെളിച്ച വഴിയേ...

ഫാ. റോബി കണ്ണഞ്ചിറ C.M.I.

വാഴ്ത്തപ്പെട്ട ചാവറ പിതാവിന്റെ 100-ാം ചരമ വാർഷികം 1971 ലായിരുന്നു; രണ്ടാം ജന്മശതാബ്ദി 2005ലും ഇരു സന്ദർഭങ്ങളിലുമായി മലയാള സംസ്കൃതിയുടെ മുഖ്യധാരയിലെ നായക സ്ഥാനീയരായ സുമനസ്സുകൾ നടത്തിയ പ്രഭാഷണങ്ങളും നിരീക്ഷണങ്ങളുമാണ് സുകൃതംസ്മര എന്ന ഈ സമാഹാരത്തിലുള്ളത്. അക്കൂട്ടത്തിലല്ലാതെ ഉൾപ്പെടുത്തിയിട്ടുള്ളത് ടി.എം.എബ്രഹാം ചാവറ പിതാവിന്റെ ഇടയനാടകങ്ങളെക്കുറിച്ചു അടുത്തയിട നടന്ന കണ്ടെത്തലുകളെ ആധാരമാക്കി നടത്തുന്ന നിരീക്ഷണക്കുറിപ്പുമാത്രമാണ് അവിടെപ്പോലും. 150 ലേറെ വർഷങ്ങൾക്കു മുൻപാണ് ചാവറ പിതാവ് ഇടയനാടകങ്ങൾ എഴുതുകയും അവയ്ക്കു രംഗാവിഷ്ക്കാരം നൽകുകയും ചെയ്തിട്ടുള്ളത് എന്നതു പ്രത്യേകമോർക്കണം.

ഈ നിരീക്ഷണങ്ങളിൽ വിചാരണാവിധേയമാകുന്ന ചാവറ സംസ്കൃതിയുടെ ഓരോ അലരുകളും ഇന്നും പ്രസക്തവും പ്രബലവും അതിനാൽ നവംനവമായും അനുഭവപ്പെടുന്നു എന്നതു ആ ചൈതന്യപ്രഭവത്തിന്റെ പുണ്യധന്യതയായി മാറ്റു തെളിഞ്ഞ് അനുഭവവേദ്യമാവുകയാണ്. ആ വ്യക്തിസത്തയുടെ തുടർപ്രസരണ ദീപ്തി വർത്തമാനകാലത്തു മറ്റെന്നത്തേക്കാളുമേറെ പ്രസക്തമാണ് എന്നതിന്റെ സാക്ഷ്യമാണ് ഫെബ്രുവരി തുടക്കത്തിൽ ആദ്യപതിപ്പിറങ്ങിയ ഈ സമാഹാരത്തിനു ഒന്നര മാസങ്ങൾക്കുള്ളിൽ രണ്ടാം പതിപ്പ് സാദ്ധ്യമാകുന്നത്. വ്യവസ്ഥാപിത വിപണന കേന്ദ്രങ്ങളും വിളംബര വഴികളുമില്ലാത്ത ബേസ്റൗമയ്ക്കു ഇതു സാദ്ധ്യമാകുന്നതു സുമനസ്സുകളായ സി.എം.ഐ., സി.എം.സി. സഭാംഗങ്ങളുടെ സമർപ്പിതവും നിസ്തന്ദ്രവുമായ ബദ്ധിത ഉത്സാഹശ്രമങ്ങളാലാണ് വാഴ്ത്തപ്പെട്ടവൻ തെളിച്ച വഴിതുടർച്ചയിലെ കണ്ണികൾ തന്നെയാണു ബേസ്റൗമയുടെ ഊർജ്ജസ്രോതസ്സ്.

കാലത്തെ അതിശയിപ്പിക്കുന്ന കാണാപ്പൊരുളുകളുടെ അധിക മാനങ്ങൾ നിവർത്തിച്ചശേഷം ഇടത്താവളം വിട്ടു യാത്ര തുടരുന്ന പ്രകാശ സാന്നിദ്ധ്യങ്ങൾക്കു ഭൗതികശാസ്ത്രത്തിന്റെ അളവുമാത്ര കളിലെ മരണമെന്ന വാക്കുകൊണ്ട് അതിരു കുറിക്കുവാനാകില്ലെന്ന് ഈ നിരീക്ഷണങ്ങൾ ഒരിയ്ക്കൽക്കൂടി സാക്ഷ്യപ്പെടുത്തുന്നു. സംസ്കൃതിയ്ക്കു നൈരന്തര്യത്തിന്റെ അത്ഭുത ചൈതന്യ പ്രസക്തി പ്രാപ്യമാകുന്നത് അതിനാൽത്തന്നെയെന്ന് പ്രകാശനക്ഷത്രങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നു.

ചാവറ പിതാവിനെക്കുറിച്ചു അറിയാമായിരുന്ന പലതും കൂടുതൽ തെളിവോടെ ഉൾച്ചേർക്കുവാൻ ഈ നിരീക്ഷണങ്ങൾ സഹായിക്കുന്നു; ഒപ്പം അറിവില്ലാത്ത പൊരുളിടങ്ങളിലെത്തിപ്പെടുവാൻ അന്വേഷണ മനസ്സുകൾക്കു പ്രേരകവുമാകുന്നു ഈ വിചാര ധാരകൾ; ചാവറ സംസ്കൃതിയെക്കുറിച്ചു പരാമർശിക്കേണ്ടി വരുമ്പോൾ, ആധികാരി കമായിത്തന്നെ അവലംബിക്കാവുന്ന സ്രോതസ്സിന്റെ ഒരു റെഡിറെ ക്കനറായി പ്രയോജനപ്പെടുത്തുന്നുണ്ട് ഈ നിരീക്ഷണങ്ങൾ എന്നു പലരും പറയുകയുണ്ടായി.

പലയിടത്തായി പലപ്പോഴായി പണ്ഡിത മനസ്സുകൾ നടത്തിയ ധ്യാനവിചാരങ്ങളെ സമാഹരിച്ചു സമഗ്രമായ ഒരു ചാവറ ചിത്രത്തിനു ഇപ്രകാരം ഒരു ഭൂമികയൊരുക്കുവാൻ കഴിഞ്ഞതിൽ ബേസ്റൗമ അഭി മാനിക്കുന്നു; ആഹ്ലാദിക്കുന്നു.

■

പ്രസാധകക്കുറിപ്പ്

# വിശാലചരിത്ര പശ്ചാത്തലത്തിൽ പഠിയ്ക്കപ്പെടേണ്ട വ്യക്തിത്വം

## ഫാ. തോമസ് പന്തപ്ലാക്കൽ C.M.I.

**ബോ**സ്റൗമ പ്രസാധനധാരയിലെ രണ്ടാമത്തെ പുസ്തകത്തിന്റെ രണ്ടാം പതിപ്പാണിത്. പലപ്പോഴായി സുമനസ്സുകളായ പണ്ഡിത ശ്രേഷ്ഠർ ചാവറ പിതാവിനെക്കുറിച്ചു നടത്തിയിട്ടുള്ള നിരീക്ഷണ ങ്ങളുടെ ഒരു സമാഹാരമാണ് ഈ ഗ്രന്ഥം. വളരെ വിശാലമായ ചരിത്ര പശ്ചാത്തലത്തിൽ സമഗ്രമായി പഠിയ്ക്കപ്പെടേണ്ട ഒരു വ്യക്തിത്വമാണ് ചാവറ പിതാവിന്റേത്. വിശദമായ അത്തരം പഠനങ്ങൾക്കു പ്രേരണയാ കാവുന്ന പ്രവേശന സൂചനകൾ മാത്രമാണ് ഇവയിലെ കുറിപ്പുകൾ.

വിസ്മയമുണർത്തുംവിധം വൈവിധ്യമാർന്ന മേഖലകളിൽ സ്മര്യ പുരുഷൻ നിവർത്തിച്ച സേവനശുശ്രൂഷയുടെ ചരിത്രം യഥാർത്ഥ ത്തിൽ പത്തൊൻപതാം നൂറ്റാണ്ടിലെ കേരള സംസ്കാരത്തിന്റെ ഭൂമി കയിൽ നിന്നുകൊണ്ട് പിന്നാമ്പുറങ്ങളെക്കുറിച്ചുള്ള തിരിച്ചറിവും ഇരു പതാം നൂറ്റാണ്ടും താണ്ടി ഇന്നിൽ വന്നു നിൽക്കുന്ന നമ്മുടെ സംസ്കൃതിയുടെ അടിസ്ഥാന സ്രോതസ്സിനെക്കുറിച്ചുള്ള ഉൾക്കാ ഴ്ചയും പകർന്നു തരുന്ന പ്രസരണപ്രാപ്തിയുടെ കഥ കൂടിയാണ്. നാടും നാടിന്റെ സംസ്കൃതിയും നാളെകളിൽ നടന്നെത്തിപ്പെടുവാ നിരിക്കുന്ന വഴിയിടങ്ങൾക്കായി ഇന്നിനെ ഒരുക്കുവാൻ ഈ പശ്ചാ ത്തല പരിവൃത്തം ഊർജ്ജം നൽകുന്നു. ചാവറ പിതാവിനെ അറി യുക നമ്മുടെ സമൂഹത്തെ അറിയുക എന്നതിനു സമമാണെന്ന് ലോകം സാക്ഷ്യപ്പെടുത്തുന്ന നാളുകൾ ഏറെ വിദൂരമല്ലാത്തതു കൊണ്ട് ഈ നിരീക്ഷണങ്ങൾക്ക് പ്രത്യേക പ്രസക്തിയുണ്ടെന്നു ഞങ്ങൾ കരുതുന്നു.

സമാഹാരത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള നിരീക്ഷണങ്ങൾക്കായി തങ്ങളുടെ മനസ്സും ചിന്തയും ചാവറ സംസ്കൃതിയുടെ നേർക്കു തുറന്നു പിടിച്ച ഗുരുഃസ്ഥാനീയരും സഹോദരസ്ഥാനീയരുമായ

ലേഖകർക്കും പ്രൗഢമായ ഒരവതാരികകൊണ്ട് ഈ സമാഹാരത്തെ അനുഗ്രഹിച്ച പ്രൊഫ. എം. തോമസ് മാത്യുവിനും ബേസ്റൗമയുടെ പ്രണാമം.

എന്നും അനുഗ്രഹ പിൻബലമായി വർത്തിക്കുന്ന സി.എം.ഐ. സഭയുടെ പ്രയാർ ജനറൽ ഫാ. ജോസ് പന്തപ്ലാംതൊട്ടിയിൽ, വികാരി ജനറൽ ഫാ. റവ. ഡോ. ജോർജ്ജ് താഞ്ചൻ, സി.എം.സി. സഭയുടെ സുപ്പീരിയർ ജനറൽ റവ. ഡോ. സിസ്റ്റർ സാങ്റ്റ, ജനറൽ കൗൺസിൽ അംഗം സിസ്റ്റർ ലിയോനില, സംശോധന നിർവ്വഹിച്ച ജോൺ പോൾ, ഏകോപനം നിർവ്വഹിച്ച എറണാകുളം ചാവറ സാംസ്ക്കാരിക കേന്ദ്രത്തിന്റെ ഊർജ്ജസ്വലനായ ഡയറക്ടർ ഫാ. റോബി കണ്ണഞ്ചിറ, മുഖചിത്രരചന നിർവ്വഹിച്ച ഗായത്രി അശോക്, പ്രീ പ്രിന്റ് ലേഔട്ട് നിർവ്വഹിച്ച അനൂപ് ആന്റണി, മുദ്രണം ഭംഗിയായി നിർവ്വഹിച്ച അനശ്വര പ്രിന്റേഴ്സ് എന്നിവരോടുള്ള നന്ദിയും ഇവിടെ രേഖപ്പെടുത്തട്ടെ.

ആഹ്ലാദപൂർവ്വം, അഭിമാനപൂർവ്വം സുകൃതം സ്മര വായനാസമൂഹത്തിനു മുൻപിൽ സമർപ്പിക്കുന്നു.

■

എഡിറ്ററുടെ കുറിപ്പുകൾ

# ജീവിതാനന്തര ജീവിതത്തിന്റെ സാക്ഷ്യപത്രം

ജോൺ പോൾ

ജനനത്തിനും മരണത്തിനുമിടയിലെ ഹ്രസ്വമായ ദൂരംകൊണ്ട് അടയാളപ്പെടുത്താവുന്ന ജീവിതം മാത്രം വർഷിച്ച ശേഷം അരങ്ങൊഴിയുന്നവരാണ് നമ്മിൽ ഭൂരിഭാഗവും. ജീവിച്ചിരിക്കുമ്പോഴാവട്ടെ വെട്ടിപ്പിടിക്കുവാനുള്ള ത്വരയോടൊപ്പം മരണാനന്തര അവസ്ഥകളെക്കുറിച്ചുള്ള ആശങ്കകളും അതിനെ ചൊല്ലിയുള്ള വെമ്പലുകളുമാണ് നമ്മെ നയിക്കുന്നതും ഉലയ്ക്കുന്നതും. എന്നാൽ ഇതിനു അപവാദങ്ങളായി, വല്ലപ്പോഴുമൊരിയ്ക്കൽ ചിലർ നമുക്കിടയിലുണ്ടാകുന്നു. അവർ ജീവിച്ചിരിക്കുമ്പോൾ അവരുടെ വ്യക്തിസത്തയുടെ അഭൗമചൈതന്യം പൂർണ്ണമായും സമൂഹം ഉൾക്കൊള്ളുക പതിവില്ല. ജീവിതാനന്തരകാലങ്ങളിൽ അവയുടെ തുടർപ്രസരണം നമ്മെ അത്ഭുതപ്പെടുത്തുന്നു. ഇങ്ങിനെയുമൊരാൾ നമുക്കിടയിൽ ജീവിച്ചിരുന്നു എന്നു നാം അമ്പരപ്പോടെ, ആദരവോടെ, ആരാധനയോടെ തിരിച്ചറിയുകയും വരുംകാലത്തോടു ഏറ്റു പറയുകയും ചെയ്യുന്നു. അപൂർവ്വങ്ങളിൽ അപൂർവ്വമായി മാത്രം സമൂഹത്തിനു ലഭിക്കുന്ന വരദാനങ്ങളായി അവർ ചരിത്രത്തിൽ ഇടം തേടുന്നു. കേവല മരണംകൊണ്ട് അതിരു കുറിയ്ക്കാനാവാത്ത ജീവിതമായിരിക്കും അവർ ഇവിടെ വർഷിച്ചിരിക്കുക. പിറന്നു വീഴുമ്പോഴേ നടന്നു തികയ്ക്കേണ്ട കാതങ്ങളെക്കുറിച്ചുള്ള തിരിച്ചറിവും കരുതലും അവരിൽ ലീനമായിരുന്നിരിക്കും. അതിൽ ബദ്ധിതവും അർപ്പിതവുമായ ഒരു യാത്ര മാത്രമായിരുന്നിരിക്കും അവർക്കു ജീവിതം. ആ ജീവിതമാവട്ടെ അവസാനിക്കുന്നതുമല്ല. തുടങ്ങി വച്ചതത്രയും വർദ്ധിച്ച പ്രസരണപ്രാപ്തിയോടെ ചുറ്റും വ്യാപിക്കുകയും ആ ചൈതന്യപ്രഭാവ്യാപനത്തിന് എമ്പാടും സാക്ഷ്യങ്ങളുണ്ടാവുകയും ചെയ്യുമ്പോൾ അവർക്കു പിന്നെ മരണമില്ലാതാവുന്നു. അവരിവിടെ

വർഷിച്ച ജീവിതം സന്ദേശമാവുകയും അതിലുൾച്ചേർന്ന മാനവികത യോടുള്ള അഭേദ്യമായ ഋഢദാർഢ്യം മൂലം ഭൗതികാർത്ഥത്തിലുള്ള മരണം ആ സന്ദേശത്തിനു വിരാമമല്ലാതാവുകയും ചെയ്യുന്നു. ജീവി ച്ചിരിക്കുമ്പോഴേ അവർ അമരത്വം നേടുകയും ജീവിതാനന്തരജീവിത ത്തിനു അവകാശികളായി ഭവിക്കുകയും ചെയ്യുന്നു. അവരെ അവ താരങ്ങളായി കാലം അടയാളപ്പെടുത്തുന്നു. അപ്രകാരം പ്രതിഷ്ഠി യ്ക്കപ്പെടുന്ന ഒരു യുഗപ്രഭാവനാണ് ചാവറ കുര്യാക്കോസ് ഏലി യാസ്.

അദ്ദേഹത്തിന്റെ ബഹുമുഖങ്ങളായ സംഭാവനകളുടെ ദൂരവ്യാപ കവും കാലാതീതവുമായ പ്രസക്തിയും പ്രാധാന്യവും ശ്രേഷ്ഠതയും നാൾക്കുനാൾ കൂടുതലായി തിരിച്ചറിയപ്പെട്ടു വരികയാണ്. ഇത്രയേറെ മേഖലകളിൽ ഇത്ര വലിയ സംഭാവനകൾ ചെറിയൊരു കാലം കൊണ്ടു ചെയ്തുതീർക്കുക മാത്രമായിരുന്നില്ല അദ്ദേഹം ചെയ്തത്; സമൂഹം ഇനിയും സഞ്ചരിച്ചെത്തുവാനിരിക്കുന്ന കാലപർവ്വങ്ങ ളിൽക്കൂടി പ്രയോജനപ്പെടുകയും അർത്ഥവത്തായി തുടരുകയും ചെയ്യുംവിധം ഒരുപാടൊരുപാടു കാര്യങ്ങൾക്കു ആഴങ്ങളുടെ ആഴ ങ്ങളിൽ വേരുകളാണ്ട മഹത്തായ തുടക്കങ്ങൾ കുറിക്കുകകൂടിയാണ്. ഒരു മനുഷ്യജന്മം കൊണ്ടിത്രയേറെ കർമ്മങ്ങളോ എന്നു പതിവു മട്ടിൽ അതിശയിക്കുവാനേ പരിമിതജ്ഞാനികൾ നമുക്കു കഴിയു ന്നുള്ളൂ. ഒരു ജനനം കൊണ്ടു തുടങ്ങുകയും ഒരു മരണംകൊണ്ട് അവസാനിക്കുകയും ചെയ്യാത്ത ജീവിതവർഷമാണു അദ്ദേഹത്തി ന്റേത്. അങ്ങിനെയൊരു അവതാരം സമൂഹത്തിന്റെ ആവശ്യമായി രുന്നു; കാലത്തിന്റെ അർത്ഥനയായിരുന്നു.

ഓരോ പുനർഃവായനയിലും പുതിയ പുതിയ മാനങ്ങളും പൊരു ളുകളും വെളിവാക്കി തരുന്ന ശ്രേഷ്ഠ ജന്മവും ജീവിതവുമായിരുന്നു ചാവറയച്ചന്റേത്. ആ വെളിപ്പെടുത്തലുകളെക്കുറിച്ച് സുമനസ്സുകളായ പണ്ഡിത ശ്രേഷ്ഠർ പലപ്പോഴായി നടത്തിയ വിചാര നിരീക്ഷണ ങ്ങളുടെ ഒരു സമാഹാരമാണ് ഈ ഗ്രന്ഥം. ഡോ. സുകുമാർ *അഴീക്കോട്, പ്രൊഫ. എം.കെ. സാനു, പ്രൊഫ. എ. ശ്രീധരമേനോൻ, പി. ഗോവിന്ദപ്പിള്ള, ഡോ. എം. ലീലാവതി, പ്രൊഫ. മാത്യു ഉലകംതറ, സി.പി. ശ്രീധരൻ, പ്രൊഫ. കെ.എം. തരകൻ, ഡോ. കുര്യാസ് കുമ്പള ക്കുഴി, ഫാ. ഡോ. ഇസഡ് എം. മുഴൂർ സി.എം.ഐ., സി.വി. ആനന്ദ ബോസ്, ഡോ. സെബ്സ്റ്റിൻ പോൾ, ടി.എം. എബ്രഹാം, പി.കെ. രാജ ശേഖരൻ.....* എല്ലാവരും സ്മര്യപുരുഷന്റെ സേവനശുശ്രൂഷയിലെ ഓരോ തലങ്ങളെക്കുറിച്ചാണു പ്രതിപാദിക്കുന്നത്. ആദ്ധ്യാത്മിക പുരുഷനും ദാർശനികനും നവോത്ഥാനനായകനും മാധ്യമ സംരംഭ

കനും സാമൂഹ്യവിചാരകനും കവിയും വാഗ്മിയും ചരിത്രകാരനും എല്ലാമായി അദ്ദേഹം ഈ താളുകളിൽ പ്രത്യക്ഷപ്പെടുന്നു. ഏറ്റവും ഒടുവിലായി 2011ലാണ് ഇന്ത്യൻ ഭാഷാനാടകവേദിയിലെ ആദ്യ രചനയും രംഗാവിഷ്ക്കാരവും അദ്ദേഹത്തിന്റേതായിരുന്നു എന്നു കണ്ടെത്തപ്പെടുന്നത്. അതടക്കമുള്ള വൈവിധ്യമാർന്ന ബഹുമുഖ വ്യാപനങ്ങളുടെ രേഖാചിത്രങ്ങളാണ് ഓരോ കുറിപ്പും. എം. തോമസ് മാത്യുവിന്റെ അവതാരികയും കഥാപുരുഷനുള്ള പ്രണാമമായി അതോട് ഉൾച്ചേരുന്നു.

ചാവറയച്ചന്റെ വ്യക്തിസത്തയെ ഇന്നലെയോടു ചേർത്തും നാളെയോടു കൊരുത്തും സമഗ്രമായി വിലയിരുത്തുന്നതിനും സൂക്ഷ്മാംശങ്ങളിൽ അപഗ്രഥിക്കുന്നതിനും വിശദമായി, വ്യാപകമായി ചർച്ച ചെയ്യുന്നതിനും ഈ നിരീക്ഷണങ്ങൾ പ്രാരംഭവും പ്രചോദനവുമാകുമെന്നാണ് പ്രതീക്ഷ. ലേഖകർക്കൊപ്പം, അവതാരികാകാരനോടൊപ്പം, സമൂഹത്തോടൊപ്പം, ആദരവോടെ നമിക്കുകയും പുതിയ വെളിപാടുകൾക്കായി കൺപാർക്കുകയും ചെയ്യുക മാത്രം ഇവിടെ നിയോഗം.

■

അവതാരിക

# അർത്ഥവത്തായ ആരംഭം

## പ്രൊഫ. എം. തോമസ് മാത്യു

**കാ**ലം എല്ലായ്പോഴും ഒരു അരിപ്പയെപ്പോലെയാണ് വർത്തിക്കുന്നത്. ഒരു മാതിരിപ്പെട്ട കാര്യങ്ങളൊന്നും അത് തടഞ്ഞുവെച്ച് കാത്തു സൂക്ഷിക്കുകയില്ല. ചരിത്രത്തിൽ എത്ര ദിഗ്വിജയങ്ങൾ നടന്നിരിക്കുന്നു. അവയിൽ ഓർക്കപ്പെടാൻ വേണ്ടി നിലനിൽക്കുന്നവ വല്ലതുമുണ്ടോ? സംഭവിച്ച കാലത്ത് ദിഗന്തങ്ങളെ വിറപ്പിച്ചും ജനസഹസ്രങ്ങളെ ഭീതിയിലാഴ്ത്തിയും അരങ്ങേറിയതാണ് അവയെല്ലാം. എന്നാൽ, അവയും അവയ്ക്കെല്ലാം നേതൃത്വം കൊടുത്ത് വീരനായകപ്പട്ടം കെട്ടിയ മഹാപുരുഷന്മാരും ഇപ്പോൾ എവിടെയുണ്ട്? ഇതൊക്കെ അർത്ഥമില്ലാത്തതാണെന്ന തിരിച്ചറിവിലേക്ക് ഉണരാൻ കൃപ ലഭിച്ച ചിലർ മാത്രം വിസ്മരിക്കപ്പെടാതെ ഓർമ്മയിൽ ഒരു നേരിയ തിളക്കമായി നിൽക്കുന്നു. ബാക്കിയെല്ലാവരും വിസ്മൃതിയുടെ അഗാധകൂപത്തിൽ പോയി മറഞ്ഞു. അധികാരത്തിന്റെയും അത് പകർന്നുകൊടുക്കുന്ന ലഹരി പിടിപ്പിക്കുന്ന ഗർവ്വിന്റെയും വിധി അതാണ്. *കഴിഞ്ഞ ഒരയ്യായിരം കൊല്ലത്തെ മാനവചരിത്രത്തിൽ പേരോർക്കാൻ കഴിയുന്ന വിശ്വമഹാകവികൾ എത്രയുണ്ട്? രണ്ടോ മൂന്നോ കവികൾ, രണ്ടോ മൂന്നോ കാവ്യങ്ങൾ എന്ന്* അർത്ഥം വരുന്ന ഒരു ചൊല്ല് സംസ്കൃതത്തിലുണ്ട്. കാനേഷുമാരിക്കണക്കിലെ മുക്കാൽ പങ്കും വിശ്രമമറിയാതെ എഴുതിക്കേറിയിട്ട് കാലം കാത്തുവെയ്ക്കാൻ കനിവു കാട്ടിയവരുടെ കഥയാണിത്.

എന്നാൽ, ചിലരുടെ കാര്യം വരുമ്പോൾ കാലത്തിന്റെ ക്ഷുഭിത തരംഗങ്ങൾ വിനയം കാണിക്കുന്നു. അവരുടെ നാമത്തിന്റെ തിളക്കം കാലം ചെല്ലുന്തോറും ഏറിയേറി വരുന്നതായിട്ടാണ് അനുഭവം. പുരുഷാന്തരങ്ങളുടെ ഹൃദയം ആ നാമങ്ങളുടെ സ്മരണയിൽ കൂമ്പുന്നു;

ആത്മാവ് അവനുമാകുന്നു. അവർ ആരായിരുന്നു..? എന്തായിരുന്നു അവരുടെ ജീവിതത്തിന്റെയും കർമ്മങ്ങളുടെയും സവിശേഷത? പില്ക്കാല തലമുറകൾ വിശുദ്ധർ എന്നു വിശേഷിപ്പിച്ചു വണങ്ങിയവർ അനശ്വരമായ ആദരവിനു പാത്രീഭവിച്ചുകൊണ്ട് പ്രകാശഗോപുരങ്ങളായി മനുഷ്യരാശിക്കു ലക്ഷ്യനിർദ്ദേശം ചെയ്തുകൊണ്ട് കാലവീഥിയിൽ നിലനിൽക്കാൻ എന്താണ് കാരണം?

എത്രയോ ചെറിയ ജോലിക്കാണ് സ്തേഫാനോസ് നിയോഗിക്കപ്പെട്ടത്! വിശ്വാസസമൂഹത്തിന് ഭക്ഷണം വിളമ്പുമ്പോൾ നീതിരഹിതമായി ഒന്നും സംഭവിക്കാതെ, പരാതി കേൾപ്പിക്കാതെ, ഭംഗിയായി കാര്യങ്ങൾ നോക്കി നടത്തുക എന്ന ചെറിയ പണി! പക്ഷേ, സഭയുടെ ചരിത്രത്തിൽ ഈ എളിയ ജീവിതത്തിനു ലഭിച്ച ധന്യമായ സ്ഥാനം എന്താണെന്ന് ഇവിടെ വിവരിക്കേണ്ടതില്ല. സ്തേഫാനോസ് ദിവ്യരഹസ്യങ്ങളുടെ വ്യാഖ്യാതാവായിരുന്നില്ല; ആദിമസഭയിലെ അദ്ധ്യക്ഷസ്ഥാനത്ത് അവരോധിക്കപ്പെട്ടില്ല. നല്ല ഒരു വിളമ്പുകാരൻ മാത്രമായിരുന്നു! പക്ഷേ, സ്വർഗ്ഗത്തിന്റെ വാതിലുകൾ ഒരു മനുഷ്യാത്മാവിനെ സ്വീകരിക്കാൻ തുറക്കപ്പെടുന്നതിന് വിശ്വാസസമൂഹം ആദ്യമായി സാക്ഷ്യം നിന്നത് സ്തേഫാനോസിന്റെ കാര്യത്തിലാണ്. ഒന്നു മാത്രമായിരുന്നു ആ ജീവിതത്തിന്റെ ബലം... അചഞ്ചലമായ വിശ്വാസം; തന്റെ നിയോഗത്തോടുള്ള ഇളക്കമില്ലാത്ത വിശ്വസ്തത. അതിനേക്കാൾ വലിയ പുണ്യമെന്ത്?!

ജീവിതചര്യകളിൽ ഉടനീളം അവനവനെ മറന്ന് തന്റെ നിയോഗത്തിൽ പൂർണ്ണമായി, ശരീരംകൊണ്ടും, വാക്കുകൊണ്ടും മനസ്സുകൊണ്ടും പൂർണ്ണമായി, അർപ്പിച്ച് ആത്മബലിയുടെ ജീവൽസാക്ഷ്യമായി ജീവിക്കാൻ കഴിയുന്നവരാണ് ദിവ്യപുരുഷന്മാരായി പില്ക്കാലത്ത് വിളിക്കൊള്ളുകയും അനുകരണീയമായ മാതൃകയായി പ്രകീർത്തിക്കപ്പെടുകയും ചെയ്യുന്നത്. നിലത്തുവീണ വിത്തുപോലെ അവർ തങ്ങളെത്തന്നെ ഏല്പിച്ചുകൊടുക്കുന്നു; നിത്യമായ ചേതപ്പെടലിന്റെ കഥയായിത്തീരുന്നു അവരുടെ ജീവിതം. എന്നാൽ അതൊരു കദനകഥയല്ല. പ്രത്യുത, സ്വയം കൊടുത്തു തീർക്കലിലൂടെ, പൂർണ്ണജീവിതം, സാർത്ഥകമായ ജീവിതം... ആ ജീവിതത്തിന്റെ കഥയാണത്. നേട്ടങ്ങളുടെ പിന്നാലെ പാഞ്ഞു നടന്നവൻ തന്നെത്തന്നെ നഷ്ടപ്പെടുത്തുന്നു, തന്നെ മുറിച്ചു വിളമ്പാൻ സന്നദ്ധനാകുന്നവൻ ലോകാന്തരങ്ങളുടെ നായകനാകുന്നു. അഞ്ച് അപ്പം കൊണ്ട് അയ്യായിരം പേർക്ക് പോഷണം നൽകിയവൻ സ്വന്തം ശരീരം എന്ന അപ്പംകൊണ്ട് എത്ര

പേരെ പോഷിപ്പിച്ചു; പോഷിപ്പിച്ചുകൊണ്ടിരിക്കുന്നു എന്ന് ആർക്കുള്ളു കണക്കുകൂട്ടാൻ കഴിയുന്നു?!

ഈ വഴിയിൽ നടന്ന് ജീവൻ നൽകി ജീവൻ നേടിയ പുണ്യപുരുഷന്മാരുടെ ചരിതത്തെ ചണ്ഡവാതത്തിന് പറത്തിക്കളയാൻ കഴിയുകയില്ല. തരംഗലീലയിൽ തടശ്ശിലപോലെ അവർ നിലനിൽക്കും. അങ്ങനെ നിലനിൽക്കുന്ന ഒരു പേരാണ് *ചാവറ കുരിയാക്കോസ് ഏലിയാസച്ചൻ*.

കത്തോലിക്കാസഭയിലെ ഒരു പുരോഹിതനായിരുന്നു, കേരളീയമായ ഒരു സന്യാസസഭ സ്ഥാപിച്ചു, സഭയുടെ വളർച്ചയ്ക്കുവേണ്ടി ഒട്ടേറെ സേവനങ്ങൾ അനുഷ്ഠിച്ചു... എന്നിങ്ങനെ ന്യൂനീകരിക്കാവുന്ന ഒരു ജീവിതചരിതമല്ല പുണ്യാത്മാവായ ചാവറ അച്ചനുള്ളത്. ഏറെക്കാലം അങ്ങനെ വിചാരിച്ചിരുന്നവരുണ്ട്. സാധാരണയിൽ കവിഞ്ഞ സാമർത്ഥ്യവും ബുദ്ധിശക്തിയും കർമ്മകുശലതയുമുള്ള ഒരു സന്യാസവര്യൻ എന്ന് സൗജന്യബുദ്ധിയോടെ സമ്മതിച്ചു കൊടുക്കാനും ആളുകൾ തയ്യാറായിരുന്നു. എന്നാൽ, ഇന്നത്തെ സ്ഥിതി അതല്ല. ചാവറയച്ചന്റെ ജീവിതവും പ്രവർത്തനങ്ങളും ഒരു സമുദായത്തിന്റെയോ സന്യാസസമൂഹത്തിന്റെയോ അതിർത്തിക്കുള്ളിൽ ഒതുങ്ങി നിൽക്കാതെ കേരള നവോത്ഥാന ചരിത്രത്തിലെ ദീപ്തമായ ഒരദ്ധ്യായം ആരചിച്ചുകൊണ്ട് അനന്യദൃഷ്ടമായ ഒരു മാതൃകയായിത്തീർന്നിരിക്കുന്നു; അക്കാര്യം പൊതുവെ അംഗീകരിക്കപ്പെടുകയും ചെയ്തിരിക്കുന്നു.

ചാവറയച്ചന്റെ ജീവിതം രണ്ടു തരത്തിൽ പ്രസക്തമാണ്. അതിൽ ആദ്യത്തേത് തീർച്ചയായും ആദ്ധ്യാത്മിക തലമാണ്. വിശ്വാസജീവിതത്തിന്റെ അത്യന്തം ചൈതന്യവത്തായ മാതൃകയാണ് അച്ചന്റെ ജീവിതത്തിലൂടെ നമുക്കു ലഭിക്കുന്നത്. തനിക്കു നൽകപ്പെട്ട ദർശനത്തോട് അതീവ വിശ്വസ്തനായി ജീവിക്കുകയും ഏതു ക്ലേശം അനുഭവിച്ചും ആ വിശ്വസ്തത പാലിക്കും എന്നു ദൃഢനിശ്ചയം ചെയ്യുകയും അതേല്പിക്കുന്ന പരീക്ഷകളെ ദൃഢചിത്തനായി അഭിമുഖീകരിക്കുകയും ചെയ്ത വ്യക്തിയായിരുന്നു അദ്ദേഹം. ശരാശരിക്കുമേൽ ഉയർന്ന ഒന്നിനെയും ഉൾക്കൊള്ളുകയില്ല എന്നതാണ് സമൂഹത്തിന്റെ സാമാന്യരീതി. അതാണ് സ്വാഭാവികവും. നടന്നു പഴകിയ പാതയിലൂടെ നിർവിചാരമായി ചരിച്ചുകൊണ്ടേയിരിക്കുക എളുപ്പമാണ്. ആ നടപ്പ് സുരക്ഷിതമാണ്; വെല്ലുവിളികൾ ഇല്ലാത്തതാണ്. എന്നാൽ, പുതുവഴികൾ തേടുകയും അതിന്റെ സാഹസികതയിൽ രമിക്കുകയും ചെയ്യുന്ന മനസ്സായിരിക്കും പ്രതിഭയുടെ അനുഗ്രഹം നേടിയവർക്ക് ഉണ്ടായിരിക്കുക.

ദർശനത്തോടു കൂറും വിശ്വസ്തതയും പ്രതിബദ്ധതയും കാണിക്കുന്ന വർക്ക് ലഭിക്കുന്ന ദിവ്യമായ പ്രോത്സാഹനമാണ് സാഹസികതയിലെ ആനന്ദം. ചാവറയച്ചന്റെ ആദ്ധ്യാത്മികത ആചരിച്ചുറച്ച അനുഷ്ഠാനങ്ങളിൽ ഒതുങ്ങി നിൽക്കുന്നതായിരുന്നില്ല. അതിന് നവ്യവിതാനങ്ങൾ തേടേണ്ടിയിരുന്നു; ആ അന്വേഷണം അനിവാര്യമാക്കുന്ന പ്രതിഭയുടെ ബീജം ജീവൽഘടനയിൽ എവിടെയോ നിക്ഷേപിച്ചിട്ടാണ് ദൈവം ഈ ആത്മാവിന് മാനുഷരൂപം അണച്ചത്. എതിർപ്പുകളൊക്കെ ആ ദർശനത്തിന്റെ സൂക്ഷ്മരൂപം തെളിയിച്ചെടുക്കാനുള്ള പശ്ചാത്തലം മാത്രമാണ്.

യഥാർത്ഥത്തിൽ ഈ ആദ്ധ്യാത്മികാവബോധത്തിന്റെ ആവിഷ്കാരമാണ് ചാവറയച്ചന്റെ ജീവിതത്തിന്റെ പ്രസക്തിയുടെ രണ്ടാം മുഖമായി തെളിയുന്നത്. പള്ളി മാത്രം പോരാ പള്ളിക്കൂടവും വേണം, പള്ളിക്കൂടത്തിൽ ഉച്ചനീചത്വം പരിഗണിക്കാതെ എല്ലാവർക്കും വിദ്യ ലഭിക്കണം, ഇങ്ങനെ വിദ്യ നേടാൻ ആരുടെയെങ്കിലും ഭൗതിക സാഹചര്യം തടസ്സമാണെങ്കിൽ അതില്ലാതാക്കണം... എന്നിങ്ങനെ നീളുന്ന ആ കാഴ്ചയും അതിന്റെ പിന്നാലെ വരുന്ന കർമ്മ പരിപാടികളും ചാവറയച്ചന്റെ ആദ്ധ്യാത്മികാവബോധത്തിൽനിന്ന് ഭിന്നമായി നിൽക്കുന്നില്ല എന്നാണ് ഞാൻ സൂചിപ്പിക്കുന്നത്. പള്ളിക്കൂടം തുടങ്ങിയതും അവിടെ പഠിക്കാൻ വരുന്ന സാധുകുട്ടികൾക്ക് കഞ്ഞി കൊടുക്കാൻ വേണ്ടി കൃഷി ആരംഭിച്ചതും മറ്റു ഭൗതിക കാര്യങ്ങളായി എഴുതി വകമാറ്റുക സാദ്ധ്യമല്ല തന്നെ. വിശ്വാസം മനുഷ്യനെക്കുറിച്ചുള്ള സങ്കല്പത്തിലേക്കാണ് നയിക്കുന്നത്; ആ സങ്കല്പത്തിനൊത്ത് മനുഷ്യനെ പരിവർത്തിപ്പിക്കുക ആദ്ധ്യാത്മിക പ്രവർത്തനം തന്നെയാണെന്ന് അർത്ഥം. ആത്മീയം, ഭൗതികം എന്നിങ്ങനെ വക തിരിക്കുന്നതുതന്നെ ശരിയല്ല. അക്കാര്യം നന്നായി അറിയുകയും ആ അറിവിനൊത്ത് ബഹുശാഖമായ കർമ്മപരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കുകയും ചെയ്ത ആദ്ധ്യാത്മികാചാര്യനായിരുന്നു ചാവറ കുരിയാക്കോസ് ഏലിയാസച്ചൻ.

ചാവറയച്ചന്റെ സാഹിത്യപരിശ്രമങ്ങളും ഈ വസ്തുതയോട് നന്നായി അന്വയിക്കപ്പെടുന്നുണ്ട്. മലയാളത്തിൽ ആദ്യമായൊരു നാടകം എഴുതി അരങ്ങേറ്റാൻ, ആദ്യത്തെ ഖണ്ഡകാവ്യം ചമയ്ക്കാൻ, വഴിക്കു വഴിയായി ചരിത്ര സംഭവങ്ങൾ രേഖപ്പെടുത്തി വെയ്ക്കാൻ, അങ്ങനെ ചെയ്യണമെന്ന് മറ്റുള്ളവരെ നിർബന്ധിക്കാൻ, ചാവറയച്ചൻ നിയോഗിക്കപ്പെട്ടു എന്നത് ചരിത്രത്തിലെ യാദൃച്ഛികതയല്ല, അത് സുനിശ്ചിതമായ ദൈവീക പദ്ധതിയുടെ പ്രകാശനമാണ്.

ഇത്തരത്തിൽ ഒരു ചരിത്രഘട്ടത്തെ മുഴുവൻ തേജോമയമാക്കുകയും, ആ വെളിച്ചത്തിൽ ഒരു ജനതയെ പുതുലോകത്തിലേക്കു കാലെടുത്തുവെയ്ക്കാൻ സന്നദ്ധമാക്കുകയും ചെയ്ത ചാവറയച്ചനെ വിശാലമായ പശ്ചാത്തലത്തിൽ പ്രതിഷ്ഠിച്ചു പഠിക്കേണ്ടതുണ്ട്. അത്തരത്തിലുള്ള ഒരു പഠനത്തിന്റെ പ്രാരംഭം എന്ന നിലയ്ക്കാണ് ഈ ഗ്രന്ഥത്തെ ഞാൻ കാണുന്നത്. തീർച്ചയായും ഇതൊരു പ്രാരംഭം മാത്രമാണ്; അർത്ഥവത്തായ ആരംഭം. അർത്ഥപൂർണ്ണമായ തുടർച്ചയാണ് ഏത് ആരംഭത്തേയും അർത്ഥവത്താക്കുന്നത്. അതുണ്ടാകട്ടെ എന്ന പ്രാർത്ഥനയോടെ ഈ ഗ്രന്ഥം ഞാൻ സവിനയം അവതരിപ്പിച്ചുകൊള്ളുന്നു.

■

ഒന്ന്

# കാലാതീതമായ മഹാജ്യോതിസ്സിലേയ്ക്ക്

ഡോ. സുകുമാർ അഴീക്കോട്

**ചാ**വറ കുര്യാക്കോസ് ഏലിയാസ് ജനിച്ചിട്ട് 206 വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു; രണ്ടു ശതാബ്ദത്തിലേറെ. അദ്ദേഹം യശഃശരീരനായിട്ട് 140 വർഷങ്ങളും; അതായത് ഒന്നര ശതാബ്ദത്തിനു ഒരു പതിറ്റാണ്ടു കുറവ്. ശതാബ്ദിയാഘോഷം എന്നൊക്കെ നാം പത്രങ്ങളിൽ പലപ്പോഴും വായിക്കാറുണ്ട്. അതു കേട്ടുകേട്ട് ആളുകൾ അതിന്റെ അർത്ഥം മനസ്സിലാക്കാറുണ്ടോ എന്ന് ഞാൻ സംശയിക്കാറുണ്ട്. *അബ്ധി* എന്നാൽ കടൽ എന്നർത്ഥം; *ശതാബ്ധി* എന്നാൽ നൂറുകടൽ എന്നർത്ഥം വരും. ഇത്തരം വാക്കുകൾ ഉപയോഗിച്ച് കുറെ കഴിയുമ്പോൾ ശ്രദ്ധയില്ലാതെ അതിന്റെ പ്രാഥമിക ലക്ഷ്യത്തിൽനിന്ന് നാം അകന്നുപോകും. എഴുത്തിന്റെ അപ്പുറത്തും ഈ ശ്രദ്ധക്കുറവ് ഉണ്ടാകുന്നുണ്ട്. ശതാബ്ദം എന്നാൽ ഒരു നൂറുകൊല്ലം.

ചാവറയച്ചന്റെ കാര്യത്തിൽ ഇപ്പോൾ പിന്നിട്ടിരിക്കുന്നത് 206 വർഷം അല്ലെങ്കിൽ 140 വർഷം. ഇതൊരു ചെറിയ സംഖ്യയാണ്; പക്ഷേ, കൊല്ലക്കണക്കിൽ പരിഗണിക്കുമ്പോൾ, ഒരു ജനതയുടെയും രാഷ്ട്രത്തിന്റെയും ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു കാലഘട്ടമാണ്. ജനങ്ങൾ പല പരിവർത്തനങ്ങൾക്കും വിധേയമാകുന്ന ഒരവസരം കൂടിയാണ് അത്. അത്തരമൊരു കാലഘട്ടത്തിൽ പ്രവർത്തിച്ച ഒരു മഹാമനുഷ്യൻ എന്ന നിലയിലാണ് ചാവറയച്ചനെ നാം അനുസ്മരിക്കുന്നത്. 2011 ആണ് ഇക്കൊല്ലം എന്ന് നാം മറക്കരുത്. 2011-നു നൂറ്റിനാൽപ്പതു കൊല്ലം മുൻപ് 1871-ൽ അദ്ദേഹം ദിവംഗതനായി. 1805-ലാണ് അദ്ദേഹം ഭൂജാതനായത്. 19-ാംനൂറ്റാണ്ടിന്റെ ആരംഭത്തിൽ ജനിച്ച് 19-ാംനൂറ്റാണ്ടിന്റെ മുക്കാൽ ഭാഗം കഴിയുന്ന ഘട്ടത്തിൽ അദ്ദേഹം ഭൂലോകത്തിൽനിന്നു തിരോധാനം ചെയ്യുകയാണ് ചെയ്തത്. നാം ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ രണ്ടാം ദശകത്തിന്റെ തുടക്കത്തിൽ എത്തിച്ചേർന്നിരിക്കുന്നു.

ഇന്നത്തെ ലോകം, ഭൂമിയെ മാത്രം ചുറ്റിക്കറങ്ങുന്ന ഒരു ലോകമല്ലാതെ, ആകാശത്തിലെ പ്രകാശഗോളങ്ങളെപ്പോലും പരിരംഭണം ചെയ്യുന്ന ശാസ്ത്രത്തിന്റെ സജീവമായ വികാസംകൊണ്ട് സമ്പന്നമായ ഒരു ലോകമാണ്. 2011-നെ സ്പർശിക്കുന്ന ഈ ലോകം 1871-ൽ ചരമമടഞ്ഞ ഒരു മനുഷ്യനെക്കുറിച്ച് അനുസ്മരിക്കുന്നത് ശാസ്ത്രീയമാണോ, അത് ആധുനിക ലോകത്തിനു യോജിച്ചതാണോ എന്നൊക്കെയുള്ള ശങ്കകൾ ഉണ്ടായിരിക്കാം. ഇരുപതാം നൂറ്റാണ്ടിലെ മനുഷ്യൻ ജീവിക്കുന്ന മനുഷ്യനായി നിലനിൽക്കണമെന്നുണ്ടെങ്കിൽ അവൻ 21-ാം നൂറ്റാണ്ടിനെപ്പറ്റി ചിന്തിക്കാതെ ഒക്കുകയില്ലായിരുന്നു. 21-ാം നൂറ്റാണ്ടിനെപ്പറ്റി മാത്രം ചിന്തിച്ചാൽത്തന്നെ മതിയാകുമായിരുന്നോ? അതും സംശയമാണ്. അങ്ങനെ ഇരിക്കുന്ന മനുഷ്യൻ 19-ാം നൂറ്റാണ്ടിലേക്കു തിരിഞ്ഞുനോക്കുന്നത് യുക്തമാണോ എന്നുള്ളത്, ചാവറയച്ചന്റെ ചരമത്തിനുശേഷം നൂറ്റിനാല്പതു കൊല്ലം കഴിഞ്ഞ് അദ്ദേഹത്തെ അനുസ്മരിക്കുവാൻ തുടങ്ങുമ്പോൾ നേരിടാവുന്ന പ്രബലമായ ഒരു പ്രശ്നമാണ് എന്ന് നാം ഓർക്കേണ്ടിയിരിക്കുന്നു.

## ചരിത്രപരിവൃത്തത്തിൽ നിന്ന്

20-ാം നൂറ്റാണ്ട് ജന്മമെടുത്തതിനുള്ള ചില കാരണങ്ങൾ ഉണ്ട്. 19-ാം നൂറ്റാണ്ട് കഴിയുന്നതുകൊണ്ട് 20-ാം നൂറ്റാണ്ട് വരുന്നു എന്നതല്ല, 19-ാം നൂറ്റാണ്ടിൽ 20-ാം നൂറ്റാണ്ട് സൃഷ്ടിക്കത്തക്ക സൃഷ്ടിപരമായ കഴിവുകൾ ഉള്ള കുറെ വ്യക്തികൾ ജനിച്ചതുകൊണ്ട് 20-ാം നൂറ്റാണ്ട് ഉണ്ടായി എന്നുള്ളതാണ് ശരി. അതുതന്നെയാണ് 21-ാം നൂറ്റാണ്ടിനെക്കുറിച്ചും പറയുവാനുണ്ടാവുക.

19-ാം നൂറ്റാണ്ട് ഇൻഡ്യയെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമുള്ള ഒരു നൂറ്റാണ്ടായിരുന്നു. 19-ാം നൂറ്റാണ്ടും അതിനു മുൻപുള്ള നൂറ്റാണ്ടുമാണ് ലോകത്തിലെ പരിഷ്കൃതങ്ങളായ രാഷ്ട്രങ്ങളുടെ മുൻപിൽ, സ്വാതന്ത്ര്യം നേടിയെടുത്തിട്ട് ചങ്കൂറ്റത്തോടെ നിൽക്കുവാൻ ഇൻഡ്യയെ ശക്തമാക്കിത്തീർത്തത്. 18-ഉം 19-ഉം നൂറ്റാണ്ടുകളിൽ ഹിമാലപർവ്വതവും മൂന്നു കടലുകളും കടന്നുവന്ന സ്വാധീന പ്രതിഭാവങ്ങൾ ഈ രാജ്യത്ത് എത്തിപ്പെട്ടിട്ട് ഇവിടെ സംഭവിച്ചിരിക്കുന്ന പരിവർത്തനത്തിന്റെ ഫലമായിട്ടാണ് ഇതെല്ലാം ഉണ്ടായതെന്നു നാം ഓർക്കണം. ഹിമാലയപർവ്വതവും കടലുകളും ലോകാരംഭംമുതൽതന്നെ ഇൻഡ്യയ്ക്കു ചുറ്റും ഉണ്ടായിരുന്നു. മാറി വന്നിരുന്നത് ഇവിടത്തെ മനുഷ്യരായിരുന്നു. ഇൻഡ്യയിൽ കുറെ മനുഷ്യർ ഒരു പുതിയ യുഗം വരത്തക്കവിധത്തിൽ ഹൃദയത്തേയും മനസ്സിനേയും രൂപപ്പെടുത്തിയതുകൊണ്ടാണ് 20-ാം നൂറ്റാണ്ടും 21-ാം നൂറ്റാണ്ടും ജന്മമെടുത്തത് എന്നു നാം ഓർക്കേണ്ടിയിരിക്കുന്നു. 19-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നവരിൽ, കേരളത്തിൽ ഇന്ന് അനുസ്മരിക്കപ്പെടുന്ന വ്യക്തികൾ ഉണ്ടെങ്കിൽ, 19-ാം നൂറ്റാണ്ട് മാത്രമല്ല, 20-ാം നൂറ്റാണ്ടും 21-ാം നൂറ്റാണ്ടുകൂടെയും

സൃഷ്ടിച്ചവരാണ് അവരെന്ന് നാം ഓർമ്മിക്കണം. ചാവറയച്ചൻ കേരളത്തിലെ അത്തരം അപൂർവ്വയുഗകർത്താക്കളായ മഹാന്മാരിൽ ഒരാളാണ് എന്ന് അദ്ദേഹത്തെ നൂറ്റിനാൽപ്പതുവർഷങ്ങൾക്കുശേഷവും നാം അനുസ്മരിക്കുന്നതു കൊണ്ടുതന്നെ തെളിയിക്കപ്പെട്ടിരിക്കുകയാണ്.

നമ്മളെല്ലാം ഇന്നു ജീവിക്കുന്നുണ്ട് എന്നു നാം അഭിമാനിക്കുന്നുണ്ടല്ലോ. പക്ഷേ, നമ്മുടെ ഈ അഭിമാനിക്കപ്പെടുന്ന ജീവിതത്തിന്റെ വിജയമാനദണ്ഡം വാസ്തവത്തിൽ നമ്മുടെ ഇന്നത്തെ ജീവിതത്തെയല്ല; അടുത്ത നൂറ്റാണ്ടിൽ നമ്മെ ആരെങ്കിലും അനുസ്മരിക്കുന്നുണ്ടോ, നമ്മുടെ കുടുംബത്തിൽ ആരെങ്കിലും അനുസ്മരിക്കുന്നുണ്ടോ എന്നുള്ളതിനെ ആശ്രയിച്ചിരിക്കുന്നു നമ്മുടെ ജീവിതത്തിന്റെ ഈ നൂറ്റാണ്ടിലെ നിലനിൽപ്പ് എന്നു നാം ഓർക്കേണ്ടിയിരിക്കുന്നു. ചാവറയച്ചന്റെ ജീവിതം വളരെ ധന്യമായ ഒന്നാണ് എന്നു സമ്മതിക്കേണ്ടിയിരിക്കുന്നത് ഇക്കാരണത്താലാണ്.

ഇക്കാലത്ത് മനുഷ്യരുടെ പടം പത്രത്തിൽ വരാറുണ്ട്. പോലീസ് പിടിച്ചാലും പടം പത്രത്തിൽ വരാതിരിക്കില്ല! മറിച്ച് പടം വരാതിരിക്കണമെങ്കിൽ, അതു നിങ്ങളുടെ മാഹാത്മ്യംകൊണ്ടു മാത്രമാണ്. ഇതിന്റെയൊക്കെ നടുവിലും ഈ പ്രകാശത്തിന്റെ നടുവിലും, നിങ്ങൾ ഈ പ്രകാശത്തിനു വിധേയരാകാതെ നിൽക്കുന്നത് നിങ്ങളുടെ അത്ഭുതകരമായ മനസ്സാന്നിദ്ധ്യം കൊണ്ടും മഹിമകൊണ്ടും ആണ്. ചാവറയച്ചന്റെ കാലം അങ്ങിനെയുള്ള ഒരു കാലമായിരുന്നില്ല. അന്ന് അധികം വെളിച്ചം ഉണ്ടായിരുന്നില്ല. കാണപ്പെടാതെയുള്ള ജീവിതങ്ങൾ അന്ന് അധികമായിരുന്നു. അങ്ങനെയുള്ള ഒരു കാലഘട്ടത്തിൽ ജീവിച്ച അദ്ദേഹത്തെ 19-ാം നൂറ്റാണ്ടു മാത്രമല്ല 20-ാം നൂറ്റാണ്ടും ഇപ്പോഴിതാ ഈ 21-ാം നൂറ്റാണ്ടും ശ്രദ്ധയോടെ നിരീക്ഷിക്കുന്നു, പ്രതീക്ഷിക്കുന്നു എന്നുള്ളത് അദ്ദേഹത്തിന്റെ മഹിമ തെളിയിക്കുകയാണ്.

അന്ന് കേരളത്തിൽ ഒരു പ്രത്യേക പരിവർത്തനത്തിന്റെ പ്രവർത്തനം നടക്കുകയായിരുന്നു. 19-ാം നൂറ്റാണ്ട് ഭാരതത്തെ സൃഷ്ടിക്കുന്ന മഹത്തായ ചരിത്രപരിവർത്തനം നടക്കുന്ന കാലമായിരുന്നു.

## പരിവർത്തനത്തിന്റെ ശംഖൊലി

ഇൻഡ്യ, ഇൻഡ്യക്കപ്പുറത്ത് മഹത്തായ ഒരു ലോകം ഉണ്ടെന്ന് ഇടക്കാലത്തുവച്ച് മറന്നുപോയി. ഇടക്കാലത്ത് എന്നുവച്ചാൽ എ.ഡി. 6-ാം നൂറ്റാണ്ടിനു ശേഷം എന്നു പറയാം. അത് പതുക്കെ പതുക്കെ ഇൻഡ്യയുടെ ഓർമ്മയിൽ വരുത്തിയത് രണ്ടുമൂന്നു നൂറ്റാണ്ടിനുശേഷം ഇവിടെ നടന്ന ചില സംഭവങ്ങളാണ്. ചരിത്രകാരനായ കെ.എം. പണിക്കർ പറയുന്നതുപോലെ 1498 എന്ന കൊല്ലത്തിലാണ് ഈ മഹത്തായ ബോധം ഇൻഡ്യയിൽ ഉണ്ടാക്കിയ ആ പ്രാതഃസ്മരണീയമായ സംഭവം ഉണ്ടായത്. 1498-ൽ ഒരു യൂറോപ്യൻ അറബിക്കടലിലൂടെ ധൈര്യത്തോടെ കപ്പലോടിച്ച് കേരളക്കരയിൽ

വന്ന് ഇവിടത്തെ മനുഷ്യരുമായി ബന്ധപ്പെട്ടു. അദ്ദേഹം ഒരു ചെറിയ വഴി കാട്ടിയായിരുന്നു. എല്ലാം അടച്ചിട്ടിരുന്ന ഒരു കെട്ടിടത്തിൽ എങ്ങിനെയോ ഭിത്തിയിൽ ഒരു വിള്ളലുണ്ടായി. വെളിച്ചം കാണാതെ വിഷമിച്ചിരുന്ന ഒരു കൊച്ചുകുഞ്ഞ് ഭിത്തിയിൽ ഉണ്ടായ ആ വിള്ളലിലൂടെ എങ്ങനെ ശ്വാസവും വെളിച്ചവും ആവേശത്തോടെ വലിച്ചെടുക്കുമോ, അങ്ങിനെ ചരിത്രഭിത്തി യിൽ ഉണ്ടായ വിള്ളലിലൂടെ ഇൻഡ്യ, പുതുജീവൻ, പുതിയ വായു, പുതിയ വെളിച്ചം, പുതിയ ചൈതന്യം ഉൾക്കൊണ്ടു. അതിന്റെ ഫലമായി വമ്പിച്ച പരിവർത്തനങ്ങൾ ഉണ്ടായി.

100 കൊല്ലം കഴിഞ്ഞപ്പോൾ കൂടുതൽ വമ്പിച്ച പരിവർത്തനങ്ങൾ ഉണ്ടായി. അതോടെ കേരളത്തിലെ ക്രിസ്ത്യാനികളും പരിവർത്തനങ്ങൾക്കു വിധേയരായി. ഉദയംപേരൂർ സൂനഹദോസ് വിളിച്ചുകൂട്ടി. ക്രിസ്ത്യാനികളുടെ ആചാരങ്ങളിൽ വമ്പിച്ച പരിവർത്തനങ്ങൾ വരുത്തുക എന്ന ഉദ്ദേശമാണ് ആ സമ്മേളനത്തിൽ നടന്നതെങ്കിൽ, 16-ാം നൂറ്റാണ്ടിൽ അതിനു മറ്റൊരു ഫലവുമുണ്ടായി. പാശ്ചാത്യഭാഷയിൽ എഴുതപ്പെട്ട ആ ആചാരങ്ങൾ മല യാളത്തിൽ വിവർത്തനം ചെയ്യപ്പെട്ടു. അത് മലയാളഗദ്യത്തിലായിരുന്നു. ഇന്നു കേൾക്കുന്നതും സംസാരിക്കുന്നതുമായ ഗദ്യഭാഷയുണ്ടല്ലോ, അതിന്റെ പ്രാഥമികരൂപം ആ ഗദ്യമാണ്.

ഞാൻ ഈ സൂചിപ്പിക്കുന്നത് വിദേശങ്ങളുമായുണ്ടായ സമ്പർക്കം പതുക്കെ ചൈതന്യത്തിന്റെ പല ഒഴുക്കുകൾക്കും കാരണമായി എന്നാണ്. അതിൽ അതിപ്രധാനമായ ഒരു ഒഴുക്കാണ് നാം സംസാരിക്കുന്ന ഗദ്യഭാഷ. ഈ ഗദ്യത്തെ പോഷിപ്പിക്കുവാൻ 17-ഉം 18-ഉം 19-ഉം നൂറ്റാണ്ടുകളിൽ ശക്ത മായ പ്രവർത്തനം ഇവിടെ നടക്കുകയുണ്ടായി. ഈ പ്രവർത്തനങ്ങളുടെ നേതൃത്വം ആരുടെ കൈയിലാണെന്നു ചോദിച്ചാൽ എന്തെല്ലാം പക്ഷപാത ങ്ങളും സങ്കുചിതങ്ങളുമായ മറുപടികൾ 20-ാം നൂറ്റാണ്ടിലെ കേരളീയർക്ക് ഉണ്ടായാലും, കേരളക്രൈസ്തവവൈദികരാണ് ഇതിനു മഹത്തായ നേതൃത്വം, സാരഥ്യം കൊടുത്തതെന്നുള്ളതു നിഷേധിക്കാൻ പറ്റാത്ത ചരിത്ര സത്യമാണ്. അക്കൂട്ടത്തിൽ അനേകം അനുസ്മരിക്കപ്പെടേണ്ട വ്യക്തികൾ ഉണ്ടായി.

## അക്ഷരവെളിച്ചം

പണ്ട് ഒരു കവി പറയുകയുണ്ടായി:

*"നീയാം തൊടുകുറികളകായ്കെന്നു മേഷാകുളിക്കുന്നേരത്തിന്നിപ്പുറം വിക്രമനൃവര, ധരാഹന്തകല്പാന്തതോയേ"* എന്ന്; പ്രളയകാലത്ത് ഈ ഭൂമി മുങ്ങുന്ന അവസരത്തിൽ അല്ലാതെ അങ്ങാകുന്ന ഈ തൊട്ടിരിക്കുന്ന തിലകം മാഞ്ഞുപോകാതിരിയ്ക്കട്ടെയെന്ന്. അത്തരം സ്തുതികൾക്ക് ഏറ്റവും യോജി ക്കുന്ന വ്യക്തികൾ ഈ വൈദേശികപ്രാദേശിക വൈദികരിലുണ്ടായി.

ഒന്ന് ഹെർമൻ ഗുണ്ടർട്ട്.

അദ്ദേഹത്തിന്റെ നിഘണ്ടുവാണ് എന്നെപ്പോലെയുള്ള വിനീതരായ സാഹിത്യകാരന്മാർക്കു സംശയനിവാരണത്തിന് ഉപകരിക്കുന്നത്.

ബെയ്‌ലി മറ്റൊരു നിഘണ്ടു നിർമ്മിച്ചു. അതിനുവേണ്ടി വിദേശയന്ത്രങ്ങൾ ഇറക്കുമതി ചെയ്തതു കൂടാതെ അദ്ദേഹം മരത്തിന്റെ അച്ചുമുണ്ടാക്കി.

എന്തൊരു അവിസ്മരണീയമായ സംഭവം എന്ന് ഓർമ്മിക്കണം.

എനിക്ക് ഈ ചരിത്രസംഭവങ്ങൾ അനുസ്മരിക്കുമ്പോൾ ഓർമ്മ വരുന്നത് രാമായണത്തിലുള്ളൊരു കഥയാണ്. ശ്രീരാമന്റെ പട സീതാന്വേഷണത്തിനായി ലങ്കയിലേയ്ക്കു കടന്നുപോകേണ്ടിവന്നപ്പോൾ, ഒരു സേതു പണിയേണ്ട അവസരം ഉണ്ടായി. അപ്പോൾ കൊച്ചുജീവികളായ അണ്ണാറക്കണ്ണന്മാർ മണലിൽ പോയി ഇരുന്നിട്ട് സേതു പണിയുന്നിടത്തു ചെന്ന് കുടഞ്ഞ് തങ്ങൾക്കു ചെയ്യാവുന്ന സഹായം ചെയ്തു എന്നു പറയുന്നു. ഇതൊരു കഥയാണ്. നൂറു കൊല്ലംകൊണ്ട് ഇത്തരം കഥ ഇവിടെ നടക്കുകയുണ്ടായി. ഇവിടെ ഈ വ്യക്തികൾ ഈ അണ്ണാറക്കണ്ണന്മാരെപ്പോലെ വളരെ വിനീതമായി, വളരെ നിരന്തരമായി, പ്രവർത്തിച്ചു.

മരത്തിൽ അച്ചുകൾ ഉണ്ടാക്കിയിട്ട് ഗ്രന്ഥങ്ങൾ അച്ചടിക്കാൻ ശ്രമിച്ചു എന്നു പറഞ്ഞാൽ ഇന്നു നമുക്കു ചിന്തിക്കവയ്യ. ഇന്നത്തെ വലിയ പ്രസ്സുകൾ, മണിക്കൂറിൽ പതിനായിരക്കണക്കിനു വലിയ പത്രങ്ങൾ അച്ചടിക്കുന്ന കൂറ്റൻ പ്രസ്സുകൾ, ഇരമ്പുന്ന കേരളത്തിലെ 2011-ന്റെ അന്തരീക്ഷത്തിൽ, കോട്ടയത്ത് ഒരു ചെറിയ മുദ്രണാലയം ഉണ്ടാക്കാൻ ജീവിതം മുഴുവൻ ഒരു മഹാതപസ്യ അനുഷ്ഠിച്ചു എന്നുള്ളത് 140 കൊല്ലങ്ങൾക്കിപ്പുറത്ത് വിശ്വസിക്കാൻ കഴിയാത്ത തരത്തിൽ അവിസ്മരണീയമായ ഒരു ഇതിഹാസമായി രൂപാന്തരപ്പെട്ടിരിക്കുകയാണ്.

## നിരന്തരമായ കർമ്മസാധന

ചാവറയച്ചൻ ഏതാണ്ട് അതിനോടു കിടനിൽക്കുന്ന പ്രവർത്തനങ്ങൾ ചെയ്ത ഒരു വ്യക്തിയാണ്. അദ്ദേഹം ഇവിടെ അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളും അതുപോലുള്ള ക്രൈസ്തവവൈദികതത്വങ്ങൾ ഉൾക്കൊള്ളുന്ന മറ്റു ഗ്രന്ഥങ്ങളും പ്രസിദ്ധീകരിക്കുവാൻ ശ്രമിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ജീവിതം നിരന്തരമായ ഒരു കർമ്മസാധനയായിരുന്നു. എങ്ങനെ ഒരു മനുഷ്യനു നിരന്തരമായ കർമ്മസാധനയായി ജീവിതത്തെ രൂപാന്തരപ്പെടുത്തി പ്രവർത്തിക്കുവാൻ സാധിക്കും? ഒരു മനുഷ്യൻ നിരന്തരമായി പ്രവർത്തിക്കണമെങ്കിൽ അവനു മഹത്തായ ഒരു ലക്ഷ്യം വേണം. ഒരു കൃമി ലക്ഷ്യമില്ലാതെ ആവേശത്തോടെ ഉരുളുന്നതുപോലെയുള്ള പ്രവർത്തനമല്ല അത്. ഉദാഹരണത്തിന് അച്ചുകൂടത്തിന്റെ കാര്യം എടുക്കാം. 19-ാം നൂറ്റാണ്ടിൽ മരത്തിൽ അച്ചു

വാർത്ത് അച്ചുകൂടമുണ്ടാക്കി. ഇന്നാകട്ടെ ഞാൻ മുൻപ്രസ്താവിച്ചതുപോലെ മണിക്കൂറിൽ പതിനായിരക്കണക്കിനു കോപ്പികൾ അടിച്ച് മടക്കി വീട്ടിലെത്തിക്കുന്നു; വിരൽത്തുമ്പിൽ നെറ്റിൽ പത്രങ്ങൾ ലോകമെങ്ങുമെത്തുന്നു.

മനുഷ്യൻ നിരന്തരമായി ലക്ഷ്യബോധത്തോടെ പ്രവർത്തിക്കണമെങ്കിൽ ഒരു കാര്യം ആവശ്യമാണ്; മനുഷ്യന് അതീതമായ ഒന്നിൽ വിശ്വസിക്കണം; അല്ലാതെ അതു സാദ്ധ്യമല്ല. ഇത് ലോകത്തിലെ വലിയ ചിന്തകന്മാർ, നാസ്തികരായ ചിന്തകന്മാർ പോലും സമ്മതിച്ചിട്ടുള്ള കാര്യമാണ്. മനുഷ്യൻ മനുഷ്യനിൽ മാത്രം വിശ്വസിച്ചുകൊണ്ട് അവനെ രക്ഷിക്കുക സാദ്ധ്യമല്ല. മിക്കവാറും നാസ്തികനായ ബർട്രാന്റ് റസ്സൽ, മനുഷ്യൻ ഈ ലോകത്തിൽ പ്രയോജനപ്പെടത്തക്കവിധത്തിൽ എന്തെങ്കിലും ചെയ്യണമെങ്കിൽ തന്നെത്തന്നെ വിസ്മരിക്കാതെ ആവില്ല എന്നു പറയുന്നു.

നമ്മുടെ ജീവിതത്തിന്റെ വലിയ തടസ്സം ജീവിതത്തിന്റെ പരിമിതിയാണ് അതിന്റെ ഉപകരണം എന്നുള്ളതാണ്. ജീവിതത്തിന്റെ ഉപകരണംതന്നെ ജീവിതത്തിന്റെ പരിമിതിയും ആണ്. ഇതാണ് മനുഷ്യജീവിതത്തിന്റെ ഏറ്റവും വലിയ ദുരവസ്ഥ. ജീവിതമാകുന്ന ഉപകരണത്തെ ജീവിതത്തിന്റെ പരിമിതിയല്ലാതെ ആക്കി മാറ്റുവാൻ ചാവറയച്ചനു കഴിഞ്ഞു. എല്ലാ മഹാന്മാരും മഹത്വത്തിലേയ്ക്ക് ഉയരുന്നത് ഇങ്ങിനെയാണ്. മഹാത്മാഗാന്ധി, ഫ്രാൻസിസ് അസീസ്സി തുടങ്ങിയവരെ ഉദാഹരണമായി എടുക്കാം. ഈ പ്രവർത്തനത്തിന്റെ വൈദികാംഗീകാരമാണ് ചാവറയച്ചന്റെ *വാഴ്ത്തപ്പെട്ടവൻ* എന്ന പദവി. എല്ലാത്തിന്റെയും പരമദാസ്യത്തിന്റെ പേരാണ് ദൈവദാസ്യം. ഇതിനു പുതിയ തത്വശാസ്ത്രത്തിൽ ദൈവത്തിന്റെ ദാസനാണ് മനുഷ്യരുടെയല്ല എന്നു പറയുന്നുണ്ട്. എന്നാൽ മനുഷ്യരുടെ ദാസനാണ് ദൈവത്തിന്റെ ദാസനാവുക. *ദൈവദാസനായതിന്റെ* തുടർച്ചയിലാണ് അദ്ദേഹം വാഴ്ത്തപ്പെട്ടവനായത്. ഈ മഹത്തായ സംജ്ഞ അദ്ദേഹത്തിന് അനുയോജ്യമാണ്.

ഉപനിഷത്തുകളിൽ പറയാറുണ്ട്:

*അല്ലയോ ദൈവമേ നീ വടികുത്തി വൃദ്ധനെപ്പോലെ സഞ്ചരിക്കുന്നു. 'ത്വം സ്ത്രീ, ത്വം പുവാൻ, ത്വം കുമാരൻ, ത്വം കുമാരി', നീ സ്ത്രീയാണ്, നീ പുരുഷനാണ്, നീ കുമാരനാണ്, നീ കുമാരിയാണ്* എന്നും മറ്റും പറയാറുണ്ട്. ഈശ്വരനെ മനുഷ്യരൂപത്തിൽ മാത്രമേ കാണുവാൻ കഴിയുകയുള്ളു എന്നു സാരം.

ഈ അവസരത്തിൽ മനുഷ്യനു വളരെയേറെ ചെയ്യുവാൻ കഴിയും. കാഴ്ചയില്ലാത്തവനു കാഴ്ചകൊടുക്കുക, സഹായം അർഹിക്കുന്നവരെ സഹായിക്കുക... ആ അവസരത്തിലാണ് മുൻപ്രസ്താവിച്ച ജീവിതത്തിന്റെ പരിമിതി നിഷ്ക്കാസനം ചെയ്യപ്പെടുന്നത്; ജീവിതത്തിൽ സ്വർഗ്ഗീയമായ പ്രകാശം പതുക്കെ ഇറങ്ങിവരുകയും ദീപ്തി പരത്തുകയും ചെയ്യുന്നത്. അത്തരമൊരു ജീവിതമാണ് ചാവറയച്ചന്റേത്.

## വാക്ക്, മനസ്സ്, പ്രവൃത്തി

വാക്ക്, മനസ്സ്, പ്രവൃത്തി എന്നീ ത്രിവിധ ഉപകരണങ്ങൾകൊണ്ട് അദ്ദേഹം ദൈവത്തെ സ്നേഹിച്ചു; മനുഷ്യനെ സേവിച്ചു. താനിരിക്കുന്ന ഇരുട്ടുനിറഞ്ഞ ഒരു ലോകത്തിൽ പ്രഭാപൂർണ്ണമായ ഒരു ജീവിതമാണ് അദ്ദേഹം നയിച്ചത്. മതം എന്നു പറയുന്നത് ഇതാണ്; ഇതു തന്നെയാണ്.

ഇന്ന് ആളുകൾ ജനസേവനത്തിനെന്നും പറഞ്ഞ് ഓടിനടക്കുന്ന കാലമാണ്. കക്ഷത്തിൽ ഒരു ബാഗും പിടിച്ച് ജനസേവനത്തിന് തിരുവനന്തപുരത്തു പോകുന്നു. അവന്റെ വീടിനു ചുറ്റും മനുഷ്യൻ കഷ്ടപ്പെടുകയും അതു കാണാതെ തിരുവനന്തപുരത്തു ജനസേവനത്തിനു പോകുകയും ചെയ്യുന്നവരുടെ ഈ യുഗത്തിൽ, താനിരിക്കുന്ന ഇരുട്ടു നിറഞ്ഞ ലോകത്തിൽ പ്രകാശം കൊളുത്തുക എന്നുള്ളതാണ് ജനസേവനത്തിന്റെ ആദിയും മദ്ധ്യവും അന്ത്യവും പ്രഥമവുമായ തത്വം എന്ന് നൂറ്റിനാൽപ്പതുകൊല്ലത്തിന്റെ പ്രശാന്തമായ ജീവിതദൂരത്തിൽ നിന്ന് നമ്മെ ഇന്നും അനുയോജ്യമായ വിധത്തിൽ അനുസ്മരിപ്പിക്കുന്ന ചാവറയച്ചന്റെ സ്മരണ, കേരളത്തിനു സമുദായപരമായും ജനതാപരമായും സാഹിത്യപരമായും ചൈതന്യപരമായും വിസ്മരിക്കാൻ സാദ്ധ്യമല്ലാത്ത പ്രഭാപൂരമായ ജീവിതമാകുന്നു എന്ന് നാം ഓർമ്മിക്കേണ്ടിയിരിക്കുന്നു. അങ്ങനെ അദ്ദേഹം സർവ്വർക്കും ആരാധ്യനായി ഭവിക്കുന്നു.

ഇന്ന് കേരളത്തിലെ സാഹിത്യകാരന്മാർ ഗദ്യമായും പദ്യമായും ഉപയോഗിക്കുന്ന സമൃദ്ധമായ അവരുടെ മലയാളഭാഷ എന്ന ഉപകരണമുണ്ടല്ലോ, ആ ഭാഷയെ ഏറ്റവും സമ്പന്നമാക്കാൻ വേണ്ടി ദിവ്യമായ അദ്ദേഹത്തിന്റെ പ്രവർത്തനത്തിന്റെ നടുവിലും ലഭിച്ച ഒഴിവുസമയം ഉപയോഗിക്കുകയും പ്രയോഗിക്കുകയും ചെയ്ത വ്യക്തിയായിരുന്നു ചാവറയച്ചൻ.

ഈ എഴുത്തുകാരൻ, എഴുത്തുകാരൻ എന്നു പറയുന്നവർ എഴുത്തുകാരായി ജനിക്കുന്നവരൊന്നുമല്ല. പാവപ്പെട്ടവനെ പരിസേവിക്കുവാൻ തുടങ്ങുന്ന അവസരത്തിൽ നിങ്ങളുടെ കാല്പാടുകൾ സാഹിത്യത്തിന്റെയും ഭാഷയുടേയും വേദിയിൽ പതുക്കെ പതിയുമ്പോൾ അതു സാഹിത്യത്തിന്റെ രൂപമായി മാറും. അല്ലാതെ ഇതിനു വലിയ അതിർവരമ്പൊന്നും കൽപ്പിച്ചിട്ടില്ല. ഒരു ഇരുട്ടു നിറഞ്ഞ ദേവാലയത്തിൽ ശ്വാസോച്ഛ്വാസംപോലെ ദൈവവിശ്വാസം നടത്തിയിരുന്ന ഒരു വ്യക്തിയുടെ പ്രാർത്ഥനാകൃതികൾ ഇന്ന് അനശ്വരങ്ങളായ സാഹിത്യങ്ങളായി വാഴ്ത്തപ്പെടുകയാണ്. ജീവിതത്തിന്റെ പരിപൂർണ്ണതയിൽനിന്ന്, സമഗ്രതയിൽനിന്ന്, ജീവിതത്തിന് ഒരു സുഗന്ധമുണ്ടാകുന്ന അവസരത്തിൽ അതു വാക്കിലൂടെ ആവിഷ്ക്കരിക്കപ്പെടുമ്പോൾ അതു സാഹിത്യവും കർമ്മത്തിലൂടെ ആവിഷ്ക്കരിക്കപ്പെടുമ്പോൾ അതു ദിവ്യതയും ആയിത്തീരുന്നു എന്ന് ഓർക്കേണ്ടിയിരിക്കുന്നു.

ഇവിടെ ഈ കാലഘട്ടത്തിലെ ഏറ്റവും വലിയ അപകടം ഡോ. എസ്സ്. രാധാകൃഷ്ണൻ പറയുന്നതുപോലെ ഇവിടെ മനുഷ്യന്റെ ആത്മാവിനെ

അണുവിലേയ്ക്കു വിഭജിച്ചിരിക്കുന്നു എന്നതാണ്. പക്ഷേ, അണുവിലേയ്ക്കു വിഭജിച്ചിരിക്കുന്നു എന്നത് ഒരു പ്രശംസയാണെങ്കിൽ, ഇരുപതാം നൂറ്റാണ്ടും തുടർന്നുള്ള ഇരുപത്തിയൊന്നാം നൂറ്റാണ്ടും ഒരു ചീത്ത നൂറ്റാണ്ടാണ്. എന്തു കൊണ്ടെന്നാൽ ഈ നൂറ്റാണ്ടുകൾ മനുഷ്യന്റെ ആത്മാവിനെ വിഭജിച്ചിരിക്കുന്നു. സമഗ്രമായ ജീവിതംകൊണ്ട് ഈ ലോകത്ത് നാം ചെയ്യേണ്ട പ്രവർത്തനങ്ങളെ കല്ലറകളായി തിരിച്ചുകൊണ്ട് നാം രാഷ്ട്രീയ ജീവിതമെന്നും സാമൂഹ്യജീവിതമെന്നും സാംസ്കാരികജീവിതമെന്നും ഭിത്തികൾ കെട്ടിക്കൊണ്ട് മനുഷ്യജീവിതത്തെ കല്ലറകളാക്കിതീർത്തതിന്റെ ഫലമായിട്ടാണ് ഇന്ന് മനുഷ്യർ പരസ്പരം നോക്കുന്ന അവസരത്തിൽ അപരിചിതരായിതീരുന്നത്. ജീവിതത്തിന്റെ സമഗ്രതയുടെ, അവിഭാജ്യതയുടെ, പരിപൂർണ്ണതയുടെ ആചാര്യൻ എന്ന നിലയ്ക്ക് ദിവ്യനാണ് ചാവറയച്ചൻ എന്നു നാം അനുസ്മരിക്കണം. പത്തൊൻപതും ഇരുപതും ഇരുപത്തിയൊന്നും നൂറ്റാണ്ടുകളുമായി ബന്ധിപ്പിച്ച അദ്ദേഹത്തിന്റെ സാമൂഹ്യമായ ജീവിതത്തെപ്പറ്റി പറയുക എന്നതിൽ കവിഞ്ഞ് ഞാൻ എന്തെങ്കിലും ഇവിടെ കുറിക്കുന്നത് ശരിയാകുകയില്ല. അധികം പറയാതിരിക്കുകയും ഏറെ പ്രവർത്തിക്കുകയുമായിരുന്നു അദ്ദേഹം നിവർത്തിച്ച മാതൃക. ആ ശൈലി അനുവർത്തിക്കുക തന്നെയാണ് ആ തേജഃസ്വിക്കു നൽകാവുന്ന ഏറ്റവും വിശുദ്ധമായ പ്രണാമം.

ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ എന്നാണ് ഈ വൈദിക ശ്രേഷ്ഠന്റെ മുഴുപ്പേര് എങ്കിലും അദ്ദേഹം എങ്ങും സ്മരിക്കപ്പെടുന്നത് ചാവറയച്ചൻ എന്ന സംക്ഷേപസുന്ദരമായ പേരിലാണല്ലോ. ആ പ്രചാരമാർന്ന ചുരുക്കപ്പേരിൽ അദ്ദേഹത്തെ ഭക്തിപൂർവം വിളിച്ചുപോന്ന തലമുറകൾ, ആ വിളിയിൽ ഏതോ ഒരു യുക്തിയോ അർത്ഥമോ മറച്ചുവച്ചതുപോലെ തോന്നുന്നു.

അച്ചന്റെ കുടുംബനാമമായിരുന്നു ചാവറ. അദ്ദേഹത്തിന്റെ പൂർവികരുടെ പാരമ്പര്യത്തിന്റെ വിളനിലമാണ് ആ കുടുംബം. സാധാരണ നരജീവിതം നയിക്കുന്നവർ സ്വന്തം കർമങ്ങൾകൊണ്ട് കുടുംബത്തിന്റെ ചരിത്രത്തിൽ തങ്ങളുടെ നല്ലൊരു സംഭാവന കൂട്ടിച്ചേർക്കുന്നു. അപ്രകാരമാണ് ലോകജീവിതം അതിന്റെ പാളത്തിലൂടെ മുന്നോട്ടു പോകുന്നത്.

### അതിവർത്തിക്കുകയായിരുന്നു!

ചാവറയച്ചൻ സന്യാസിയായപ്പോൾ കുടുംബത്തെ ഉപേക്ഷിച്ചില്ല. സന്യാസത്തിലേക്കു കടന്നു ചെല്ലുന്നയാൾ ലൗകിക കുടുംബത്തിന്റെ കണ്ണി അറക്കുന്നുവെന്നാണ് പൊതുവിലുള്ള സങ്കൽപം. പക്ഷേ, കുടുംബത്തിൽ നിന്ന് കണ്ണി മുറിച്ച് അകന്നു പോകുന്നവർ *'ധൂർത്തപുത്രന്മാർ'* ആണ്. കുര്യാക്കോസ് ഏലിയാസ് സൽപുത്രനാകയാൽ തന്റെ കുടുംബത്തെ നിഷേധിക്കുകയല്ല, അതിവർത്തിക്കുകയാണ് ചെയ്തത്. അതിവർത്തനത്തിൽ ഒന്നും

ഇല്ലാതാവുന്നില്ല; ഓരോന്നിന്റെയും അതിർത്തി വലുതാവുന്നതേയുള്ളൂ. സന്യാസത്തിന്റെ നിയോഗം ഏൽക്കുന്ന ആളുടെ കുടുംബം വളരെ വലുതാവുകയാണ്, ലോകം മുഴുവനുമാവുകയാണ്. ആ ലോകത്തിലെ അനാഥരും അശരണരും അടങ്ങിയ അധഃകൃത സമൂഹമാണ്. *'വസുധൈവ കുടുംബകം'* എന്നു പറയുന്ന അവസ്ഥ.

ഈ വലിയ, ആരെയും ഒഴിവാക്കാത്ത, കുടുംബം സർവേശ്വരന്റെ ചുമതലയിൽ പെടുന്നു. സ്വന്തം കുടുംബത്തെ വിശ്വകുടുംബത്തിൽ ലയിപ്പിച്ച് പ്രവർത്തിക്കാൻ വ്രതമെടുത്ത ആളുകളാണ് സന്യാസികൾ. അവർ ദൈവത്തിന്റെ കൈവിരലുകൾ ആകുന്നു; ആ അംഗുലികൾ കൊണ്ട് ദൈവം കുഷ്ഠരോഗികളെ തലോടുകയും വ്രണിതന്റെ മുറിവു കെട്ടുകയും ദുഃഖിതന്റെ കണ്ണീരൊപ്പുകയും ചെയ്യുന്നു. ആ വഴിയാണ് ക്രിസ്തുദേവൻ ചവിട്ടിപ്പോയ വഴി. ലോകദൃഷ്ടിയിൽ അതു സുഖരഹിതവും വേദനാപൂർണവുമാണ്. അതാണ് കുരിശിന്റെ സന്ദേശം. കുരിശ് ലോകദൃഷ്ടിയിൽ കഠിനയാതന ഉളവാക്കുന്ന ദണ്ഡനയന്ത്രമാണ്. പക്ഷേ, ജീവന്റെ അവസാനിക്കാത്ത പാതയിലൂടെ സഞ്ചരിച്ച്, വിശ്വൈകനാഥന്റെ അടുത്തേക്കു പോകാൻ ഒരുങ്ങുന്നവർക്കോ, ആനന്ദത്തിന്റെയും അലൗകിക സാഫല്യത്തിന്റെയും മാർഗ്ഗമാണത്.

## അനശ്വരതയിലേയ്ക്കുള്ള പ്രയാണം

മൃത്യുവിൽ നിന്ന് അമരത്വത്തിലേക്കു പോകണമെന്ന് ഉപനിഷത്ത് പറഞ്ഞ സത്യം യേശു ഭഗവാൻ ജീവിതത്തിൽ നിന്ന് അനശ്വരതയിലേക്കുള്ള പ്രയാണം എന്നു വിവരിച്ചു. അനശ്വരതയിൽ കാലത്തിന്റെ ചലനം തീരുകയും നിത്യകാലമെന്ന പരോക്ഷാനുഭവം ഉണ്ടാവുകയും ചെയ്യുന്നു.

ആ ജീവന്റെ അറയിലേക്കാണ് ഈ ചാവറക്കാരൻ മുഖം തിരിച്ചുപോയത്. അദ്ദേഹത്തിന്റെ ആത്മീയജീവിതത്തിന്റെ ലക്ഷ്യം നേരത്തേ ആ മനസ്സിൽ സൂക്ഷിച്ചിരുന്നുവെന്ന് *'ചാവറ'* എന്ന പദം ഏതോ മിസ്റ്റിക്ക് രീതിയിൽ ചിന്താശീലരോടു സംവദിക്കുന്നുവെന്ന് ഞാൻ ഉൽപ്രേക്ഷിക്കട്ടെ.

ഈ അനശ്വരതയിൽ അച്ചൻ വൈദികർക്കും കന്യകൾക്കും ധ്യാനനിഷ്ഠയ്ക്ക് ഉതകുന്ന മഠങ്ങൾക്കു രൂപം നൽകി. *'വിദ്യാഭ്യാസത്തിലൂടെ വിമോചനത്തിന്റെ തുടക്കം'* എന്ന ആശയത്തെ പ്രായോഗികമാക്കി കാണിച്ചു. പള്ളിയുണ്ടെങ്കിൽ പള്ളിക്കൂടം വേണം. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യത്തിന്റെ നവീകരണം കൂടി ഈ പരിപാടിയിൽ അച്ചൻ ഉൾച്ചേർത്തില്ലേ? ഉൾച്ചേർത്തെന്നാണ് എന്റെ വിശ്വാസം. പാവങ്ങളെ തെരഞ്ഞുപിടിച്ച് അവരെ ജ്ഞാനത്തിന്റെ പ്രകാശത്തിൽ പ്രതിഷ്ഠിച്ചു. കുടുംബത്തിന്റെ അറയിൽ നിന്ന് മാനവസമൂഹത്തിന്റെ വിശാലമായ തുറന്ന അറയിലേക്കു സഞ്ചരിക്കാൻ അദ്ദേഹം

പല വഴികൾ ഉണ്ടാക്കി. അറിവ് അച്ചടിയിലൂടെ പ്രചരിപ്പിക്കാൻ മുദ്രണശാല തുടങ്ങി; കേരളത്തിലെ ആദ്യമുദ്രണയത്നങ്ങളിൽ ഒന്ന്! അദ്ദേഹം പത്രാധിപരായി പ്രവർത്തിച്ചു; സഭയിലെ ഉന്നത നിർവാഹകശക്തിയായി പ്രവർത്തിച്ചു.

ഇതൊക്കെ ചെയ്യുമ്പോൾ അച്ചന്റെ നോട്ടം കാലാതീതമായ മഹാജ്യോതിസ്സിലോട്ടായിരുന്നു. ലൗകികവും ആത്മീയവുമായ മണ്ഡലങ്ങളെ പരസ്പരചൈതന്യപ്രവാഹത്തിലൂടെ ഉദ്ഗ്രഥിക്കുമ്പോൾ വ്യക്തിത്വത്തിന്റെ ദൈവിക പ്രഭാവം പ്രഫുല്ലമാകുന്നു.

അപ്പോൾ അദ്ദേഹം വാഴ്ത്തപ്പെടുന്നവനാണ്!

■

രണ്ട്

# നവോത്ഥാനത്തിലെ ശുക്രനക്ഷത്രം

## പ്രൊഫ. എം.കെ. സാനു

പുണ്യകർമങ്ങൾകൊണ്ട് ജീവിതം അർത്ഥപൂർണമാക്കുന്നവർ കാലത്തെ അതിജീവിക്കുന്നു. മരണത്തിന്റെ അതിർത്തി ലംഘിച്ചുകൊണ്ട് അവർ നിത്യതയുടെ ഭാഗമായിത്തീരുന്നു. വാസ്തവത്തിൽ അവരുടെ ജീവിതം ആരംഭിക്കുന്നതുതന്നെ മരണത്തിനുശേഷമാണ്.

ഈ പൊതുനിയമത്തിന് ഉത്തമ ദൃഷ്ടാന്തമെന്ന നിലയിലാണ് വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ ഇന്നും ജനങ്ങളുടെ ആരാധനാ പാത്രമായി ശോഭിക്കുന്നത്. 1805-ൽ ജനിച്ച് 1871-ൽ സ്വർഗ്ഗസ്ഥനായ ആ പുണ്യപുരുഷൻ മുഖ്യമായും ആദ്ധ്യാത്മികരംഗത്താണ് പ്രവർത്തനം സമർപ്പിച്ചത്. പതിനൊന്നാം വയസ്സിൽ അൾത്താരബാലനാകുന്നതിൽ ആനന്ദമനുഭവിച്ചു. അതിന്റെ തുടർച്ചയായാണ് പൗരോഹിത്യവൃത്തിയുടെ പഠന ശിക്ഷണങ്ങൾക്കു വിധേയനാകുന്നത്. 24-ാം വയസ്സിൽ അൾത്താരയിൽ ബലിയർപ്പിക്കുന്ന പുരോഹിതനായിത്തീരുകയും ചെയ്തു.

പുരോഹിതവൃത്തിയുടെ വിവിധ ഘട്ടങ്ങളിലൂടെയാണ് അന്ത്യംവരെ ആ ജീവിതം തുടരുന്നത്. ആ കാലയളവിൽ ഏവരുടെയും സ്നേഹബഹുമാനങ്ങൾ മാത്രമല്ല ചാവറയച്ചൻ നേടിയത്. അടുത്തിടപഴകുന്ന ആർക്കുംതന്നെ ആരാധനാ മനോഭാവത്തോടെയല്ലാതെ ആ പുണ്യപുരുഷനെ നോക്കുക സാധ്യമായിരുന്നില്ല. അത്രമാത്രം വിശുദ്ധമായ നിഷ്ഠകളോടെയാണ് തന്റെ പെരുമാറ്റങ്ങളും പ്രവൃത്തികളും അദ്ദേഹം നിയന്ത്രിച്ചുപോന്നത്. ആ നിയന്ത്രണത്തിനു പിന്നിൽ സുദൃഢമായ വിശ്വാസവും സമുന്നതമായ ദർശനവുമുണ്ടായിരുന്നു.

ജീവിതത്തിന്റെ അന്ത്യഘട്ടത്തിൽ ചാവറയച്ചൻ വൈദിക സമൂഹത്തിനയച്ച കത്തിലെ ഒരു ഭാഗം നോക്കൂ:

*"സ്നേഹിക്കപ്പെട്ട കൂടപ്പിറപ്പുകളേ, ഈ നമ്മുടെ എളിയ സമൂഹം മനുഷ്യർ ഉണ്ടാക്കിയതല്ല. പിന്നെയോ, തമ്പുരാൻ തന്നെ തന്റെ എത്രയോ പുതുമകളാൽ ഇതിനെ സ്ഥാപിക്കുകയും നടത്തുകയും വർദ്ധിപ്പിക്കുകയും ചെയ്തു എന്നതിന് നിങ്ങളെല്ലാവരും സാക്ഷികളായിരിക്കുന്നു. അതുകൊണ്ട് ഈ ദൈവികപ്രവൃത്തിക്കു ഭേദം വരുത്തുന്നതിന് മനുഷ്യരുടെ ഞെരുക്കങ്ങൾ മതിയാവില്ല. ഇതിന് ഒരേയൊരു കാര്യം തന്നെ മതിയായിരിക്കുന്നു. അതായത് നാം നമ്മുടെ ദൈവവിളിപ്പിനെ മറന്ന്, അതിന്റെ കടങ്ങളെ ഉപേക്ഷിച്ച്, നമ്മുടെ ജീവിതാന്തസ്സിനടുത്ത മൂല്യങ്ങളായ എളിമ, അനുസരണം, പരസ്നേഹം, സന്യാസ അച്ചടക്കം, സമൃദ്ധമായ ഭക്തി എന്നീ പുണ്യങ്ങളെ വിചാരത്തിൽ മാത്രം പാലിച്ചാൽ മതിയെന്നു വച്ച് പ്രവൃത്തിയാലേ നിറവേറ്റാതിരിക്കുന്ന ഈ കൊവേന്തകളെ ചുരുങ്ങിയ കാലത്തിനകത്ത് ദൈവം ഇല്ലാതാക്കാൻ മതിയായിരിക്കയും ചെയ്യുന്നു."*

## കരുണയാലത്രെ

വിശ്വാസത്തിനനുസരണമായി ധ്യാനാത്മക ജീവിതം നയിക്കുന്നതുകൊണ്ടുമാത്രം ദൈവശുശ്രൂഷ പൂർണമാകുന്നില്ല എന്നതായിരുന്നു ചാവറയച്ചന്റെ വീക്ഷണം. മുകളിൽ ഉദ്ധരിച്ചിരിക്കുന്ന വാക്യങ്ങളിൽ അടങ്ങിയിട്ടുള്ള താക്കീതിന്റെ അർത്ഥമതാണ്. ആചാരങ്ങളും അനുഷ്ഠാനങ്ങളുമല്ല, കരുണാർദ്രമായ സേവനകർമങ്ങളാണ് ദൈവവിശ്വാസത്തിന്റെ യഥാർത്ഥമായ ആവിഷ്കാരമെന്ന് അച്ചൻ എപ്പോഴും ഓർമ്മിപ്പിക്കുകയും ചെയ്തുപോന്നു. അച്ചൻ തറപ്പിച്ചെഴുതുന്നു.

*"ചുമരുകളുടെ കനമല്ല, അതിനുള്ളിൽ പാർക്കുന്നവരുടെ പുണ്യമാണ് സന്യാസസമൂഹത്തെ ബലമുള്ളതാക്കുന്നത്."*

യഥാർത്ഥമായ ആത്മീയത ഒരിക്കലും ഭൗതിക ജീവിതത്തെ അവഗണിക്കുന്നില്ല. നാം ജനിക്കുന്ന സമൂഹത്തിൽ നമ്മെ തൊട്ടുരുമ്മി നിൽക്കുന്ന ജീവിതവൈഷമ്യങ്ങളും പ്രശ്നങ്ങളും അഭിമുഖീകരിക്കേണ്ട ബാദ്ധ്യതയായാണ് ദൈവം നമ്മിൽ സമർപ്പിച്ചിരിക്കുന്നത്. ഈ ബാദ്ധ്യത നിറവേറ്റുന്നതിനു വാഴ്ത്തപ്പെട്ട ചാവറയച്ചൻ പല മേഖലകളിലായി പ്രവർത്തനം വ്യാപിപ്പിച്ചു. എക്കാലവും വിജ്ഞാനദാഹിയായിരുന്ന ചാവറയച്ചൻ വിദ്യാഭ്യാസത്തിനു സമൂഹത്തിൽ വലിയ സ്ഥാനമുണ്ടാകണമെന്നു മനസ്സിലാക്കി. ജാതിവ്യവസ്ഥമൂലം പള്ളിക്കൂടങ്ങളിൽ പോകാനോ പഠിക്കാനോ സാധിക്കാതെ വലയുന്ന കീഴ്ജാതിക്കാർക്കാണ് അതിന്റെ പ്രയോജനം ഏറെ ആവശ്യമെന്നും ചാവറയച്ചൻ അറിഞ്ഞു. അതിന്റെ ഫലമായാണ് പല ഭാഗങ്ങളിലും വിദ്യാലയങ്ങൾ സ്ഥാപിക്കാൻ അദ്ദേഹം മുൻകൈയെടുത്തത്.

ഇന്നു തിരിഞ്ഞുനോക്കുമ്പോൾ നമുക്കത്ഭുതം തോന്നും.

ചാവറയച്ചൻ തന്റെ ആശ്രമത്തോടുചേർന്ന് 1846-ൽ ഒരു സംസ്കൃത വിദ്യാലയംതന്നെ ആരംഭിച്ചിരുന്നു. അവിടെ അധ്യാപകനായി നിയമിച്ചത് തൃശൂർ സ്വദേശിയായ ഒരു വാര്യരെയാണ്. ആ വിദ്യാലയത്തിൽ പഠനം നടത്തുന്നതിന് ആശ്രമവാസികളായ വൈദികരെയും ശെമ്മാശ്ശന്മാരെയും ചേർക്കാൻ ഒട്ടും താമസമുണ്ടായില്ല. മറ്റ് ഇടവകകളിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട വൈദികരെയും പഠനത്തിനു നിയോഗിച്ചു. ഹിന്ദുമതത്തിന്റെ അടിസ്ഥാനതത്ത്വങ്ങൾ അറിഞ്ഞുകൊണ്ടല്ലാതെ സഭാപ്രവർത്തനം സാർത്ഥകമാക്കാൻ സാധ്യമല്ലെന്ന് ചാവറയച്ചൻ എപ്പോഴും ഉദ്ബോധിപ്പിക്കുകുയം ചെയ്തു. ഹിന്ദുമതത്തെ മാത്രമല്ല, ഇസ്ലാം മതത്തെയും ചാവറയച്ചൻ അങ്ങേയറ്റം ആദരിച്ചു പോന്നുവെന്നത് പ്രത്യേകമായി സ്മരിക്കേണ്ട വസ്തുതയാണ്.

പാശ്ചാത്യ സമ്പ്രദായത്തിലുള്ള വിദ്യാലയങ്ങൾ എല്ലാ ഇടവക പള്ളികളോടും ചേർന്ന് ആരംഭിക്കാനുള്ള നിർദ്ദേശവും 1864-ൽ ചാവറയച്ചൻ ഒരു സർക്കുലറിന്റെ രൂപത്തിൽ പള്ളികളിലേക്കയച്ചു. അന്ന് അച്ചൻ സീറോ-മലബാർ സഭയുടെ വികാരി ജനറാളായിരുന്നു. ആ നിർദ്ദേശം അനുസരിക്കേണ്ട ബാദ്ധ്യതയിൽനിന്ന് ഇടവക പള്ളികൾക്ക് ഒഴിഞ്ഞുമാറുക സാദ്ധ്യമായിരുന്നില്ല. അതിന്റെ ഫലമായി അനേകം സ്കൂളുകൾ സ്ഥാപിതമായി. ആ സ്കൂളുകളിൽ ദളിത് വിഭാഗത്തിൽപ്പെട്ട കുഞ്ഞുങ്ങൾക്കു പ്രത്യേക പ്രോത്സാഹനമാണ് നൽകിയത്.

## അശരണർക്കു ആലംബം

തികഞ്ഞ ദാരിദ്ര്യത്തിലാണ് അക്കാലത്തു മിക്ക ദളിത് കുടുംബങ്ങളും കഴിഞ്ഞുപോന്നിരുന്നത്. ചാവറയച്ചൻ ആ കുഞ്ഞുങ്ങൾക്കു സൗജന്യമായി പുസ്തകവും വസ്ത്രവും നൽകി. അതോടൊപ്പം അവർക്ക് ഉച്ചക്കഞ്ഞി നൽകുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തി. കേരളത്തിന്റെ ചരിത്രത്തിൽ ദരിദ്രവിദ്യാർത്ഥികൾക്കു സൗജന്യഭക്ഷണം ആദ്യമായി നൽകിയത് ചാവറയച്ചനാണെന്ന് എത്രപേർ ഓർമ്മിക്കുന്നു?

വിദ്യാഭ്യാസം മികവുറ്റ രീതിയിൽ നടക്കണമെങ്കിൽ അധ്യാപകർ അന്തസ്സോടെ ജീവിക്കണമെന്നും ചാവറയച്ചൻ മനസ്സിലാക്കിയിരുന്നു. അതുകൊണ്ട് അവർക്ക് തുലോം മെച്ചപ്പെട്ട ശമ്പളം നൽകാൻ എപ്പോഴും ശ്രദ്ധിക്കുകയും ചെയ്തു. സേവനസ്ഥിരത നൽകി അവരെ സുരക്ഷിതരാക്കാനും ചാവറയച്ചൻ മറന്നില്ല.

ഇതൊക്കെയും നടക്കുന്നത് 1865 കാലത്താണെന്നോർമ്മിക്കണം. അന്ന്, ശ്രീനാരായണഗുരു കേവലം ഒമ്പതു വയസ്സുള്ള ബാലൻ മാത്രമായിരുന്നു. മതമോ ജാതിയോ പരിഗണിക്കാതെ വിദ്യാഭ്യാസത്തിലൂടെ ഒരു സമൂഹത്തെ പാരതന്ത്ര്യത്തിന്റെ ചങ്ങലകളിൽനിന്നു മോചിപ്പിക്കാൻ കഠിനമായും സാഹസികമായും പരിശ്രമിച്ച ചാവറയച്ചനു നമ്മുടെ നവോത്ഥാന നായക

രിൽ സുപ്രധാന സ്ഥാനമുണ്ടെന്നോർമ്മിപ്പിക്കാനാണ് ഇക്കാര്യങ്ങൾ ഇവിടെ പ്രസ്താവിച്ചത്.

സ്ത്രീകൾക്കു വിദ്യാഭ്യാസം നൽകുകയെന്നത് അന്ന് ആർക്കും ആലോചിക്കാൻ കഴിയുന്ന കാര്യമായിരുന്നില്ല. എങ്കിലും ക്രാന്തദർശിയായ ചാവറയച്ചന്റെ കണ്ണുകൾ സ്ത്രീവിദ്യാഭ്യാസത്തിന്റെ പ്രാധാന്യവും കണ്ടറിഞ്ഞു. ഒരു സ്ത്രീക്ക് വിദ്യാഭ്യാസം ലഭിച്ചാൽ അവരുടെ കുടുംബം മാത്രമല്ല അയൽക്കാർ കൂടി വിദ്യാഭ്യാസത്തിലേക്കുള്ള വഴി കണ്ടെത്തിത്തുടങ്ങുമെന്ന് ചാവറയച്ചൻ മനസ്സിലാക്കി. അതിന്റെ ബലത്തിലാണ് സ്കൂളുകളിൽ പഠിക്കാൻ പെൺകുട്ടികൾക്ക് പ്രത്യേകമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയത്.

പട്ടിണിയും ദാരിദ്ര്യവും കേരളീയ സമൂഹത്തിൽ സജീവ സാന്നിദ്ധ്യമായിരുന്ന അക്കാലത്ത് ചാവറയച്ചൻ ആ പ്രശ്നങ്ങളെ നേരിടുവാൻ കഠിന പ്രയത്നം ചെയ്തു. ഭക്ഷണവും വസ്ത്രവും മാത്രമല്ല വിദ്യാഭ്യാസവും അശരണരായ ദരിദ്രർക്കു നൽകി. അതിന്റെ ഫലമായി ലോകസേവനത്തിനുള്ള തൃഷ്ണ അനേകം അനാഥബാലന്മാരിൽ അങ്കുരിപ്പിക്കുവാൻ ചാവറയച്ചനു സാധിച്ചു. അനാഥരായി അലയാനോ കുറ്റകൃത്യങ്ങളിൽ മുഴുകാനോ സാധ്യതയുള്ള കുരുന്നു ജീവിതങ്ങളെയാണ് ഇതുവഴി ചാവറയച്ചൻ സമൂഹത്തിനു പ്രയോജനമുള്ളവരാക്കിമാറ്റിയത്.

വിവാഹം, മരണം തുടങ്ങിയ മുഹൂർത്തങ്ങൾ അക്കാലത്ത് ദരിദ്രരെ ഒട്ടൊന്നുമല്ല അലട്ടിയിരുന്നത്. അതിൽ അവർക്ക് സാന്ത്വനമരുളുന്നതിനുള്ള സംവിധാനങ്ങൾ ഓരോ ഇടവകയിലും സജ്ജീകരിക്കേണ്ടതാണെന്നു ചാവറയച്ചനു ബോധ്യമായി. അതനുസരിച്ചുള്ള പ്രായോഗിക കർമ്മങ്ങൾ ഇടവകകളിൽ ഏർപ്പാടാക്കുകയും ചെയ്തു. ചെറിയ ചെറിയ തുകകളും ചെറിയ അളവിൽ ധാന്യങ്ങളും എല്ലാ കുടുംബങ്ങളിൽനിന്നും സംഭരിച്ചുകൊണ്ടാണ് നിരന്തരമായ സേവനപരിപാടികൾ നടത്തിപോന്നത്. ഇതുമൂലം പുണ്യകർമ്മങ്ങളിൽ പങ്കാളികളാകാൻ സമൂഹത്തിലെ അധികംപേർക്കും സാധിക്കുകയും ചെയ്തു.

## ദൈവം സ്നേഹമാകുന്നു

അയൽക്കാരനെ സ്നേഹിക്കാനും അയൽക്കാരനെ ശുശ്രൂഷിക്കാനുമാണ് ദൈവം തന്നെ നിയോഗിച്ചിരിക്കുന്നതെന്ന വിശ്വാസം ചാവറയച്ചനിൽ ബാല്യം മുതൽക്കുതന്നെ ജ്വലിച്ചുനിന്നു. താനല്ല, തന്നിലൂടെ ദൈവമാണ് ആതുരരെ സേവിക്കുന്നതെന്ന് അദ്ദേഹം എപ്പോഴും കരുതുകയും ചെയ്തിരുന്നു. അയൽക്കാർക്കുവേണ്ടി സേവനമനുഷ്ഠിക്കുകയാണ് ദൈവസ്നേഹം ലഭിക്കുന്നതിനുള്ള ഏറ്റവും വിശിഷ്ടമായ മാർഗ്ഗമെന്ന് ചാവറയച്ചൻ അനുയായികളെ ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു.

അന്യമതവിശ്വാസികളായ അയൽക്കാർക്കും ആ സേവനത്തിന്റെ ഗുണഫലങ്ങൾ ധാരാളമായി ലഭിച്ചുവന്നു. അതുകൊണ്ടാണ് ജാതിമത ഭേദമെന്യേ

ഏവരും ചാവറയച്ചനെ വണങ്ങാനും ചാവറയച്ചന്റെ സൽക്കർമ്മങ്ങളിൽ പങ്കുകൊള്ളാനും ഉത്സാഹം കാണിച്ചുപോന്നത്. മികച്ച സംഘാടകനായിരുന്ന അച്ചനാകട്ടെ ജനങ്ങളുടെ ആ ഉത്സാഹത്തെ രചനാത്മകമായ കർമ്മ പരിപാടികളായി വികസിപ്പിക്കുകയും ചെയ്തു.

അറിവും ചിന്താശീലവുമുള്ള വൈദികനെന്ന നിലയിൽ ചാവറയച്ചൻ ധാരാളം കൃതികൾക്കു രൂപം നൽകിയിട്ടുണ്ട്. അവയിൽ "ആത്മാനുതാപം" സവിശേഷ പ്രാധാന്യമർഹിക്കുന്നു. പല ഭാഗങ്ങളുള്ള ആ കാവ്യം ആത്മീയ ജീവിതത്തിന്റെ ഉള്ളറകൾ അനാവരണം ചെയ്യുന്നു. ഈശ്വരാനുഭവം നേടിയിട്ടുള്ള ഒരു ഹൃദയത്തിന്റെ സ്പന്ദനമാണ് വായനക്കാർക്ക് ആ കാവ്യത്തിൽനിന്നു ലഭിക്കുക. ലൗകിക ജീവിതത്തിന്റെ നശ്വരമായ രംഗങ്ങളിൽനിന്നും ചിത്രങ്ങളിൽനിന്നും അനുവാചകമാനസം സാവധാനത്തിൽ ഉയരുകയും ശാശ്വതമായ ആദ്ധ്യാത്മിക രഹസ്യങ്ങളുടെ വിഹായസ്സിൽ എത്തിച്ചേരുകയും ചെയ്യുന്നു. ഇതിനു തുല്യമായ പാരായണാനുഭവം പ്രദാനം ചെയ്യുന്ന കൃതികൾ മലയാളത്തിൽ തുലോം കുറവാണെന്നുകൂടി പ്രസ്താവിച്ചുകൊള്ളട്ടെ. പ്രത്യേക പഠനം അർഹിക്കുന്ന ഒരു വിഷയമാണ് ചാവറയച്ചന്റെ സാഹിത്യസംഭാവനകൾ.

കുമാരനാശാൻ പാടിയതുപോലെ, കേരളം അന്ധകാരത്തിൽ ആണ്ടു കിടന്നിരുന്നൊരു ഘട്ടത്തിൽ, അനാചാരങ്ങളുടെയും ജാതിസ്പർദ്ധയുടെയും വേതാളങ്ങൾ സമൂഹത്തെ ഗ്രസിച്ചിരുന്നൊരു ഘട്ടത്തിൽ, ആധുനിക ജീവിതത്തിന്റെ മൂല്യങ്ങൾ കേരളീയരിൽ അങ്കുരിപ്പിക്കുന്നതിനുവേണ്ടി തന്റെ അസുലഭമായ കർമ്മവൈഭവം മുഴുവൻ സമർപ്പിച്ചുവെന്നതുമൂലമാണ് വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ ജീവിതം ഇതിഹാസതുല്യമായി വികാസം പ്രാപിച്ചത്.

ഇന്നു തിരിഞ്ഞുനോക്കുമ്പോൾ 19-ാം നൂറ്റാണ്ടിന്റെ കേരള ചരിത്ര ചക്രവാളത്തിൽ ഒരു ശുക്രനക്ഷത്രമായി അദ്ദേഹം തെളിഞ്ഞുല്ലസിക്കുന്നു. ആ ഭാസുര നക്ഷത്രം എന്നുമെന്നും കേരളീയർക്ക് മാർഗ്ഗദർശകമായിരിക്കും; പ്രചോദകമായിരിക്കും.

■

മൂന്ന്

# ഘോഷിക്കപ്പെടാതെപോയ ചരിത്രപർവ്വം

പ്രൊഫ. എ. ശ്രീധരമേനോൻ

**കാ**ലത്തിനു മുമ്പേ ജനിച്ച മഹാപ്രതിഭാശാലിയായ ഒരു സാമൂഹ്യനേതാവായിരുന്നു ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ. പത്തൊൻപതാം നൂറ്റാണ്ട് മാനവസമൂഹത്തിനു സമ്മാനിച്ച ദീർഘദർശിയായ പുണ്യതേജസ്സ്. കേരള ചരിത്രകാരന്മാർ നീതികാണിക്കാത്ത സാമൂഹ്യപരിഷ്കർത്താവ്.

ആധുനിക കേരളചരിത്രത്തിലെ നവോത്ഥാന കാലഘട്ടമാണ് പത്തൊമ്പതാം നൂറ്റാണ്ട്. നവോത്ഥാനനായകരുടെ കൂട്ടത്തിൽ ചരിത്രകാരന്മാർ പ്രധാനമായും സ്ഥാനം കൊടുത്തത് വൈകുണ്ഠസ്വാമികൾ, ചട്ടമ്പി സ്വാമികൾ, ശ്രീനാരായണ ഗുരു, അയ്യങ്കാളി തുടങ്ങിയ ഹൈന്ദവ സാമൂഹ്യ പരിഷ്കർത്താക്കൾക്കാണ്. വക്കം അബ്ദുൾ ഖാദർ മൗലവിക്ക് മുസ്ലിം സമുദായത്തിലെ നവോത്ഥാനനായകനായി അംഗീകാരം ലഭിച്ചിട്ടുണ്ട്. എന്നാൽ ക്രൈസ്തവ സാമുദായിക പരിഷ്കർത്താക്കളെ കേരള ചരിത്രകാരന്മാർ പൊതുവേ അവഗണിച്ചു. ഈ അബദ്ധംമൂലം കേരളചരിത്രത്തിൽ അർഹമായ സ്ഥാനം ലഭിക്കാതെപോയ നവോത്ഥാനനായകനാണ് ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ.

ചാവറയച്ചന്റെ പരിഷ്കാരങ്ങളുടെ ഔന്നത്യം മനസ്സിലാക്കണമെങ്കിൽ അദ്ദേഹത്തിന്റെ കാലഘട്ടത്തിലെ തിരുവിതാംകൂറിന്റെ രാഷ്ട്രീയ സാമൂഹിക സ്ഥിതിഗതികൾ മനസ്സിലാക്കേണ്ടതുണ്ട്.

## ചാവറയച്ചന്റെ കാലത്തെ കേരളം

ചാവറയച്ചൻ ഭൂജാതനാകുന്നതിനു മുമ്പുള്ള കാലഘട്ടം തിരുവിതാംകൂർ ചരിത്രത്തിൽ രാഷ്ട്രീയമായും സാമൂഹ്യമായും വളരെ പ്രാധാന്യം

അർഹിക്കുന്നു. പതിനെട്ടാം ശതാബ്ദത്തിൽ മാർത്താണ്ഡവർമ്മ (1729-58) വേണാടിന്റെ അയൽരാജ്യങ്ങൾ ആക്രമിച്ച് കീഴടക്കി തിരുവിതാംകൂർ രാജ്യത്തെ ഒരു വൻ സൈനിക ശക്തിയാക്കി; ഒരു കേന്ദ്രീകൃത ഭരണകൂടം സ്ഥാപിച്ച് പല ഭരണപരിഷ്കരണങ്ങൾക്കും നേതൃത്വം നൽകി; ഭരണസംവിധാനം ആധുനികീകരിക്കുവാനുള്ള പ്രക്രിയയ്ക്കു തുടക്കും കുറിച്ചു. മാർത്താണ്ഡവർമ്മയുടെ പിൻഗാമിയായ ധർമ്മരാജാ (1758-1798) ഈ പ്രക്രിയ ത്വരിതപ്പെടുത്തി.

പതിനെട്ടാം ശതാബ്ദം അവസാനിക്കുന്നത് പക്ഷേ, രാഷ്ട്രീയ അസ്വാസ്ഥ്യങ്ങളുടെയും അശാന്തിയുടെയും അന്തരീക്ഷത്തിലാണ്. ടിപ്പുവിന്റെ ആക്രമണ ഭീഷണിയായിരുന്നു ഇതിനുള്ള കാരണങ്ങളിലൊന്ന്.

പത്തൊൻപതാം ശതാബ്ദത്തിന്റെ ആദ്യഘട്ടത്തിൽ വേലുത്തമ്പിദളവയുടെ നേതൃത്വത്തിൽ ബ്രിട്ടീഷ് അധീശശക്തിയെ വെല്ലുവിളിച്ചുകൊണ്ടുള്ള പോരാട്ടവും ഉണ്ടായി. 1809ൽ ഈ കലാപം അടിച്ചമർത്തപ്പെട്ടു. ഇക്കാലഘട്ടത്തിൽ തിരുവിതാംകൂറിലെ രാജാവു ദുർബ്ബലനായ ബാലരാമവർമ്മയായിരുന്നു (1798-1810).

തുടർന്ന് റാണി ഗൗരി ലക്ഷ്മി ഭായി (1810-1815), പാർവതിഭായി (1815 -1829), സ്വാതി തിരുനാൾ (1829-1847), ഉത്രം തിരുനാൾ മാർത്താണ്ഡവർമ്മ (1847-1860), ആയില്യം തിരുനാൾ രാമവർമ്മ (1860-1880) എന്നിവർ ഭരണാധികാരികളായി.

ചാവറയച്ചന്റെ ജീവിതവും പ്രവർത്തനങ്ങളും ഇക്കാലത്തായിരുന്നു (1805 -1871). ഈ കാലഘട്ടം പൊതുവേ തിരുവിതാംകൂറിന് പുരോഗതിയുടേതായിരുന്നു. പാശ്ചാത്യവിദ്യാഭ്യാസത്തിനു തുടക്കം കുറിച്ചതും നിരവധി സാമൂഹിക അനാചാരങ്ങൾ നിർമ്മാർജ്ജനം ചെയ്യപ്പെട്ടതും ഇക്കാലത്താണ്. സാമൂഹിക സ്വാതന്ത്ര്യവും പൗരസമത്വവും ലക്ഷ്യമാക്കിയുള്ള പല പരിഷ്കാരങ്ങളും നടപ്പാക്കപ്പെട്ടു. റാണി ലക്ഷ്മി ഭായിയുടെ കാലത്ത് റസിഡന്റായിരുന്ന കേണൽ മൺറോ, ദിവാൻപദവി വഹിച്ചത്, പരിഷ്കാരങ്ങൾക്ക് കൂടുതൽ കാര്യക്ഷമത പകർന്നു; ഭരണയന്ത്രം കൂടുതൽ ആധുനികവത്കരിക്കപ്പെട്ടു.

ഇക്കാലത്താണ് പ്രൊട്ടസ്റ്റന്റ് മിഷണറിമാർ തിരുവിതാംകൂറിൽ വന്ന് പ്രവർത്തനമാരംഭിച്ചത്. ലണ്ടൻ മിഷൻ സൊസൈറ്റി, ചർച്ച് മിഷൻ സൊസൈറ്റി (എൽ.എം.എസ്സ്; സി.എം.എസ്സ്.) എന്നീ സംഘടനകൾ നാഗർകോവിൽ, ആലപ്പുഴ, കോട്ടയം എന്നീ പ്രധാന കേന്ദ്രങ്ങളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചു; പാശ്ചാത്യവിദ്യാഭ്യാസത്തിനു തുടക്കം കുറിച്ചു.

കേരള കത്തോലിക്കാസഭ, ഇക്കാലത്ത് ഈ രംഗത്തു നിഷ്ക്രിയമായിരുന്നു.

കേരള സമൂഹത്തിന്റെ പൊതുവായ ചില സവിശേഷതകൾകൂടി ഇത്ത രുണത്തിൽ പരാമർശിക്കേണ്ടതുണ്ട്. ജാതിവ്യവസ്ഥയെ ആധാരമാക്കിയുള്ള യുക്തിഹീനമായ പല അനാചാരങ്ങളും അന്നു നിലവിലിരുന്നിരുന്നു. സവർണർക്ക് (ബ്രാഹ്മണർ, ക്ഷത്രിയർ, നായർ തുടങ്ങിയ സമുദായങ്ങളിൽ പെട്ടവർ) സമൂഹത്തിൽ അമിതപ്രാധാന്യം നൽകപ്പെട്ടപ്പോൾ താഴ്ന്ന ജാതി ക്കാരായ അവർണർക്ക് ഏറെ അവഗണനകൾ അനുഭവിക്കേണ്ടി വന്നു. ഹൈന്ദവസാമൂഹ്യഘടനയിൽ സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ തത്വങ്ങൾക്കു വലിയ സ്ഥാനമൊന്നും ഉണ്ടായിരുന്നില്ല. ഉയർന്ന ജാതിക്കാർ താഴേത്തട്ടിലുള്ളവരെ വളരെയേറെ അവശതകൾക്കു വിധേയരാക്കിയിരു ന്നു. അവർണർക്ക് ക്ഷേത്രങ്ങളിൽ പ്രവേശിക്കുവാനോ ആരാധന നടത്തു വാനോ സ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല; സർക്കാർ ഉദ്യോഗങ്ങൾ അപ്രാപ്യമാ യിരുന്നു; സർക്കാർവക പൊതുവിദ്യാലയങ്ങളിൽ പ്രവേശനം ലഭിച്ചിരുന്നില്ല; പൊതുനിരത്തുകളിൽക്കൂടി സ്വതന്ത്രമായി യാത്ര ചെയ്യുവാൻപോലും അവ കാശം ഉണ്ടായിരുന്നില്ല. തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ, കണ്ടുകൂടായ്മ തുടങ്ങിയ സാമൂഹ്യ അനാചാരങ്ങളും ഹൈന്ദവസമൂഹത്തിന് അവമതി ചാർത്തിക്കൊണ്ടു നിലനിന്നു പോന്നു.

ഈ സാഹചര്യത്തിൽ താഴ്ന്നജാതികളിൽപെട്ട പലരും ക്രിസ്തുമത ത്തിലേക്ക് ആകർഷിക്കപ്പെടുകയും മതപരിവർത്തനം നടത്തുകയും ചെയ്തു.

അക്കാലത്തെ ക്രൈസ്തവസമൂഹത്തെക്കുറിച്ചും ചില വസ്തുതകൾ മനസ്സിലാക്കേണ്ടതുണ്ട്. ക്രൈസ്തവർക്കിടയിൽ പല അവാന്തരവിഭാഗങ്ങളും ഉണ്ടായിരുന്നതിനാൽ ക്രൈസ്തവഐക്യം യാഥാർത്ഥ്യമായിരുന്നില്ല. കത്തോലിക്കരും അകത്തോലിക്കരും തമ്മിൽ രൂക്ഷമായ മത്സരം ഉണ്ടായി രുന്നു. പ്രോട്ടസ്റ്റന്റ് മിഷനറിമാരുടെ വരവോടെ ഇതു കൂടുതൽ പ്രകടമായി. കത്തോലിക്കരുടെ ഇടയിൽ തന്നെ രൂക്ഷമായ ഭിന്നതകൾ നിലവിലിരുന്നു. പോർട്ടുഗീസ് ഭരണകാലത്ത് കത്തോലിക്കാസഭയിൽ ഉണ്ടായ ലത്തീൻവ ത്ക്കരണത്തെ തുടർന്നു ഭിന്നതകൾ രൂക്ഷമായി. ലത്തീൻ ആരാധനക്രമ ത്തിനു ലഭിച്ച പ്രത്യേക പരിഗണന സുറിയാനിക്കാരെ അസ്വസ്ഥരാക്കി. രണ്ടു വിഭാഗക്കാർക്കും പ്രത്യേക സംവിധാനങ്ങൾ വേണമെന്ന മുറവിളി സജീവമായി. ലത്തീൻകാർക്കിടയിൽ തന്നെ അഞ്ഞൂറ്റിക്കാരും എഴുന്നൂറ്റി ക്കാരും തമ്മിൽ പ്രകടമായ അഭിപ്രായഭിന്നത ഉണ്ടായി.

വിദ്യാഭ്യാസപരമായി എല്ലാ സമുദായങ്ങളും പിന്നോക്കാവസ്ഥയിലായി രുന്നു. വ്യവസ്ഥാപിത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭാവം തന്നെയാ യിരുന്നു കാരണം. ആശാന്മാർ നടത്തുന്ന നിലത്തെഴുത്തു കളരികളെന്ന ഗ്രാമീണ വിദ്യാലയങ്ങളാണ് അന്നുണ്ടായിരുന്നത്.

ഈ വസ്തുതകളുടെ വെളിച്ചത്തിൽ വേണം ചാവറയച്ചന്റെ ജീവിതവും നേട്ടങ്ങളും വിലയിരുത്തുവാൻ.

## ഭാരതവത്ക്കരണം

പോർട്ടുഗീസുകാരുടെ കാലത്തുണ്ടായ പിളർപ്പിനെതുടർന്നു ദേശീയവും അന്തർദ്ദേശീയവുമായ വിവിധസ്വാധീനശക്തികളുടെ സമ്മർദ്ദത്തിൽ പെട്ട കേരളത്തിലെ ക്രൈസ്തവസമൂഹത്തിന് പല പിളർപ്പുകൾ കൂടി പിന്നീട് നേരിടേണ്ടിവന്നെങ്കിലും അതിനിടയിലും കേരളീയ സമൂഹത്തിനും സംസ്ക്കാരത്തിനും സ്വന്തമായ സംഭാവനകൾ നൽകാനായിട്ടുണ്ട്.

വിശ്വാസത്തിൽ ക്രൈസ്തവരാണെന്നതൊഴിച്ചാൽ മറ്റെല്ലാക്കാര്യങ്ങളിലും ഇവർ അടിസ്ഥാനപരമായി ദേശീയവീക്ഷണമുള്ള കേരളീയരാണ്. ഈ നാടിന്റെ സാംസ്കാരികഘടനയിൽ അവർ ഇണങ്ങിച്ചേർന്നിട്ടുണ്ട് എന്നതാണ് സത്യം. ഈ ജീവിതരീതിയോട് അടുത്തകാലത്തായി ഇന്ത്യയിലാകെ പുതിയ അഭിനിവേശം കൈവന്നിട്ടുണ്ട്. ഈ ആവേശത്തിനു തുടക്കം കുറിച്ചത് ചാവറയച്ചനാണ്. കേരളസമൂഹത്തിന്റെ മുഖ്യധാരയിലേക്കു കത്തോലിക്കാസമൂഹത്തെ കൊണ്ടുവരുവാൻ അദ്ദേഹത്തിനായി. ഭാരതത്തിന്റെ ആദ്ധ്യാത്മികസമ്പത്ത് സ്വാംശീകരിക്കുവാനാണ് അദ്ദേഹം തന്റെ അനുയായികളെ ഉപദേശിച്ചത്. സംസ്കൃത പഠനത്തിന് വളരെ പ്രാധാന്യം നൽകിയ അദ്ദേഹം അതിനായി സ്കൂൾ സ്ഥാപിക്കുകയും ചെയ്തു. ഹൈന്ദവർക്കിടയിലെ പല ആചാരങ്ങളെയും ആധാരമാക്കി അനുഷ്ഠാനങ്ങൾ അദ്ദേഹം നടപ്പിലാക്കി. ഹൈന്ദവഭവനങ്ങളിൽ സാധാരണമായിരുന്ന സന്ധ്യാനാമകീർത്തനത്തെ അനുകരിച്ച് ക്രിസ്തുവിന്റെ ജീവിതകഥകളെ ആധാരമാക്കിയുള്ള പ്രാർത്ഥനാഗാനങ്ങൾ ആലപിക്കുന്നതിന് അദ്ദേഹം നേതൃത്വവും പ്രേരണയും നൽകി. പള്ളിയിൽ കടലാസുകൊണ്ടും തുണികൊണ്ടും ഉള്ള കൃത്രിമ പൂക്കൾക്കു പകരം പച്ചപ്പൂക്കൾ വേണമെന്നു നിഷ്ക്കർഷിച്ചതും ശുദ്ധസംഗീതം പാടണമെന്നു വ്യവസ്ഥ ചെയ്തതുമെല്ലാം ഭാരതീയ ആചാരങ്ങൾ അനുകരിച്ചതിന്റെ ഉദാഹരണങ്ങളാണ്. ആദ്ധ്യാത്മിക മണ്ഡലം കൂടുതൽ ഊർജ്ജസ്വലമാക്കുവാൻ അദ്ദേഹം ഉപദേശിച്ച പല ആചാരങ്ങളും ഭാരതീയമായിരുന്നു. ജപമാല, വേദപുസ്തകപാരായണം, വൈദികരുടെ വാർഷികധ്യാനം, ഇടവകധ്യാനം, കുർബാനക്കിടയിലെ സുവിശേഷപ്രസംഗം, സാഷ്ടാംഗ നമസ്ക്കാരം തുടങ്ങിയവ ഉദാഹരണങ്ങളാണ്. ഇവയിൽ പലതും ഹൈന്ദവരീതികളാണ്. സുറിയാനിയിൽ വായിക്കുന്ന സുവിശേഷഭാഗത്തിന്റെ സാരാംശം മലയാളത്തിൽ പ്രസംഗിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.

വിശ്വാസികൾക്കുവേണ്ടി ഖണ്ഡകാവ്യങ്ങളടക്കം പലതരം ഭക്തിഗ്രന്ഥങ്ങൾ ഉണ്ടാക്കി. എഴുത്തച്ഛന്റെ കിളിപ്പാട്ടിന്റെ ശൈലിയിൽ യേശുവിന്റെ ജീവിതത്തെ ആധാരമാക്കി പ്രാർത്ഥനാഗീതങ്ങൾ രചിച്ചു.

കേരളക്രൈസ്തവരിലെ പ്രബലവിഭാഗമായ അകത്തോലിക്കരെ, പ്രത്യേകിച്ചും യാക്കോബായ സുറിയാനിക്രൈസ്തവരെ കത്തോലിക്കാ

സഭയിലേക്കു കൊണ്ടുവരുവാൻ അദ്ദേഹം യത്നിച്ചു. സുറിയാനിക്കാരുടെ പ്രത്യേകതകൾ നിലനിർത്തിക്കൊണ്ട് ഇതിനു കഴിയണമെന്ന് അദ്ദേഹം വാദിച്ചു. കേരള സഭാചരിത്രത്തിലെ സുപ്രധാന സംഭവമായ പുനരൈക്യ പ്രസ്ഥാനത്തിന്റെ തുടക്കം ഇവിടെ നിന്നാണ്.

ഇങ്ങനെ, ക്രൈസ്തവസമൂഹത്തിൽ ബഹുമുഖമായ മാറ്റങ്ങൾക്കു ചാവറയച്ചൻ തുടക്കും കുറിച്ചു. അതുകൊണ്ടു കേരളത്തിലെ ക്രൈസ്തവരുടെ സാംസ്കാരിക നവോത്ഥാനത്തിന്റെ ശുക്രനക്ഷത്രമെന്നു ചാവറയച്ചനെ വിളിക്കാം.

ഇക്കാലത്ത് ഏറെ പ്രഘോഷിക്കപ്പെടുന്ന ദേശീയോദ്ഗ്രഥനത്തെക്കുറിച്ച് ആരും ചിന്തിക്കാതിരുന്ന കാലത്താണ് ചാവറയച്ചൻ ഈ നടപടികൾക്കു നേതൃത്വം നൽകിയത് എന്നു പ്രത്യേകമോർക്കുക.

## മതസൗഹാർദ്ദം, മത സഹിഷ്ണുത

മതസൗഹാർദ്ദത്തിനുവേണ്ടിയുള്ള ചാവറയച്ചന്റെ സംഭാവനകൾ വിലമതിക്കാനാവാത്തതാണ്. ആരാധനാലയങ്ങൾ സ്ഥാപിക്കുമ്പോൾ സമീപവാസികളായ ഇതരമതസ്ഥരുടെ വികാരം അദ്ദേഹം കണക്കിലെടുത്തിരുന്നു. മാന്നാനത്തിന് അല്പം അകലെ ആദ്യമുദ്ദേശിച്ച സ്ഥലത്ത് ആശ്രമം സ്ഥാപിക്കുന്നതിൽ സമീപവാസികളായ ചില ഹിന്ദുക്കൾക്ക് എതിർപ്പുണ്ടെന്ന് ഒരു മുസ്ലീമിൽനിന്നും അറിഞ്ഞതുകൊണ്ടാണ് അദ്ദേഹം ആശ്രമത്തിനുവേണ്ടി അവിടം വേണ്ടെന്നുവച്ച് ഇപ്പോഴത്തെ സ്ഥലം കണ്ടെത്തിയത്. കല്ലും മരവും കൊണ്ടുള്ള ദേവാലയത്തെക്കാൾ പ്രധാനമാണ് മനുഷ്യർക്കിടയിലെ സമാധാനമെന്ന് അദ്ദേഹം പഠിപ്പിച്ചു.

ഹൈന്ദവർ വളരെ ആദരവോടെ കണക്കാക്കുന്ന അർത്തുങ്കൽ പള്ളിയിലെ സേവനത്തിന്റെ സ്വാധീനംകൊണ്ടു കൂടിയാവണം, ചാവറയച്ചനിൽ അനുപമമായ മതസഹിഷ്ണുത ഉണ്ടായിരുന്നു. ചേർത്തല താലൂക്കിലെ അർത്തുങ്കൽ പ്രദേശത്തുള്ള ഹൈന്ദവർക്കു കത്തോലിക്കാപള്ളിയിലെ വിശുദ്ധ സെബാസ്റ്റ്യൻ വെളുത്തച്ചനാണ്. ശബരിമലയ്ക്കു പോകുന്നവർ അവിടെ വന്നു പ്രാർത്ഥിച്ചു വ്രതം അവസാനിപ്പിക്കുന്നു. ഈ പാരമ്പര്യം എനിക്കു നേരിട്ടു ബോദ്ധ്യപ്പെട്ട യാഥാർത്ഥ്യമാണ്. ഉരുളുനേർച്ചപോലെയുള്ള ചില ഹൈന്ദവ ഭക്താനുഷ്ഠാനങ്ങൾ ഈ പള്ളിയിൽ ഉണ്ടായിരുന്നു. 1829-ൽ ഈ പള്ളിയിൽ വച്ചാണ് ചാവറയച്ചൻ പട്ടമേറ്റത്.

## അധികാര വികേന്ദ്രീകരണം

പോർട്ടുഗീസുകാരുടെ വരവോടെ കേരള കത്തോലിക്കാ സഭയ്ക്ക് കേന്ദ്രീകൃത ഭരണസംവിധാനമായി. ഒരു വികാരി ജനറാളിനായിരുന്നു ഭരണച്ചുമതല. സഭാവിശ്വാസികൾക്ക് ഇതിൽ അതൃപ്തിയുണ്ടായിരുന്നു. അധികാര

വികേന്ദ്രീകരണം സഭയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുമെന്നും സഭാംഗങ്ങളുടെ ആത്മീയജീവിതവളർച്ചയ്ക്ക് കാരണമാകുമെന്നും ചാവറയച്ചൻ മനസ്സിലാക്കി. അങ്ങനെയാണ് സഭയെ നാലു പ്രവിശ്യകളാക്കിയത്.

വികേന്ദ്രീകൃത ഭരണസംവിധാനം വന്നതോടെ സഭയ്ക്ക് സാമ്പത്തിക അടിത്തറ കൂടുതൽ ഭദ്രമാക്കപ്പെട്ടു. *പിടിയരി, നൂറ്റിക്കഞ്ചു* പതിവു പോലുള്ള പങ്കുവയ്ക്കലുകൾ നടപ്പിലാക്കി.

ഓരോ ക്രൈസ്തവഭവനത്തിലും ഓരോ ദിവസവും ഉപയോഗിക്കുന്ന അരിയിൽനിന്നും നല്ല കാര്യങ്ങൾക്കുവേണ്ടി ഒരുപിടി മാറ്റിവയ്ക്കുന്നതാണ് *പിടിയരി.* ഓരോ പള്ളിയിലും ചെലവു കഴിഞ്ഞുള്ള മിച്ചത്തിൽ നിന്നു അഞ്ചു ശതമാനം രൂപതയിലേക്കു നൽകുന്നതാണ് *നൂറ്റിക്കഞ്ച്.* ഈ തുക കൊണ്ടാണ് രൂപത സ്കൂളുകളും ആശുപത്രികളും സ്ഥാപിച്ചു നടത്തുന്നത്.

## വിദ്യാഭ്യാസ-സാമൂഹികപ്രവർത്തനങ്ങൾ

കേരളത്തിന്റെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ മാറ്റുവാൻ ചാവറയച്ചൻ വിലപ്പെട്ട സംഭാവനകൾ നൽകി. എല്ലാ പള്ളികളോടും ചേർന്ന് പള്ളിക്കൂടം സ്ഥാപിക്കണമെന്ന് കർശന നിർദ്ദേശം നൽകി. എല്ലാ വീട്ടിലെയും കുട്ടികൾ സ്കൂളിൽ ചേർന്നിരിക്കണമെന്നും നിർദ്ദേശിച്ചു. ഇങ്ങനെ ചെയ്യാത്ത പള്ളികൾക്ക് ആത്മീയപ്രവർത്തനങ്ങൾക്ക് അനുമതി നിഷേധിക്കുമെന്നും ചാവറയച്ചൻ താക്കീതു ചെയ്തു. ഇതോടെ കത്തോലിക്കാസഭ വിദ്യാഭ്യാസ രംഗത്ത് ഏറെ സജീവമായി.

സ്കൂളിൽവരുന്ന പാവപ്പെട്ട കുട്ടികൾക്കു സൗജന്യ ഉച്ചക്കഞ്ഞി നൽകാനും അച്ചൻ മുൻകൈയെടുത്തു. 1940-കളിൽ തിരുവിതാംകൂറിൽ ഈ സാമൂഹ്യപരിപാടി ആരംഭിച്ചതിനു പ്രചോദനം ചാവറയച്ചന്റെ ഈ നടപടിയാണ്. സർക്കാർ സ്കൂളുകളിൽ പാവപ്പെട്ടവർക്ക് ഉച്ചക്കഞ്ഞി ഏർപ്പെടുത്തണമെന്ന് ശിപാർശ ചെയ്തുകൊണ്ട് ദിവാനായിരുന്ന സി.പി. രാമസ്വാമി അയ്യർ 1936 നവംബർ 26ന് മഹാരാജാവിനു സമർപ്പിച്ച കുറിപ്പിൽ ക്രൈസ്തവ സ്ഥാപനങ്ങളിലെ ഈ പതിവ് മാതൃകയായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

പള്ളിക്കൂടങ്ങളിൽ ജാതിമതഭേദമന്യേ എല്ലാ കുട്ടികൾക്കും പ്രവേശനം നൽകി. സർക്കാർ സ്കൂളുകളിൽപ്പോലും ദളിതർക്കും അവർണർക്കും പ്രവേശനമില്ലാതിരുന്ന കാലത്താണിതെന്ന് ഓർക്കണം.

ദളിത് കുട്ടികളെ സ്കൂളിലെത്തിക്കുവാൻ ചാവറയച്ചൻ മുൻകൈയെടുത്തു. ഇവർ പഠനം മുടക്കാതിരിക്കാൻ പാഠപുസ്തകം, വസ്ത്രം, ഉച്ചക്കഞ്ഞി എന്നിവ സൗജന്യമായി നൽകി.

വൈദിക പരിശീലനത്തിന് പോർട്ടുഗീസുകാർ സെമിനാരികൾ സ്ഥാപിച്ചിരുന്നുവെങ്കിലും ചാവറയച്ചൻ പ്രവർത്തനം നടത്തുന്ന കാലത്തു പോലും

മല്പാന്മാരുടെ നേതൃത്വത്തിൽ ഗുരുകുല സമ്പ്രാദയത്തിലുള്ള വൈദിക പരിശീലന കേന്ദ്രങ്ങളാണ് പ്രചാരത്തിലിരുന്നത്. സുറിയാനി, ലത്തീൻ, ദൈവശാസ്ത്രം എന്നിവ ഇവിടെ പഠിപ്പിച്ചിരുന്നു.

വിദ്യാഭ്യാസമില്ലാത്ത വൈദികരെ ഒന്നിനും കൊള്ളില്ലെന്ന അഭിപ്രായക്കാരനായിരുന്ന ചാവറയച്ചൻ സെമിനാരി സമ്പ്രദായം വിപുലമാക്കി, പുനഃസംഘടിപ്പിച്ചു. സുറിയാനിക്കാർക്ക് പ്രത്യേക സെമിനാരി എന്ന നിലയ്ക്ക് മാന്നാനത്തെ സെമിനാരി വളർത്തിയെടുത്തു. അക്കാലത്ത് മധ്യതിരുവിതാംകൂറിലെ ഏറ്റവും വലിയ കെട്ടിടമായിരുന്നു ഈ സെമിനാരി. മാന്നാനത്തിനു പുറമേ മറ്റു പല കേന്ദ്രങ്ങളിലും ചാവറയച്ചൻ ഉപസെമിനാരികൾ സ്ഥാപിച്ചു.

സഭയുടെ ആത്മീയ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലമാക്കുവാനാണ് ചാവറയച്ചൻ മാന്നാനത്ത് 1846-ൽ അച്ചുകൂടം സ്ഥാപിച്ചത്. പ്രൊട്ടസ്റ്റന്റ് മിഷണറിമാർ കോട്ടയത്തു സ്ഥാപിച്ച പ്രസ്സുമായി മത്സരിച്ച് മാന്നാനത്തെ സെന്റ് ജോസഫ്സ് പ്രസ് ഈ രംഗത്തു പ്രശസ്തി നേടി. അച്ചടിയിൽ മാത്രമല്ല, ബൈൻഡിംഗിലും വേണ്ട ക്രമീകരണം ഇവിടെയുണ്ടാക്കി. ഫ്രാൻസ്, സ്പെയിൻ തുടങ്ങിയ രാജ്യങ്ങളിൽനിന്നുമാണ് അച്ചടിക്കുള്ള കടലാസ് കൊണ്ടു വന്നത്. ഇവിടെനിന്നും ആദ്യം പ്രസിദ്ധീകരിച്ചത് *ജ്ഞാനപീയൂഷം* എന്ന പ്രാർത്ഥനാപുസ്തകമാണ്. പിൽക്കാലത്ത് *നസ്രാണി ദീപികയും* ഇവിടെനിന്നു പ്രസിദ്ധീകരിക്കപ്പെട്ടു. ചാവറയച്ചന്റെ ക്രാന്തിദർശിത്വത്തിനു നിറഞ്ഞ നിദർശനമാണ് മുദ്രാലയ പ്രവർത്തനങ്ങൾ. മലയാള പത്രപ്രവർത്തനചരിത്രം ഈ മഹാപ്രതിഭയോടു കടപ്പെട്ടിരിക്കുന്നു.

## ജീവകാരുണ്യപ്രവർത്തനങ്ങൾ

ചാവറയച്ചന്റെ വ്യക്തിമുദ്ര പതിഞ്ഞ മറ്റൊരു മേഖലയാണ് ജീവകാരുണ്യ പ്രവർത്തനങ്ങളുടേത്. അഗതികൾക്ക് അഭയം നൽകാൻ ഭവനങ്ങളുണ്ടാക്കി. കൈനകരിയിലെ മന്ദിരത്തിനിട്ട പേര് *പരസ്പരസ്നേഹ ധർമ്മശാല* എന്നാണ്. ഈ മന്ദിരങ്ങൾ നടത്താനുള്ള ബാധ്യത സമൂഹത്തിനുണ്ടെന്നു ബോദ്ധ്യപ്പെടുത്താനായി ചാവറയച്ചന്. തന്മൂലം വിഭവസമാഹരണം ക്ലേശകരമായതുമില്ല. യാചകർക്കു ധർമ്മം കൊടുക്കാതിരിക്കരുതെന്ന് അച്ചൻ കർശനമായി ഉപദേശിച്ചു.

## നീതിപൂർവകമായ കൂലി

ചാവറയച്ചന്റെ കാലത്ത് ദളിതർ മുതലായവരെക്കൊണ്ട് നിർബ്ബന്ധമായി ജോലി ചെയ്യിച്ചിരുന്നു. ന്യായമായ കൂലി നൽകിയിരുന്നുമില്ല. ഊഴിയം എന്നായിരുന്നു ഈ പതിവിനെ വിളിച്ചിരുന്നത്. അച്ചൻ ഇതിനെ എതിർത്തു. തൊഴിലാളിക്കു ന്യായമായ കൂലി കൊടുക്കണമെന്ന് ശഠിച്ചു. ദൈവം പാവപ്പെട്ടവർക്കൊപ്പമാണെന്ന അച്ചന്റെ ഈ നിലപാട്, ദരിദ്രനാരായണനെന്ന സ്വാമി

വിവേകാനന്ദ ദർശനവുമായി സമാനമാണ്. ഒന്നും സ്വന്തമാക്കാത്തതിന്റെ മഹത്വവും ചാവറയച്ചൻ ഉദ്ഘോഷിച്ചു.

## സ്ത്രീശാക്തീകരണം

സ്ത്രീകൾക്കു സമൂഹത്തിൽ അർഹമായ സ്ഥാനം ലഭിക്കുന്നതിന് ചാവറയച്ചൻ യത്നിച്ചു. അതിനായി അവരെ വിദ്യ അഭ്യസിപ്പിക്കുവാൻ ശ്രമങ്ങളാരംഭിച്ചു. ഈ ലക്ഷ്യത്തിനുവേണ്ടിയാണ് സന്യാസിനിസഭയെന്ന ആശയം അച്ചൻ ഉയർത്തിയത്. സ്ത്രീകളിൽനിന്നുതന്നെ ഒരു സംഘത്തെ രൂപപ്പെടുത്തിയെടുത്ത് അവരുടെ ഉന്നമനത്തിനായി പ്രവർത്തിപ്പിക്കുകയായിരുന്നു ഉദ്ദേശ്യം. സ്ത്രീസ്വാതന്ത്ര്യം, സമത്വം, സ്വാശ്രയത്വം എന്നിവ കൈവരിക്കാൻ ചാവറയച്ചൻ പല പദ്ധതികളും നടപ്പാക്കി.

കന്യാസ്ത്രീ മഠങ്ങൾ വഴി വിദ്യാഭ്യാസത്തിനുപുറമേ തുന്നൽപോലുള്ള കരകൗശലവേലകളും പഠിപ്പിച്ചു. യൂറോപ്പിൽപ്പോലും കന്യകാമഠങ്ങൾ ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുമുമ്പാണ് കർമലീത്താ സന്യാസിനിസഭയിലൂടെ ചാവറയച്ചൻ ഈ മാറ്റങ്ങൾക്കു തുടക്കംകുറിച്ചത്.

## ധാർമ്മിക പെരുമാറ്റസംഹിത

ചാവറയച്ചൻ ക്രൈസ്തവ ജീവിതക്രമത്തിനായി തയ്യാറാക്കി നൽകിയ പെരുമാറ്റച്ചട്ടം സാർവ്വസാമുദായിക പ്രസക്തിയുള്ളതാണ്; ഏതു കാലത്തും പ്രസക്തവുമാണ്. അശോകന്റെ ശാസനങ്ങളെ *ബുദ്ധധർമ്മസംഹിത* എന്നതിനപ്പുറം *സാർവത്രിക ധർമ്മസംഹിത*യെന്നു വിളിക്കുന്നതുപോലെ അച്ചന്റെ ധർമ്മനിയമങ്ങളെയും കണക്കാക്കാം. ഭാഷയിലും ശൈലിയിലുംവരെ അശോകശാസനകളുമായി അവയ്ക്കുള്ള സാമ്യം എന്നെ വിസ്മയപ്പെടുത്തുന്നു. അശോകശാസനങ്ങളിൽ സുപ്രധാനമാണല്ലോ മതസഹിഷ്ണുത. സ്വന്തം മതത്തെ വളർത്താനാകുമെന്ന് തെറ്റിദ്ധരിച്ച് അന്യമതങ്ങളെ പരിഹസിക്കുന്നവർ സ്വന്തം മതത്തിനു തന്നെ അവമതി വരുത്തുന്നു എന്ന് അശോകൻ പഠിപ്പിച്ചു. ചാവറയച്ചന്റെ മതസഹിഷ്ണുതയ്ക്കും ഈ ഔന്നത്യം ഉണ്ടായിരുന്നു. ദൈനംദിന ജീവിതത്തിൽ വൃത്തിയും വെടിപ്പും ഉണ്ടാവണം, യാചകർക്കു ധർമ്മം നൽകണം, പാവങ്ങളിൽ ദൈവത്തെ കാണണം, ധാർമ്മികമൂല്യങ്ങൾ എല്ലാവരും ഉയർത്തിപ്പിടിക്കണം. സ്നേഹം, വിനയം, മിതവ്യയം, ദയ, നീതി, ദൈവഭയം, മാതാപിതാക്കളോടുള്ള കടമകൾ, മുതിർന്നവരോടുള്ള ബഹുമാനം എന്നിവ പാലിക്കണം, സ്വന്തമല്ലാത്ത വസ്തുക്കൾ ഉടമസ്ഥനു തിരിച്ചുകൊടുക്കണം... തുടങ്ങിയ ശാസനങ്ങൾ അച്ചന്റെ നിർദ്ദേശങ്ങളിലുണ്ട്. കളവുമുതൽ സൂക്ഷിക്കുന്ന വീട് കത്തി നശിക്കുമെന്ന് അച്ചൻ പഠിപ്പിച്ചു.

ശിശുപീഡനകഥകൾ കേട്ടുകേൾവിപോലുമില്ലാതിരുന്ന കാലത്ത് ഇതേക്കുറിച്ച് ചാവറയച്ചൻ മുന്നറിയിപ്പു നൽകി. മക്കളെ ബന്ധുവീടുകളിൽ

വിടുന്നതിൽ ഏറെ ജാഗ്രത പുലർത്തണമെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. മാലാഖമാരായി ബന്ധുവീടുകളിൽ ചെല്ലുന്ന കുഞ്ഞുങ്ങൾ പിശാചുക്കളായി മടങ്ങുന്ന അവസരങ്ങളുണ്ടെന്ന് അദ്ദേഹം അനുസ്മരിപ്പിച്ചു.

## ചരിത്രത്തോടു പ്രതിപത്തി

ചരിത്രരേഖകൾ സൂക്ഷിക്കുന്നതിന്റെ പ്രാധാന്യം ശരിക്കും മനസ്സിലാക്കി ചാവറയച്ചൻ. അദ്ദേഹം എഴുതിയ *നാളാഗമങ്ങൾ* 1829 മുതൽ 1870 വരെയുള്ള സഭാചരിത്രത്തിന്റെ സുപ്രധാനരേഖയാണ്.

പ്രാചീനഭാരതത്തിലും കേരളത്തിലും ചരിത്രത്തോടും ചരിത്രരേഖകളോടും പ്രതിപത്തിയുണ്ടായിരുന്നില്ലെന്നും ചരിത്രം കെട്ടുകഥകളിലും ഐതിഹ്യങ്ങളിലും ഒതുങ്ങിയിരുന്നുവെന്നും ഓർക്കുമ്പോഴാണ് ചരിത്രരേഖകളോടുള്ള ചാവറയച്ചന്റെ പ്രതിപത്തിയിലെ കാലാതീതവൈഭവം മനസ്സിലാകുന്നത്.

കേരളചരിത്രം പഠിക്കുമ്പോഴും രചിക്കുമ്പോഴും പലകുറി കണ്ടുമുട്ടിയ ചാവറയച്ചനെപ്പറ്റി കൂടുതൽ വിശദമായി പഠിക്കാനായില്ലല്ലോ എന്ന് എനിക്കു ദുഃഖം തോന്നുന്നു. ആ സങ്കടം തീർക്കുവാൻവേണ്ടിക്കൂടിയാണ് ഈ കുറിപ്പ്.

ചാവറയച്ചന്റെ ജീവിതവും നേട്ടങ്ങളും വിലയിരുത്തുന്നതിൽ ചരിത്രകാരന്മാർ വീഴ്ചവരുത്തിയിട്ടുണ്ട്. കേരളത്തിന്റെ നവോത്ഥാനചരിത്രം ചില ഹൈന്ദവസംഘടനകളിലും പരിഷ്കർത്താക്കളിലും ഒതുങ്ങി. അതല്ല ശരി; ചാവറയച്ചനെപ്പോലുള്ളവർക്ക് അർഹമായ സ്ഥാനം നൽകേണ്ടതുണ്ട്.

ചാവറയച്ചന്റെ സന്ദേശവും ജീവിതവും നേട്ടങ്ങളും കത്തോലിക്കാസമുദായത്തിനു മാത്രമുള്ളതല്ല; എല്ലാ സമുദായങ്ങൾക്കും എല്ലാക്കാലത്തും അവ പ്രസക്തമാണ്. കാലത്തിനു മുമ്പേ ജനിച്ച മഹാനായിരുന്നു ചാവറ കുര്യാക്കോസച്ചനെന്നു ഞാൻ നിസ്സംശയം പറയും.

■

നാല്

# ചരിത്രത്തെ നയിച്ച ഒരാൾ

## പി. ഗോവിന്ദപ്പിള്ള

ഇരുപതാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധം പൂർത്തിയാക്കാൻ മൂന്നുവർഷം ബാക്കി നിൽക്കുന്ന 1947 ഓഗസ്റ്റ് 15-നാണ് രണ്ടു നൂറ്റാണ്ടിലേറെക്കാലത്തെ ബ്രിട്ടീഷ് സാമ്രാജ്യത്വനുകം വലിച്ചെറിഞ്ഞ് ഭാരതം ലോകരാഷ്ട്ര സമൂഹത്തിലെ അന്തസ്സുറ്റ അംഗമായി തല ഉയർത്തി പ്രവേശിച്ചത്. 1858-59ലെ പ്രഥമ സ്വാതന്ത്ര്യ സമരമുൾപ്പെടെ ഹിംസാത്മകവും അഹിംസാത്മകവുമായ ചെറുതും വലുതുമായ അനവധി ധീരോദാത്ത സമരങ്ങളാണ് ഈ സ്വാതന്ത്ര്യത്തിനു വഴി തുറന്നത്. എങ്കിലും ആ സമരത്തിനു നമ്മെ സജ്ജരാക്കിയതും ഭാരതത്തെ ഒരാധുനിക രാഷ്ട്രമെന്ന നിലയിൽ സുഘടിതമായി രൂപപ്പെടുത്തിയതും സ്വാതന്ത്ര്യാനന്തര കാലത്ത് പലപ്പോഴും പല പരീക്ഷണങ്ങളും അതിജീവിക്കാൻ നമുക്കു കഴിവുണ്ടാക്കിയതും 19-ാം നൂറ്റാണ്ടിൽ ആരംഭിച്ച് വികാസം നേടിയ നവോത്ഥാനം എന്ന മഹാസാംസ്കാരിക പ്രക്രിയയാണ്.

### നായകനിരയിൽ

ഭാരതീയ നവോത്ഥാനം ദേശവ്യാപകവും സമഗ്രവുമായ പ്രക്രിയ ആയിരുന്നു എങ്കിലും രാഷ്ട്രത്തിന്റെ വിവിധ സാംസ്കാരിക മേഖലകളിൽ അതിന്റെ കാലവും രൂപവും വിവിധങ്ങളായിരുന്നു. ഉദാഹരണത്തിന്, ഈ പുതിയ ഉണർവ്വ്, ആദ്യം പ്രത്യക്ഷപ്പെട്ടത് ബംഗാളിലായിരുന്നു. 19-ാം നൂറ്റാണ്ടിന്റെ ആദ്യ പാദത്തിൽ തന്നെ ബംഗാളിൽ അതു പൂത്തുലയാൻ തുടങ്ങി. കേരളത്തിലാകട്ടെ അതിന്റെ ലക്ഷണങ്ങൾ കണ്ടു തുടങ്ങിയത് 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ മാത്രമാണ്. ബംഗാളിലെ നവോത്ഥാനത്തിന്റെ പിതാവായി പരിഗണിക്കപ്പെടുന്നത് രാജാറാം മോഹൻ റോയി (1772-1833) ആണെങ്കിൽ കേരളത്തിന്റെ നവോത്ഥാനത്തിന്റെ രാജശിൽപിയായി ശ്രീനാരായണഗുരുവിനെ (1845-1928) ചരിത്രകാരന്മാർ ആദരിക്കുന്നു. എന്നാൽ

കേരളത്തിലായാലും ബംഗാളിൽ ആയാലും ഇതര സംസ്ഥാനങ്ങളിൽ ആയാലും നവോത്ഥാനം പോലം സർവാംഗീണവും ഗഹനവുമായ ഒരു പരിവർത്തനം ഏതെങ്കിലും ഒരു മഹാവ്യക്തിയിൽ നിന്ന് തുടങ്ങി ആ വ്യക്തിയിൽ സമാപിക്കുന്നില്ല. അതുകൊണ്ട് രാജാറാം മോഹൻ റോയിയേയും ശ്രീനാരായണഗുരുവിനേയും പശ്ചിമേന്ത്യയിൽ ദയാനന്ദ സരസ്വതിയെയും (1824–1833) ജ്യോതിബഫൂലെയെയും തമിഴകത്തിൽ ഇ.വി. രാമസ്വാമി നായ്ക്കരെയും എല്ലാം നവോത്ഥാനനായകരായി വാഴ്ത്തുന്നതിൽ തെറ്റില്ലെങ്കിലും ഇവർക്കെല്ലാം മുമ്പും പിമ്പും പ്രവർത്തിച്ച അനേകം പ്രതിഭാശാലികളായ നവോത്ഥാന നായകരെ വിസ്മരിക്കുന്നത് ചരിത്രത്തോടു കാട്ടുന്ന അനീതിയായിരിക്കും. ഇന്ത്യയുടെ മറ്റു ഭാഗങ്ങളിലെ നവോത്ഥാന ചരിത്രത്തിൽ എന്നപോലെ കേരളത്തിന്റെ നവോത്ഥാന ചരിത്രത്തിലും ഇത്തരം അനീതികൾമൂലം പല വിടവുകളും സംഭവിച്ചു പോയിട്ടുണ്ട്.

ഈയിടെ ഈ ലേഖകൻ എഴുതി പ്രസിദ്ധീകരിച്ച *'കേരള നവോത്ഥാനം: ഒരു മാർക്സിസ്റ്റ് വീക്ഷണം'* എന്ന കൃതിയുടെ ഒന്നും രണ്ടും സഞ്ചികകളിൽ ഇത്തരം ചില വിടവുകൾ അടയ്ക്കാനും ഇരുളടഞ്ഞ ചില ഏടുകളിലേക്കു വെളിച്ചം വീശാനും ഒരെളിയ ശ്രമം നടത്തുകയുണ്ടായി. ആ ശ്രമത്തിന്റെ ഭാഗമായി സാധാരണ ചില സമുദായങ്ങളുടെ ചരിത്രത്തിൽ മാത്രമായി സ്മരിക്കപ്പെട്ടുവരുന്ന പല മഹത്തുകളുടെയും പരിഷ്ക്കരണ പ്രവർത്തനങ്ങളെയും വ്യക്തിപ്രഭാവങ്ങളെയും കേരള ചരിത്രത്തിന്റെ പൊതുധാരയിലേക്കു സന്നിവേശിപ്പിക്കാൻ ഒരെളിയ ശ്രമം നടത്തുകയുണ്ടായി. അവരിൽ ഒരാളാണ് ശ്രീനാരായണനു മുമ്പ് ജീവിച്ചിരുന്ന ദക്ഷിണകേരളത്തിലെ ചാന്നാർ-നാടാർ സമൂഹങ്ങളിൽ നവോത്ഥാന സന്ദേശം എത്തിച്ച് അവരെ ഉദ്ബുദ്ധരാക്കിയ നാഗർകോവിൽ സ്വാമിത്തോപ്പിലെ ശ്രീവൈകുണ്ഠ സ്വാമി (1809–1851). മറ്റൊരാളാണ് മധ്യതിരുവിതാംകൂറിലെ ദളിതരായ പുതുക്രിസ്ത്യാനികളുടെ പുത്തനുണർവ്വിനു വേണ്ടി പരിശ്രമിക്കുകയും പിന്നീട് ദളിത സമൂഹത്തിന്റെ മുഴുവനും നായകനായി ഉയരുകയും ചെയ്ത പൊയ്കയിൽ യോഹന്നാൻ എന്ന ഇരവിപേരൂരിലെ കുമാര ഗുരുദേവൻ (1878–1938); മാവേലിക്കര ആസ്ഥാനമായി പ്രവർത്തിച്ച സാംബവ സമുദായ അംഗമായ സ്വാമി ശുഭാനന്ദനുമതെ (1880–1950) ചരിത്രത്തിന്റെ പൊതുധാരയിൽ സ്മരിക്കപ്പെടാതെ അവശേഷിക്കുന്നു.

ഇവരൊക്കെ വിവിധ ഹൈന്ദവ സമൂഹങ്ങളുടെ പരിഷ്കർത്താക്കളായി കേരളത്തിന്റെ സമഗ്ര പുരോഗതിക്കു സംഭാവന ചെയ്തവരാണ് ക്രൈസ്തവ മുസ്ലീം മതവിഭാഗങ്ങളിലും സമാനമായ ഇത്തരം അനേകം പരിഷ്കരണ പ്രവർത്തനങ്ങൾകൊണ്ട് 19-ാം നൂറ്റാണ്ടും 20-ാം നൂറ്റാണ്ടിന്റെ പൂർവാർദ്ധവും മുഖരിതമായിരുന്നു. മലങ്കര യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയിലെ കലാപകാരിയായി ഉയർന്ന, മാർത്തോമ്മാ സഭാ സ്ഥാപനത്തിന് അടിത്തറപാകിയ പാലക്കുന്നത്ത് അബ്രഹാം മല്പാൻ, മുസ്ലിം സമൂഹത്തിലെ

അനാചാരങ്ങൾക്ക് എതിരെ പടപൊരുതി വിദ്യാഭ്യാസത്തിനും നവീകരണ ത്തിനും വേണ്ടി ശ്രമിച്ച വക്കം അബ്ദുൾ ഖാദർ മൗലവി (1873-1932) തുട ങ്ങിയ പലരേയും സമുദായ ചരിത്രത്തിന്റെ സങ്കുചിത ചരിത്രത്തിൽ നിന്ന് മോചിപ്പിച്ച് കേരളത്തിന്റെ സമഗ്ര പുരോഗതിയുടെ അധിനായകരായി പ്രതിഷ്ഠിക്കേണ്ടതുണ്ട്.

## ഘോഷിക്കുവാൻ മറന്നു നമ്മൾ

ചാവറ അച്ചൻ എന്ന ചുരുക്കപ്പേരിൽ ജനലക്ഷങ്ങൾക്കു സുപരിചിത നായ വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചനെ (1805-1871) കുറിച്ച് എഴുതാൻ ഇരുന്നപ്പോൾ തോന്നിയ വിചാരവികാരങ്ങളാണ് ഇതു വരെ കുറിച്ചത്. കേരളീയ കത്തോലിക്കാ സഭയിൽ, വിശേഷിച്ച് കത്തോ ലിക്കാ സുറിയാനി സഭയിൽ, ദൂരവ്യാപകമായ പരിഷ്കരണങ്ങൾക്കു നേതൃത്വം നൽകിയ അനുഗൃഹീത പുരോഹിതശ്രേഷ്ഠൻ എന്ന നിലയിൽ ചാവറ അച്ചൻ സഭയ്ക്കകത്തും വെളിയിലും അറിയപ്പെടുന്നു എന്നത് നേരു തന്നെ. എന്നാൽ അദ്ദേഹത്തിന്റെ സമർപ്പിത ജീവിതവും ദീർഘദൃഷ്ടിയോ ടുകൂടിയുള്ള പരിഷ്ക്കരണ പ്രവർത്തനങ്ങളും കേരള നവോത്ഥാന ചരിത്ര ത്തിന്റെ അവിഭാജ്യ ഘടകങ്ങളാണ്. കേരളീയ ജനസമൂഹത്തിന്റെ സമഗ്ര മായ സാമൂഹ്യവികാസത്തിനും സാംസ്കാരിക അഭ്യുന്നതിക്കും ഈ പ്രവർത്തനങ്ങൾ എപ്രകാരം സഹായകമായി എന്നു പരിശോധിച്ച് കേരള ത്തിലെ നവോത്ഥാന നായകരുടെ അഗ്രാസനങ്ങളിൽ അദ്ദേഹത്തെ പ്രതി ഷ്ഠിക്കുക എന്ന ചരിത്ര ശാസ്ത്രധർമ്മം നാം വേണ്ട വിധത്തിൽ നിർവഹി ച്ചിട്ടുണ്ടോ എന്നു സംശയിക്കാതെ വയ്യ.

ചാവറ അച്ചന്റെ 200-ാം ജന്മദിനം വിപുലമായി ആഘോഷിച്ചതും മാർപ്പാപ്പ ജോൺ പോൾ രണ്ടാമൻ അദ്ദേഹത്തെ വിശുദ്ധപദവിയുടെ ആദ്യഘട്ടമായി വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചതും, പൊതുവെ, കേരള ചരിത്രശാസ്ത്ര ത്തിൽ സാംസ്കാരികവും സാമൂഹ്യവും ആയ ഘടകങ്ങൾക്കു മുൻതൂക്കം നൽകാനുള്ള പുതുപ്രവണതകളും ചാവറ അച്ചന്റെ ജീവിതത്തിലേക്കും സംഭാവനകളിലേക്കും കൂടുതൽ ചുഴിഞ്ഞു നോക്കാൻ നമുക്ക് സന്ദർഭവും പ്രചോദനവും നൽകുന്നുണ്ട്. നാമതിനു തയ്യാറാവുക എന്നതാണു പ്രധാനം.

ഈ പുത്തൻ പരിശ്രമങ്ങളും അതിലെ പൊരുളും വ്യാപ്തിയും മനസ്സിലാ ക്കണമെങ്കിൽ, എങ്ങനെയാണ് ക്രിസ്തീയ സഭകളിൽ പരിവർത്തനങ്ങളും പരിഷ്ക്കരണങ്ങളും സംഭവിച്ചത് എന്നതിനെക്കുറിച്ച് അല്പമൊന്നു വിശ ദീകരിക്കേണ്ടിയിരിക്കുന്നു. കാലാകാലങ്ങളിൽ കാലോചിതമായ പരിവർത്ത നങ്ങൾക്കും പരിഷ്ക്കാരങ്ങൾക്കും വിധേയമാവാൻ വിസമ്മതിക്കുന്ന സ്ഥാപ നങ്ങളും സിദ്ധാന്തങ്ങളും സമ്പ്രദായങ്ങളും കാലഹരണപ്പെടുകയും കാലയ വനികയ്ക്കുള്ളിൽ മറയുകയും ചെയ്യും എന്നത് അനിഷേധ്യമായ ഒരു ചരിത്ര സത്യമാണ്. അങ്ങനെ കാലയവനികയ്ക്കുള്ളിൽ മറഞ്ഞുപോയ മതങ്ങൾ

പലതുമുണ്ട്. അങ്ങനെയുള്ള ഒന്നാണ് ക്രിസ്തുവിന് ആറു നൂറ്റാണ്ടു മുമ്പ് ഇന്നത്തെ ഇറാനിൽ ജീവിച്ചിരുന്ന സാരതുഷ്ട്രർ സ്ഥാപിക്കുകയും ആയിരം വർഷത്തോളം പശ്ചിമേഷ്യയിലാകെ വ്യാപിച്ച് ആധിപത്യം വഹിക്കുകയും ചെയ്തിരുന്ന *പാഴ്സിമതം*. ചരിത്രത്തിന്റെ എല്ലാ ഗതിവിഗതികളേയും അതിജീവിച്ച് രണ്ടായിരം വർഷം പിന്നിട്ടിട്ടും ഇനിയുമൊരങ്കത്തിനു ബാല്യമുണ്ട് എന്ന നിലയിൽ മൂന്നാം സഹസ്രാബ്ദത്തിലും വെല്ലുവിളികളെ നേരിട്ട് മുന്നേറാൻ ക്രിസ്തീയ സഭയ്ക്കു കഴിയുന്നുണ്ടെങ്കിൽ, അതിന്റെ കാരണം ആവർത്തിച്ചാവർത്തിച്ചുള്ള നവീകരണത്തിനും പരിഷ്ക്കരണത്തിനും അതിനു കഴിവുണ്ടാകുന്നു എന്നതാണ്.

ക്രിസ്തീയ സഭയിലെ ഈദൃശ പരിഷ്ക്കരണ സംരംഭങ്ങൾ പല രൂപങ്ങളിലാണ് പ്രത്യക്ഷപ്പെട്ടിട്ടുള്ളത്. നാലാം നൂറ്റാണ്ടിൽ കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ ആഭിമുഖ്യത്തിൽ ക്രിസ്തുമതം വിശാലമായ റോമാസാമ്രാജ്യത്തിന്റെ ഔദ്യോഗിക മതമായി അംഗീകരിക്കപ്പെട്ട ശേഷം റോമൻ കത്തോലിക്കാ സഭ ഏറ്റവും വലിയ ക്രിസ്തീയസഭയായി ഐശ്വര്യത്തിന്റെയും അധികാരത്തിന്റെയും കൊടുമുടികളിലേക്കു കുതിച്ചു കയറി. അങ്ങനെ പീഡിതരുടെയും മർദ്ദിതരുടെയും മതം ഭരണാധികാത്തിന്റെ മതമായി മാറിയതോടെ വിശുദ്ധിയുടെ സ്ഥാനത്ത് അശുദ്ധിയും കാൽവരിയിലെ മരക്കുരിശിന്റെ സ്ഥാനത്ത് പൊൻകുരിശും ത്യാഗത്തിന്റെ സ്ഥാനത്ത് സുഖലോലുപതയും സഭാഘടനയിൽ നുഴഞ്ഞുകയറാൻ തുടങ്ങി.

ഇടവിട്ടിടവിട്ട് വിശുദ്ധന്മാരും മതപരിഷ്കർത്താക്കളും ആവിർഭവിച്ച് ഈ മാലിന്യങ്ങളെ തൂത്തെറിഞ്ഞ് സഭയെ വീണ്ടും വിശുദ്ധിയിലേക്കു നയിക്കാൻ നടത്തിയ യത്നങ്ങളാണ് സഭയെ മുന്നോട്ടു നയിച്ചതും സർവ്വനാശത്തിൽ നിന്നു മതത്തെ കരകയറ്റിയതും. ക്രിസ്തീയ സഭയെ അതിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ പിളർപ്പിലേക്കു നയിച്ച *'റിഫോർമേഷൻ'* എന്ന മതനവീകരണത്തിന്റെ നേതാവായിരുന്ന മാർട്ടിൻ ലൂഥർ (1483–1546) ഇത്തരത്തിലൊരു പരിഷ്കർത്താവായിരുന്നു. പിന്നീട് മാർട്ടിൻ ലൂഥർ സ്ഥാപിച്ച പ്രൊട്ടസ്റ്റന്റ് സഭയിലും അപചയങ്ങളും അഭിപ്രായ വ്യത്യാസങ്ങളും പൊട്ടിപ്പുറപ്പെട്ടു *കാൽവനിസ്റ്റുകൾ, മെത്തേഡിസ്റ്റുകൾ, ഇവാഞ്ചലിസ്റ്റുകൾ* തുടങ്ങി പല അവാന്തര വിഭാഗങ്ങൾ പ്രത്യക്ഷപ്പെട്ടതിന്റെ പുറകിലും മതപരിഷ്ക്കരണ യത്നങ്ങളുടെ പ്രേരണകൾ കാണാവുന്നതാണ്.

എന്നാൽ ഇപ്രകാരം സഭയിൽ പിളർപ്പ് ഉണ്ടാകാതെ അതിന്റെ ഐക്യം സംരക്ഷിച്ചുകൊണ്ടുതന്നെ നവീകരണ പ്രവർത്തനങ്ങളും പരിഷ്കരണങ്ങളും നടപ്പാക്കിയവരും പലരുണ്ട്. അങ്ങനെയുള്ള പരിഷ്കർത്താക്കളിൽ *ബെനഡിക്ടെൻ* സന്യാസി സംഘത്തിന്റെ സ്ഥാപകനായിരുന്ന വിശുദ്ധ ബെനഡിക്ട് (480–543) ആണ് മിക്കവാറും ആദ്യത്തെ പരിഷ്കർത്താവ് എന്നു പറയാം. നേരത്തെ പരാമർശിച്ച കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ (പിന്നീട് വിശുദ്ധ കോൺസ്റ്റന്റൈൻ) നേതൃത്വത്തിൽ നടന്ന നിഖിയ സുനഹദോസിലെ

തീരുമാനങ്ങൾക്കും തുടർന്നു ക്രിസ്തുമതത്തെ രാഷ്ട്രമതമായി പ്രഖ്യാപിച്ച നടപടിക്കും ശേഷം സഭാഘടനകളിലും നടപടികളിലും കടന്നുകൂടിയ അനാചാരങ്ങളെ തിരസ്ക്കരിച്ച് ജീവിതലാളിത്യവും പുരോഹിതവിശുദ്ധിയും സേവനതത്പരതയും വീണ്ടെടുക്കാൻ ബെനഡിക്ട് നടപ്പിലാക്കിയ ചട്ടവട്ടങ്ങളും സ്ഥാപിച്ച ബെനഡിക്ടൈൻ സന്യാസി സംഘവും ക്രിസ്തീയ സഭയെ വടക്കൻ യൂറോപ്പിൽ നിന്നും വടക്കുകിഴക്കൻ ഏഷ്യയിൽ നിന്നും ഇരച്ചു കയറിയ വിവിധ പ്രാകൃത ജനങ്ങളുടെ ക്രിസ്തീയ വിരുദ്ധമായ ആചാരക്രമങ്ങളിൽനിന്നും വിശ്വാസങ്ങളിൽനിന്നും രക്ഷിച്ച് നിലനിറുത്താനും സഭയ്ക്ക് നവചൈതന്യം പകരാനും സഹായകരമായി.

സുമാർ ആറു നൂറ്റാണ്ടിനുശേഷം വളരെ വ്യത്യസ്ത പ്രകൃതിയായ മറ്റൊരു വിശുദ്ധൻ സഭയിൽ തന്റെ അതുല്യവും അത്യാകർഷകവും ആയ ജീവിത വിശുദ്ധിയിലൂടെയും സേവനതത്പരതയിലൂടെയും സഭയ്ക്കു പുത്തനുണർവ് നൽകി; അസീസ്സിയിലെ വിശുദ്ധ ഫ്രാൻസിസ് (1181-1226) ആയിരുന്നു അത്. ബുദ്ധനെയും മഹാവീരനെയും പോലെ ഭാരതീയ ശൈലിയിലുള്ള ജീവകാരുണ്യത്തിന്റെ പ്രതീകം കൂടിയായിരുന്നു മനുഷ്യസഹോദരങ്ങൾ ഉൾപ്പെടെ സർവ ജീവജാലങ്ങളെയും ഈശ്വര സൃഷ്ടികളായി കരുതി സ്നേഹിച്ച് അവയുമായി ഇടപഴകിയ വിശുദ്ധ ഫ്രാൻസിസ്. രാഷ്ട്രീയാധികാരവും മതാധികാരവും ധനസമൃദ്ധിയും ഇഴചേർന്നുവർത്തിച്ച അക്കാലത്തെ അധികാരദുരയുടെ ഇടനാഴികളിൽ ലാളിത്യത്തിന്റെയും സേവനത്തിന്റെയും തെളിനീർ ഒഴുക്കാൻ ഫ്രാൻസിസ് വഴി ഒരുക്കി. വിശുദ്ധ ഫ്രാൻസിസിന്റെ ജീവിതശൈലിയെയും സേവന പാരമ്പര്യത്തെയും പിന്തുടരുന്ന ഫ്രാൻസിസ്ക്കൻ സന്യാസി സംഘം ഇപ്പോഴും പ്രവർത്തിച്ചു വരുന്നു.

വിശുദ്ധ തോമസ് അക്വിനാസ് (1125-1274) ആകട്ടെ, മറ്റൊരു തരത്തിലാണ് സഭയെ പരിഷ്കരിക്കാൻ ശ്രമിച്ചത്. ഇക്കാലത്ത് യൂറോപ്പിൽ വീണ്ടും പുനരുജ്ജീവിക്കാൻ തുടങ്ങിയിരുന്ന സോക്രട്ടീസ്, പ്ലാറ്റോ, അരിസ്റ്റോട്ടിൽ തുടങ്ങിയ ക്ലാസിക്കൽ ഗ്രീക്ക് ദാർശനികരുടെ ചിന്തയും ക്രിസ്തീയ ദൈവശാസ്ത്ര ചിന്തകളും സമന്വയിപ്പിച്ചു മതവിശ്വാസത്തിനും സിദ്ധാന്തത്തിനും കുറേക്കൂടി ബലവത്തായ അടിത്തറ നൽകാനാണ് അക്വിനാസ് ഉദ്യുക്തനായത്. തോമസ് അക്വിനാസിന്റെ സിദ്ധാന്തങ്ങൾ അക്കാലത്തെ ഫ്യൂഡൽ സാമൂഹ്യ വ്യവസ്ഥയുടെ ഉച്ചനീചത്വശ്രേണീബദ്ധതയുടെ സിദ്ധാന്തവൽക്കരണം ആയിരുന്നു എന്നൊക്കെയുള്ള വിമർശനങ്ങൾ തിരസ്ക്കരിക്കേണ്ടതില്ലെങ്കിലും അക്കാലത്ത് അനന്തമായി നടന്നുകൊണ്ടിരുന്ന തലനാരിഴ കീറാൻ പോന്ന നിരർത്ഥകവാദപ്രതിവാദ വ്യായാമങ്ങളിൽ യുക്തിയുടെ കിരണം പ്രസരിപ്പിക്കാൻ അക്വിനാസിന്റെ ഇടപെടലിനു കഴിഞ്ഞു എന്നത് എന്തായാലും നിസ്തർക്കമാണ്.

ഇപ്പറഞ്ഞ പരിഷ്കർത്താക്കളുടെ പേരുകൾ ചില ഉദാഹരണങ്ങൾ മാത്രമാണ്. ഇവരെ കൂടാതെ മറ്റു പലരുടേയും സേവനങ്ങളെ അനുസ്മരിക്കാ

വുന്നതാണ്; അനുസ്മരിക്കേണ്ടതുമാണ്. മാർപ്പാപ്പമാരിൽ ഭൂരിപക്ഷവും യാഥാസ്ഥിതികരും ഗതാനുഗതികത്വത്തിൽ വിശ്വസിച്ചിരുന്നവരും ആയിരുന്നെങ്കിലും ഗ്രിഗറി ഒന്നാമൻ (540-604), ഗ്രിഗറി പതിമൂന്നാമൻ (1502-1585), നമ്മുടെ കാലഘട്ടത്തിലെ ജോൺ ഇരുപത്തിമൂന്നാമൻ (1881-1963), ഇക്കഴിഞ്ഞ മാർപ്പാപ്പ ജോൺപോൾ രണ്ടാമൻ തുടങ്ങിയവരും പല നിലവാരങ്ങളിൽ പരിഷ്ക്കരണയത്നം നടത്തിയിട്ടുള്ളവരാണ്.

അല്പം വ്യത്യസ്തനാണെന്നു തോന്നാവുന്ന വിശുദ്ധ ഇഗ്നേഷ്യസ് ലയോള(1491-1556)യുടെ ഉദാഹരണം കൂടി ചൂണ്ടിക്കാട്ടി ഈ ഭാഗം ഉപസംഹരിക്കാം. മാർട്ടിൻ ലൂഥർ സഭയെ പിളർന്ന് പരിഷ്ക്കാരം നടത്താൻ ശ്രമിച്ചതിനു പ്രതിവിധിയായി സഭയുടെ ഐക്യം നിലനിറുത്തി അതിൽ സേവനത്തിന്റെ മാതൃക പുലർത്താൻ ശ്രമിച്ചയാളാണ് വിശുദ്ധ ലയോള. മാർട്ടിൻ ലൂഥറുടെ പരിഷ്കാരങ്ങളെ *റിഫർമേഷൻ* അഥവാ മതനവീകരണം അല്ലെങ്കിൽ മതപരിഷ്ക്കരണം എന്നാണ് വിശേഷിപ്പിച്ചു വരുന്നത്. മാർട്ടിൻ ലൂഥറുടെ പരിഷ്ക്കരണ പ്രവർത്തനങ്ങൾ കത്തോലിക്കാ സഭയെ ആകെ പിടിച്ചു കുലുക്കുകയും അതിന്റെ ഒരു ഭാഗത്തെ അടർത്തിക്കൊണ്ടുപോവുകയും ചെയ്തതിനു ശേഷം ബാക്കിയായ കത്തോലിക്കാ സഭയെ വീണ്ടും ക്ഷീണിപ്പിക്കാതിരിക്കാനുള്ള വീറുറ്റ ശ്രമം ആയിരുന്നു ലയോളയുടേത്. അതിനായി അദ്ദേഹം സ്ഥാപിച്ച പ്രസിദ്ധ സന്യാസി സംഘമാണ് *ഈശോസഭ* അഥവാ *സൊസൈറ്റി ഓഫ് ജീസസ്; ജെസ്യൂട്ട്* എന്ന് ചുരുക്ക പ്രയോഗം. കത്തോലിക്കാ സഭയുടെ അടിസ്ഥാന പ്രമാണങ്ങളിൽ അടിയുറച്ചു നിൽക്കുകയും അതിനു വേണ്ടി വീറോടെ വാദിക്കുകയും രാഷ്ട്രീയാധികാരം ഉള്ളിടത്ത് പ്രൊട്ടസ്റ്റന്റുകൾക്ക് എതിരെ അത് ഉപയോഗിക്കുകയും എല്ലാം ചെയ്തെങ്കിലും പ്രൊട്ടസ്റ്റന്റ് കലാപത്തിന്റെ കാരണങ്ങൾ കുറെയൊക്കെ നിവാരണം ചെയ്ത് സഭയെ ശുദ്ധീകരിക്കുന്നതിന് സാധാരണയിൽ കവിഞ്ഞ അളവിൽ വിജ്ഞാനത്തിനു പ്രാധാന്യം കല്പിച്ചുകൊണ്ട് ജെസ്യൂട്ടുകൾ ഗണ്യമായ വിജയം കൈവരിച്ചു.

ആദ്യകാലത്തൊക്കെ യാഥാസ്ഥിതികത്വത്തിന്റെ മൂർത്തിമദ്ഭാവമായിട്ടാണ് ജെസ്യൂട്ടുകൾ കരുതപ്പെട്ടിരുന്നതെങ്കിലും പിൽക്കാലത്ത് അവർ നവീന ചിന്തയുടെയും ഉദ്ബുദ്ധതയുടെയും പതാകാവാഹകന്മാരായി അറിയപ്പെടാൻ തുടങ്ങി. ഇപ്പോഴും കത്തോലിക്കാ സന്യാസി സംഘങ്ങളിൽ വച്ച് ഏറ്റവും കൂടുതൽ വിജ്ഞാനകുതുകികളും വിദ്വാൻമാരും ഉള്ളത് ജെസ്യൂട്ടുകൾക്കിടയിലാണ്. കഴിഞ്ഞ മൂന്നുനാലു പതിറ്റാണ്ടു കാലത്ത് ക്രിസ്തീയ സഭകളിൽ മാത്രമല്ല, എല്ലാ മതവിജ്ഞാനീയ മേഖലകളിലും രാഷ്ട്രീയ സാമൂഹ്യതലങ്ങളിലും ചലനം സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന *വിമോചന ദൈവശാസ്ത്രം, കറുത്ത ദൈവശാസ്ത്രം, ക്രിസ്ത്യൻ സോഷ്യലിസം* മുതലായവയുടെ പ്രണേതാക്കളിൽ ഒരു വലിയ പങ്ക് ജെസ്യൂട്ട് വൈദികരാണ് എന്നത് അർത്ഥഗർഭമായ വസ്തുതയത്രേ.

## സമകാലികർക്കിടയിലെ നക്ഷത്രം

ആദ്യമേ വിവരിച്ച കേരളത്തിലെ നവോത്ഥാന പ്രവണതകളുടെയും പ്രമാണിമാരുടെയും സ്വഭാവവിശേഷങ്ങൾ സമന്വയിച്ചു ചേർന്ന ഒരു നവോത്ഥാന നായകനായിരുന്നു മുഖ്യമായും സുറിയാനി കത്തോലിക്കാ സഭയെ തന്റെ പ്രവർത്തന രംഗമായി തെരഞ്ഞെടുത്ത ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ. സഭയ്ക്ക് അകത്തെ അദ്ദേഹത്തിന്റെ പരിഷ്കരണ ശ്രമങ്ങൾക്കു മാർട്ടിൻ ലൂഥർ, പാലക്കുന്നത്ത് അബ്രഹാം മൽപ്പാൻ തുടങ്ങിയവരുടെ പ്രവർത്തനങ്ങളേക്കാൾ, വിശുദ്ധരായ ബനഡിക്ട്, അസീസ്സി അക്വിനാസ്, ലയോള തുടങ്ങിയവരുടെ പ്രവർത്തനങ്ങളോടാണ് സാമ്യം വഹിച്ചിരുന്നത്. സഭയെ ദുർബലപ്പെടുത്തുകയോ പിളർത്തുകയോ ചെയ്യാതെ അതിനകത്ത് കാലോചിതമായ പരിഷ്കാരങ്ങൾ നടപ്പാക്കുകയായിരുന്നു ചാവറ അച്ചൻ ചെയ്തത്. സാധാരണ ഒരു ശെമ്മാശ്ശനായി സഭാസേവനം ആരംഭിച്ച് സഭയുടെ വികാരി ജനറാൾ എന്ന ഉന്നത സ്ഥാനം വഹിച്ച് അറുപത്തിയാറാം വയസ്സിൽ നിര്യാതനാകുന്നതുവരെയുള്ള അദ്ദേഹത്തിന്റെ സേവനങ്ങൾ പുത്തനുണർവുകൾക്ക് വഴിവച്ച പരിഷ്കരണ സംരംഭങ്ങളുടെ ഒരു ഘോഷം തന്നെയായിരുന്നു.

അദ്ദേഹത്തിന്റെ മുഖ്യ സംഭാവനകളെ വിലയിരുത്തുന്നതിനു മുമ്പ് അദ്ദേഹത്തിന്റെ ബാല്യ കൗമാരങ്ങളെ ചുരുക്കമായി ഒന്ന് അവലോകനം ചെയ്യാം.

1805 ഫെബ്രുവരി 10-ന് കുട്ടനാട്ടിലെ കൈനകരിയിൽ, തെക്കേ ചാവറയെന്നും വടക്കേ ചാവറയെന്നും പേരുള്ള രണ്ടു പുരാതന ഹൈന്ദവ കുടുംബങ്ങൾക്ക് കിഴക്ക് താമസിക്കേണ്ടി വന്നതിനാൽ മീനപ്പള്ളി കുടുംബം കിഴക്കേ ചാവറയായി. കിഴക്കേ ചാവറയിലെ കുര്യാക്കോസിന്റെയും മറിയത്തിന്റെയും മകനായി ചാവറയച്ചൻ ജനിച്ചു. ആധുനിക തിരുവിതാംകൂർ ചരിത്രത്തിൽ പല കാരണങ്ങളാൽ പ്രശസ്തിപെറ്റ പാലയൂർ പകലോമറ്റം കുടുംബത്തിന്റെ ശാഖകളായിരുന്നു കൈനകരിയിലെ ചാവറ കുടുംബങ്ങൾ. അക്കാലത്ത് *ആശാൻ കളരി* എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഗ്രാമീണ ഗുരുകുലങ്ങളായിരുന്നു ഇന്നത്തെ പ്രാഥമിക വിദ്യാലയങ്ങളുടെ ചുമതല നിർവഹിച്ചിരുന്നത്. നിലത്തെഴുത്തും ഓലയിലെഴുത്തും അക്ഷരമാലയും അംഗഗണിതവും അല്പസ്വല്പം സംസ്കൃതവും തമിഴും ജ്യോത്സ്യവും വൈദ്യവും തുടങ്ങി അന്നത്തെ സാമൂഹ്യവ്യവസ്ഥയിൽ കർമ്മനിരതനായ ഒരു പൗരന് ആവശ്യമായ കാര്യങ്ങളൊക്കെ ആശാൻ പഠിപ്പിച്ചിരുന്നു. പഠിക്കാൻ ഉത്സുകനും പരിശ്രമശാലിയും ആയ ഈ ബാലൻ ആശാന്റെയും സഹപാഠികളുടെയും കണ്ണിലുണ്ണിയായി തീർന്നു.

അക്കാലത്ത് കൈനകരിയിൽ പള്ളിയൊന്നും ഇല്ലാതിരുന്നതിനാൽ ചേന്നങ്കരി പള്ളിയിലാണ് മറ്റു കൈനകരിക്കാരോടൊപ്പം ചാവറ കുടുംബക്കാരും കുർബാനയ്ക്കും മറ്റു ശുശ്രൂഷകൾക്കും ആയി പൊയ്ക്കൊണ്ടിരുന്നത്. ബാലനായ കുര്യാക്കോസ് ആശാൻ കളരിയിലെ പഠിത്തത്തോടൊപ്പം

പള്ളിയിലെ പ്രവർത്തനങ്ങളിലും പരിശീലനങ്ങളിലും അതീവ തത്പരനായിരുന്നു. അങ്ങനെ കൗമാരത്തിൽതന്നെ വേദപാഠങ്ങളും സുറിയാനി ഭാഷയും വശമാക്കിയ ചാവറ കുര്യാക്കോസിന്റെ മനസ്സ് പുരോഹിതവൃത്തിയിലേക്ക് തിരിഞ്ഞതിൽ അത്ഭുതമില്ല. 1829-ാം ആണ്ടിൽ ഇരുപത്തിനാലാമത്തെ വയസ്സിൽ ചാവറ കുര്യാക്കോസ് ഏലിയാസ് ചേർത്തലയ്ക്കടുത്തുള്ള ചരിത്രപ്രസിദ്ധമായ അർത്തുങ്കൽ പള്ളിയിൽവച്ച് പുരോഹിതവൃത്തിയിൽ പ്രവേശിച്ചു.

കുര്യാക്കോസ് ബാല്യവും കൗമാരവും പിന്നിട്ട് വിദ്യാഭ്യാസം പൂർത്തിയാക്കി യൗവനത്തിലേക്കു കാൽവയ്ക്കുകയും പട്ടം ഏൽക്കുകയും ചെയ്യുന്നതുവരെയുള്ള സുമാർ കാൽ നൂറ്റാണ്ടും അതിനു മുമ്പുള്ള പതിറ്റാണ്ടും തിരുവിതാംകൂറിന്റെയും കൊച്ചിയുടെയും മലബാറിന്റെയും ചരിത്രത്തിൽ വളരെ പ്രാധാന്യം അർഹിക്കുന്ന ഇരുണ്ട നാളുകളായിരുന്നു. കേരളത്തിനു മേൽ മൈസൂർ ആക്രമണം, 1792-ലെ ശ്രീരംഗം ഉടമ്പടിയെ തുടർന്ന് മൈസൂർ പട മലബാറിൽനിന്ന് പിൻവാങ്ങിയത്, 1798-ൽ കാർത്തിക തിരുനാൾ രാമവർമയുടെ നിര്യാണശേഷം ദുർബലരായ ബാലരാമവർമ, ഗൗരി ലക്ഷ്മി ഭായി, ഗൗരി പാർവതി ഭായി തുടങ്ങിയവരുടെ തിരുവിതാംകൂർ ഭരണം, വേലുത്തമ്പിയുടെ കലാപം, പഴശ്ശി കലാപം തുടങ്ങിയവയെല്ലാം ഈ കാലയളവിന്റെ ആദ്യത്തെ രണ്ടു പതിറ്റാണ്ടിലാണ് മലയാളിയുടെ ജീവിതത്തേയും രാഷ്ട്രീയത്തേയും ഇളക്കി മറിച്ചത്. ടിപ്പു സുൽത്താന്റെയും പഴശ്ശി രാജാവിന്റെയും വേലുത്തമ്പിയുടെയും പരാജയങ്ങളോടുകൂടി ബ്രിട്ടീഷുകാർ കേരളത്തെ മുഴുവൻ അടക്കിവാണ് അധിനിവേശ ചൂഷണം നിർബ്ബാധം തുടങ്ങി. മലബാറിൽ നേരിട്ടും തിരുവിതാംകൂറിലും കൊച്ചിയിലും നാട്ടുരാജാക്കന്മാരുടെ മറ പിടിച്ചും അവർ അധിനിവേശവാഴ്ച തുടർന്നു. നാട്ടുരാജാക്കന്മാരുടെ മറ ജനകീയ വികാരങ്ങളെ തൃപ്തിപ്പെടുത്താനുള്ള അടവായി സ്വീകരിക്കുമ്പോഴും ബ്രിട്ടീഷ് മേൽക്കോയ്മയുടെ (അന്നത്തെ ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി) പ്രതിനിധികൾ നേരിട്ട് ദിവാൻ പദവും മറ്റു പദവികളും സ്വീകരിച്ചും ഉപയോഗിച്ചും ഭരണം നടത്താനും മടിച്ചിരുന്നില്ല. അങ്ങനെയാണ് 1811 മുതൽ 1814 വരെ കേണൽ ജോൺ മൺട്രൊ ബ്രിട്ടീഷ് റസിഡന്റായിരുന്നുകൊണ്ടുതന്നെ തിരുവിതാംകൂറിലും കൊച്ചിയിലും ദിവാൻപദം ഏറ്റ് തന്നിഷ്ടം പോലെ ഭരണം നടത്തിയത്. പഴയ നാടുവാഴി സമ്പ്രദായത്തിലുള്ള ഭരണവ്യവസ്ഥയെ ആധുനിക രീതിയിൽ നവീകരിക്കാൻ മൺട്രോയുടെ ഭരണകാലം ഉതകി. അതോടൊപ്പംതന്നെ, താൻ രക്ഷാധികാരിയായിരുന്ന *ചർച്ച് മിഷൻ സൊസൈറ്റിയേയും ലണ്ടൻ മിഷൻ സൊസൈറ്റിയെയും* അധിനിവേശത്തിന്റെ രാഷ്ട്രീയ ലക്ഷ്യങ്ങൾ കൂടി മുന്നിൽകണ്ടുകൊണ്ട് പ്രോത്സാഹിപ്പിക്കാനും മൺട്രോ തന്റെ പദവി ഉപയോഗിച്ചു. ആംഗ്ലിക്കൻ സഭയിൽ പെട്ടതായി*(ചർച്ച് ഓഫ് ഇംഗ്ലണ്ട്)*രുന്നു *സി.എം.എസു.ഉം എൽ.എം.എസു.ഉം*. മലബാർ മേഖലയിൽ പ്രവർത്തനം നടത്തിവന്ന *ബാസൽ മിഷൻ* ആകട്ടെ ജർമൻ പ്രൊട്ടസ്റ്റന്റ് സഭയോടാണ് കൂറ് പുലർത്തിയത്.

1829-ൽ പ്രായപൂർത്തി എത്തിയ സ്വാതിതിരുനാൾ രാമവർമ എന്ന പ്രതിഭാശാലിയും തന്റേടിയും സംഗീതകലാകോവിതനും ആയ യുവാവ് റീജന്റ് ഗൗരി പാർവ്വതീഭായിൽനിന്നും അധികാരം ഏറ്റെടുത്ത് കിരീടധാരണം നടത്തിയതോടെ തിരുവിതാംകൂർ ഭരണം കുറേക്കൂടി സുഗമമായ പാതയിലേക്കു പ്രവേശിച്ചു. ഗൗരി പാർവ്വതീഭായിയുടെ ഭരണകാലത്ത് പൊട്ടിപ്പുറപ്പെട്ട ചാന്നാർ ലഹളകൾക്ക് അവരുടെ ആവശ്യങ്ങളിൽ ചിലതെങ്കിലും നിറവേറ്റിക്കൊടുത്തുകൊണ്ട് സ്വാതിതിരുനാൾ പരിഹാരം ഉണ്ടാക്കാൻ ശ്രമിച്ചു. ഭരണം, വിദ്യാഭ്യാസം, ആരോഗ്യരക്ഷ, നീതിന്യായ പരിപാലനം മുതലായ മേഖലകളിലും ആധുനികീകരണം ത്വരിതപ്പെടുത്തിയത് സ്വാതിതിരുനാളിന്റെ കാലത്താണ്.

ഈ പുതിയ പരിഷ്കാരങ്ങളുടെ പുറകിൽ വിവിധ മിഷണറി സൊസൈറ്റികൾ സ്വന്തം ലക്ഷ്യസാക്ഷാത്കാരത്തെ മുൻനിർത്തിയാണെങ്കിലും ഗണ്യമായ പ്രേരകശക്തികളായി വർത്തിച്ചു എന്ന കാര്യം വിസ്മരിച്ചുകൂടാ. ഈ പടിഞ്ഞാറൻ മിഷണറി സംഘങ്ങളുടെ പ്രവർത്തനം കേരളത്തിലെ പരമ്പരാഗത ക്രിസ്തീയ സമൂഹങ്ങളെയും ബാധിച്ചു. കേരളത്തിലെ തദ്ദേശീയ ക്രിസ്തീയ സഭ ക്രിസ്തുശിഷ്യനായ അപ്പസ്തോലൻ വിശുദ്ധ തോമസ് ക്രിസ്തുവർഷം അമ്പത്തിരണ്ടാം ആണ്ട് നേരിട്ട് കേരളത്തിൽ സ്ഥാപിച്ചതാണെന്ന പരമ്പരാഗതമായ വിശ്വാസം ശരിയോ തെറ്റോ എന്ന പ്രശ്നത്തിലേക്ക് ഇവിടെ പ്രവേശിക്കുന്നില്ല. 1498-ൽ റോമൻ കത്തോലിക്കാസഭയുടെ ആശിർവാദത്തോടെ വാസ്കോഡഗാമയും കൂട്ടരും കേരളത്തിൽ വന്നപ്പോൾ അനേകം നൂറ്റാണ്ടുകളോ ഒരു സഹസ്രാബ്ദം തന്നെയോ പഴക്കമുള്ള ക്രിസ്തീയ സമൂഹത്തെയാണ് ഇവിടെ കണ്ടുമുട്ടിയത് എന്നതിൽ എന്തായാലും തർക്കമില്ല. മാർത്തോമാ ക്രിസ്ത്യാനികൾ എന്നും മലങ്കര സുറിയാനി ക്രിസ്ത്യാനികൾ എന്നും ഉള്ള പേരുകളിലാണ് അവർ അറിയപ്പെട്ടിരുന്നത്.

വാസ്കോ ഡ ഗാമയുടെ കൂടെ വന്ന റോമൻ കത്തോലിക്കാ മിഷണറിമാരും പിന്നീട് വിശുദ്ധ സേവ്യറെപ്പോലുള്ള മതപ്രചാരകരും കേരളത്തിൽ *റോമൻ കത്തോലിക്കാ സഭ* എന്ന പ്രത്യേകം ഒരു വിഭാഗത്തെ വേർതിരിച്ച് സ്ഥാപിച്ചു. 1599-ൽ ഗോവയിലെ ആർച്ച് ബിഷപ് മെനേസിസിന്റെ നേതൃത്വത്തിൽ നടന്ന ഉദയംപേരൂർ സൂനഹദോസ് കേരളീയ ക്രിസ്ത്യാനികളെ റോമൻ സഭയുടെ ഭാഗമാക്കാൻ ശ്രമിച്ചതും 1653-ലെ കൂനൻ കുരിശ് സത്യം ആ ശ്രമത്തിനു വെല്ലുവിളി ഉയർത്തിയതും ചരിത്രത്തിന്റെ ഭാഗമാണ്. ഈ ചരിത്ര പശ്ചാത്തലത്തിൽ ആണ് 19-ാം നൂറ്റാണ്ടിന്റെ ആദ്യ പാദത്തിൽ ആംഗ്ലിക്കൻ-പ്രോട്ടസ്റ്റന്റ് സഭാ മിഷണറിമാർ കേരളത്തിൽ അവരുടെ നില ഉറപ്പിക്കാൻ ശ്രമം ആരംഭിച്ചത്. ഹൈന്ദവ സമൂഹത്തിലെ സവർണ്ണാധിപത്യവും തീണ്ടൽ, തൊടീൽ തുടങ്ങിയ ദുരാചാരങ്ങളുംകൊണ്ട് പൊറുതിമുട്ടിക്കഴിഞ്ഞ അധഃസ്ഥിത ജാതിക്കാരെയും ദളിതരെയും മതപരിവർത്തനം

നടത്തി അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിൽ മിഷണറിമാർക്കു ഗണ്യമായ വിജയം ഉണ്ടായി. പക്ഷേ, അതുകൊണ്ടുമാത്രം അവർ തൃപ്തിപ്പെട്ടില്ല. നില വിലുള്ള മലങ്കര സുറിയാനി ക്രിസ്ത്യാനികളെക്കൂടി ആകർഷിച്ചാൽ മാത്രമേ തങ്ങളുടെ പ്രവർത്തനം വിജയിക്കൂ എന്ന് അവർ കരുതി. അതിനായി നേരിട്ട് അവരെ പടിഞ്ഞാറൻ പ്രൊട്ടസ്റ്റന്റ് സഭകളിൽ അംഗമാക്കുന്നതിനു പുറമെ നിലവിലുള്ള ക്രിസ്തീയ സഭകളിൽ തങ്ങളുടെ നവീനാശയങ്ങൾ സന്നി വേശിപ്പിക്കാനും അവർ ശ്രമിച്ചു. ഈ ശ്രമങ്ങൾ സ്വന്തം പാരമ്പര്യങ്ങളിലും ആചാരങ്ങളിലും ആത്മാഭിമാനപൂർവം ഉറച്ചു നിന്ന മലങ്കര സുറിയാനി ക്രിസ്ത്യാനികൾക്ക് അത്ര സ്വാഗതാർഹമായിരുന്നില്ല. *"മാർത്തോമയുടെ മാർഗ്ഗവും വഴിപാടും"* എന്ന പേരിൽ അവർ തങ്ങളുടെ പാരമ്പര്യത്തെ പടി ഞ്ഞാറൻ പരിഷ്കർത്താക്കളുടെ പിടിയിൽനിന്ന് കാത്തുരക്ഷിച്ചു.

*സുറിയാനി യാക്കോബായ സഭയിൽ* ഈ സ്വാധീനശക്തികൾ പ്രവർത്തി ച്ചതിന്റെ കൂടെ ഫലമായിട്ടാണ് പാലക്കുന്നത്ത് അബ്രഹാം മൽപ്പാന്റെയും അദ്ദേഹത്തിന്റെ അനുയായികളുടെയും നേതൃത്വത്തിൽ സഭ പിളർന്നതും *മാർത്തോമാസഭയെന്ന* പുതിയൊരു വേർപാട് സഭ രൂപംകൊണ്ടതും (ഈ പ്രക്രിയയുടെ വിശദാംശങ്ങൾക്ക് ഈ ലേഖകന്റെ *കേരള നവോത്ഥാനം: ഒരു മാർക്സിസ്റ്റ് വീക്ഷണം, കേരള നവോത്ഥാനം: മതാചാര്യർ, മതനിഷേധി കൾ* എന്നീ പുസ്തകങ്ങൾ നോക്കുക)

## വിദ്യാസ്വാതന്ത്ര്യം

ഇനി നമുക്ക് ചാവറ അച്ചന്റെ ചില പരിഷ്കരണ യത്നങ്ങളെ പ്രത്യേ കമായി എടുത്തു പരിശോധിക്കാം.

സുറിയാനി കത്തോലിക്കാ ജനാവലിയുടെയും സഭയുടെയും ആധുനീ കരണത്തിനും പുരോഗതിക്കും അത്യന്താപേക്ഷിതമായത് വിദ്യാഭ്യാസ പ്രചാ രണം ആണെന്ന് കണ്ടറിഞ്ഞു പ്രവർത്തിച്ച ദീർഘദൃഷ്ടിയായിരുന്നു ചാവറ അച്ചൻ. സി.എം.എസ്. മുതലായ പടിഞ്ഞാറൻ മിഷണറി സംഘങ്ങൾ ഈ രംഗത്ത് കൈവരിച്ച നേട്ടങ്ങൾ അച്ചനു പ്രചോദനം നൽകി എന്നതിൽ സംശയമില്ല. പക്ഷേ, ഏതു തരം വിദ്യാഭ്യാസമാണ് അഭികാമ്യം എന്ന കാര്യ ത്തിൽ ചില ദുർഘടങ്ങൾ ഏർപ്പെട്ടു. അക്കാലത്ത് റോമൻ ആസ്ഥാനവു മായി കൂടുതൽ അടുത്ത ബന്ധമുണ്ടായിരുന്ന ലത്തീൻ കത്തോലിക്കാസഭ യുടെ ഇദ്ദേശ നാഥനായ വരാപ്പുഴ മെത്രാനും മറ്റും ഇംഗ്ലീഷ് വിദ്യാഭ്യാ സത്തെ അനുഭാവത്തോടെയല്ല നോക്കിക്കണ്ടത്. കത്തോലിക്കർ ഇംഗ്ലീഷ് പഠിച്ചാൽ അവർ സി.എം.എസ്. മുതലായ പ്രോട്ടസ്റ്റന്റ് മിഷണറി സംഘങ്ങ ളുമായി അടുക്കുമെന്നും അത് അവരെ കത്തോലിക്കാ പാരമ്പര്യത്തിൽനിന്ന് അകറ്റുമെന്നും അവർ കരുതിയിരുന്നു. അതുകൊണ്ട് ചാവറ അച്ചൻ ആദ്യം തുടങ്ങിവച്ചത് ഒരു സംസ്കൃത വിദ്യാലയം ആയിരുന്നു. അടിയുറച്ച ക്രിസ്തു മതാവലംബിയായിരിക്കുമ്പോൾത്തന്നെ മാതൃഭാഷയായ മലയാളത്തെയും

ആർഷഭാഷയായ സംസ്കൃതത്തെയും ഭാരതീയ പാരമ്പര്യത്തെ പൊതുവേയും ആദരിച്ചിരുന്ന അച്ചൻ ഈ രണ്ടു ഭാഷകളിലും അസൂയാർഹമായ അവഗാഹം നേടിയിരുന്നു.

1861-ൽ സുറിയാനി കത്തോലിക്കാസഭയുടെ വികാരി ജനറലായി ഉയർത്തപ്പെട്ടതോടെ അച്ചന് തന്റെ വിദ്യാഭ്യാസ ആദർശങ്ങൾ കൂടുതൽ ഊർജ്ജസ്വലതയോടെ നടത്താനുള്ള അധികാരവും അവസരവും ലഭിച്ചു. അദ്ദേഹം നേരിട്ട് ചില ഇടവകകളിൽ ആധുനിക സമ്പ്രദായത്തിലുള്ള വിദ്യാലയങ്ങൾ ആരംഭിച്ചതിനു പുറമേ, എല്ലാ ഇടവക പള്ളികളോടും ചേർന്ന് ഓരോ പള്ളിക്കൂടങ്ങൾ സ്ഥാപിക്കണമെന്നും അങ്ങനെ ചെയ്യാത്തപക്ഷം ശിക്ഷാനടപടികൾ കൈക്കൊള്ളണമെന്നും ഒരു സർക്കുലർ ഉത്തരവ് പുറപ്പെടുവിച്ചു. സ്വാഭാവികമായും ദൂരവ്യാപകമായ ഫലങ്ങളാണ് ഈ തീരുമാനങ്ങൾ ഉണ്ടാക്കിയത്. മറ്റ് ക്രിസ്തീയ സഭാംഗങ്ങളുടെ നിലവാരത്തിലേക്ക് സുറിയാനി കത്തോലിക്കരെ ഉയർത്താൻ ഈ വിദ്യാഭ്യാസ പരിപാടി സഹായകമായി.

സാധാരണ വിദ്യാർത്ഥികൾക്കു നൽകിയ ഈ വിദ്യാഭ്യാസ സൗകര്യം അക്കാലത്ത് മറ്റുപല വിദ്യാലയങ്ങളിലും അയിത്തം മൂലം പ്രവേശനമില്ലാതിരുന്ന ദളിതർക്കു പോലും ലഭിക്കുവാൻ വികാരി ജനറാൾ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അവർക്കു വിദ്യാലയ പ്രവേശനത്തിനു പുറമേ വസ്ത്രം, ഭക്ഷണം, പുസ്തകം മുതലായവ സൗജന്യമായി കഴിയുന്നത്ര വിതരണം ചെയ്യുവാനും ശ്രദ്ധിച്ചിരുന്നു.

സാധാരണ ജനങ്ങൾക്കുള്ള വിദ്യാഭ്യാസ പ്രവർത്തനത്തിൽ മാത്രം അദ്ദേഹം ഒതുങ്ങിനിന്നില്ല. സി.എം.എസ്. തുടങ്ങിയ ആധുനിക മിഷണറി സംഘങ്ങളുടെ വിജയത്തിന്റെ രഹസ്യങ്ങളിൽ പ്രധാനപ്പെട്ടത് പഠിപ്പും പരിശീലനവും ലഭിച്ച പുരോഹിതന്മാരാണ് എന്ന വസ്തുത അച്ചൻ കണ്ടറിഞ്ഞു. കേരളത്തിൽ വളരെക്കാലമായി നിലനിന്നിരുന്നത് ഒരുതരം ഫ്യൂഡൽ സമ്പ്രദായത്തിലുള്ള പൗരോഹിത്യ പിന്തുടർച്ചയാണ്. ഇടവക പള്ളികളിലെ അച്ചന്മാർ സാമാന്യേന ഭേദപ്പെട്ട കുടുംബങ്ങളിലെ അംഗങ്ങളായിരിക്കും. അവ-രുടെ ചില അനന്തരവന്മാരോ അനുജന്മാരോ മറ്റ് അടുത്ത ബന്ധുക്കളോ ഇടവക വികാരിയുടെകൂടെ പള്ളിമേടകളിൽ താമസിച്ച് ഒരുതരം ഗുരുകുലവാസംപോലെ എന്തെങ്കിലും മുഖദാവിൽനിന്ന് കണ്ടും കേട്ടും പഠിച്ചെന്നും പഠിച്ചില്ലെന്നും വരുത്തി കാരണവപുരോഹിതൻ നിര്യാതനാകുമ്പോൾ ആ സ്ഥാനത്തേക്കു നിയോഗിക്കപ്പെടുകയായിരുന്നു പതിവ്. പോർച്ചുഗീസുകാരുടെ വരവിനുശേഷമാണ് പുരോഹിതരെ പരിശീലിപ്പിക്കാൻ പുതിയ തരത്തിലുള്ള സെമിനാരികളും മറ്റു വിദ്യാപീഠങ്ങളും നിലവിൽ വന്നത്. സി.എം.എസു.കാരും മറ്റും തുടക്കത്തിലേ സെമിനാരികൾ സ്ഥാപിച്ച് പ്രവർത്തിച്ചിരുന്നു. കത്തോലിക്കരുടെ ഇടയിൽ ലത്തീൻ കത്തോലിക്കാ വിഭാഗങ്ങൾക്ക് സെമിനാരി സമ്പ്രദായം ഉണ്ടായിരുന്നുവെങ്കിലും സുറിയാനി കത്തോലിക്കർക്ക് അവരിൽനിന്നും നല്ല സ്വീകരണമല്ല പലപ്പോഴും

ലഭിച്ചിരുന്നത്. ചാവറ അച്ചനുതന്നെ വരാപ്പുഴയിലെ ലത്തീൻ കത്തോലിക്കാ സെമിനാരിയിൽ പ്രവേശനം നിരസിച്ച ദുരനുഭവം ഉണ്ടായതായി പറയപ്പെടുന്നു. ചാവറ അച്ചന്റെ പ്രധാനപ്പെട്ട സംഭാവനകളിൽപ്പെട്ടതാണ് സുറിയാനി കത്തോലിക്കാ പുരോഹിത പരിശീലനത്തിനുള്ള സെമിനാരികളുടെ സ്ഥാപനം. മാന്നാനത്തെ പ്രഥമ സെമിനാരിക്കുശേഷം വേറെയും സെമിനാരികൾ അച്ചന്റെ മേൽനോട്ടത്തിൽ സ്ഥാപിക്കപ്പെട്ടു.

വ്യാപകമായ ജനകീയ വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ അനുബന്ധവും തുടർച്ചയും ആണ് ഒരു അച്ചുകൂടം സ്ഥാപിക്കൽ എന്നും അച്ചൻ മനസ്സിലാക്കി. അക്കാലത്ത് തിരുവിതാംകൂറിൽ രണ്ട് അച്ചുകൂടാരങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ; ഒന്ന് കോട്ടയത്തെ സി.എം.എസ്. പ്രസ്സും മറ്റേത് തിരുവനന്തപുരത്തെ സർക്കാർ അച്ചുകൂടവും ആയിരുന്നു. സി.എം.എസ്. പ്രസ് പ്രശസ്ത ആംഗ്ലിക്കൻ പണ്ഡിത മിഷണറിയായിരുന്ന റവറന്റ് ബെയ്‌ലിയും സർക്കാർ അച്ചുകൂടം, നവോത്ഥാന പ്രകൃതിയായിരുന്ന സ്വാതിതിരുനാൾ മഹാരാജാവും സ്ഥാപിച്ചതാണ്. ചാവറ അച്ചന്റെ മസ്തിഷ്കത്തിൽ അച്ചുകൂടത്തെക്കുറിച്ചുള്ള ആശയം ഉദിക്കുമ്പോൾ അദ്ദേഹം അച്ചുകൂടം എന്നൊരു സാമഗ്രി കണ്ടിട്ടേയില്ലായിരുന്നു. അതെന്തെന്ന് കണ്ടറിയാൻ കോട്ടയത്ത് സി.എം.എസ്സ്. പ്രസിൽ പോയ അദ്ദേഹത്തെ അധികൃതർ അതുകാണാൻ അനുവദിച്ചില്ലെന്നു കേട്ടിട്ടുണ്ട്. ഒടുവിൽ തിരുവനന്തപുരത്ത് ചില സർക്കാർ ജീവനക്കാരുടെ സഹായത്തോടുകൂടി അച്ചടിയന്ത്രം കണ്ടു മനസ്സിലാക്കാനും അതിന്റെ ഒരു രൂപരേഖ സ്വയം വരച്ചുണ്ടാക്കാനും അച്ചനു കഴിഞ്ഞു. അതിനുശേഷം അദ്ദേഹം ഒരു പ്രസ് സ്ഥാപിക്കാനും അതിന് ആവശ്യമായ വിദഗ്ധ തൊഴിലാളികളെ കണ്ടെത്തി പരിശീലിപ്പിക്കാനും നടത്തിയ ശ്രമങ്ങൾ ഒരു പ്രത്യേക പ്രബന്ധത്തിന്റെ തന്നെ വിഷയമാണ്. അതിനിടയ്ക്ക് അച്ചന്റെ സംരംഭം ഏതോ ഒരു രഹസ്യ വിധ്വംസക പ്രവർത്തനമാണെന്ന നിലയിൽ ആക്ഷേപങ്ങളും എതിർപ്പുകളും ഉയർന്നപ്പോഴും അവയെ മറികടക്കാൻ അദ്ദേഹം സർക്കാരിൽനിന്നുതന്നെ ഒരു ഉത്തരവ് നേടിയെടുത്തു. 1846 ജൂലൈ മാസത്തിൽ കിട്ടിയ സർക്കാർ അനുവാദപ്രകാരം ഒടുവിൽ മാന്നാനത്ത് അച്ചുകൂടം പ്രവർത്തിച്ചുതുടങ്ങിയപ്പോൾ അച്ചന് അതൊരു ജീവിതസാഫല്യംപോലെ തോന്നി. മലയാളത്തിലെ ഇന്നത്തെ പത്രങ്ങളിൽ ഏറ്റവും പഴക്കമുള്ള *ദീപിക* പത്രം 1887-ൽ മാന്നാനത്തെ ഈ അച്ചുകൂടത്തിൽനിന്നാണ് *നസ്രാണി ദീപിക* എന്ന പേരിൽ പുറത്തുവന്നത്. പിന്നീട് കൂനമ്മാവിൽ മറ്റൊരു അച്ചുകൂടംകൂടി സ്ഥാപിച്ച് കേരളത്തിലെ അച്ചടിവിദ്യയുടെ ആദ്യപഥികരിൽ അദ്ദേഹം പ്രാമാണികനായി. മാന്നാനത്തെ അച്ചുകൂടത്തിൽനിന്ന് ആദ്യം അച്ചടിച്ച പുസ്തകം *ജ്ഞാനപീയൂഷം* എന്ന പ്രാർത്ഥനാപുസ്തകം ആണ്.

സാമൂഹ്യം, സാംസ്കാരികം, മതപരം, രാഷ്ട്രീയം തുടങ്ങിയ വിവിധ ജീവിതമേഖലകളിൽ ലക്ഷ്യബോധത്തോടെ ആസൂത്രിതമായ പരി

വർത്തനങ്ങൾ കൈവരിക്കാൻ ശ്രമിച്ചിട്ടുള്ള നവോത്ഥാന നായകരും വിപ്ലവ നേതാക്കളും മറ്റു ലോകോപകാരികളായ ആചാര്യന്മാരും ഈ ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കാനും തങ്ങളുടെ ജീവിതശേഷവും ആ ദൗത്യം തുടരാനും പ്രത്യേകം പരിശീലനം നൽകി സമർപ്പിത ചേതസ്സുകളായ സേവന തൽപ്പരരുടെ സംഘം സൃഷ്ടിക്കാറുണ്ട്. ബുദ്ധന്റെ ഭിക്ഷുക്കളുടെയും ഭിക്ഷുണിമാരുടെയും സംഘം അത്തരത്തിൽ ഉള്ളതാണ്. ക്രിസ്തുവിന്റെ ശിഷ്യർ ഉൾക്കൊണ്ട അപ്പോസ്തലസംഘം മറ്റൊരു ഉദാഹരണമാണ്. ബെനഡിക്ട്, ശങ്കരാചാര്യർ, ലയോള തുടങ്ങിയവർ സന്യാസി സംഘങ്ങൾ സ്ഥാപിച്ച് പ്രവർത്തിച്ചിട്ടുള്ളത് നമുക്കറിയാം. ഇതിൽനിന്നൊക്കെ വ്യത്യസ്തമായ രീതിയിൽ ആണെങ്കിലും സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ പ്രചാരണത്തിനും നടത്തിപ്പിനും രൂപീകരിക്കപ്പെട്ട കമ്യൂണിസ്റ്റ് പാർട്ടികൾ പരിശീലനം സിദ്ധിച്ച പ്രൊഫഷണൽ വിപ്ലവകാരികൾ അടങ്ങിയതാണ്. ഇവർക്കെല്ലാം പാഠ്യപദ്ധതികളും പരിശീലനക്രമങ്ങളും ജീവിതനിഷ്ഠകളുമുണ്ട്.

വിശുദ്ധ ബെനഡിക്ടിന്റെ കാലംമുതൽ ഇത്തരം വിവിധ സന്യാസി സംഘങ്ങളും അവർക്കു പഠിക്കാൻ സെമിനാരികളും പാർത്തു പണിയെടുക്കാൻ മഠങ്ങളും എല്ലാം ലോകവ്യാപകമായി ഉണ്ടായിരുന്നു എങ്കിലും കേരളത്തിലെ ക്രിസ്തീയ സഭകളിൽ ഈ സമ്പ്രദായം ഉണ്ടായിരുന്നില്ല. പോർച്ചുഗീസുകാരുടെ വരവിനുശേഷം അത്തരം ചില ശ്രമങ്ങൾ തുടങ്ങിയത് ലത്തീൻ സഭയിലായി ഒതുങ്ങി. കേരളത്തിലെ ലത്തീൻസഭയുടെ സ്ഥാപകൻ എന്നു വിശേഷിപ്പിക്കാവുന്ന വിശുദ്ധ ഫ്രാൻസിസ് സേവ്യർ, ഇഗ്നേഷ്യസ് ലയോള സ്ഥാപിച്ച ഈശോസഭയിൽ (ജെസ്യൂട്ട്) അംഗമായിരുന്നു. എന്നാൽ, ലത്തീൻ സഭയുമായി കൂടിക്കുഴയാതെ സ്വന്തം ദേശീയ പാരമ്പര്യങ്ങളിൽ ഉറച്ചുനിന്ന സുറിയാനി കത്തോലിക്കാസഭയ്ക്ക് അങ്ങനെയുള്ള സന്യാസിസംഘങ്ങളൊന്നും ഉണ്ടായിരുന്നില്ല. അങ്ങനെയൊരു സംഘം അവർക്കായി സ്ഥാപിച്ചത് ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചനായിരുന്നു എന്നത് ഈ രംഗത്തും അദ്ദേഹത്തെ ആദ്യപഥികനാക്കുന്നു.

ഇപ്പോൾ *കാർമലൈറ്റ് ഓഫ് മേരി ഇമ്മാക്കുലേറ്റ്* എന്ന *സി.എം.ഐ.* സന്യാസി സംഘമാണ് അച്ചനും പാലയ്ക്കൽ - പോരുക്കര അച്ചന്മാരും മുൻകൈയെടുത്ത് സ്ഥാപിച്ചത്. 1831 മെയ് 11-ന് കോട്ടയം ജില്ലയിൽ മാന്നാനത്ത് ശിലാസ്ഥാപനം നടത്തി അച്ചൻ സ്ഥാപിച്ച ആശ്രമമായിരുന്നു സി.എം.ഐ.യുടെ ആസ്ഥാനം. സി.എം.ഐ. എന്ന സന്യാസി സംഘ രൂപീകരണത്തിനു മുമ്പ്, മാർപ്പാപ്പയുടെ ഔദ്യോഗിക അംഗീകാരം കിട്ടുന്നതിനു മുമ്പു തന്നെ, തങ്ങളുടെ ജീവിതം ജനസേവനത്തിനും സഭാപ്രവർത്തനത്തിനുമായി സമർപ്പിച്ച്, വ്യക്തമായി ആവിഷ്കരിക്കപ്പെട്ട തപശ്ചര്യയും ജീവിതരീതിയും കൈക്കൊണ്ട ചാവറ അച്ചൻ ഉൾപ്പെടെ ഏതാനും പുരോഹിതർ ആശ്രമത്തിൽ താമസിച്ചു പ്രവർത്തിച്ചുവന്നു. ഏതദ്ദേശീയമായ ഈ ചെറിയ സംഘമാണ് 1851-ൽ മാർപ്പാപ്പയുടെ അംഗീകാരത്തോടെ *'അമലോത്ഭവ*

*മാതാവിന്റെ ദാസസംഘം'* എന്ന പേരിൽ രൂപപ്പെട്ട് സാർവദേശീയ കാർമ ലൈറ്റ് സന്യാസി സംഘത്തിന്റെ മൂന്നാം സഭയായി 1861 മുതൽ കേരള ത്തിൽ പ്രവർത്തിച്ചുതുടങ്ങിയത്. *കർമലീത്താ നിഷ്പാദുക മൂന്നാംസഭ* എന്ന തിന്റെ ആദ്യ അക്ഷരങ്ങളായ *ക.നി.മൂ.സ.* എന്ന ചുരുക്കപ്പേരോടുകൂടിയാണ് ഈ സംഘാംഗങ്ങൾ അറിയപ്പെട്ടിരുന്നത്. കാലക്രമേണ *'കനിമൂസ'* എന്ന ശുദ്ധ മലയാള പ്രയോഗം അപ്രത്യക്ഷമാവുകയും ഇംഗ്ലീഷിൽ *സി.എം.ഐ.* എന്ന പേര് പ്രചാരത്തിൽ ആവുകയും ചെയ്തു.

കർമലീത്താസംഘം അതിവേഗം വളർച്ച പ്രാപിക്കുകയും സുറിയാനി കത്തോലിക്കാസഭയുടെ പുനരുജ്ജീവനത്തിലും ആധുനീകരണത്തിലും ഗണ്യമായ പങ്കു വഹിക്കുകയും ചെയ്തു. സി.എം.ഐ. സ്ഥാപനത്തിലും പ്രവർത്തനങ്ങളിലും ചാവറ അച്ചന്റെ മുൻഗാമികളും സഹകാരികളുമായി രുന്ന പാലയ്ക്കൽ തോമാ മൽപ്പാൻ, പോരുക്കര തോമസ് മൽപ്പാൻ തുടങ്ങിയ വരുടെ പേരുകൾ സ്മരണീയങ്ങളാണ്. അതുപോലെ ചാവറ അച്ചന്റെ സന്യാസി സഭ രൂപീകരണ നിർദ്ദേശത്തോട് അനുഭാവം പ്രകടിപ്പിക്കുകയും പ്രോത്സാ ഹിപ്പിക്കുകയും ചെയ്ത വരാപ്പുഴയിലെ ബർണദീനോസ് എന്ന മെത്രാന്റേയും. ലത്തീൻ സഭാനാഥൻ ആയിരുന്നെങ്കിലും ബർണദീനോസ് മെത്രാപ്പോലീ ത്തയുടെ പിന്തുണ സുറിയാനി കത്തോലിക്കാസഭയുടെ പ്രഥമ സന്യാസി സംഘത്തിന് പ്രോത്സാഹനജനകമായി. ജീവിതാന്ത്യംവരെ ചാവറ കുര്യാ ക്കോസ് ഏലിയാസ് അച്ചൻ വികാരി ജനറാൾ സ്ഥാനത്തോടൊപ്പം സി.എം. ഐ.യുടെ ഒന്നാമത്തെ *'പ്രിയോർ'* എന്ന നേതൃപദവിയും വഹിച്ചുപോന്നു.

**ഭാഷാസുവിശേഷം**

ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചന്റെ നവോത്ഥാന പ്രവണത പ്രകടമായ മറ്റൊരു രംഗം മലയാള ഭാഷയോടും സംസ്കൃതത്തോടും അദ്ദേ ഹത്തിനുണ്ടായിരുന്ന ഹൃദയവേഴ്ചയും അവയിൽ തെളിവാർന്ന സർഗവാ സനയുമാണ്. ലോകചരിത്രത്തിൽ നവോത്ഥാന നായകരും മതപരിഷ് കർത്താക്കളും എല്ലാം സാധാരണക്കാരുടെ സംഭാഷണ ഭാഷയോട് പ്രത്യേ കമായി പക്ഷപാതം പ്രകടിപ്പിച്ചു പോന്നിട്ടുണ്ട്. യാഥാസ്ഥിതികർ സാധാര ണക്കാരുടെ ഭാഷയെ *'അപകൃഷ്ട'*മായി അവഗണിച്ച് വരേണ്യഭാഷകളെ പരിരംഭണം ചെയ്യുമ്പോൾ പരിഷ്കർത്താക്കൾ സാധാരണക്കാരുടെ ഭാഷയെ ആചാരാനുഷ്ഠാനങ്ങൾക്കും ധർമ്മ പ്രബോധനത്തിനും ഉപയോഗപ്പെടുത്തി വന്നു. ഭൂരിപക്ഷം ജനങ്ങൾക്ക് അനഭിഗമ്യമായ വരേണ്യഭാഷകളിൽ എഴു തപ്പെട്ട പുണ്യഗ്രന്ഥങ്ങൾ സാധാരണക്കാരുടെ ഭാഷയിലേക്കു വിവർത്തനം ചെയ്യുന്നത് ദൈവനിന്ദയായിപ്പോലും കണക്കാക്കിപ്പോന്നു. യൂറോപ്പിൽ ലത്തീൻഭാഷ കാലഹരണപ്പെട്ട് സാധാരണക്കാരുടെ ഇംഗ്ലീഷും ഫ്രഞ്ചും ജർമ്മനും മറ്റും രൂപംകൊണ്ടപ്പോൾ ആ ജനകീയ ഭാഷകളിലേക്ക് വേദ പുസ്തകം തർജ്ജിമ ചെയ്യാനുള്ള ആദ്യകാല ശ്രമങ്ങൾക്ക് കടുത്ത

എതിർപ്പിനെ നേരിടേണ്ടി വന്നതോർക്കുക; ഇംഗ്ലീഷുകാരൻ വൈക്ലിഫിനെപ്പോലെ വേദപുസ്തകം ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്യാൻ ശ്രമിച്ചവർ ശിക്ഷിക്കപ്പെട്ടുവല്ലോ!

വേദേതിഹാസങ്ങളുടെ വരേണ്യസംസ്കൃതം ഉപേക്ഷിച്ചാണ് ഗൗതമ ബുദ്ധനും മഹാവീരനും തങ്ങളുടെ ധർമോപദേശങ്ങൾക്കായി പ്രാകൃതം *(പാലി)* തെരഞ്ഞെടുത്തത്. അതുപോലെ ഖുറാൻ അറബിയിൽനിന്ന് സാധാരണക്കാരുടെ മറ്റു ഭാഷകളിലേക്കു വിവർത്തനം ചെയ്യാനുള്ള ശ്രമങ്ങൾക്കും ആദ്യകാലത്തൊക്കെ ശക്തമായ എതിർപ്പിനെ നേരിടേണ്ടി വന്നിട്ടുണ്ട്. 19-ാം നൂറ്റാണ്ടിന്റെ മധ്യത്തോടെ ആംഗ്ലിക്കൻ മിഷണറിമാർ വന്ന് മലയാളത്തിലേക്കു വിവർത്തനം ചെയ്യുന്നതുവരെ അനേകം നൂറ്റാണ്ടുകളായി സുറിയാനി തുടങ്ങിയ ഭാഷകളിൽ മാത്രമേ വേദപുസ്തകം ലഭിക്കുമായിരുന്നുള്ളു. പള്ളികളിലെ ആരാധനാക്രമങ്ങളിലും സാധാരണക്കാർക്ക് മനസിലാകാത്ത ഭാഷയാണ് ഉപയോഗിച്ചുവന്നത്.

ഈ സാഹചര്യത്തിൽ മതകാര്യങ്ങളിൽ മാതൃഭാഷയ്ക്കു നവോത്ഥാന നായകനായ ചാവറ അച്ചൻ പ്രാമുഖ്യം നൽകിയത് സ്വാഭാവികം മാത്രം. ഇതിനായി വിദ്യാലയങ്ങൾ ആരംഭിച്ചതും അച്ചുകൂടം സ്ഥാപിച്ചതും എല്ലാം നേരത്തെ വിവരിച്ചുവല്ലോ. അവയോടൊപ്പം വേദപുസ്തക കഥകളെയും ധർമാനുഷ്ഠാനങ്ങളെയും കുറിച്ച് നിലവിലുള്ള ചുരുക്കം ചില കൃതികൾ പുനഃപ്രസിദ്ധീകരിക്കുന്നതിനു പുറമെ സ്വന്തമായി നിരവധി കൃതികൾ ഗദ്യത്തിലും പദ്യത്തിലും രചിച്ച് പ്രസിദ്ധീകരിക്കുകയും കൂടി ചെയ്തു അദ്ദേഹം. മലയാളം, സംസ്കൃതം, തമിഴ് എന്നീ ഭാഷകൾക്കു പുറമേ പ്രാചീനവും അർവാചീനവും ആയ പല പശ്ചിമേഷ്യൻ-യൂറോപ്യൻ ഭാഷകളും അറിയാമായിരുന്ന അച്ചന് വിവിധ ഭാഷാപാണ്ഡിത്യത്തോടൊപ്പം കാവ്യവാസനയും ഉണ്ടായിരുന്നു. ആധുനിക മലയാള ഭാഷയും അതിലെ ഗദ്യ-പദ്യ രചനാരീതിയും വളരെയൊന്നും വളർന്നുകഴിഞ്ഞിട്ടില്ലാതിരുന്ന അക്കാലത്ത് അച്ചൻ എഴുതിയ *ആത്മാനുതാപം, അനസ്താസ്യായുടെ രക്തസാക്ഷ്യം, മരണവീട്ടിൽ പാടാനുള്ള പാന* മുതലായ കവിതാഗ്രന്ഥങ്ങൾ മലയാളഭാഷാ വികസനത്തിലും പങ്കുവഹിച്ചിട്ടുണ്ട്.

സാധാരണക്കാർക്ക് മനസ്സിലാക്കാനും ആസ്വദിക്കാനും ആലപിക്കാനും കഴിയണം എന്ന നിർബന്ധബുദ്ധി കാരണം തികച്ചും ലളിതമായ ഭാഷയാണ് അദ്ദേഹം ഉപയോഗിച്ചിരുന്നത്. ചേലപ്പറമ്പൻ, വെൺമണി തുടങ്ങിയ ചില പച്ചമലയാള കവിതയെഴുത്തുകാരെ ഒഴിച്ചുനിർത്തിയാൽ 19-ാം നൂറ്റാണ്ടിന്റെ രണ്ടും മൂന്നും പാദങ്ങളിൽ ഇത്ര ലളിതമായ മലയാളം കവിതയ്ക്ക് ഉപയോഗിച്ചവർ വളരെ ചുരുക്കമായിരുന്നു.

20-ാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽപ്പോലും ഇത്ര ലളിതമായ മലയാള ശൈലി കവിതാരചനയിൽ നിലവിൽ വന്നിരുന്നില്ല. ഒരു ഉദാഹരണം:

*കന്നിതന്റെ ദേഹമൊക്കെ ചീന്തിയവർ പൊളിച്ചിട്ടു*
*ചിന്തിവീഴും ചോരകൊണ്ടു കുതിർത്തു ഭൂമി*
*വെള്ളിപോലെ വെളുത്തുള്ള കന്നിതന്റെ പല്ലുകളെ*
*വല്ലിയൊരു ചുറ്റികയാൽ തല്ലി വീഴിച്ചു*
*പുണ്യമാർന്ന കാലുകയ്യിൻ നഖങ്ങളെ പറിപ്പിച്ചു*
*തണ്യവാൻ ലജ്ജയില്ലാതെ പിന്നെയും കോപാൽ*

*(അനസ്താസ്യായുടെ രക്തസാക്ഷ്യം)*

ഈ ലാളിത്യം മാത്രമല്ല ചാവറ അച്ചനെ കവിതാരചനയിൽ കാലത്തിനു മുമ്പേ നടന്നവനാക്കുന്നത്. അച്ചന്റെ *അനസ്താസ്യായുടെ രക്തസാക്ഷ്യം*, മലയാളഭാഷയിലെ പ്രഥമ ഖണ്ഡകാവ്യം എന്ന പദവിക്ക് അർഹമാണെന്ന് അദ്ദേഹത്തിന്റെ ജീവചരിത്രകാരനായ ഇസഡ് എം. മുഴൂർ എഴുതുന്നു.

മലയാളത്തിലെ ആദ്യത്തെ ഖണ്ഡകാവ്യം ഏതെന്നു വ്യവച്ഛേദിച്ചു പറയാൻ പലരും മടിക്കുന്നു. എന്നാൽ ആധുനിക ഖണ്ഡകാവ്യങ്ങൾക്കു മുന്നോടിയും അരുണോദയവും ആയി എ.ആർ. രാജവർമയുടെ *മലയവിലാസം* (1895) ആണ് കണക്കാക്കിപ്പോന്നിട്ടുള്ളത്. ആ കൃതി രചിക്കുന്നതിന് 34 വർഷം മുമ്പ് ചാവറയച്ചൻ *അനസ്താസ്യായുടെ രക്തസാക്ഷ്യം* എന്ന കൃതി രചിക്കുകയും ഈ കൃതി ഭാഷയിലെ ആധുനിക ഖണ്ഡകാവ്യങ്ങൾക്ക് ഉദാത്തമായ ഉദാഹരണമായിത്തീരുകയും ചെയ്തിരിക്കുന്നു എന്നതാണു സത്യം. (അരൂപിയുടെ മേലൊപ്പുള്ള മനുഷ്യൻ, തിരുവനന്തപുരം 2003, പുറം 226)

ചാവറ അച്ചന്റെ കവിതയുടെ മറ്റൊരു മാതൃക:

*മാമകപ്പിതാവ് നീ ഭാഗ്യവുമെനിക്കു നീ*
*മംഗലം നീയെന്നിയേ മറ്റെന്തുഗുണം നാഥാ*
*എന്നുടെ സ്നേഹം നീയേ, ഭാഗ്യവുമെനിക്കു നീ,*
*നിന്നിലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു?*
*ശ്വാസവുമെനിക്കു നീ ഭക്ഷണപാനീയം നീ*
*ആശ്വാസം നിന്നിലല്ലാതെവിടെ വയ്ക്കും നാഥാ?*

വരേണ്യ രുചികളും 'ഉൽക്കൃഷ്ട' മാനദണ്ഡങ്ങളും അനുസരിച്ച് ഈ കവിതകളും കീർത്തനങ്ങളും അത്ര ഉദാത്തമല്ലെന്ന് ആധുനികർ വിലയിരുത്തിയേക്കാമെങ്കിലും ഈ വരികളുടെ ഹൃദയംഗമവും സംവേദനക്ഷമതയും അനിഷേധ്യമാണ്.

ഇരുപതാം നൂറ്റാണ്ടോടുകൂടി ക്രിസ്തീയ പുരാണ കഥാകഥനങ്ങളും കീർത്തനങ്ങളും ധാരാളം രചിക്കപ്പെടുകയും പ്രചരിക്കുകയും ചെയ്തിട്ടുണ്ട്. മഹാകവി കെ.വി. സൈമൺ, ചെറിയാൻ കട്ടക്കയം, പുത്തൻകാവ് മാത്തൻ തരകൻ, പ്രഫ. പി.സി. ദേവസ്യ തുടങ്ങിയ ക്രിസ്തീയ കവികളുടെ

അനുഗൃഹീതമായ തൂലികകളിൽനിന്നും മാത്രമല്ല, മഹാകവി വള്ളത്തോൾ, ചങ്ങമ്പുഴ തുടങ്ങിയവരും ക്രിസ്തീയ വിഷയങ്ങൾ ഉത്തമ കവിതകൾക്കു പ്രമേയമാക്കിയിട്ടുണ്ട്. ഇവരൊക്കെ ചാവറ അച്ചന്റെ പിൻഗാമികളാണെങ്കിൽ പുത്തൻപാനയുടെ കർത്താവായ അർണോസ് പാതിരി അദ്ദേഹത്തിന്റെ മുൻഗാമിയുമായിരുന്നു.

ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചന്റെ ചരമ ശതാബ്ദി സന്ദർഭത്തിൽ ഡോ. സുകുമാർ അഴീക്കോട് നടത്തിയ വിലയിരുത്തൽ ആവർത്തിച്ചുകൊണ്ട് ഉപസംഹരിക്കാം:

*"പത്തൊമ്പതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഒരാൾ ഇരുപതാം നൂറ്റാണ്ടിൽ ആദരപൂർവം അനുസ്മരിക്കപ്പെടുന്നുണ്ടെങ്കിൽ ആ വ്യക്തി പത്തൊമ്പതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നുകൊണ്ടുതന്നെ ഇരുപതാം നൂറ്റാണ്ടും ഇരുപത്തൊന്നാം നൂറ്റാണ്ടും സൃഷ്ടിച്ച ആളായിരിക്കും. അങ്ങനെയുള്ളവരെയാണ് യുഗസ്രഷ്ടാക്കൾ എന്നു വിളിക്കുന്നത്. ചാവറ അച്ചൻ അത്തരത്തിൽ ഒരു യുഗസ്രഷ്ടാവായിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിൽ ജീവിച്ച് കേരളീയ സമൂഹത്തിന് ശക്തിയും വെളിച്ചവും പകർന്ന ചാവറ അച്ചൻ ഇരുപത്തൊന്നാം നൂറ്റാണ്ടിൽ ജീവിക്കുന്ന നമുക്ക് സൂര്യതേജസായി ചൂടും വെളിച്ചവും പകരുന്നു. ഇത് തുടർന്നുകൊണ്ടേയിരിക്കും..."*

■

അഞ്ച്

# സ്മൃതിയിൽ മൃതിയില്ലാതെ...

ഡോ. എം. ലീലാവതി

**ഞാ**ൻ, എന്റെ, എനിക്ക്... എന്നിങ്ങനെയുള്ള ചിന്തകൾ വെടിഞ്ഞ് അന്യജീവനുതകുന്ന സേവനത്തിൽ ആയുഷ്കാലം മുഴുവൻ ഏർപ്പെടാൻ കഴിയുന്നവർ അനുഗൃഹീതാത്മാക്കളാണ്. അനുഗ്രഹദാതാക്കളായി അവർ അദൃശ്യ വിശ്വശക്തിയാൽ ഉയർത്തപ്പെടുന്നു. ഈ അവസ്ഥയെയാണ് 'അരൂപിയുടെ മേലൊപ്പുള്ള അസ്തിത്വം' എന്നു വിവരിക്കാവുന്നത്.

**ഛായാവൃക്ഷത്തണലിൽ**

ചാവറ കുര്യാക്കോസച്ചൻ സേവനത്തിനായി സ്വയം ഉഴിഞ്ഞുവച്ച് അനുഗൃഹീതാത്മാവായി; ഭൗതിക ശരീരം വെടിഞ്ഞതിനുശേഷം തന്നിൽ വിശ്വസിച്ച് അഭയം പ്രാപിക്കുന്നവർക്ക് അനുഗ്രഹദാതാവായ സത്തയായി അദ്ദേഹം വാഴുന്നു.

ഭൗതികമായ ഒരു നേട്ടത്തിനുവേണ്ടിയും സ്വാർത്ഥകേന്ദ്രിതമായി ഇച്ഛിക്കുകയോ പ്രാർത്ഥിക്കുകയോ ചെയ്തിട്ടില്ലാത്തവർക്കു മാത്രമേ, സാന്ത്വനം തേടുന്നവരുടെ ഭൗതികമായ ഇച്ഛകളും പ്രാർത്ഥനകളും അറിയാനും അനുഗ്രഹിക്കാനുമുള്ള സിദ്ധിയുണ്ടാവുന്നുള്ളൂ. നിർമ്മമരും നിരീഹരുമായി ജീവിച്ചവർ മമത്വബദ്ധരും അഭിലാഷ പരതന്ത്രരുമായവർക്ക് ആശ്രയമേകുന്നു. ഒരു വലിയ ഛായാവൃക്ഷം തണൽ തേടിയെത്തുന്നവർക്കു തളർച്ച തീർത്തു കൊടുക്കുന്നു. അവർക്കു തണൽ വിരിക്കാൻ ചണ്ഡകിരണന്റെ ചൂടു മുഴുവൻ സ്വന്തം ശിരസിലേറ്റുവാങ്ങുന്നു. പ്രകാശകിരണങ്ങളിൽനിന്നു സംഭരിക്കുന്ന ഊർജ്ജത്തെ മാധുര്യമാക്കി പരിവർത്തിപ്പിച്ച് സഞ്ചയിക്കുകയും ഫലങ്ങളിലൂടെ ആ മാധുര്യത്തെ പറന്നെത്തുന്ന കിളികൾക്കും നടന്നു തളർന്നെത്തുന്ന മനുഷ്യർക്കും നൽകി പൈദാഹം തീർത്തുകൊടുക്കുകയും ചെയ്യുന്നു.

സസ്യങ്ങളും വൃക്ഷങ്ങളും ഫലമൂലങ്ങളിൽ സംഭരിച്ചു വയ്ക്കുന്ന ഊർജം അവയ്ക്കു സ്വയം വിശപ്പടക്കാനുള്ളതോ സന്തതിപരമ്പരകൾക്കായി ഉദ്ദേശിക്കുന്നതോ അല്ല; തികച്ചും നിസ്വാർത്ഥമായ അസ്തിത്വത്തിന്റെ പരമ മാതൃകകളാണ് വൃക്ഷസസ്യാദികൾ.

വിശേഷബുദ്ധിയില്ലാത്ത അവയുടെ പരാർത്ഥജീവിതംകണ്ട് വിശേഷ ബുദ്ധിയുള്ള മനുഷ്യൻ അസ്തിത്വത്തിന്റെ മൗലിക പാഠം പഠിക്കണമെന്ന് ജീവജാലങ്ങളുടെ സ്രഷ്ടാവായ പരമശക്തി വിവക്ഷിച്ചിട്ടുണ്ടെന്ന് തിരിച്ചറിയുന്നത് ലക്ഷക്കണക്കിനുള്ള മനുഷ്യരിൽ തെരഞ്ഞെടുക്കപ്പെട്ട ചുരുക്കം ചിലർ മാത്രമാണ്. ഈ തത്വം നമ്മുടെ മഹാകവി വള്ളത്തോൾ ഇങ്ങനെ ആവിഷ്കരിച്ചിരിക്കുന്നു:

*പെരുത്തുനൂറ്റാണ്ടിനിടയ്ക്കൊരിക്കലീ*
*മരുപ്പറമ്പാമുലകത്തിലീശ്വരൻ*
*ഒരുറ്റവൃക്ഷത്തെ നടുന്നു പാന്ഥരായ്*
*വരുന്നവർക്കുത്തമ വിശ്രമത്തിനായ്*

വാസ്തവത്തിൽ എല്ലാ തണൽ മരങ്ങളും അനുഷ്ഠിക്കുന്നത് നിസ്വാർത്ഥ സേവനകർമമാണ്. എല്ലാ മനുഷ്യരും തണൽമരങ്ങളുടെ കർമ്മമേറ്റെടുക്കാൻ ശക്തരാകുന്നില്ല. അതിനു ശക്തരാകുന്നവർ നൂറ്റാണ്ടുകൾക്കിടയ്ക്ക് വല്ലപ്പോഴുമേ പ്രത്യക്ഷരാകുന്നുള്ളൂ എന്നതുകൊണ്ട് കവി ഒറ്റമരമായും ഉറ്റമരമായും അത്തരം അമരസത്തയെ രൂപണം ചെയ്യുകയാണ്.

ആ തരത്തിൽപ്പെട്ട ഉറ്റവനായ മഹാമാനുഷ ചൈതന്യമാകുന്നു ചാവറയച്ചൻ. 'ആകുന്നു' എന്ന വർത്തമാനക്രിയ പ്രയോഗിക്കുന്നത് 'ആയിരുന്നു' എന്ന ഭൂതകാല ക്രിയയ്ക്ക് ആ മഹാസത്തയുടെ സന്തതസാന്നിധ്യത്തിൽ പ്രസക്തിയില്ലാത്തതുകൊണ്ടാണ്. വിശ്വസിക്കുന്നവരുടെ ചേതസ്സിൽ ആ സാന്നിധ്യത്തിന്റെ അനുഭൂതിയുണ്ടാകുന്നു; അനുഭൂതി ചിഹ്നങ്ങളായി അനുഗ്രഹങ്ങൾ വന്നുചേരുന്നു.

പ്രവാചകന്റെ അന്യാപദേശകഥകൾപോലെ പല സൂക്തങ്ങളും ചാവറയച്ചന്റേതായുണ്ട്.

നാലു സ്നേഹിതന്മാരുടെ കഥ അവയിലൊന്നാണ്.

ഒരാൾക്കു മൂന്നു സ്നേഹിതന്മാരുണ്ടായിരുന്നു; ഏത് ആപത്തിലും എപ്പോഴും സഹായത്തിനെത്തിക്കൊള്ളാമെന്ന് ഉറപ്പുകൊടുത്തിരുന്നവർ. പക്ഷേ, രാജാവ് അയാൾക്കു വധശിക്ഷ വിധിച്ചപ്പോൾ രക്ഷിക്കാൻ ആ മൂന്നു പേർക്കും കഴിഞ്ഞില്ല. അതുവരെ പ്രത്യക്ഷപ്പെടുകയോ വാഗ്ദാനങ്ങൾ നൽകുകയോ ചെയ്തിട്ടില്ലാത്ത നാലാമനാണ് രക്ഷിക്കാനെത്തിയതെന്ന് വാച്യമായ കഥ.

അന്യാപദേശരീതിയിൽ പറയപ്പെട്ട ഈ നാലു സ്നേഹിതന്മാരാരൊക്കെയെന്ന് വ്യക്തമാക്കിത്തന്നിട്ടുണ്ട്. ഒന്നാം സ്നേഹിതൻ ലോകം. 'രാജാവ്

ഏല്പിക്കുന്ന വധശിക്ഷ' ജനിച്ചവർക്കെല്ലാവർക്കും എപ്പോഴെങ്കിലുമൊരിക്കൽ നേരിടേണ്ടതായ മൃതിയാണ്. മൃതിയെ നേരിടേണ്ട നേരത്ത് മനുഷ്യനു ലോകത്തിന്റെ സഹായമില്ല. ആരും കൂട്ടില്ല. ഒറ്റയ്ക്കു വരുന്നു; ഒറ്റയ്ക്കു പോകുന്നു.

രണ്ടാമത്തെ സ്നേഹിതൻ *ബന്ധുമിത്രവർഗം*തന്നെ. മത്സരം വരുമ്പോൾ വിലക്കിനിർത്താനോ ഒരു നിമിഷം പോലും ജീവിതം നീട്ടിക്കൊടുപ്പിക്കാനോ ഒരു ശുഭകാംക്ഷിക്കും സാധ്യമല്ല.

മൂന്നാമത്തെ സ്നേഹിതൻ മറ്റാരുമല്ല; ഞാൻ എന്ന സത്തയുടെ ആധാരമായി വർത്തിക്കുന്ന *ഭൗതികശരീരം* തന്നെ. *'ഞാൻ'* എന്ന അവബോധം അതിന്റെ പ്രവൃത്തി നിർത്തിയാൽ അതുതന്നെയാണ് മൃതി. ബോധപ്രേരിതമായിട്ടുള്ള പ്രവൃത്തികളെല്ലാം പെട്ടെന്നു നിലയ്ക്കുന്നു. 'ഞാൻ' എന്ന സത്തയെ *മൃതി* പിടികൂടിയാൽ, യാന്ത്രികമായ ചില ചേഷ്ടകൾ ചിലപ്പോൾ യന്ത്രസഹായത്തോടെ നിലയ്ക്കാനനുവദിക്കാതെ നീട്ടിക്കൊണ്ടുപോകാൻ കഴിഞ്ഞാലും അത് മൃതിയുടെ പിടിയിൽനിന്നുള്ള വിടുതലല്ല.

ബലിഷ്ഠമായ അവയവങ്ങൾ പ്രവർത്തനക്ഷമമായിയിരിക്കുമ്പോൾ പോലും ഓർക്കാപ്പുറത്തു മൃതി പിടികൂടിയെന്നിരിക്കട്ടെ. ആ ആജ്ഞയ്ക്കു വിധേയമായി ഹൃദയം മിടിപ്പു നിർത്തുന്നു; ശ്വാസകോശം വികാസസങ്കോചങ്ങൾ നിർത്തുന്നു; രക്തത്തിന്റെ ഒഴുക്കു നിലയ്ക്കുമ്പോൾ മസ്തിഷ്കകോശങ്ങൾ പ്രവർത്തനരഹിതമാകുന്നു... ശരീരം എന്ന സത്ത ശിലപോലെ നിശ്ചേതനമാകുന്ന അവസ്ഥയാണിത്. ആ അവസ്ഥ വന്നുചേരുമ്പോൾ 'അരുത്' എന്നൊരു സന്ദേശം പ്രസരിപ്പിക്കാൻ ശരീരം അശക്തമാണ്.

## അമരനായി ഭവിക്കുന്നു

മൂന്നു സ്നേഹിതന്മാരും നിസ്സഹായരായിരിക്കേ നാലാമത്തെ സ്നേഹിതൻ എത്തുന്നു; ജീവിതകാലത്തു ചെയ്ത പുണ്യം എന്ന സുഹൃത്ത്. പുരാകൃത പുണ്യം രണ്ടുതരത്തിലും രക്ഷകസത്തയാകാറുണ്ട്. മൃതി വരാതെ കാക്കുന്നു ചിലപ്പോൾ. മൃതി സംഭവിച്ചാൽ ഞാൻ എന്ന ആത്മാവിന് പുണ്യഫലം കൂടെത്തന്നെ എപ്പോഴും നിൽക്കുന്ന കൂട്ടുകാരനായിരിക്കും:

വനേരണേ വന്നിമഹാബ്ധിമധ്യേ
മഹോന്നതേ പർവത മസ്തകേ
ചസുപ്തം പ്രമത്തം വിഷമ സ്ഥിതം
ചരക്ഷന്തി പുണ്യാനി പുരാകൃതാനി.

കാട്ടിലും യുദ്ധത്തിലും അഗ്നിബാധയിലും കടൽക്ഷോഭിലും പർവതശിഖരത്തിലും ഉറക്കത്തിലും ഉന്മാദത്തിലും ഏതു ദുർഘട ഘട്ടത്തിലും പുരാകൃതപുണ്യം രക്ഷിക്കാനെത്തുന്നു. അങ്ങനെ വധശിക്ഷ ഒഴിവാക്കിക്കാൻ മനുഷ്യൻ നിർമ്മമമായി ചെയ്യുന്ന പുണ്യകർമ്മങ്ങളുടെ ഫലങ്ങൾ എത്തിച്ചേരുന്നു.

മൃതി സംഭവിച്ചാലും പുണ്യഫലമാണ് മൃതന് അസ്തിത്വത്തിൽ അമരത്വം നേടിക്കൊടുക്കുന്നത്. ഇതര മനുഷ്യർക്ക് നന്മ വരുത്തുന്നതേ ചെയ്യൂ എന്ന നിശ്ചയദാർഢ്യത്തോടെ പ്രവർത്തിക്കുന്നവർ, അവരുടെ സ്മൃതിയിൽ മൃതിയില്ലാതെ വർത്തിക്കുന്നു.

സത്കർമനിഷ്ഠ ശ്വാസോച്ഛ്വാസവും ഹൃദയസ്പന്ദനവും പോലെ അത്ര സ്വാഭാവികമായി ഭവിക്കത്തക്കവണ്ണം സദ്വാസനകളെ പോഷിപ്പിക്കാൻ ഉപദേശം കൊടുക്കുക മാത്രമല്ല പ്രവൃത്തികൊണ്ട് നിദർശനമായി ഭവിക്കുകയാണ് മഹത്തുക്കളായ പുണ്യാത്മാക്കളുടെ ശൈലി.

പ്രവർത്തനംകൊണ്ട് മാതൃക കാട്ടിയതിനാലാണ് ചാവറയച്ചൻ പുണ്യാത്മാവായി നമ്മുടെ മനസ്സിൽ അമരത്വത്തോടെ കുടികൊള്ളുന്നത്. മദർ തെരേസയെപ്പോലുള്ളവർ ഈയടുത്തകാലത്ത് നമ്മുടെ ഇരുണ്ട കാലഘട്ടത്തിൽ വെളിച്ചം വിതറിയതും അങ്ങനെതന്നെ. രണ്ടാം ലോകമഹായുദ്ധകാലത്ത് നാസിസ്റ്റ് ഭരണത്തിന്റെ നിഷ്ഠൂരതയോട് ഏറ്റുമുട്ടേണ്ടിവന്ന ഫാദർ കോൽബേയുടെ ആത്മത്യാഗ വീരചരിതവും നമ്മെ ഓർമ്മിപ്പിക്കുന്നത് ഋഷി പ്രഭാവം മനുഷ്യന് അപ്രാപ്യമോ വസ്തുസ്ഥിതികൾക്കതീതമായ സങ്കല്പ കഥകളോ അല്ല എന്നാണ്.

ഏത് ഇരുട്ടുമുറ്റിയ കഠോരകാലഘട്ടത്തിലും ആത്മബലിസന്നദ്ധതയോടുകൂടിയ ഋഷിതേജസ്വികൾ ഉദിച്ചുയരാം, പ്രഭ ചൊരിയാം, ആ പ്രകാശപുഞ്ജങ്ങളിൽ നിന്ന് സാധാരണരായ നമുക്ക് ഒരു കൈത്തിരി കത്തിച്ചെടുക്കാനും അതിന്റെ പ്രകാശനാളം ഹൃദയത്തിൽ കെടാതെ സൂക്ഷിക്കാനും കഴിയും. ചാവറയച്ചന്റെ സ്മൃതിയെ സൂക്ഷിക്കുന്ന ആരാധനാകേന്ദ്രങ്ങളും സാംസ്കാരിക പ്രവർത്തനകേന്ദ്രങ്ങളും ആ തിരിനാളങ്ങളെ കെടാവിളക്കുകളാക്കി നിലനിർത്താൻ ഉദ്ദിഷ്ടമായ മാധ്യമങ്ങളാണ്.

*'കൃതം സ്മര കൃതം സ്മര'* എന്ന് ഉദ്ബോധിപ്പിക്കുന്ന ഈശാവാസ്യോപനിഷത്ത്, പുണ്യാത്മാക്കളുടെ മരിക്കാത്ത സത്കർമങ്ങളെ സ്മരിച്ചുകൊണ്ടിരിക്കലാണ് പിന്നാലെ വരുന്നവരുടെ കർത്തവ്യമെന്ന വസ്തുതയിൽ ഊന്നുന്നു.

സത്കർമങ്ങളുടെ പ്രകാശനാളങ്ങൾ നാം കെടാതെ സൂക്ഷിക്കേണ്ടത് അവ ചെയ്തു വഴികാട്ടിയ മഹത്തുക്കൾക്കുവേണ്ടിയല്ല, നമുക്കുവേണ്ടിത്തന്നെയാണ്. നമ്മുടെ ത്രികരണങ്ങൾ, *മനസ്സും വചസ്സും വപുസ്സും*, നന്മയുടെയും ഉണ്മയുടെയും മേന്മയുടെയും പാളങ്ങളിൽനിന്നു വഴുതിപ്പോകാതിരിക്കാനാണ്.

■

ആറ്

# അനുഭവധ്യാനമാകുന്ന കാവ്യസപര്യ

പ്രൊഫ. മാത്യു ഉലകംതറ

ആധുനിക കേരളത്തിന്റെ നവോത്ഥാന നക്ഷത്രമായ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ കടന്നു ചെല്ലാത്ത ജീവിതമേഖലകളില്ല. മതപരവും ആദ്ധ്യാത്മികവും സാമൂഹികവും സാംസ്കാരികവും വിദ്യാഭ്യാസപരവുമായ സമസ്ത മേഖലകളിലും അവിസ്മരണീയ സംഭാവനകളാണ് അദ്ദേഹം നൽകിയിട്ടുള്ളത്. ഈ ബഹുമുഖകാര്യ വ്യഗ്രതകൾക്കിടയിൽ സുദീർഘങ്ങളായ കാവ്യങ്ങളെഴുതാനും ഖണ്ഡകാവ്യപ്രസ്ഥാനത്തിനുതന്നെ ആരംഭം കുറിക്കാനും അദ്ദേഹം എങ്ങനെ സമയം കണ്ടെത്തി എന്നതാണു നമ്മെ വിസ്മയിപ്പിക്കുന്ന ഒന്നാമത്തെ ചോദ്യം. സമകാലിക ക്രൈസ്തവ സമൂഹത്തിന്റെ ദൃഷ്ടിയിൽ തീരെ അനാവശ്യമെന്നു തോന്നാവുന്ന കവിതാരചനയ്ക്ക് എന്തിനദ്ദേഹം സമയം കണ്ടെത്തി എന്നതാണു രണ്ടാമത്തെ ചോദ്യം. നമുക്കിന്ന് അനാവശ്യമെന്നു തോന്നുന്നത് അദ്ദേഹത്തിനു വലിയൊരാവശ്യമായിത്തോന്നി എന്നും, അത്യാവശ്യമെന്നു തോന്നിയ കാര്യത്തിനു സമയം കണ്ടെത്താൻ അദ്ദേഹം പ്രേരിതനായി എന്നും പറഞ്ഞാൽ രണ്ടു ചോദ്യങ്ങൾക്കും ഉത്തരമായി.

### വിശദീകരിക്കാം

വിശ്വാസത്തിൽ ക്രൈസ്തവനായിരുന്നെങ്കിലും ഭാരതീയ ഋഷീശ്വരന്മാരുടെ മാർഗ്ഗം പിന്തുടർന്നു പോന്ന ഒരു സന്യാസിവര്യനായിരുന്നു വാഴ്ത്തപ്പെട്ട ചാവറയച്ചൻ. ഭാരത സംസ്കാരത്തോടും ഭാഷാസാഹിത്യപൈതൃകത്തോടുമുള്ള അദ്ദേഹത്തിന്റെ തീക്ഷ്ണമായ ആഭിമുഖ്യമാണ് മാന്നാനത്ത് ഒരു സംസ്കൃത വിദ്യാലയം തുടങ്ങാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. ഭാരതീയ ഋഷീശ്വരന്മാർ പദ്യഭാഷയിലെഴുതപ്പെട്ട സംസ്കൃത വേദമന്ത്രങ്ങൾ ഉച്ചരിച്ചു പഠിച്ചവരാണ്. വിശ്വാസസത്യങ്ങൾ ഓർമ്മയിൽ സൂക്ഷിക്കാനും ഭക്തിമന്ത്രങ്ങൾ ഉരുവിട്ടു പഠിക്കാനും പദ്യഭാഷയാണു നല്ലതെന്ന്

അവർക്കറിയാമായിരുന്നു. പിൽക്കാലത്ത് പുരാണങ്ങളും സ്തോത്രകീർത്തനങ്ങളുമെല്ലാം ബഹുജനങ്ങൾക്കുവേണ്ടി രചിക്കപ്പെട്ടു. അങ്ങനെ എഴുതപ്പെട്ട രാമായണഭാരതഭാഗവതാദി കാവ്യങ്ങളും ഹരിനാമകീർത്തനം പോലുള്ള സന്ധ്യാനാമങ്ങളും വായിച്ചു പഠിച്ച് ഉരുവിട്ടാണു കേരളത്തിൽ പോലും ഹൈന്ദവജനത അവരുടെ വിശ്വാസവും സദാചാരങ്ങളും പുലർത്തിപ്പോന്നത്. അവർക്ക് ഈ കാവ്യങ്ങളല്ലാതെ സൺഡേ സ്കൂൾ പോലുള്ള സംവിധാനങ്ങളോ ഇതരവിശ്വാസ പരിശീലന ക്ലാസ്സുകളോ ഒന്നുമുണ്ടായിരുന്നില്ല.

കാവ്യകൃതികളുടെ ഈ പ്രാധാന്യം എല്ലാ തലമുറകളിലുംപെട്ട സാംസ്കാരിക നായകന്മാരും ആദ്ധ്യാത്മിക നവോത്ഥാന കർത്താക്കളും മനസ്സിലാക്കി പ്രവർത്തിച്ചിരുന്നു എന്നതും ശ്രദ്ധേയമാണ്. ഭക്തിപ്രസ്ഥാനത്തിനു പുനർജ്ജീവൻ നൽകിയ തുഞ്ചത്തെഴുത്തച്ഛനും പൂന്താനം നമ്പൂതിരിയുമെല്ലാം കാവ്യരചന വഴിയാണ് ലക്ഷ്യം പ്രാപിച്ചത്. ശ്രീശങ്കരാചാര്യർ മുതൽ ശ്രീനാരായണഗുരുവരെയുള്ള ആദ്ധ്യാത്മിക സാംസ്കാരിക നായകന്മാരെല്ലാം കവികളായിരുന്നു. സാമൂഹിക പരിഷ്കരണത്തിനു പ്രാധാന്യം നൽകിയ കുഞ്ചൻ നമ്പ്യാർ മുതൽ കുമാരനാശാൻ വരെയുള്ളവർ സ്വീകരിച്ച വഴിയും മറ്റൊന്നല്ല.

സുവിശേഷ പ്രവർത്തനത്തിനും ഭക്തിമാർഗ്ഗ പ്രചാരണത്തിനും ക്രിസ്ത്യാനികൾ ഈ ഭാരതീയശൈലി അഥവാ കേരളത്തിന്റെ കാവ്യസംസ്കാരമാർഗ്ഗം സ്വീകരിക്കാത്തതുകൊണ്ടുള്ള ന്യൂനത ആദ്യം കണ്ടറിഞ്ഞത് ഒരു വിദേശ മിഷണറിയായ അർണോസ് പാതിരിയാണ്. അദ്ദേഹത്തിന് ഈ തിരിച്ചറിവുണ്ടായിരുന്നില്ലെങ്കിൽ വിദേശത്തുനിന്ന് ഇവിടെ വന്ന് മലയാളവും സംസ്കൃതവും വൃത്തവും അലങ്കാരവുമൊക്കെ കഷ്ടപ്പെട്ടു പഠിച്ച് പുത്തൻപാനയും പർവ്വങ്ങളുമൊക്കെ എഴുതേണ്ട കാര്യമുണ്ടായിരുന്നോ? കഴിഞ്ഞ നൂറ്റാണ്ടിൽ കേരള ക്രൈസ്തവരുടെ, വിശിഷ്യ, കത്തോലിക്കരുടെ ഏകാശ്രയം ഈ വിദേശീയന്റെ മലയാള കാവ്യങ്ങളായിരുന്നു.

കേരളത്തിന്റെ കാവ്യസംസ്കാരത്തിൽ ക്രിസ്തുവിന്റെ സുവിശേഷം അവതരിക്കണമെന്നുള്ള തിരിച്ചറിവുണ്ടായ നാട്ടുകാരനായ ഒരു സന്യാസിവര്യനായിരുന്നു ചാവറയച്ചൻ. അതിന്റെ പ്രാധാന്യം മനസ്സിലാക്കാൻ അദ്ദേഹം സ്ഥാപിച്ച സന്യാസ സമൂഹത്തിലെ അംഗങ്ങൾ പോലും പിൽക്കാലത്തു വേണ്ടപോലെ ശ്രമിക്കയുണ്ടായില്ല എന്ന ദുഃഖസത്യം കൂടി ഇവിടെ അനുസ്മരിക്കേണ്ടിയിരിക്കുന്നു. സംസ്കൃത ഭാഷാധ്യയനമോ വൃത്തപരിചയമോ വ്യാകരണബോധമോ ഇല്ലാതെ കവിതകളെഴുതുകയും കാസറ്റിറക്കുകയും ചെയ്യുന്നവർ ധാരാളമുണ്ടായിരിക്കാം. നമ്മുടെ മഹത്തായ കാവ്യസംസ്കാരത്തിന്റെ ഒരു ഹാസ്യാനുകരണമായേ അതിനെ ഗണിക്കാൻ നിവൃത്തിയുള്ളു. ചാവറയച്ചന്റെ കാവ്യകൃതികൾ പഠനവിഷയമാക്കാനെങ്കിലും അവർ ശ്രമിക്കേണ്ടതാണ്.

## സ്തുതി പാടുകയല്ല

ചാവറയച്ചന്റെ കവിത എല്ലാ വിധത്തിലും അത്യുത്തമമെന്നു സ്ഥാപിക്കാനല്ല ഞാൻ ശ്രമിക്കുന്നത്. മഹാകവിയെന്നോ കവിതിലകനെന്നോ വിശേഷണം നൽകി അദ്ദേഹത്തെ ആദരിക്കാനും ഒരുങ്ങുന്നില്ല. അർപ്പിതാത്മാവായ ഒരു പുണ്യപുരുഷന്റെ കാവ്യാത്മകമായ ആത്മാവിഷ്കാരമെന്ന നിലയ്ക്കാണ് ആ പദ്യരചനകളെ കാണേണ്ടത്.

ഇതര കലകളിൽ നിന്നു വ്യത്യസ്തമായി കവിത ആസ്വാദകനെ ആകർഷിക്കുന്നതു മൂന്നു തലങ്ങളിലാണ്:

*ശബ്ദതലം, അർത്ഥതലം, ഭാവതലം.*

*ശബ്ദതലത്തിൽ* അതു ശ്രവണമാത്രയിൽ ആസ്വാദകനെ വശീകരിക്കുന്നു. വ്യാകരണശുദ്ധമായ പദയോഗങ്ങളും ഗാനാത്മകമായ രചനയും കൊണ്ട് ശബ്ദതലം ഭദ്രമാക്കിത്തീർക്കാം. ചാവറയച്ചന്റെ രചനയിൽ സംസ്കൃതം, മലയാളം, സുറിയാനി, ഗ്രീക്കു, പോർത്തുഗീസു ഭാഷാപദങ്ങളുടെ കലർപ്പുള്ളതുകൊണ്ടു ശുദ്ധ മലയാളത്തിന്റെ സൗഭഗമുള്ളതായി തോന്നുന്നില്ല. സംസ്കൃത മലയാള പദങ്ങൾ ചേർന്നുള്ള ദ്വിഭാഷാസമാസങ്ങളും, മാതാവ്, പിതാവ് മുതലായ നിർദ്ദേശികാവിഭക്തികൾക്കു പകരം മാതൃ, പിതൃ എന്നിങ്ങനെയുള്ള സംബന്ധികാപ്രയോഗങ്ങളും ഭാഷാദോഷങ്ങളായി ചൂണ്ടിക്കാണിക്കപ്പെട്ടേക്കാം. എന്നാൽ പ്രാസപ്രയോഗം കൊണ്ടു ശ്രവണസുഭഗമാക്കണമെന്ന നിഷ്കർഷ എമ്പാടും അദ്ദേഹം പാലിച്ചിരുന്നതായി കാണുന്നു.

ആത്മാനുതാപത്തിന്റെ തുടക്കം നോക്കുക:

*ആദിനായകനായ സർവ്വേശ്വരൻ*
*ആദത്തിൻ മകനായ് ചമച്ചെന്നെയും*
*ആയതിനെന്തു കാരണം ദൈവമേ*
*ആദ്യഹീനനാം നിന്റെ ദയ തന്നെ*

ഇവിടത്തെ ആദിപ്രാസവും പാദാദിപ്പൊരുത്തവും ശ്രദ്ധേയമാണ്. ആരും അധികം ശ്രദ്ധിക്കാത്ത മറ്റൊരു ശബ്ദനിഷ്കർഷയും തുടർന്നുള്ള ഭാഗത്തു കാണാം. പിന്നീടു വരുന്ന നാലുവരികൾ ഇകാരത്തിലാരംഭിക്കുന്നു. തുടർന്ന് ഉ എ ഒ എന്നീ സ്വരാക്ഷരങ്ങൾ ഓരോ ഖണ്ഡത്തിന്റെയും ആദ്യാക്ഷരങ്ങളായി നിബന്ധിച്ചിരിക്കുന്നു. ആത്മാനുതാപത്തിലെ ചതുർപദഗാനകീർത്തനം ഒരു തരം അക്ഷരകീർത്തനമാണ്. അ ആ ഇ ഈ ഉ ഊ എ ഒ എന്നിങ്ങനെ സ്വരാക്ഷരങ്ങളിൽ ഓരോ പാദത്തിലെയും എല്ലാ വരികളും യഥാക്രമം ആരംഭിക്കുന്നു. തുടർന്ന് ക ഖ ഗ ഘ എന്നീ വ്യഞ്ജനാക്ഷരങ്ങളിലാരംഭിക്കുന്ന ചതുഷ്പദികളാണ്. മലയാളത്തിൽ ഒരു കവിയും പരീക്ഷിച്ചിട്ടില്ലാത്ത ഒരു തരം അക്ഷരപ്രാസ നിഷ്കർഷയാണിത്.

ആദിപ്രാസത്തിന്റെ കാര്യത്തിൽ ചാവറയച്ചന് ഒരു പ്രത്യേക കൗതുകമുണ്ടായിരുന്നതുപോലെ തോന്നുന്നു. ഗുരുലഘുക്കളുടെ വിന്യാസങ്ങളിൽ ചിലയിടത്ത് ഗാനാത്മകത കുറഞ്ഞുപോയിട്ടുണ്ടെങ്കിൽ ചില വൃത്തങ്ങളിൽ അസൂയാവഹമായ സംഗീതഭംഗി വഴിഞ്ഞൊഴുകുന്നതു കാണാം. ആത്മാനുതാപത്തിന്റെ ആദ്യഖണ്ഡത്തിലെ സർപ്പിണിവൃത്തം ഇതിനുദാഹരണമാണ്. അമ്മ മുട്ടുകുത്തി പ്രാർത്ഥിക്കുമ്പോൾ അമ്മയുടെ കാൽച്ചുവട്ടിൽ താൻ കിടന്നുറങ്ങിപ്പോകുന്നതിന്റെ ബാല്യസ്മൃതികൾ ചിത്രീകരിക്കുന്നതു നോക്കുക:

*മുട്ടുകുത്തി നമസ്കാരം ചെയ്യുമ്പോൾ*
*ഒട്ടുനേരം ഞാൻ മുട്ടിന്മേൽ ചാഞ്ഞിടും*
*രാജപം ദേവമാതാവിൻ പ്രാർത്ഥന*
*രാജരാജനായീശോതൻ നാമങ്ങൾ*
*എന്നീവണ്ണമോരോരോ ജപങ്ങളെ*
*നന്ദിയോടുച്ചരിക്കുന്ന നേരത്തു*
*മന്ദമായതു കേട്ടിരുന്നും കൊണ്ടാ*
*സുന്ദരിയുടെ പാദേയുറങ്ങി ഞാൻ*

ശബ്ദസംഗീതം കൊണ്ടെന്ന പോലെ ഭാവതീവ്രമായ ആത്മസംഗീതം കൊണ്ടും ഏതു മഹാകവിയുടെ രചനയോടും കിടപിടിക്കുന്ന ഭാഗമാണിത്.

## ഭിന്ന തലങ്ങളിലും പ്രസക്തം

കവിത, ശബ്ദതലത്തിൽനിന്ന് *അർത്ഥതലത്തിലേക്കും* ഭാവതലത്തിലേക്കും കടക്കുമ്പോഴാണ് ചാവറയച്ചന്റെ കവിത്വം ഔന്നത്യങ്ങളിലെത്തുന്നത്. പാഴ്വാക്കുകളുപയോഗിക്കാതെ ഉചിതാർത്ഥമുളവാക്കുന്ന പദങ്ങൾ തിരഞ്ഞെടുക്കുന്നതിൽ അദ്ദേഹത്തിന്റെ വിപുലുമായ ഭാഷാജ്ഞാനവും വിവക്ഷാബോധവും സഹായകമായിട്ടുണ്ട്. വളച്ചുകെട്ടില്ലാതെ അർത്ഥം വ്യക്തമാക്കുന്ന പദഘടനയാണുള്ളത്. വായനക്കാരന് അല്പം പദപരിചയം വേണമെന്നേയുള്ളു. എന്നാൽ ആ രചന കവിത്വത്തിന്റെ പരകോടിയിലെത്തുന്നത് ഭാവാവിഷ്കരണത്തിലാണ്. അനുതാപ വിവശമായ ഒരാത്മാവിന്റെ നെടുവീർപ്പും തേങ്ങലും കണ്ണീരും ഓരോ വരിയിലും തുടിച്ചു നിൽക്കുന്ന ഇതുപോലൊരു രചന നമ്മുടെ ആദ്ധ്യാത്മിക കാവ്യശാഖ മുഴുവൻ തിരഞ്ഞാലും കണ്ടെത്താൻ പ്രയാസമായിരിക്കും. രൗദ്ര വീര ഹാസ്യ ശൃംഗാരങ്ങളൊന്നും ഇക്കാവ്യങ്ങളിൽ ആരും പ്രതീക്ഷിക്കരുത്. തീവ്രമായ ആത്മാനുതാപവും ഭക്തിയുമാണിതിൽ നിറഞ്ഞു നിൽക്കുന്നത്. പ്രസ്തുത ഭാവങ്ങളുടെ ആവിഷ്കരണത്തിൽ പ്രഥമസ്ഥാനം തന്നെ ചാവറയച്ചൻ നേടിയിരിക്കുന്നു.

ദൈവകുമാരന് കാലിത്തൊഴുത്തിൽ ജന്മം കൊടുക്കേണ്ടി വരുന്ന മാതാപിതാക്കളുടെ ദുഃഖം മുഴുവൻ കവി ആവാഹിച്ചെടുക്കുമ്പോൾ കണ്ണുനീരോടുകൂടി മാത്രമേ വായനക്കാരന് അദ്ദേഹത്തെ പിന്തുടരാൻ സാധിക്കുകയുള്ളു. യേശുവിന്റെ പീഡാനുഭവ രംഗങ്ങളുടെ ചിത്രീകരണം മർമ്മഭേദകമാണ്.

അടുത്ത കാലത്ത് പ്രദർശിപ്പിക്കപ്പെട്ട Passion of Christ എന്ന ചിത്രത്തിലെ പല രംഗങ്ങളും അദ്ദേഹം എത്രയോ മുൻകൂട്ടി ഭാവന ചെയ്തു വർണ്ണിച്ചിരിക്കുന്നു. കുരിശുമരണ സന്ദർഭത്തിലെ പ്രകൃതിക്ഷോഭവർണ്ണനകളിൽ ഭയാനക ഭാവാവിഷ്കാരവും അദ്ദേഹത്തിന്റെ കവിത്വത്തിനു നിദർശനമായി നിലകൊള്ളുന്നു.

ചാവറയച്ചന്റെ പ്രമുഖ കാവ്യം രണ്ടായിരത്തോളം വരികളുള്ള ആത്മാനുതാപമാണ്. കവിയുടെ ബാല്യസ്മൃതികളോടുകൂടി ആരംഭിക്കുന്ന പ്രസ്തുത കാവ്യത്തിൽ ആത്മകഥയുടെ അംശം വളരെയുണ്ടെങ്കിലും മുഖ്യമായ വിഷയം യേശുനാഥന്റെ ജീവിതത്തെ ആസ്പദമാക്കിയുള്ള ധ്യാനചിന്തകളാണ്. യേശു തനിക്കു വേണ്ടി സഹിച്ച വേദനകളെക്കുറിച്ചുള്ള ധ്യാനം, ആ സഹനത്തിനു കാരണമായിത്തീർന്ന തന്റെ പാപങ്ങളുടെ കാഠിന്യം, അവയെക്കുറിച്ചുള്ള പശ്ചാത്താപം... ഇങ്ങനെ കാവ്യശീർഷകത്തെ അന്വർത്ഥമാക്കുന്ന ഒരു ആത്മീയധ്യാനമാണത്; കാവ്യരൂപത്തിലുള്ള ഒരു പീഡാനുഭവധ്യാനം.

## ഭാവനാവ്യാപനങ്ങൾ

കവിതയാകുമ്പോൾ *ശില്പഭാവന, സൂക്ഷ്മഭാവന, അലങ്കാര ഭാവന* എന്നിങ്ങനെ വ്യവച്ഛേദിച്ചെടുക്കാവുന്ന ഭാവനാവ്യാപാരങ്ങളും അതിനാവശ്യമാണ്. അവയുടെ വിശദാംശങ്ങളിലേക്കു കടക്കുവാൻ ഇവിടെ പരിമിതി അനുവദിക്കുന്നില്ല. ശാകുന്തളം മൂലകഥയിലില്ലാത്ത അനസൂയാപ്രിയംവദമാരെയും മറ്റും കാളിദാസന്റെ ശില്പഭാവന നാടകത്തിൽ കൂട്ടിച്ചേർത്തതുപോലെ ചാവറയച്ചന്റെ ശില്പഭാവന ബെത്‌ലഹമിലെ പുൽക്കൂട്ടിലേക്കു ശാന്തിയെന്നൊരു ഇടയസ്ത്രീയെ പറഞ്ഞയയ്ക്കുന്നുണ്ട്. സുവിശേഷങ്ങളിൽ കാണാത്ത കഥാപാത്രങ്ങളും രംഗങ്ങളും മാത്രമല്ല സുവിശേഷ കഥാപാത്രങ്ങളുടെ ഉചിതസ്ഥാനങ്ങളിലുള്ള മുന്നറിവില്ലാത്ത രംഗപ്രവേശങ്ങളും ശില്പഭാവനയുടെ സന്തതികളാണ്. ചുരുങ്ങിയ വാക്കുകളിൽ ദൃശ്യപ്രതീതിയുളവാക്കുന്ന വർണ്ണനകളാണ് സൂക്ഷ്മഭാവനയിൽനിന്നുളവാകുന്നത്. വർണ്ണനാസാമർത്ഥ്യമാണ് യഥാർത്ഥ കവിത്വത്തിന്റെ മുദ്രയെന്നും ചിലർ സിദ്ധാന്തിക്കുന്നു. അമ്മയുടെ മുട്ടിന്മേൽച്ചാഞ്ഞിരുന്നു കാൽച്ചുവട്ടിൽ വീണുറങ്ങുന്ന കുട്ടിയുടെ ചിത്രം മുമ്പ് ചൂണ്ടിക്കാണിച്ചല്ലോ. അങ്ങനെയുള്ള എത്രയോ ചിത്രങ്ങൾ കൊണ്ടു സമ്പന്നമാണ് *ആത്മാനുതാപം*.

യേശുവിനെ ഉൾക്കണ്ണാൽ കണ്ടുകൊണ്ടെഴുതുന്നതു നോക്കുക:

നിന്നുടെ തിരുമേനി സുന്ദര തിരുമുഖം
മിന്നുന്ന നയനങ്ങൾ ശോഭിത തിരുനാസി
ചുവന്നോരധരങ്ങൾ ശംഖവൽദന്തങ്ങളും
ചുണ്ടിൽ നിന്നൊഴുകുന്ന തേൻതുള്ളി സ്വരങ്ങളും
പാർക്കുവാൻ കൊതിക്കുന്നു കേൾക്കുവാനാശിക്കുന്നു

പീഡാനുഭവത്തിന്റെ ദാരുണ രംഗങ്ങളും മരണശേഷമുള്ള പ്രകൃതി ക്ഷോഭങ്ങളും വർണ്ണിച്ചിട്ടുള്ളത് മറ്റൊരു സന്ദർഭത്തിൽ മുമ്പേ സൂചിപ്പിച്ചു വല്ലോ.

അലങ്കാര ഭാവനകളെപ്പറ്റിയാണ് ഇനി പറയാനുള്ളത്. അലങ്കാര കല്പ നകളുടെ നൈപുണ്യം കൊണ്ടു മാത്രം പ്രകീർത്തിതരായ കവികളുണ്ട്. ഉപമാകാളിദാസസ്യ എന്ന ചൊല്ലു പ്രസിദ്ധമാണല്ലോ. അലങ്കാര പ്രയോഗ സാമർത്ഥ്യം കവിത്വത്തിന്റെ മറ്റൊരു തെളിവാണ്. ചാവറക്കവിതകളിലെ അലങ്കാരപ്രയോഗങ്ങൾ ആരും പഠനവിഷയമാക്കിയിട്ടില്ല. ശബ്ദാലങ്കാരമായ *ആദിപ്രാസം, ദ്വിതീയാക്ഷരപ്രാസം* എന്നിവയ്ക്കു മാത്രമല്ല യമക പ്രയോഗത്തിനും ഉദാഹരണങ്ങളുണ്ട്:

*കാരുണ്യമൂർത്തിയാം ദൈവകുമാരന്റെ*
*ആരുണ്യശോഭയെ കാണാകേണം*

എന്നതു മാത്രം തൽക്കാലം ഉദാഹരിക്കട്ടെ.

അർത്ഥാലങ്കാരങ്ങളെക്കുറിച്ചു മാത്രം ചില സൂചനകൾ നൽകാനേ ഇവിടെ ഉദ്ദേശിക്കുന്നുള്ളൂ.

*അഗ്നിയാൽവെട്ടപ്പെടും വൃക്ഷശാഖകൾ തന്നെ*
*ഭഗ്നകന്മാർക്കു തണൽ കൊടുക്കും പത്രങ്ങളാൽ*
*അന്നപാനവും തേനും പാലാദിപാനങ്ങളും*
*പന്നഗം കൈപ്പിച്ചിടും തന്നുടെ വിഷത്തിനാൽ*

ശിഷ്ടന്മാരും ദുഷ്ടന്മാരുമായുള്ള വ്യത്യാസം കാണിക്കുന്ന ഒരു അപ്ര സ്തുത പ്രശംസയാണിത്. കവിയുടെ ഇതര കാവ്യപരിചയത്തെയും നൂതന പദനിർമ്മാണ കൗശലത്തെയും കൂടി വ്യക്തമാക്കുന്ന ഭാഗമാണിത്. ഭഗ്നക ന്മാർ ഇവിടെ മരംവെട്ടുകാരാണല്ലോ. *ഗ്ന* എന്ന ദ്വിതീയാക്ഷര പ്രാസത്തിനു വേണ്ടി അദ്ദേഹം സൃഷ്ടിച്ചെടുത്ത പദമാണത്. നൂതന പദനിർമ്മാണത്തിനു മറ്റൊരുദാഹരണം കൂടി സാന്ദർഭികമായി ഇവിടെ പറഞ്ഞുകൊള്ളട്ടെ. കന്യ കാമാതാവിന് അദ്ദേഹം സൃഷ്ടിച്ചെടുത്ത വേദപുസ്തകാധിഷ്ഠിത പര്യായ ങ്ങൾ നോക്കുക:

*സോമപാദിനി താരമകുടമണിശ്രേഷ്ഠ*
*സേനനായകി മാതാവിവണ്ണമരുൾ ചെയ്തു*

രൂപകാലങ്കാരത്തിനുദാഹരണം:

*ദയ കാരുണ്യമെന്ന വിത്തുകൾ വിതച്ചിട്ട്*
*യഥാ യോഗ്യങ്ങൾ പോലെ വെള്ളമാം വരം നൽകും*

ദയാകാരുണ്യങ്ങളാകുന്ന വിത്ത്; വരദാനങ്ങളാകുന്ന വെള്ളം.

*മാർത്താണ്ഡൻ പോലും മമ ദുഃഖം കണ്ടിരുണ്ടും പോയ്*
*മർത്ത്യരാം നിങ്ങൾക്കിതും തോന്നിയില്ലല്ലോ കഷ്ടം!*

എന്റെ ദുഃഖം കണ്ടിട്ടാണു സൂര്യൻ ഇരുണ്ടതെന്നു ഹേതൂൽപ്രേക്ഷ.

*പെയ്യുന്ന മഴ സമം നിന്നുടെ രക്തം ചിന്തി* എന്നുപമ.

*മാതാവും പിതാവും തൻമക്കളുമൊന്നൊന്നായി*
*മാവിന്റെയിലപോലെ വീഴുന്നങ്ങൊരുമിച്ചു*

എന്നതു മറ്റൊരുപമ.

നേരത്തെ ഉദ്ധരിച്ച ശംഖുവൽദന്തങ്ങൾ പോലെ രചനകൾക്കിടയിൽ അവിടവിടെക്കാണുന്ന ഉപമാരൂപകാദികൾ ധാരാളം. അലങ്കാരത്തിനുവേണ്ടി അലങ്കാരമുപയോഗിക്കുന്ന കൃത്രിമ ഭാവനകളെ ആശ്രയിക്കുകയല്ല, വർണ്ണ്യത്തിനു മിഴിവേകുന്നതിന് പരിമിതമായി അലങ്കാരമുപയോഗിക്കുക എന്നതായിരുന്നു ചാവറയച്ചന്റെ കാവ്യനയം.

*ആത്മാനുതാപ*ത്തിലെ ആത്മീയതത്ത്വങ്ങളെയോ ധ്യാനചിന്തകളെയോ കുറിച്ച് പ്രതിപാദിക്കാൻ ഇവിടെ ഒരുങ്ങുന്നില്ല. കാവ്യത്തിൽ നിറഞ്ഞു നിൽക്കുന്നത് അവയാണ്.

*മരണവീട്ടിൽ പാടാനുള്ള പാന*യിലും ആത്മീയ ചിന്തകൾക്കാണു പ്രാമുഖ്യം. അതിലെ കല്പനകൾ ആധുനിക ദൈവശാസ്ത്രജ്ഞന്മാർക്ക് ഏറെ ഹിതകരമായിരിക്കുകയില്ല. *അനസ്താസ്യയുടെ രക്തസാക്ഷിത്വം* ഭാവതീവ്രമായ ഒരു ലഘുഖണ്ഡകാവ്യമാണ്. *മലയവിലാസ*ത്തിനും മുമ്പ് എഴുതപ്പെട്ടതുകൊണ്ട് അതാണു മലയാളത്തിലെ പ്രഥമ ഖണ്ഡകാവ്യമെന്ന ഫാ. ഇസഡ് എം. മൂഴൂരിന്റെ അഭിപ്രായം തള്ളിക്കളയാവതല്ല.

ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ എഴുത്തച്ഛനെയും പൂന്താനത്തെയുമൊക്കെ നല്ലവണ്ണം വായിക്കുകയും ഭാരതീയ സംസ്കാരവുമായി ക്രിസ്തുദർശനത്തെ അനുരൂപപ്പെടുത്തണമെന്നാഗ്രഹിക്കുകയും ചെയ്തിരുന്നുവെന്നുള്ളതിനു ധാരാളം തെളിവുകൾ കവിതയിലുണ്ട്. ദൈവത്തെ ബ്രഹ്മസ്വരൂപനെന്നു സംബോധന ചെയ്യുന്നത് ചിലർക്കു രുചിക്കുകയില്ലായിരിക്കും. എന്നാൽ ഹിന്ദുക്കളുടെ കീർത്തനഭാഷയെ ആർക്കു നിരസിക്കുവാൻ കഴിയും?

*കാരുണ്യരൂപനാം ദൈവകുമാരന്റെ*
*ആരുണ്യശോഭയെ കാണാകേണം*
*മാനുഷ നീചവേഷത്തെ ധരിച്ചൊരു*
*മാനുഷത്രാതാവെ കാണാകേണം.*

*മിത്രനെ മന്ദിപ്പിച്ചീടുന്ന ദീപ്തിയെ*
*ഗാത്രേ മറച്ചതും കാണാകേണം.*
*ഉന്നതനാം ദൈവം കന്നിമറിയത്തിൽ*
*വന്നുപിറന്നതും കാണാകേണം*

യേശുചരിതം മുഴുവനുൾക്കൊള്ളുന്ന ഈ കീർത്തനം പൂന്താനം നമ്പൂരിയുടെ അച്ചിൽ വാർത്തെടുത്തതാണ്.

പൂന്താനത്തിന്റെ ചില കീർത്തനങ്ങൾ നോക്കുക:

*കണ്ണനാമുണ്ണിയെക്കാണുമാറാകണം*
*കാറൊളിവർണ്ണനെക്കാണുമാറാകണം*
*കിങ്കിണിനാദങ്ങൾ കേൾക്കുമാറാകണം*
*കീർത്തനം ചൊല്ലിപ്പുകഴ്ത്തുമാറാകണം*
*കുമ്മിണിപ്പൈതലെക്കാണുമാറാകണം*
*കുത്തുകളോരോന്നുകാണുമാറാകണം*
*കെല്പെഴും പൈതലെക്കാണുമാറാകണം*
*കേളികളോരോന്നു കേൾക്കുമാറാകണം*
*കൈവല്യമൂർത്തിയെക്കാണുമാറാകണം*
*കൊഞ്ചലേറും മൊഴി കേൾക്കുമാറാകണം*
*കോടക്കാർ വർണ്ണനെക്കാണുമാറാകണം*
*കൗതുകലീലകൾ കാണുമാറാകണം...*

ഇതിലെ ഓരോ വരിയും തുടങ്ങുന്നത് ക കാ കി കീ കു കൂ കെ കേ കൈ കൊ കോ എന്നിങ്ങനെ മുറയ്ക്ക് ക കാരപ്പെരുക്കങ്ങളിലാണല്ലോ. ഇക്കാര്യത്തിലും പൂന്താന കീർത്തനത്തിന്റെ മാതൃക ചാവറയച്ചൻ സ്വീകരിക്കുന്നുണ്ടെന്നു മുൻപേ ഞാൻ സൂചിപ്പിച്ചു.

രണ്ടാം വത്തിക്കാൻ സൂനഹദോസ് *സാംസ്കാരികാനുരൂപണം* എന്ന ആശയം അവതരിപ്പിക്കുന്നതിനു മുമ്പ് കേരളത്തിലെ ഹൈന്ദവകാവ്യ സംസ്കാരവുമായി ഒരു അനുരൂപണത്തിന് ചാവറയച്ചൻ മുൻകൈയെടുത്തു കഴിഞ്ഞിരുന്നു. മതഭേദങ്ങളോ വിശ്വാസവ്യത്യാസങ്ങളോ കലാസാംസ്കാരിക മാർഗ്ഗങ്ങളിലുള്ള സമന്വയങ്ങളെ നിഷിദ്ധമാക്കുന്നില്ല; അത് സുവിശേഷ ഘോഷണത്തെ കൂടുതൽ സഫലമാക്കുകയേ ഉള്ളൂ എന്ന തിരിച്ചറിവ് നമുക്ക് ഇനിയെങ്കിലും ഉണ്ടാകേണ്ടിയിരിക്കുന്നു. ഈ തിരിച്ചറിവാണ് തന്റെ തിരക്കേറിയ ജീവിതചര്യകൾക്കിടയിൽ കവിതാരചനയ്ക്കും കുറെ സമയം കണ്ടെത്തുവാൻ ചാവറയച്ചനെ നിർബ്ബന്ധിച്ചതെന്നു ഞാൻ കരുതുന്നു.

എഴുത്തച്ഛന്റെ കാവ്യഭാഷയും സാന്ദർഭികമായി ചാവറയച്ചനെ സ്വാധീനിച്ചിട്ടുള്ളതിന് ഉദാഹരണങ്ങളുണ്ട്. പതിനാറാം നൂറ്റാണ്ടിൽ ഹൈന്ദവ

കാവ്യഗ്രന്ഥങ്ങളിലൂടെ എഴുത്തച്ഛൻ കേരളത്തിലുളവാക്കിയ നവോത്ഥാനം തന്നെയാണ് പത്തൊമ്പതാം നൂറ്റാണ്ടിൽ ക്രൈസ്തവ കാവ്യരചനയിലൂടെ ചാവറയച്ചനും ലക്ഷ്യമാക്കിയതെന്നു പറയാം.

സി.പി. ശ്രീധരന്റെ വാക്കുകളിൽ ഈ ലഘുപ്രബന്ധം ഉപസംഹരിക്കട്ടെ.

*"പോയ നൂറ്റാണ്ടിലെ മഹാപ്രതിഭമാരെ മറന്നാലും കുരിയാക്കോസച്ചനെ മറന്നുകൂടാ. കാരണം മലയാള വാങ്മയമാകെ രതിഭാവപ്രളയത്താൽ സാഹിത്യത്തെയും ജീവിതത്തെയും ജീർണ്ണതാപചയങ്ങളിൽ നിന്ന് ഉദാത്തവൽക്കരിച്ചുയർത്തിക്കൊണ്ടുവന്ന ഭേദീപ്യമാനമായ ആത്മനിമന്ത്രണങ്ങളാകാൻ ആ വാണീജാലങ്ങൾക്കു കഴിഞ്ഞുവെന്നതാണു സർവ്വപ്രധാനം."*

■

ഏഴ്

# മൗലിക സംസ്കൃതിയുടെ അമൃതവാഹിനി

സി.പി. ശ്രീധരൻ

സാധാരണയായി കവിത, സാഹിത്യം എന്നൊക്കെ പറയുമ്പോൾ, പ്രത്യേകിച്ചും താരതമ്യേന പുതിയ കാലത്തുണ്ടായിട്ടുള്ള സാഹിത്യകൃതികളെക്കുറിച്ച് പറയുമ്പോൾ, കേൾക്കാറുള്ള ഒരു പരാതി, ഉത്തമങ്ങളായ, മഹത്തരങ്ങളായ സാഹിത്യകൃതികൾ ഉണ്ടാകുന്നില്ല എന്നതാണ്. ഈ പരാതി ഉന്നയിക്കുന്നവർ ഇക്കാലത്ത് മഹത്തരങ്ങളായ ജീവിതങ്ങൾ ഉണ്ടാകുന്നില്ല എന്ന കാര്യം വിസ്മരിക്കുന്നു.

മഹാത്മാഗാന്ധിയോട് ഒരിക്കൽ ദിലീപ് കുമാർ ചൗധരി ചോദിക്കുകയുണ്ടായി:

*സ്വാമിൻ, ആരാണ് മഹാനായ കലാകാരൻ?*

അദ്ദേഹം മറുപടി പറഞ്ഞു:

***ആരാണ് നിർമ്മലമായ, ഉത്തമമായ, സുന്ദരമായ ജീവിതം നയിക്കുന്ന ആൾ, അദ്ദേഹമാണ് എന്റെ നോട്ടത്തിൽ മഹാനായ കലാകാരൻ.***

## ആത്മവിശുദ്ധിയുടെ പ്രകാശനം

അങ്ങനെ നോക്കുമ്പോൾ സുന്ദരവും നിർമ്മലവുമായ ജീവിതംകൊണ്ട് മലയാളകവികളിൽ അത്യുത്തമസ്ഥാനം അവകാശപ്പെടാവുന്ന ഒരു വ്യക്തിയത്രെ ചാവറ കുരിയാക്കോസ് ഏലിയാസച്ചൻ. ഇതു സംശയലേശമന്യെ തന്നെ പറയാവുന്നതാണ്. സാധാരണയായി അലങ്കാരങ്ങളും വർണ്ണനകളും തന്റെ ആത്മാവിലില്ലാത്തതായ സൗരഭ്യവും സൗകുമാര്യവും മറ്റും കവിതയുടെ ബാഹ്യസ്വരൂപത്തിൽ നിർമ്മിച്ചുകൊണ്ടാണ് അതു ജനാകർഷകമാക്കാൻ കവികൾ ശ്രമിക്കുന്നത്. എന്നാൽ ചാവറ അച്ചനെപോലുള്ള ബുദ്ധിമാന്മാരായ,

സിദ്ധന്മാരായ ആളുകൾ, നമുക്കവരെ *മിസ്റ്റിക്കുകൾ* എന്നു വേണമെങ്കിൽ വിളിക്കാം, അങ്ങനെയുള്ളവർ ഈ ബാഹ്യസ്വരൂപംകൊണ്ടല്ല, രൂപഭംഗികൊണ്ടല്ല, സ്വന്തം ആത്മാവിന്റെ വിശുദ്ധിയും സൗന്ദര്യവുംകൊണ്ടാണ് കവിതയെ ഹൃദ്യവങ്ങളാക്കാൻ ശ്രമിക്കുന്നത്. അവയെ *ആത്മവിശുദ്ധിയുടെ* കവിതയെന്ന് വിശേഷിപ്പിക്കാം.

ചാവറയച്ചൻ കാവ്യരചന നടത്തിയ 19-ാം നൂറ്റാണ്ട് നമ്മുടെ സാഹിത്യരംഗത്ത് മിക്കവാറും കൊടുങ്ങല്ലൂർ തമ്പുരാക്കന്മാരും വെണ്മണി നമ്പൂതിരിമാരും കാവ്യവ്യാപാരം ചെയ്തിരുന്ന ഒരു കാലമായിരുന്നു. പ്രൊഫസർ മുണ്ടശ്ശേരി പറഞ്ഞതുപോലെ വെണ്മണി നമ്പൂതിരിമാരുടെ മുഖ്യ തൊഴിൽ തേവാരവും ശൃംഗാരവും ആയിരുന്നു. മറ്റൊരു തരത്തിൽ പറഞ്ഞാൽ കവിതയുടെ രൂപസൗന്ദര്യത്തിലും ബാഹ്യസൗന്ദര്യത്തിലും ശ്രദ്ധ കേന്ദ്രീകരിച്ചിരുന്ന ഒരു കാലഘട്ടത്തിലാണ് ആത്മസൗന്ദര്യത്തിന്റെയും ആത്മവിശുദ്ധിയുടെയും കവിതയുമായി ചാവറയച്ചൻ മലയാള സാഹിത്യവേദിയിലേക്ക് രംഗപ്രവേശം ചെയ്തത് എന്ന വൈരുദ്ധ്യം നാം മനസ്സിലാക്കണം. അങ്ങനെ ഭാവശുദ്ധിയിൽ വളരെ അധഃപതിച്ചു കിടന്ന, ജീർണ്ണിച്ചു കിടന്ന, മലയാളകവിതയെ ഉദാത്തമായ ആത്മശുദ്ധികൊണ്ട് ഉദ്ധരിച്ച ഒരു മിസ്റ്റിക്ക് അല്ലെങ്കിൽ ഒരു യോഗാത്മക കവിയായിരുന്നു കുരിയാക്കോസ് ഏലിയാസച്ചൻ.

മിസ്റ്റിക്കുകൾ സാധാരണയായി പലതരത്തിലുണ്ട്. താൻതന്നെ ഈശ്വരനാണ്, ബ്രഹ്മാവാണ് എന്ന് സങ്കൽപിച്ച്, തന്റെ അഹന്തയെ പരമാവധി വികസിപ്പിച്ച് വളർത്തിയെടുക്കുന്ന മിസ്റ്റിക്കുകളുണ്ട്. ഈ പ്രപഞ്ചത്തിലെ പരമനിസ്സാരമായ ഒരു അണുവാണ് താനെന്ന മട്ടിൽ തന്റെ അഹന്തയെ അലിയിപ്പിച്ച് അലിയിപ്പിച്ച്, ഇല്ലാതാക്കിക്കൊണ്ട് ഏറ്റവും എളിയ ഭാവത്തിൽ ഈശ്വരനുമായി യോഗം തേടുന്ന ബന്ധം സ്ഥാപിക്കുന്നവരാണ് രണ്ടാമത്തെ വിഭാഗത്തിൽപെടുക. ചാവറയച്ചനെ സംബന്ധിച്ച് പറയുമ്പോൾ തന്റെ അഹന്തയെ ലയിപ്പിച്ച് ലയിപ്പിച്ച്, ഇല്ലാതാക്കികൊണ്ട്, ഏറ്റവും ലളിതമായ ഏറ്റവും നിസ്സാരമായ, ഒരു പരമാണുവാണ് താനെന്ന ഭാവത്തിൽ, തന്റെ ജീവിതത്തെ ഈശ്വരാർപ്പണമായി കരുതിയിരുന്ന വ്യക്തിയാണ് അദ്ദേഹം. അദ്ദേഹത്തിന്റെ കവിതയിലും ആ അർപ്പണഭാവം കാണാം. ക്രിസ്തുവിന്റെ ജീവിതകഥയുമായി ബന്ധപ്പെടുത്തിക്കൊണ്ട് സ്വന്തം ആത്മാവിന്റെ കഥ പറയുക എന്നതാണ് *ആത്മാനുതാപം* തുടങ്ങിയ കൃതികളിൽ അദ്ദേഹം ചെയ്തിട്ടുള്ളത്.

## ക്രിസ്തു ജനഹൃദയങ്ങളിലേക്ക്

അന്നത്തെ കാലഘട്ടത്തിലുള്ള മലയാളകവിതകളെ, പൊതുവെയും, പത്തൊമ്പതാം നൂറ്റാണ്ടിലുള്ളവയെ പ്രത്യേകിച്ചും, പരിശോധിച്ചാൽ താരതമ്യതലത്തിൽ *ആത്മാനുതാപ*ത്തിലും ചാവറയച്ചന്റെ മറ്റു കൃതികളിലും വേണ്ടത്ര രൂപഭംഗി കണ്ടെത്താൻ കഴിഞ്ഞില്ലെന്ന് ആരോപിച്ചേക്കാം. പക്ഷേ,

സൂക്ഷ്മമായ വിശകലനത്തിൽ രൂപമികവിനു പകരം അതിലുള്ള ഭാവസൗന്ദര്യം, ആത്മസൗന്ദര്യമാണ് നമുക്കു കാണുവാൻ കഴിയുക. അങ്ങനെ ആത്മസൗന്ദര്യത്തിന്റെ, ജീവിതവിശുദ്ധിയുടെ, ആത്മസൗകുമാര്യത്തിന്റെ, കവിതയാണതെന്ന് നമുക്കു വേണമെങ്കിൽ പറയാം. ഈ കവിതയെക്കുറിച്ച് പ്രത്യേകിച്ച് പരാമർശിക്കുവാനുള്ള പ്രധാന കാരണവും ഇതുതന്നെയാണ്.

സാധാരണ ഗതിയിൽ ഏതെങ്കിലും മതത്തിൽനിന്ന് ക്രിസ്തുമതത്തിലേയ്ക്ക് ആളുകളെ ചേർക്കാറുണ്ട്. ഇതിനെ കളിയാക്കികൊണ്ട് ബർണാഡ്ഷാ പറഞ്ഞിട്ടുമുണ്ട്:

*കാട്ടാളരായ, അപരിഷ്കൃതരായ ആളുകളെ ക്രിസ്തുമതത്തിൽ ചേർക്കുക എന്നതിന്റെ അർത്ഥം ക്രിസ്തുമതത്തെ അപരിഷ്കൃതരുടെ കാട്ടാളരുടെ മതമാക്കിത്തീർക്കുക എന്നുള്ളതാണ്.*

മതത്തിലേക്ക് ആളുകളുടെ എണ്ണം വർദ്ധിപ്പിക്കുക എന്ന ഉദ്ദേശം ചാവറയച്ചന് ഉണ്ടായിരുന്നില്ല. ആളുകളിലേക്ക് ക്രിസ്തുമതത്തെ കൊണ്ടുവരുക എന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. അങ്ങനെ മലയാളികളായ ജനലക്ഷങ്ങളുടെ ഹൃദയങ്ങളിലേക്ക്, ക്രിസ്തുവിനെ, ക്രൈസ്തവ ചൈതന്യത്തെ കൊണ്ടുവരുവാൻവേണ്ടി, ക്രിസ്തുമതത്തിന്റെ അന്തസ്സത്ത കൊണ്ടുവരുവാൻ വേണ്ടിത്തന്നെ അദ്ദേഹം നടത്തിയ പ്രയത്നങ്ങളുടെ ഫലമാണ് അദ്ദേഹത്തിന്റെ കവിതകൾ; അദ്ദേഹത്തിന്റെ ജീവിതംതന്നെ അതാണ്.

ക്രൈസ്തവസഭയെ മലയാളീകരിക്കുവാൻ, കേരളവൽക്കരിക്കുവാൻ നേതൃത്വം കൊടുത്ത ഗണനീയനായ ഒരു വൈദികനാണ് അദ്ദേഹം എന്നു നമുക്കറിയാം. മതത്തെ, ക്രൈസ്തവചൈതന്യത്തെ, ജനങ്ങളിലേക്കു കൊണ്ടുവരുക എന്ന ഒരു പ്രക്രിയയുടെ ഭാഗമായിട്ടാണ് അദ്ദേഹം അതു നിർവഹിച്ചത്. അങ്ങനെ സഭാകാര്യങ്ങളെ കേരളവൽക്കരിക്കാൻ ശ്രമിച്ച സന്ദർഭത്തിൽതന്നെ ക്രൈസ്തവസന്ദേശത്തെ മലയാളവൽക്കരിക്കുവാൻ അദ്ദേഹം ശ്രമിച്ചതിന്റെ ഫലമാണ് ആ കവിതകൾ. ഇതു പറയുവാൻ കാരണം അദ്ദേഹം ഗാനവൃത്തങ്ങളിൽ കവിതയെഴുതിയതാണ്. അദ്ദേഹത്തിന്റെ കാലത്ത് സംസ്കൃതവൃത്തങ്ങൾക്കായിരുന്നു ഇവിടെ പ്രാമാണ്യം. എന്നിട്ടും അന്ന് നാട്ടിൽ നടപ്പുണ്ടായിരുന്ന പതിനഞ്ചോ പതിനെട്ടോ ഗാനവൃത്തങ്ങൾ ഏലിയാസച്ചൻ ഉപയോഗിക്കുകയുണ്ടായി. ഹൈന്ദവ ജനതയുടെ സാംസ്ക്കാരികരീതികൾ അദ്ദേഹം കവിതയിൽ സ്വീകരിച്ചു. ഹിന്ദുക്കളുടെ സന്ധ്യാനാമത്തിലെ വരികൾ, ശ്രീകൃഷ്ണകീർത്തനങ്ങൾ, മറ്റു ഈശ്വരസ്തവങ്ങളായ ദേവികീർത്തനങ്ങൾ തുടങ്ങിയവയുമായി ആത്മാനുതാപത്തിനു പൊരുത്തമുള്ളതായി കാണാം. അത്രമാത്രം ഹൈന്ദവജനതയുടെ രൂപമാതൃകകളെ സ്വാംശീകരിക്കുകയും സ്വന്തമാക്കുകയും അവയെ

മലയാളഭാഷയുടെ ജീനിയസ്സിൽ കലർത്തിക്കൊണ്ട് പ്രയോഗിക്കുകയും ചെയ്യുവാൻ കഴിഞ്ഞു എന്നുള്ളതാണ് അദ്ദേഹത്തിന്റെ കവിതകളുടെ പ്രത്യേകത. അങ്ങനെ എല്ലാ തരത്തിലും ദേശാഭിമാനിയായ, ദേശഭക്തനായ അദ്ദേഹം നാടൻ സംസ്ക്കാരത്തെ സ്വന്തം രക്തത്തിൽ അലിയിപ്പിച്ചു ചേർത്ത് ക്രൈസ്തവ ചൈതന്യത്തെ ആ രക്തത്തിന്റെയും വിചാരധാരയുടെയും ഭാഷയിൽ, നാടൻ രീതിയിൽത്തന്നെ, ആവിഷ്കരിക്കുവാൻ, പ്രകാശിപ്പിക്കുവാൻ, ശ്രമിച്ചു എന്നത് ആ കാലത്തെ സംബന്ധിച്ചിടത്തോളം നോക്കുമ്പോൾ പ്രത്യേകിച്ചും വലിയൊരു നേട്ടമാണ്. ഈ ചുറ്റുപാടിൽ ജീവിക്കുന്ന ജനങ്ങളുടെ സാംസ്ക്കാരികജീവിതവുമായി ബന്ധപ്പെടുത്തിക്കൊണ്ട്, അനുരഞ്ജിപ്പിച്ചുകൊണ്ട്, ക്രൈസ്തവജനതയെ മുന്നോട്ടു നയിക്കുവാൻ അദ്ദേഹം ചെയ്ത ശ്രമങ്ങളുടെ ഫലമാണ് ആ കവിതകളിൽ കാണാൻ കഴിയുക.

## മൗലിക സംസ്ക്കാരത്തിന്റെ അമൃതവാഹിനി

ഗ്രാമീണ കേരളത്തിന്റെ വിചാരധാരകൾ ആവഹിക്കുന്ന പതിനഞ്ചിൽ കുറയാത്ത ഗാനവൃത്തങ്ങൾ ചാവറയച്ചൻ പ്രയോഗിച്ചിട്ടുണ്ട്. ഈ ഗാനവൃത്തങ്ങളാകട്ടെ വീരാപദാനങ്ങളെ വർണ്ണിക്കുന്ന ഗാഥകളുടേതല്ല, നേരേമറിച്ച്, സന്ധ്യാനാമത്തിനും ഈശ്വരാരാധനയ്ക്കും ഉപയോഗിക്കുന്ന ഭാവാത്മകവൃത്തങ്ങളാണ്. പരമ്പരാഗതമായ സംസ്ക്കാരത്തിന്റെ രക്തബന്ധമുള്ള ഹൈന്ദവജനതയുടെ ദേവസ്തവങ്ങൾ പുരുഷാന്തരങ്ങളിലൂടെ ജനഹൃദയങ്ങളിലെത്തിച്ച വൃത്തങ്ങളിലൂടെ ക്രൈസ്തവചൈതന്യം പകരാനുള്ള അദ്ദേഹത്തിന്റെ ശ്രമം രണ്ടു കാര്യങ്ങൾ വ്യക്തമാക്കുന്നു:

ഒന്ന്, താൻ ജീവിക്കുന്ന സമൂഹത്തിലെ നാടൻജനതയുടെ മൗലികസംസ്ക്കാരത്തിന്റെ അന്തഃപുരത്തിൽനിന്ന് അമൃതവാഹിനികളായ ഉപാധികൾ കൈക്കൊള്ളുവാനുള്ള സന്ദർഭം.

മറ്റൊന്ന് ഏതൊരു മഹാകൃത്യത്തിനുവേണ്ടി ആത്മസമർപ്പണം ചെയ്തുവോ ആ ദൗത്യത്തെ, ക്രൈസ്തവചൈതന്യത്തെ, നമ്മുടെ ജനജീവിതത്തിൽ ഉദ്ദീപിപ്പിക്കുവാനും ജനഹൃദയങ്ങളിൽ എത്തിക്കുവാനുമുള്ള വ്യഗ്രത.

മുൻപേ സൂചിപ്പിച്ചതുപോലെ ജനങ്ങളെ ക്രിസ്തുമതത്തിലേക്കു കൊണ്ടുവരുന്നതിനു പകരം ക്രിസ്തുവിനെ ജനങ്ങളിലേക്കു കൊണ്ടുവരുക... ഇതാണ് നാടൻവൃത്തങ്ങളിലൂടെ അദ്ദേഹം സാധിച്ച മൗലികമായ ലക്ഷ്യം.

*ഭക്തിമുക്തിദായകാ പുരന്ദരാനിധേ പുരന്ദാരാദിസേവിത*
*ഭാഗ്യവാരിധേ ദയാമുകുന്ദരാമപാഹിമാം*

ഈ വരികളും

*അമ്മകന്നിതന്റെ ദുഃഖരോദനങ്ങൾ*
*അൻപിനൊടുകേട്ടുടനയച്ചുമിത്രമർത്യരെ*
*കന്നിയമ്മേ നിന്റെ ദാസിയായ പാപി ഞാനിതാ*
*മന്നിലുള്ള നിന്റെ ശുദ്ധജീവിതത്തെയല്പമായ്*

ഈ വരികളും ശ്രദ്ധിക്കുക.

ആത്മാനുതാപത്തിലെ വരികളും കീർത്തനങ്ങളും തമ്മിലുള്ള സാമ്യം എത്ര ഹൃദ്യമാണെന്നു തിരിച്ചറിയാം.

*കിളിപ്പാട്ട്, പാന, തരംഗിണി, വഞ്ചിപ്പാട്ട്* തുടങ്ങിയ നാടൻവൃത്തങ്ങളിൽ കവിതയെഴുതിയ ഈ പ്രതിഭാശാലി വായ്മൊഴിയൊക്കെ സംസ്കൃതത്തിലായിരുന്ന അക്കാലത്ത് ഒരു അത്ഭുതം സൃഷ്ടിക്കുകയായിരുന്നു.

*രതിപദങ്ങൾ* രസപ്രദങ്ങളായിരുന്ന സമൂഹത്തിൽ *വിരതിപദങ്ങളും* രസോത്തരങ്ങളാണെന്ന് കാണിച്ചുകൊടുക്കുന്നതോടൊപ്പം ജനഹൃദയത്തോട് സംവാദക്ഷമമായ നാടൻശീലുകൾക്കാണ് സംസ്കൃതഛന്ദസ്സുകളേക്കാൾ ആത്മസ്പർശത കൂടുതലെന്ന് സ്ഥാപിക്കുക കൂടി ചെയ്ത ഈ യോഗിവര്യൻ മലയാളകവിതയുടെ ഉടലും ഉയിരും രൂപാന്തരപ്പെടുത്തി എന്നതാണ് സത്യം.

കവിതയുടെ പുറംചട്ടയിലിരുന്നുകൊണ്ടുള്ള അന്വേഷണമാണ് ഇതുവരെ നടത്തിയ പരാമർശങ്ങളിൽ കാണുക. അന്തർഭാഗത്തേയ്ക്കു കടക്കുമ്പോഴാണ് സമർപ്പിതചേതസ്സായ ഒരു ക്രൈസ്തവഭക്തന്റെ അന്തർപ്രചോദിതങ്ങളായ വാങ്മയരൂപങ്ങൾ മനസ്സിലാകുന്നത്.

ഒരു കവിയുടെ വ്യക്തിമുദ്ര ഭാവാവിഷ്കരസ്വഭാവത്തിലാണ് പ്രകടമാകുന്നത്. ഭാവാനുരൂപമായ പദവാക്യഛന്ദോലങ്കാരം പ്രയോഗിക്കുന്നതിൽ ചാവറയച്ചന്റെ വിരുത് ഒന്നു വേറെതന്നെയാണ്.

അനസ്താസിയാ എന്ന കുട്ടി സന്യാസം സ്വീകരിച്ച് തോബിയായുടെ അടുത്ത് ധ്യാനനിരതയായി നിൽക്കുന്ന രംഗം അദ്ദേഹം ചിത്രീകരിച്ചിട്ടുണ്ട്. *അനസ്താസിയയുടെ രക്തസാക്ഷിത്വം* എന്ന കൃതിയുടെ അന്ത്യഭാഗം നോക്കിയാൽ ഇതു മനസ്സിലാകും. ദുഷ്ടനായ തോബിയായുടെ ഭീഷണിക്കു വഴങ്ങാത്ത അനസ്താസിയായുടെ അക്ഷോഭ്യപ്രകൃതിയേയും അചഞ്ചല ഭക്തിയേയും ചൈതന്യഭാസുരമായി അദ്ദേഹം ആവിഷ്കരിച്ചിരിക്കുന്നു.

നിഗൂഢമായ കാവ്യസൗന്ദര്യം പദചെപ്പുകളിൽ ഉടുപ്പിച്ച് ചേതനയുടെ സൂക്ഷ്മവും അസ്പഷ്ടവുമായ സ്പന്ദനങ്ങളെ അനാവരണം ചെയ്യുന്നതിൽ ചാവറയച്ചൻ വിദഗ്ദ്ധനാണെന്ന് അദ്ദേഹത്തിന്റെ കൃതികൾ തെളിയിക്കുന്നു.

■

* 1971ൽ കൂനമ്മാവിൽ ചാവറ പിതാവിന്റെ ചരമശതാബ്ദിയാഘോഷ വേളയിലെ സാഹിത്യ സമ്മേളനത്തിൽ നടത്തിയ പ്രഭാഷണത്തിൽനിന്നും

എട്ട്

# വഴി തെളിച്ചവന്റെ ദർശനം

പ്രൊഫ. കെ.എം. തരകൻ

ഹിപ്പിയിസവുമായി ഒരു മിസ്റ്റിക്കിന്റെ ജീവിതദർശനത്തിനുള്ള ഏകദേശ സാമ്യത്തെപ്പറ്റി ഒന്നാലോചിച്ചു നോക്കുക. പ്രത്യക്ഷത്തിൽ ഹിപ്പിയും യോഗിയും ഭ്രാന്തന്മാരെപ്പോലെയിരിക്കും. ഷേക്സ്പിയർ പറയുംപോലെ കവിയും കാമുകനും ഭ്രാന്തനും ഏറെക്കുറെ തുല്യരാണ്. വളരെ അധികം വിചിത്രവ്യക്തികളായി ഇവരെ തോന്നും എന്നതിലും സംശയമില്ല. എന്നാൽ ഭ്രാന്തിൽക്കൂടി അനുഭവവേദ്യമാകുന്ന അനുഭൂതി എന്തെങ്കിലുമുണ്ടെങ്കിൽ ആ അനുഭൂതിയും യോഗാനുഭൂതിയും തമ്മിൽ വളരെ വളരെ ഗണ്യമായ അന്തരമുണ്ട്; അതു വളരെ സ്പഷ്ടവുമാണ്. കേവലം ജിജ്ഞാസമൂലം ഒരു ഹിപ്പി നടത്തുന്ന അന്വേഷണത്തിൽ നിന്നുണ്ടാകുന്ന അനുഭൂതിയും അർപ്പിതമായ ജീവിതത്തിൽനിന്ന് ഒരു യോഗിക്കു ലഭിക്കുന്ന യോഗാനുഭൂതിയും തമ്മിൽ വളരെ വളരെ വ്യത്യാസമുണ്ട്. പ്രത്യക്ഷത്തിൽ രണ്ടും അനുഭവത്തെ തേടലാണ്; അനുഭവത്തെ സ്വാംശീകരിക്കലാണ്. എന്നാൽ അനുഭവത്തിൽ, അനുഭവത്തിന്റെ ആഴത്തിൽ, വ്യാപ്തിയിൽ, ദൂരവ്യാപകമായ പ്രയോജനത്തിൽ, ഇവ തമ്മിൽ വളരെ വ്യത്യാസമുണ്ട്.

സാധാരണഗതിയിൽ പറയുമ്പോൾ മിസ്റ്റിക് അനുഭൂതി ഇല്ലാത്തവർക്കും അനുഭൂതി ലഭിച്ചു എന്നു പറയാറുണ്ട്. പക്ഷേ ഒരു യോഗിക്കു ലഭിക്കുന്ന അനുഭൂതിയുടെ സവിശേഷത എന്നു പറയുന്നത്, ദൈവവുമായുള്ള സാമീപ്യത്തിലും സമ്പർക്കത്തിലും ലഭിക്കുന്ന അനുഭൂതിയുടെ യഥാർത്ഥസ്വഭാവം എന്താണെന്ന് അറിവില്ലെങ്കിൽത്തന്നെ, അതിന്റെ പ്രത്യേകത, പ്രായോഗിക തലത്തിൽ, ഈ അനുഭൂതിക്കു ലോകത്തെ, മനുഷ്യജീവിതത്തെയാകമാനം രൂപാന്തരപ്പെടുത്തുവാൻ സാധിക്കും എന്നതുതന്നെയാണ്. യോഗിയുടെ ജീവിതം രൂപാന്തരപ്പെട്ടിരിക്കും എന്നുള്ളതുകൂടാതെ ആ യോഗിയുമായി ആരെല്ലാം സമ്പർക്കം പുലർത്തുന്നുവോ, ആ ലോകത്തെ മുഴുവൻ പ്രഭ

കൊണ്ടു നിറയ്ക്കുവാനും അദ്ദേഹത്തിനു സാധിക്കും. ഈ അനുഭൂതിയെ തിരിച്ചറിയാത്ത ഒരാൾ ചാവറ കുരിയാക്കോസച്ചനെ വളരെ വിദൂരതയിൽനിന്നു നോക്കുമ്പോൾ അന്നത്തെക്കാലത്ത് അദ്ദേഹത്തെ ഒരു വലിയ വിചിത്രജീവിയായി മാത്രമേ തോന്നിയിരിക്കൂ.

## പുരോഹിതന്മാർ വീണ്ടും പുരോഹിതരാവട്ടെ!

എന്തിനാണ് വൈദികർ ധ്യാനം നടത്തണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടത്?

പുരോഹിതന്മാർ ദൈവത്തോട് ഏറ്റവും അടുത്തിരിക്കുന്നവരാണ് എന്നാണല്ലോ പൊതുവായ വിശ്വാസം. ക്രിസ്ത്യാനികൾക്ക് അതു വിശ്വസിക്കാതെ നിവൃത്തിയുമില്ല. അങ്ങനെയുള്ള പുരോഹിതന്മാർ വീണ്ടും പുരോഹിതന്മാരായിത്തീരണമെന്ന് ഒരു പുരോഹിതൻ ആവശ്യപ്പെടുമ്പോൾ അദ്ദേഹത്തിനു ചിത്തഭ്രമം പിടിപെട്ടോ എന്നു പ്രത്യക്ഷത്തിൽ സംശയിക്കാം. എന്നാൽ പുരോഹിതന്റെ മഹത്തായ പദവിയെക്കുറിച്ച് വളരെ അഗാധമായി, വളരെ അവഗാഢമായി, ചിന്തിച്ച ചാവറയച്ചൻ, ദൈവത്തിൽനിന്ന് കൂടുതൽ കൂടുതൽ ശക്തി, ആദ്ധ്യാത്മികചൈതന്യം, സംഭരിക്കുന്നില്ലെങ്കിൽ, ആ പുരോഹിതനു സ്വസമുദായത്തെ ദൈവത്തോടടുപ്പിക്കുവാൻ സാദ്ധ്യമാകാതെ വന്നേക്കും എന്ന ഉറച്ച  നിഗമനത്തിലാണ് ചെന്നെത്തിയത്. അതുകൊണ്ടു പുരോഹിതൻ അർപ്പിതജീവിതം നയിക്കുന്നതോടൊപ്പംതന്നെ അനുധ്യാനത്തിൽക്കൂടി ദൈവത്തിൽ ചെന്നെത്തണം എന്നദ്ദേഹം നിഷ്ക്കർഷിച്ചു. ആ ആഗ്രഹത്തെ പ്രാവർത്തികമാക്കുവാനുള്ള കർമ്മപരിപാടി ആവിഷ്ക്കരിക്കുകയും ചെയ്തു. ഭൗതികലോകത്തിൽനിന്ന് ഒഴിഞ്ഞുമാറി ധ്യാനനിരതനായ ഒരു യോഗിയായി മാത്രം തീരാനല്ല അദ്ദേഹം ആഗ്രഹിച്ചത്. മറിച്ച് മറ്റുള്ള പുരോഹിതന്മാർക്കും സഭയ്ക്കും പ്രയോജനപ്പെടത്തക്കവിധത്തിൽ ഈ പുരോഹിതന്മാരെ മുഴുവനും ആദ്ധ്യാത്മികചൈതന്യത്താൽ സജ്ജീവും ധന്യവുമാക്കാൻ സന്യാസസഭകൾ സ്ഥാപിക്കുവാനാണ് അദ്ദേഹം ശ്രമിച്ചത്.

അങ്ങനെ കാണുവാൻ ശ്രമിക്കുമ്പോൾ പിന്നെ ചാവറയച്ചന്റെ ജീവിതദർശനത്തിന്റെ ഓരോരോ ഭാഗങ്ങൾ പ്രത്യേകം പ്രത്യേകം എടുത്തുദാഹരിക്കുവാൻ വലിയ വിഷമമുണ്ടാകുകയില്ല. ഒന്നാമത്തെ പ്രധാനപ്പെട്ട കാരണം ചാവറയച്ചൻ ഒരു ക്രൈസ്തവനായിരുന്നു എന്നുള്ളതാണ്. ഇങ്ങനെ പറയുമ്പോൾ ഇതൊരു ആവർത്തനം അല്ലെങ്കിൽ പൗനരുക്ത്യമായിത്തോന്നാം. അദ്ദേഹമൊരു നാമമാത്ര ക്രിസ്ത്യാനിയായിരുന്നില്ല; ക്രിസ്തുവിൽ പരിപൂർണ്ണമായി വിശ്വസിച്ച ഒരു മഹാവ്യക്തിയായിരുന്നു എന്നു പറയുമ്പോൾ ക്രിസ്തുവിൽ സ്വയം സമർപ്പിക്കാതെ ഒരു ക്രിസ്ത്യാനിക്കു ജീവിതമില്ല എന്നു വിശ്വസിച്ചിരുന്ന ഒരു വ്യക്തി ആയിരുന്നു എന്നുതന്നെയാണർത്ഥം. തന്റെ ജീവിതം മുഴുവനും ക്രിസ്തുവിനു കൊടുത്തിട്ട്

ക്രിസ്തുവിൽനിന്നതു തിരിച്ചുവാങ്ങാതെ ഒരു ക്രിസ്ത്യാനിക്കു ജീവിതമില്ല എന്നുള്ള ഒരു വിശ്വാസം, അദ്ദേഹത്തിന്റെ കൃതികളിൽ അങ്ങോളമിങ്ങോളം പ്രതിഫലിച്ചു കാണുന്നുണ്ട്. അതിനോടനുബന്ധിച്ചുള്ളതായ മറ്റു പല കാര്യങ്ങളും കൂടി ആ ജീവിതദർശനത്തിൽ പ്രതിഫലിക്കുന്നതായി നമുക്കു കാണുവാൻ കഴിയും.

## പൂർണ്ണ സമർപ്പണത്തിന്റെ വഴി

എങ്ങനെയാണ് ഒരു ക്രൈസ്തവനു തന്നെത്തന്നെ ക്രിസ്തുവിന് പൂർണ്ണമായി സമർപ്പിക്കാൻ സാധിക്കുക?

മനുഷ്യൻ സൃഷ്ടിയാണ്. ദൈവം സ്രഷ്ടാവാണ്. സൃഷ്ടിയും സ്രഷ്ടാവും തമ്മിലുള്ള അകലം വളരെ വലുതാണ്; അതൊരു വലിയൊരു വിടവാണ്. ഈ വിടവു മൂലം സൃഷ്ടിയ്ക്കു സൃഷ്ടിയുടേതായ പോരായ്മകളുണ്ട്. അതിൽനിന്ന് ഉളവാകുന്നതാണ് പാപങ്ങൾ. പാപബോധത്തോടുകൂടി പശ്ചാത്തപിച്ച് പാപത്തിൽനിന്ന് മുക്തിനേടിയെങ്കിൽ മാത്രമെ പാപിയും സൃഷ്ടിയുമായ വ്യക്തിക്ക്, മനുഷ്യന്, ദൈവവുമായി സമ്പർക്കം പുലർത്താൻ സാധിക്കുകയുള്ളു. അതിനാൽ ഒരു ക്രൈസ്തവന്റെ ജീവിതത്തിൽ ഏറ്റവും അതിപ്രധാനമായി അനുഷ്ഠിക്കേണ്ട സംഗതി അവനവനെപ്പറ്റി ത്തന്നെ സ്വയം ബോധവാനാവുകയെന്നുള്ളതാണ്. ഇത് ചാവറ കുരിയാക്കോസച്ചൻ തന്റെ ജീവിതത്തിൽ അന്വർത്ഥമാക്കി.

താൻ പരിശുദ്ധനാണ്, ശക്തനാണ്, ശില്പിയാണ് മഹത്വമുള്ളവനാണ്... എന്നിങ്ങനെയുള്ള ധാരണ ഒരു വശത്തുണ്ടെങ്കിലും മഹാ മഹാ പരിശുദ്ധനായിരിക്കുന്ന അപ്രതിമപ്രഭാവനായിരിക്കുന്ന, സ്രഷ്ടാവായിരിക്കുന്ന, അനാദ്യന്ത്യനായിരിക്കുന്ന, ജഗദീശ്വരനുമായി തുലനം ചെയ്യുമ്പോൾ താൻ നിസ്സാരനാണ് എന്നൊരു ബോധം കൂടിയും വളർത്തിയെടുക്കണം. ഈ ബോധത്തിൽനിന്ന് ഉളവാകുന്ന എളിമ, വിനയം വേണം മനുഷ്യജീവിതത്തെ ധന്യമാക്കുവാൻ. ഈ ബോധത്തിൽനിന്നുമാണ് ഒരു ക്രൈസ്തവനു പശ്ചാത്താപനിർഭരമായ ഒരു ഹൃദയം ലഭിക്കേണ്ടത്. അപ്പപ്പോൾ ചെയ്തിട്ടുള്ള എല്ലാ പാപങ്ങൾക്കും *ഈ പശ്ചാത്താപം തന്നെ പ്രായശ്ചിത്തം* എന്നു മഹാകവി വള്ളത്തോൾ പറഞ്ഞിട്ടുള്ളത് ഇതേ ആശയത്തെ മുൻനിറുത്തിയാണ്. മനുഷ്യനെ സംബന്ധിച്ചിടത്തോളം ക്രിസ്തുവിൽ ലയിക്കുക, ദൈവത്തിൽ ലയിക്കുക എന്നുള്ളത് സാക്ഷാത്കരിക്കണമെങ്കിൽ അവൻ പശ്ചാത്തപിച്ചേ മതിയാകൂ. അതായത് അവൻ പാപബോധമുള്ളവനാകണം. ഗർവ്വാണ് വാസ്തവത്തിൽ മനുഷ്യന്റെ എല്ലാ അധഃപതനങ്ങൾക്കും മുഖ്യമായ നിദാനം. സാത്താനെ സംബന്ധിച്ച് പറയുമ്പോൾ അവന്റെ ഏറ്റവും വലിയ ദോഷം നിഗളമാണ്. താൻ വലുതാണ് എന്ന Pride, (Pride goes before a fall) അഹങ്കാരം എന്നു പറയുന്ന ആ നിഗളമാണ് എന്റെയും നിങ്ങളുടെയും എല്ലാ

അധഃപതനങ്ങൾക്കും കാരണം. ഹൈന്ദവപുരാണത്തിൽ പറയുംപോലെ കാളിയന്റെ ഗർവ്വ് ശ്രീകൃഷ്ണൻ എങ്ങനെ അവന്റെ മസ്തകത്തിൽ കയറിയിരുന്ന് ചവിട്ടി ചവിട്ടി അവനെക്കൊണ്ട് വിഷമായി ഛർദ്ദിപ്പിച്ചുവോ, ഏതാണ്ട് അതുപോലെ, അതിലും ശക്തിമത്തായ തരത്തിൽ ഓരോ വ്യക്തിയുടെയും അഹന്തയാകുന്ന വിഷം മർദ്ദനം ഏറ്റ് ഛർദ്ദിച്ചു പുറത്തേയ്ക്കു വമിക്കപ്പെട്ടു തന്നെയേ മതിയാകൂ. ഇത് വളരെ പ്രധാനപ്പെട്ടതുമാണ്.

## ആത്മനിന്ദയല്ലാത്ത വിനയം

ചാവറയച്ചന്റെ ജീവിതദർശനം മുഴുവൻ അദ്ദേഹത്തിന്റെ *'ആത്മാനുതാപം'* എന്ന കൃതിയിലാണ് നിഴലിക്കുന്നത് എന്ന് ഞാൻ വിശ്വസിക്കുന്നു. കാരണം തന്നെപ്പറ്റിത്തന്നെയുള്ള അദ്ദേഹത്തിന്റെ ബോധമാണ് ആ കവിതയുടെ ഉറവിടം. അദ്ദേഹത്തിന്റെ കൃതികളുടെ മുഴുവൻ ഉറവിടം തന്നെപ്പറ്റിത്തന്നെയുള്ള ബോധമാണ്. താൻ പാപിയാണ്, താൻ നിസ്സാരനാണ് എന്ന ആ ബോധം; അത് ഒരിക്കലും ആത്മനിന്ദയല്ല. ആത്മനിന്ദയായിരുന്നുവെങ്കിൽ അദ്ദേഹത്തിന് ഇക്കാണുന്നതൊന്നും ചെയ്യാൻ കഴിയില്ലായിരുന്നുവല്ലോ. മറ്റുള്ളവരെ രക്ഷിയ്ക്കാൻ എനിക്കു ശക്തിയുണ്ട്, സന്യാസാശ്രമങ്ങൾ സ്ഥാപിക്കാൻ തനിക്കു കഴിയും എന്ന ആ ആത്മവിശ്വാസം ആത്മനിന്ദയിൽനിന്ന് ഒരിക്കലും ഉണ്ടാകുകയില്ല. ആത്മനിന്ദയല്ലാത്ത വിനയം, എളിമ, പശ്ചാത്താപം എന്നിവയാണ് ആ ജീവിതദർശനത്തിന്റെ അടിക്കല്ലായിട്ടുള്ളത്. അപ്പോൾ ആദ്യത്തേത് ദൈവവിശ്വാസം, രണ്ടാമത്തേത് ക്രിസ്തുവിൽകൂടി ദൈവത്തിൽ എത്താമെന്ന വിശ്വാസം, മൂന്നാമത്തേത് പശ്ചാത്തപിച്ച് ക്രിസ്തുവിനെ സ്വീകരിക്കാതെ ക്രിസ്തുവിൽ എത്താൻ സാധിക്കുകയില്ല എന്ന വിശ്വാസം; അങ്ങനെ എത്തണമെങ്കിൽ സമ്പൂർണ്ണമായി തന്നെത്തന്നെ ക്രിസ്തുവിനു സമർപ്പിച്ചേ മതിയാകൂ എന്ന വിശ്വാസം... അങ്ങിനെ ക്രിസ്തുവിൽ സ്വയം സമർപ്പിച്ച് സ്വന്തം ജീവിതം തിരിച്ചെടുക്കുമ്പോൾ ഒരു ക്രിസ്ത്യാനിക്ക് ലഭിക്കുന്ന സവിശേഷമായ ഗുണത്രയങ്ങളെപ്പറ്റിയുള്ള വിശ്വാസം... *വിശ്വാസം, പ്രത്യാശ, സ്നേഹം* എന്നിങ്ങനെ സാധാരണ രീതിയിൽ, പറയുന്ന, faith, hope and charity, *വിശ്വാസം, ശരണം, ഉപവി* എന്നിങ്ങനെ ഈ മൂന്നു ഗുണങ്ങൾ ക്രിസ്ത്യാനിക്ക് ക്രിസ്തുവിൽ നിന്ന് ലഭിക്കുന്നു എന്ന പരമമായ ആ വിശ്വാസം. ഈ ഗുണത്തിൽ കൂടിയാണ് വാസ്തവത്തിൽ ഒരു ക്രൈസ്തവൻ ക്രിസ്തുവിനെ പ്രാപിക്കുക. ബുദ്ധന്റെയും മറ്റും അഷ്ടമാർഗ്ഗങ്ങളാലെന്നതുപോലെ, മറ്റു മതക്കാർക്ക് അവരവരുടെ ശാസനകളാലെന്നതുപോലെ, ഈ മൂന്നു ദൈവിക നൽവരങ്ങളും പ്രാപിച്ച്, പശ്ചാത്തപിച്ച്, അനുതപിച്ച്, ക്രിസ്തുവിൽ ലയിക്കുന്ന ഒരു വിശ്വാസിയ്ക്കാവട്ടെ ക്രിസ്തുവിൽകൂടി ദൈവസന്നിധിയിലേക്കു സ്വയം കടന്നു ചെല്ലാൻ സാധിക്കുന്ന വിധംതന്നെ തന്റെ സഹജീവികളെയും ആ

മഹൽസന്നിധിയിലേക്കു നയിക്കാൻ കഴിയും. അപ്പോൾ ജീവിതദർശനത്തിന്റെ നാലാമത്തെ ഭാഗമെന്നു പറയുന്നത് *ദൈവസ്നേഹം* തന്നെയാണെന്നു നാമറിയുന്നു. ക്രിസ്തുവിനോടുള്ള സ്നേഹം, പാപബോധം, പാപബോധത്താൽ അനുതപിക്കുന്ന ഹൃദയത്തിനു സംലഭ്യമാകുന്ന ക്രിസ്തുസംയോഗം, ആ സംയോഗത്താൽ സംലബ്ധമാകുന്ന ഗുണത്രയങ്ങൾ. ഈ ഗുണത്രയങ്ങൾ... കിട്ടിക്കഴിയുന്ന വ്യക്തിക്ക് ഒരിയ്ക്കലും പിന്നെ ദൈവത്തെ മാത്രം ധ്യാനിച്ച് മനുഷ്യരെ മുഴുവൻ വിസ്മരിച്ച് കൊടുങ്കാട്ടിൽ പോയി തപസ്സു ചെയ്യാൻ സാദ്ധ്യമല്ല. ക്രിസ്തു സ്വർഗ്ഗത്തിൽനിന്ന് ഭൂമിയിൽ അവതരിച്ചത് ഇങ്ങിനെയുള്ള ഒളിച്ചോട്ടത്തിനുമായിരുന്നില്ലല്ലോ; ദൈവികമായ അനുഭൂതിയെ ഭൂമിയിലേക്ക് ഇറക്കികൊണ്ടു വരുന്നതിനുതന്നെയായിരുന്നു. *"നിന്റെ രാജ്യം വരേണമെ ഈ ഭൂമിയിൽ"* എന്നുള്ള പ്രാർത്ഥന നമ്മെ പഠിപ്പിച്ചത് ഭൂമിയെ സ്വർഗ്ഗമാക്കിത്തീർക്കുന്നതിനുവേണ്ടിയാണ്.

## സ്വന്തം ജീവിതംകൊണ്ടു സാക്ഷ്യം

ഈ ഭൂമിയിലുള്ള എല്ലാ കാര്യങ്ങളെയും, മനുഷ്യനെത്തന്നെയും, പ്രതിനിമിഷം ആദ്ധ്യാത്മികമാക്കികൊണ്ട് ദൈവസന്നിധാനത്തിലേക്ക് എത്തിക്കുക എന്ന കർമ്മമാണ് നമുക്ക് നിർവ്വഹിക്കാനുള്ളത്. അതുകൊണ്ട് പരസ്നേഹം എന്നുള്ളത് സമൂർത്തമാക്കാൻ കഴിയുന്നില്ലെങ്കിൽ ക്രൈസ്തവന്റെ ജീവിതം ധന്യമാകുകയില്ല എന്നാണ് ചാവറയച്ചൻ അസന്നിഗ്ദ്ധമായി സ്വജീവിതം കൊണ്ടു പറഞ്ഞത്.

*Contemplation and Solitude and Society*; ഒരു വശത്ത് ദൈവവുമായി ഏകാന്തതയിൽ സമ്പർക്കം പുലർത്തുക; അങ്ങിനെ അവിടെനിന്ന് ലഭിക്കുന്ന ആദ്ധ്യാത്മികശക്തിയോടുകൂടി സമൂഹമദ്ധ്യത്തിൽവന്ന് കൂടുതൽ കൂടുതൽ പ്രവർത്തിക്കുക... അതാണ് ആ യുഗപുരുഷൻ സമൂഹത്തിനു നൽകുന്ന സന്ദേശം തന്നെ.

ചാവറയച്ചൻ ആവിലായിലെ സെന്റ് തെരേസയെപ്പറ്റി പഠിച്ച് മനസ്സിലാക്കുവാൻ ശ്രമിച്ചിരുന്നു. അദ്ദേഹം മലയാളം പഠിച്ചു, തമിഴ് പഠിച്ചു, സംസ്കൃതം പഠിച്ചു, ലത്തീൻ പഠിച്ചു. വാർദ്ധക്യകാലത്ത് പോർട്ടുഗീസ് പഠിച്ചു. അതു കഴിഞ്ഞിട്ടും അദ്ദേഹത്തിന് ഒരു തീരാദുഃഖം ഉണ്ടായി. ആവിലായിലെ സെന്റ് ത്രേസ്യായുടെ ആഭ്യന്തരഹർമ്മ്യം സ്പാനീഷ് ഭാഷയിൽതന്നെ പഠിക്കുവാൻ വശമില്ലല്ലോ എന്നുള്ളതായിരുന്നു അത്. എന്നിട്ട് അദ്ദേഹം നടത്തിയ പ്രാർത്ഥന ഇങ്ങിനെയായിരുന്നു:

*"അമ്മേ, അമ്മത്രേസ്യേ, എനിക്ക് ഈ ഭാഷ പഠിച്ചിട്ട് ആ മഹാഹർമ്മ്യത്തിന്റെ ശ്രീകോവിലിലേയ്ക്ക് എത്താൻ കഴിയാത്തതുകൊണ്ട്, അവിടത്തെ ആദ്ധ്യാത്മികശക്തിയാൽ എന്റെ ഹൃദയത്തിലേയ്ക്ക് അനുഭൂതികൾ സംക്രമിപ്പിക്കേണമേ.*

യോഗാത്മകമായ അനുഭൂതിയിൽ ആവിലായിലെ സെന്റ് തെരേസാ ദൈവവുമായി എങ്ങിനെ സംഭാഷണം നടത്തിയോ, അതേ വിധത്തിൽ, ധ്യാനത്തിലൂടെ, തപസ്സിലൂടെ, സമാധിയിലൂടെ, ശക്തി സമ്പാദിച്ച് ദൈവത്തെ പ്രാപിച്ചിട്ട്, ആ ശക്തി സഹജീവികൾക്കു പ്രയോജനപ്പെടുത്തത്തക്കവിധത്തിൽ വ്യയം ചെയ്യുന്നതിനാണ് അദ്ദേഹം ആഗ്രഹിച്ചത്.

ദൈവികമായ ഈ നൽവരം സമ്പാദിക്കാതെ സ്വർഗ്ഗരാജ്യത്തിലേക്കു കടക്കുവാനാണ് ചിലരുടെയെങ്കിലും ആഗ്രഹം. ആ നൽവരം കിട്ടിയിട്ട് അഥവാ ചോർന്നുപോയാൽ മറ്റാരെങ്കിലും അത് എടുത്തു കളയുമോ എന്ന സ്വാർത്ഥഭീതിയാൽ ഒഴിഞ്ഞു മാറി, സർവ്വതും പാപമാണ്, ചെയ്യുന്നതും നോക്കുന്നതും വിചാരിക്കുന്നതും എല്ലാം പാപമാണ് എന്നു കരുതി കാട്ടിലേക്ക് ഒളിച്ചുപോകാമെന്ന മനോഭാവം വാസ്തവത്തിൽ അപകടകരമാംവിധം പ്രഭാശൂന്യമാണ്. പലായന സ്വഭാവത്തെയാണതു കാണിക്കുന്നത്. ആ അനുഭവം സഹജീവികൾക്കും ഉണ്ടാകണം എന്നാണ് യഥാർത്ഥത്തിൽ ആഗ്രഹിക്കേണ്ടത്. കർത്താവ് ഉയിർത്തെഴുന്നേറ്റ വിവരം അറിഞ്ഞപ്പോൾ എന്താണു ചെയ്തത്? അത് താൻ മാത്രം അറിഞ്ഞാൽ മതി എന്നു കരുതാതെ ഓടിച്ചെന്ന് സർവ്വരോടും പറഞ്ഞു: *എന്റെ കർത്താവ് ഉയിർത്തെഴുന്നേറ്റു* എന്ന്. അതുപോലെ ഒരു ആദ്ധ്യാത്മികാനുഭൂതി ലഭിച്ചാൽ അതു സ്വകാര്യസ്വത്തായി കരുതരുത്. യഥാർത്ഥ യോഗികൾ ആരും കരുതില്ല. സ്വകാര്യസ്വത്താണെങ്കിൽത്തന്നെ അതത്രയും സഹജീവികൾക്കു കൂടി അനുഭവവേദ്യമാക്കി പകർന്നുകൊടുക്കത്തക്കവിധത്തിലുള്ളതായിരുന്നു ചാവറയച്ചന്റെ പ്രവർത്തനം മുഴുവൻ. ധ്യാനത്തിലൂടെ സാദ്ധ്യമാകേണ്ട ഈ അനുഭവശക്തി മറ്റുള്ളവർക്കുകൂടി അതേ അളവിൽ പ്രയോജനപ്പെടുത്തണം എന്നാണ് അച്ചൻ ആഗ്രഹിച്ചത്. അങ്ങിനെ അവരെകൂടി കൂടുതൽ കൂടുതൽ ദൈവത്തിലേക്ക് അടുപ്പിക്കുന്നതിനുവേണ്ടിയുള്ള മാർഗ്ഗങ്ങൾ ആവിഷ്കരിക്കുകയാണ് അദ്ദേഹം ചെയ്തത്. വിശ്വാസത്തിൽക്കൂടി, ശരണത്തിൽക്കൂടി, ഉപവിയിൽക്കൂടി, ലഭിക്കുന്ന ആദ്ധ്യാത്മികശക്തികൊണ്ട് മറ്റു മനുഷ്യരെക്കൂടി സ്നേഹിക്കണം, സേവിക്കണം എന്നുള്ള ബോധത്തോടെ പ്രവർത്തിച്ച് അതിലൂടെ ലോകത്തെ സ്വർഗ്ഗവുമായി ബന്ധിപ്പിക്കുക എന്നുള്ളതായിരുന്നു ചാവറയച്ചന്റെ ആഗ്രഹം; ശ്രമം.

ക്രൈസ്തവന്റെ ജീവിതത്തിൽ നിശ്ചലമായ ഒരവസ്ഥയില്ല. അനുനിമിഷം വളർന്നുകൊണ്ട്, പ്രഭയിൽ നിന്ന് പ്രഭയിലേക്കു വികസിച്ചുകൊണ്ട്, കൂടുതൽ കൂടുതൽ ദൈവതേജസ്സ് പ്രതിബിംബിപ്പിച്ചുകൊണ്ട്, ദൈവ സന്നിധാനത്തിലേയ്ക്ക് ഉയർന്നുയർന്നുകൊണ്ടേയിരിക്കുക എന്ന ചടുലവും ഫലദായകവുമായ ഒരു പ്രതിഭാസമാവണം യഥാർത്ഥ ക്രൈസ്തവന്റെ ജീവിതം. അനുനിമിഷം സ്വർഗ്ഗരാജ്യത്തിലേയ്ക്കു ഭൂമിയിലെ സർവ്വവിധമായ നിവർത്തനങ്ങളേയും ഫലശ്രുതിയിൽ കൊണ്ടുചെന്നെത്തിക്കുന്നതിനുള്ള

പ്രത്യേക പദ്ധതി നിർദ്ദേശിക്കത്തവിധമായിരുന്നു ചാവറയച്ചന്റെ കർമ്മപർവ്വം മുഴുവൻ. തന്റെ ജീവിതം മുഴുവൻ തന്റെ സഹജീവികൾക്കുവേണ്ടി അദ്ദേഹം ഒഴിഞ്ഞുവച്ചു; ഉഴിഞ്ഞുവച്ചു; എല്ലാ രംഗങ്ങളിലും; അവിടന്നു ചെയ്തിട്ടുള്ള എല്ലാ പ്രവർത്തനങ്ങളിലും ഒരുപോലെ.

ആ നിവർത്തനങ്ങളിൽ ഒരു ദർശനം വളരെ സ്പഷ്ടമാണ്; ആ ദർശനമാവട്ടെ വളരെയധികം ശുഭാപ്തിവിശ്വാസത്താൽ നിർഭരവുമാണ്, പ്രസന്നമാണ്, പ്രസാദാത്മകമാണ്; ത്യാഗനിർഭരവുമാണ്. ഞാൻ വേറെ, നിങ്ങൾ വേറെ എന്നൊരു മനോഭാവം ആ മഹദ്വ്യക്തിയിൽ ഉണ്ടായിരുന്നില്ല.

അദ്ദേഹം ഒരു വലിയ കത്തോലിക്കനായിരുന്നു എന്ന് കത്തോലിക്കരെല്ലാവരും പറയും. അദ്ദേഹം ഒരു വലിയ ക്രിസ്ത്യാനിയായിരുന്നു എന്നു ക്രിസ്ത്യാനികൾ ഏറ്റുപറയും. ഒരു വലിയ മനുഷ്യനായിരുന്നു എന്ന് സമൂഹമൊന്നാകെ സാക്ഷ്യപ്പെടുത്തും.

---

* 1971ൽ കൂനമ്മാവിൽ ചാവറ പിതാവിന്റെ ചരമശതാബ്ദിയാഘോഷവേളയിലെ സാഹിത്യ സമ്മേളനത്തിൽ നടത്തിയ പ്രഭാഷണത്തിൽനിന്നും

ഒൻപത്

# ഹൃദയത്തിന്റെ കൈയ്യൊപ്പുള്ള അക്ഷരസാക്ഷ്യം

ഡോ. കുര്യാസ് കുമ്പളക്കുഴി

കല മനുഷ്യന്റെ ആത്മീയാഹാരമാണ് എന്നു നിർവചിച്ചതു ലിയോ ടോൾസ്റ്റോയ് ആണ്. സാഹിത്യാദി കലാരൂപങ്ങളുടെ വായനയും ആസ്വാദനവും നമ്മുടെ സാംസ്കാരികവികാസത്തിനു പ്രയോജനപ്പെടണം എന്നാണദ്ദേഹത്തിന്റെ നിലപാട്. കലാസ്വാദനം, ധർമ്മബോധവും വിവേകചിന്തയും ബുദ്ധിവികാസവും മാനസികാഹ്ലാദവും പ്രദാനം ചെയ്യുമെന്നു ഭാരതീയ കലാചിന്തകരുടെ കുലപതിയായ ഭരതമുനിയും സിദ്ധാന്തിക്കുന്നുണ്ട്.

ലാവണ്യദർശനത്തിന്റെ പ്രകാശമാനമായ ഒരു മുഖമാണിത്. ഇതു മുൻനിർത്തി പല എഴുത്തുകാരും തങ്ങളുടെ രചനകൾ പ്രബോധനാത്മകവും ആദർശാത്മകവുമാക്കാൻ ബോധപൂർവം ശ്രമിക്കാറുണ്ട്. വിശ്വസാഹിത്യത്തിലെ പ്രഖ്യാതമായ പ്രാചീന രചനകളൊക്കെ ഈ വസ്തുത സാക്ഷ്യപ്പെടുത്തുന്നു.

ഇവിടെനിന്ന് ഒരു പടികൂടി കടന്ന്, ചില എഴുത്തുകാർ തങ്ങളുടെ മതപരവും ആദ്ധ്യാത്മികവുമായ വിശ്വാസങ്ങളും വീക്ഷണങ്ങളും സാഹിത്യരൂപങ്ങൾ മുൻനിർത്തി ആവിഷ്കരിക്കാൻ ശ്രമിക്കുന്നതായി കാണാം. ജനങ്ങളുടെ ആദ്ധ്യാത്മിക പുരോഗതിയും വിശുദ്ധിയുമാണ് അവരുടെ ലക്ഷ്യം. തീക്ഷ്ണമായ പ്രതിജ്ഞാബദ്ധതയോടെ സാഹിത്യത്തെ സജ്ജനങ്ങളുടെ ആത്മീയാഹാരമാക്കി മാറ്റുന്ന പ്രക്രിയയാണിത്.

## തൂലികയുടെ സുവിശേഷം

ഈ ലക്ഷ്യം മുൻനിർത്തിയാണ് ചാവറയച്ചൻ തൂലിക കൈയിലെടുത്തത്. ഒരെഴുത്തുകാരനു സാധാരണഗതിയിൽ ലഭ്യമാകാവുന്ന പ്രശസ്തിയും അംഗീകാരവും സാമ്പത്തികനേട്ടവും അദ്ദേഹത്തിന് ആവശ്യമുണ്ടായിരുന്നില്ല.

അതിനേക്കാൾ മഹത്തരമായ പ്രയോജനപരതയാണ്, ജനങ്ങളുടെ ആത്മീയ ഉണർവെന്ന ലക്ഷ്യമാണ്, അദ്ദേഹത്തെ പ്രചോദിപ്പിച്ചത്.

അസാധാരണമായ സിദ്ധിവിശേഷങ്ങളുടെ ഉടമയായിരുന്ന ചാവറയച്ചൻ സാഹിത്യവാസനയും അന്യമായിരുന്നില്ല. അല്ലായിരുന്നെങ്കിൽ അദ്ദേഹം വരഞ്ഞിട്ട അക്ഷരക്കൂട്ടങ്ങളിൽ സാരസ്വതസ്പർശം ഇവ്വിധം നിറയുമായിരുന്നില്ല. പക്ഷേ, ഈ സിദ്ധി അനന്യമനസ്കനായി പ്രയോജനപ്പെടുത്താൻ ബഹുകാര്യവ്യഗ്രത ഒരിക്കലുമദ്ദേഹത്തെ അനുവദിച്ചുമില്ല. ദിവസത്തിന്റെ ദൈർഘ്യം 24 മണിക്കൂറിലധികം ആവശ്യമുണ്ടായിരുന്ന അദ്ദേഹത്തിന് പലതിലൊന്നായി മാത്രം സാഹിത്യരചനയേയും കണക്കാനേ കഴിഞ്ഞിരുന്നുള്ളൂ.

എങ്കിലും ലഭ്യമായ ഇടവേളകളിൽ അക്ഷരദേവതയുടെ ഉദാരമായ അനുഗ്രഹം അദ്ദേഹത്തെ തേടിയെത്തുക തന്നെ ചെയ്തു. *ആത്മാനുതാപം, അനസ്താസ്യായുടെ രക്തസാക്ഷ്യം, മരണവീട്ടിൽ പാടുന്നതിനുള്ള പാന* എന്നീ കാവ്യങ്ങളും *നല്ല അപ്പന്റെ ചാവരുൾ, ധ്യാനസല്ലാപം, ധ്യാനക്കുറിപ്പുകൾ* തുടങ്ങിയ ഗദ്യരചനകളും ഈ വസ്തുത സാക്ഷ്യപ്പെടുത്തുന്നു. അതിവിശുദ്ധവും അത്യന്തതീക്ഷ്ണവും ജനങ്ങളുടെ ആത്മീയരക്ഷയിൽ അത്യുൽകണ്ഠാഭരിതവുമായ ഒരാത്മാവിൽനിന്ന് അരുണവർണമായൊഴുകിയ ആദ്ധ്യാത്മിക പ്രവാഹങ്ങളാണവ. അവയിലെമ്പാടും നിറഞ്ഞുതുടിക്കുന്നത് ആസ്വാദകരുടെ ആത്മീയ വിശുദ്ധിയെ കരുതിയുള്ള ചാവറയച്ചന്റെ അശാന്തമായ ഉദ്വേഗമാണ്.

കാവ്യജീവിതത്തിൽ ചാവറയച്ചന് മാതൃകയായിരുന്നത് അർണോസ് പാതിരിയാണെന്നു കരുതാം. 1844 മുതൽ അർണോസ് പാതിരിയുടെ കൃതികൾ അച്ചടിച്ചുതുടങ്ങിയിരുന്നു. അല്ലാതെതന്നെ, അർണോസ് കൃതികളുടെ താളിയോലപ്പകർപ്പുകൾ ക്രൈസ്തവസമൂഹത്തിൽ സുലഭമായിരുന്നുതാനും. ചാവറയച്ചന്റെ *ആത്മാനുതാപ*ത്തെ ചില ചരിത്രകാരന്മാർ അർണോസിന്റെ കൃതിയാണെന്നു തെറ്റിദ്ധരിക്കുകയുമുണ്ടായി. *മരണവീട്ടിൽ പാടുന്ന പാന*യ്ക്കും അർണോസിന്റെ *ചതുരന്ത്യത്തിലെ മരണപർവ്വ*ത്തിനും തമ്മിൽ രചനാപരമായ സാമ്യം ഏറെയുണ്ടുതാനും. '*മരണവീട്ടിൽ പാടുന്നതിനുള്ള പർവം*' എന്നാണ് ചാവറയച്ചൻ തന്റെ കൃതിക്കു നൽകിയിരുന്ന ശീർഷകം എന്നതും ശ്രദ്ധിക്കേണ്ടതാണ്.

**ആത്മാനുതാപം**

പന്ത്രണ്ട് അദ്ധ്യായങ്ങളും 4029 വരികളുമുള്ള സാമാന്യം ദീർഘമായ കാവ്യമാണ് *ആത്മാനുതാപം.* തനിക്കു ദൈവം നല്കിയ അനുഗ്രഹങ്ങൾക്കു പകരമായി തന്റെ ജീവിതം അവിടുത്തെ ഇഷ്ടം മാത്രം നിറവേറ്റുന്നതിനായി ഉഴിഞ്ഞുവയ്ക്കുവാൻ കഴിയാതെ പോയതിലുള്ള അനുതാപമാണ് കൃതിയുടെ സാരാംശം എന്നു പറയാം. സ്വന്തം ജീവിതാനുഭവങ്ങളുടെ

പശ്ചാത്തലത്തിൽ യേശുവിന്റെ ജീവിതവും പ്രബോധനങ്ങളും ആദിമസഭയുടെ ആരംഭവും വളർച്ചയും ആഖ്യാനം ചെയ്യുകയാണ് കവി. മാതാവിനോടുള്ള നിറഞ്ഞ ഭക്തിയും മദ്ധ്യസ്ഥാപേക്ഷയും ആഖ്യാനത്തിന്റെ പരഭാഗശോഭ വർദ്ധിപ്പിക്കുന്ന ഘടകമാണ്.'*അമലോത്ഭവ മാതാവിന്റെ ദാനസംഘം*' എന്നു താൻകൂടി മുൻകൈയ്യെടുത്തു സ്ഥാപിച്ച സന്യാസസമൂഹത്തിനു പേരിട്ട ചാവറയച്ചന് മാതാവിനോടുള്ള ഭക്തി എത്ര ആഴമേറിയതാണെന്ന് ഊഹിക്കാവുന്നതേയുള്ളൂ. ജപമാലഭക്തിക്കു കേരളക്രൈസ്തവസമൂഹത്തിൽ ഇത്രയേറെ പ്രചാരം ലഭിക്കാൻ മുഖ്യകാരണക്കാരനും ചാവറയച്ചൻ തന്നെ. "*ചരടിൽ തൂക്കിയ ബൈബിളെ*"ന്നു ജപമാലയെ വിശേഷിപ്പിച്ചതിന്റെ പൊരുളും മറ്റൊന്നല്ല. ആത്മാനുതാപത്തിന്റെ അന്തസ്തലം അത്യഗാധമായ വിശ്വാസത്തിന്റെയും ഭക്തിയുടെയും സമർപ്പണസന്നദ്ധതയുടെയും ആഴവും പരപ്പും ഒരേപോലെ ഉള്ളടങ്ങുന്നതാണ്:

*ആദിനായകനായ സർവേശ്വരൻ*
*ആദത്തിൻ സുതനായ് ചമച്ചെന്നെയും*
*ആയതിനെന്തുകാരണം ദൈവമേ*
*ആദ്യഹീനനാം നിന്റെ ദയതന്നെ!*

എന്നു കാവ്യാരംഭത്തിൽ തന്നെ തനിക്കു മനുഷ്യജന്മം നല്കിയ മഹാകൃപയ്ക്കു മുന്നിൽ കവി വിനയാന്വിതനാകുന്നു. പതുക്കെപ്പതുക്കെ ജീവിതത്തിലേക്കു കൺതുറക്കുകയും പിച്ചവയ്ക്കുകയും, പിന്നെപ്പിന്നെ അനുഭവങ്ങളുടെ വൈരുദ്ധ്യങ്ങളിൽ ഇടറിവീഴുകയും അക്ഷരങ്ങളുടെ അദ്ഭുതലോകത്തേക്കു ഗുരുനാഥന്റെ കരങ്ങൾ പിടിച്ചു ചുവടുവയ്ക്കുകയും ചെയ്തതനുസ്മരിക്കുമ്പോഴും കവി അത്ഭുതം കൂറുന്നു:

*ഇത്ര പാപിയാമെന്നുടെ ഹീനത*
*തത്രപോക്കിയതെത്ര മഹാചിത്രം!*

ശൈശവബാല്യകൗമാരങ്ങൾ പിന്നിട്ടു കവി മുന്നോട്ടു നീങ്ങുന്ന ചിത്രം രണ്ടാം അധ്യായത്തിൽ മനോഹരമായി വരച്ചിടുന്നു. കണ്ണുകൾക്കുള്ളിൽ എപ്പോഴും കത്തിജ്വലിക്കുന്ന അകകണ്ണുമായി സഞ്ചരിച്ച ചാവറയച്ചനു ജീവിതത്തിന്റെ പൊരുൾ നന്നേ ചെറുപ്പത്തിൽ തന്നെ യാഥാർത്ഥ്യബോധത്തോടെ തിരിച്ചറിയാൻ കഴിഞ്ഞിരുന്നു.അതുകൊണ്ടാണ്:

ഇന്നുകാണുന്ന പച്ചപ്പുല്ലതു നാളെത്തന്നെ
മന്ദിച്ചുവരളുന്നു വാടുന്നു സൂര്യോഷ്ണത്താൽ
മെച്ചമായ് കണ്ടീടുന്ന പുഷ്പങ്ങൾ ബഹുവിധം
ഇച്ഛയായതിനുള്ള ശോഭയും സുഗന്ധവും
എത്രയും ക്ഷണംകൊണ്ടു മാറിപ്പോയ് വീണീടുന്നു
ചിത്രമായതിനുള്ളൊരഴകുമൊക്കെപ്പോകും...

എന്നു മുന്നറിയിപ്പുതരാൻ ആ തൂലികയ്ക്കു കഴിഞ്ഞത്.

മഹാഭാരതത്തിൽ *യക്ഷപ്രശ്നം* എന്ന ഭാഗത്ത് യക്ഷൻ യുധിഷ്ഠിരനോടു ചോദിക്കുന്ന ദാർശനികഗൗരവമാർന്ന ചോദ്യങ്ങളിലൊന്ന് ലോകത്തിൽ ആശ്ചര്യകരമായതെന്ത് എന്നതായിരുന്നു. ഓരോ ദിവസവും ജീവജാലങ്ങൾ ചത്തൊടുങ്ങുന്നതു കൺമുന്നിൽ കണ്ടിട്ടും തനിക്കു മരണമില്ലെന്നതു പോലെ മനുഷ്യർ പെരുമാറുന്നതിനേക്കാൾ ആശ്ചര്യകരമായി മറ്റൊന്നില്ല എന്നു യുധിഷ്ഠിരൻ മറുപടി നല്കി. ആ മറുപടി ഉള്ളടക്കുന്ന മനുഷ്യമനോഭാവത്തിലെ ആപത്പ്രവണതകളെ യഥാസമയം കണ്ടറിയാൻ പലർക്കും കഴിയാറില്ല. അതിനു വരം കിട്ടിയ ചാവറയച്ചൻ ആത്മാനുതാപത്തെ ഈ പൊള്ളുന്ന ജീവിതയാഥാർത്ഥ്യത്തിന്റെ തീക്ഷ്ണമായ ആഖ്യാനമാക്കി മാറ്റിയിരിക്കുകയാണ്.

മരണത്തിന്റെ താഴ്വരയിൽക്കൂടി നടക്കാൻ വിധിക്കപ്പെട്ട നിസ്സഹായനായ മനുഷ്യൻ എവിടെയാണ് ആശ്രയവും അഭയവും കണ്ടെത്തുക? ചാവറയച്ചനു സംശയമില്ല. യേശുവിന്റെ ജീവിതകഥയിലും അവിടുത്തെ പ്രബോധനങ്ങളിലും തന്നെ. തികഞ്ഞ ഔചിത്യബോധത്തോടെ തന്റെ ലക്ഷ്യം നേടാൻ ആവശ്യമായത്ര ബൈബിൾ കഥാഭാഗങ്ങൾ തെരഞ്ഞെടുത്ത് തന്റേതായ വ്യാഖ്യാനങ്ങളും വിശദീകരണങ്ങളും ചേർത്ത് ഈ വസ്തുതകൾ പറഞ്ഞുകൊടുക്കാനാണ് തുടർന്നുള്ള അധ്യായങ്ങളിൽ കവി ശ്രമിക്കുന്നത്.

കന്യകമാതാവിന്റെ ജീവിതവും *ആത്മാനുതാപത്തിൽ* സമാന്തരമായി ആഖ്യാനം ചെയ്യുന്നുണ്ട്. അവിടുത്തെ സ്വർഗാരോഹണ ഘട്ടം വരെ ഇതു നീളുന്നു. *കടശ്ശിയപേക്ഷ* എന്ന അവസാനഭാഗം മാതാവിനോടുള്ള പ്രത്യേക പ്രാർഥനയാണ്:

*കന്നിയമ്മേ, നിന്റെ ദാസിയായ പാപി ഞാനിതാ*
*മന്നിലുള്ള നിന്റെ ശുദ്ധജീവിതത്തെയല്പമായ്*
*എന്നശുദ്ധാത്മാവിനാലെ പാപിയെന്ന ദാസി മേ*
*നിന്റെ ശുദ്ധനാവിനാലെ തരികയിന്നു ശരണവും...*

എന്നാണ് കവി അപേക്ഷിക്കുന്നത്. ഈ അപേക്ഷ അമ്മ കനിഞ്ഞു കൈക്കൊണ്ടു എന്നതിനു കാലവും ചരിത്രവും സാക്ഷി.

**മരണപർവം**

581 ഈരടികൾ മാത്രമുള്ള ചെറുകാവ്യമാണ് *മരണവീട്ടിൽ പാടുന്നതിനുള്ള പാന.* ചാവറയച്ചന്റെ മരണപർവം എന്നുതന്നെ ഇതിനെ വിശേഷിപ്പിക്കാം.

ക്രൈസ്തവവിശ്വാസമനുസരിച്ച് മരണത്തെ എങ്ങനെ സമീപിക്കണം, മനുഷ്യന്റെ മരണാനന്തരാനുഭവങ്ങളെന്തെല്ലാം, ആത്മാവിനു മോക്ഷം ലഭിക്കാൻ എന്തെല്ലാം ചെയ്യണം... തുടങ്ങിയ വസ്തുതകൾ വിശദീകരിച്ച്

ബോദ്ധ്യപ്പെടുത്താനാണ് കവി ആഗ്രഹിക്കുന്നത്. ഇതിലേക്ക് ഏതാനും ഉദാഹരണങ്ങൾ കൂടി അദ്ഭുതസംഭവങ്ങൾ എന്ന നിബന്ധിൽ അദ്ദേഹം കൂട്ടിച്ചേർക്കുന്നുണ്ട്.

മനുഷ്യൻ തന്റെ ആത്മസുഹൃത്തുക്കളായി മൂന്നു വസ്തുതകളെയാണ് പൊതുവെ സ്വീകരിച്ചിരിക്കുന്നതെന്നു കവി ഓർമിപ്പിക്കുന്നു... *ലോകം, അഭിമാനം, ശരീരം.* എന്നാൽ ഇവയൊന്നും യഥാർത്ഥ സുഹൃത്തുക്കളല്ല. കാരണം ഇവയൊക്കെ ഏറിയാൽ മരണത്തോളമേ നിലനിൽക്കൂ. മരണത്തിനപ്പുറത്തും ജീവിതമുണ്ട്. അവിടേക്ക് നമ്മെ നയിക്കാൻ ഈ സുഹൃത്തുക്കൾക്കാവില്ല. നാലാമതൊരു സുഹൃത്തുണ്ട്; *സുകൃതങ്ങൾ.* അവയ്ക്കു മാത്രമേ മരണത്തിനപ്പുറത്തും നമ്മെ സഹായിക്കാൻ കഴിയൂ. അതുകൊണ്ട് യഥാർത്ഥ സുഹൃത്ത് സത്കർമങ്ങളാണ്; അവ സ്വന്തമാക്കാൻ നാം വളരെ കരുതലോടെ യത്നിക്കണമെന്നു കവി ആഹ്വാനം ചെയ്യുന്നു.

സഭാപ്രസംഗകൻ ഏഴാമദ്ധ്യായം ആരംഭിക്കുന്നതിങ്ങനെയാണ്:

*"സൽപേരു വിലയേറിയ സുഗന്ധതൈലത്തേക്കാളും മരണദിനം ജനദിനത്തെക്കാളും ഉത്തമം. വിരുന്നുവീട്ടിൽ പോകുന്നതിനെക്കാൾ വിലാപഭവനത്തിൽ പോകുന്നത് ഉത്തമം. കാരണം, ഇതാണ് സർവമനുഷ്യരുടെയും അന്ത്യം. അതു ജീവിച്ചിരിക്കുന്നവരുടെ ഹൃദയത്തിൽ തട്ടുകയും ചെയ്യും. ചിരിയേക്കാൾ ദുഃഖം ഉത്തമം; മുഖം വാടുമ്പോൾ ഹൃദയം ഉല്ലസിക്കും."*

ഈ വാക്യങ്ങൾ കാവ്യവത്കരിച്ചുകൊണ്ടാണ് *മരണവീട്ടിൽ പാടുന്ന* പാനയുടെ തുടക്കം:

*ജന്മദിനത്തെക്കാൾ മരണദിനം നല്ലൂ*
*ജന്മഘോഷത്തെക്കാൾ മരണഘോഷം*
*കല്യാണപന്തലിൽ പോകുന്നതിനേക്കാൾ*
*കണ്ണോക്കിൻ കേതത്തിൽ പോകനന്നു*
*എന്നുള്ളൊരീ വാർത്ത ഇന്നുള്ളതല്ലഹോ*
*മുന്നുള്ള ബുദ്ധിമാൻ രാജസുതൻ*
*മാന്യനാം കൊഹ്ലസായ് ചൊല്ലപ്പെടുന്നതും*
*ധന്യരാം മേജനം കേട്ടീടണം...*

വികാരഭരിതവും വിചാരമധുരവുമായ ആവിഷ്കാരമാണ് ചാവറയച്ചന്റെ പാന. മരണത്തെ മുഖാമുഖം കണ്ടുകൊണ്ടിരുന്ന് ഈ പാന പാടുന്ന നിമിഷങ്ങൾ തീർച്ചയായും ജീവിതത്തെ വിശുദ്ധീകരിക്കുന്ന ധന്യമുഹൂർത്തമായിരിക്കും. പക്ഷേ, ചാവറയച്ചൻ ആഗ്രഹിച്ചതുപോലെ ഈ പാന ഇന്നു നമ്മുടെ മരണവീടുകളിൽ ആലപിക്കപ്പെടുന്നില്ല. വർത്തമാനകാല സമൂഹത്തിന്റെ ആത്മവിശുദ്ധിയും ആധ്യാത്മികാവബോധവും അത്രകണ്ടു കൈമോശം വന്നിട്ടുണ്ടെന്നു നമ്മൾ നെടുവീർപ്പോടെ തിരിച്ചറിയുക.

**അനസ്താസ്യയുടെ രക്തസാക്ഷ്യം**

91 ഈരടികൾ മാത്രമുള്ള ലഘുകാവ്യമാണിത്. ആലാപനസൗഭാഗ്യം ഏറെയുള്ള വഞ്ചിപ്പാട്ടുവൃത്തത്തിലാണ് രചന. മൂന്നാം ശതകത്തിൽ റോമാ ചക്രവർത്തി വലേരിയന്റെ കാലത്ത്, സത്യദൈവത്തെ ആരാധിക്കരുതെന്ന കല്പന ലംഘിച്ചതിന് അതിദാരുണമായി കൊലചെയ്യപ്പെട്ട അനസ്താസ്യ എന്ന പെൺകുട്ടിയുടെ ഉജ്ജ്വലമായ രക്തസാക്ഷ്യത്തിന്റെ മനോഹരമായ ആഖ്യാനം. പീഡനങ്ങൾ ഒന്നൊന്നായി ഏറ്റുവാങ്ങുന്നതിനിടയിൽ അവൾക്കി ത്തിരി വെള്ളം കൊടുത്തതിന്റെ പേരിൽ വധിക്കപ്പെട്ട സിറിലോസ് എന്ന യുവാവിന്റെ വധവും ഇതിൽ ഉപാഖ്യാനമായി ചേർത്തിട്ടുണ്ട്:

*പുണ്യകന്നി അനസ്താസ്യ തന്റെയാത്മം ക്ഷണം തന്നെ*
*പുണ്യശോഭ നിറഞ്ഞുള്ള വിസ്മയത്താലേ*
*ദേഹസത്തുക്കളൊക്കെയി ക്രൂരശോകം ഭവിച്ചപോൽ*
*ദേഹി ശോഭ കിരീടങ്ങൾ ചൂടിയാനന്ദാൽ*
*പുഷ്യരാഗം പഞ്ചരത്നം വൈരവൈഡൂര്യമാണിക്കം*
*പച്ചമരതകമാദിയലംകാരത്താൽ*
*സ്നേഹമേറും മണവാളൻ യേശു തന്റെ മന്ദിരത്തിൽ*
*ദാഹമോടേ കുടിവച്ചു മണിയറയിൽ*

എന്നാണ് കവി സാക്ഷ്യപ്പെടുത്തുന്നത്. ക്രൈസ്തവസമൂഹത്തിന്, മഹ ത്തായ ഒരു രക്തസാക്ഷ്യ കഥ പാദങ്ങൾക്കു വിളക്കും വഴികളിൽ പ്രകാശ വുമാകത്തക്കവിധം അവതരിപ്പിക്കുകയാണ് ചാവറയച്ചൻ.

കവിയെന്ന നിലയിൽ മാത്രമല്ല, ഗദ്യകാരൻ എന്ന നിലയിലും ചാവറയ ച്ചന്റെ സംഭാവനകൾ ശ്രദ്ധേയമാണ്. ഒരു വ്യക്തിയുടെ ജീവിതത്തിന്റെ സമസ്ത മേഖലകളെയും സ്പർശിക്കുന്ന ഗൗരവമേറിയ ഉപദേശ നിർദേശ ങ്ങൾകൊണ്ടു മഹത്തായ ഒരു ഗദ്യകാവ്യമായിത്തീർന്നിരിക്കുകയാണ് *നല്ല അപ്പന്റെ ചാവരുൾ*. കഥകളും ഉപകഥകളും ഉചിതമായി വിന്യസിച്ചുകൊ ണ്ടുള്ള ആഖ്യാനം ലക്ഷ്യം കൈവരിക്കാൻ തികച്ചും പര്യാപ്തമാണ്. *ധ്യാന സല്ലാപങ്ങളിലും ധ്യാനക്കുറിപ്പുകളിലും* മാത്രമല്ല, കത്തുകളിൽപോലും സഹജീവിസ്നേഹംകൊണ്ടും സർവ്വജനക്ഷേമാകാംക്ഷകൊണ്ടും തുടി ക്കുന്ന വിശ്വാസതീക്ഷ്ണമായ ഒരു ഹൃദയത്തിന്റെ സാന്നിദ്ധ്യം നമുക്കു തൊട്ടറിയാൻ കഴിയും.

ഒരെഴുത്തുകാരന്റെ ഏറ്റവും വലിയ വിജയം തന്റെ രചനകളിൽ പകർന്നു വയ്ക്കാൻ കഴിയുന്ന ആത്മാംശമാണ് എന്ന സത്യം ചാവറയച്ചന്റെ കൃതി കളിലൂടെ കടന്നുപോകുമ്പോൾ നമ്മൾ അനുഭവിച്ചറിയുന്നു. ■

പത്ത്

# വാഗ്ദേവതയുടെ നിതാന്തനർത്തനം

ഡോ. സെഡ് എം. മൂഴൂർ

മലയാള ഖണ്ഡകാവ്യ പ്രസ്ഥാനത്തെക്കുറിച്ചു പറയുമ്പോൾ അതിനെ പ്രാചീനമെന്നും ആധുനികമെന്നും രണ്ടുവിധത്തിൽ കണക്കാക്കാറുണ്ട്.

സംസ്കൃത കാവ്യങ്ങളെ അനുകരിച്ചാണ് ആദ്യകാലത്തു ഖണ്ഡകാവ്യങ്ങളുണ്ടായത്. സംസ്കൃതത്തിൽ ഖണ്ഡകാവ്യത്തെ ഇങ്ങനെ നിർവചിക്കുന്നു:

*അല്പാക്ഷര സന്ദിഗ്ദ്ധം*
*സംസാരം സർവ്വതോമുഖം*
*സ്തോഭക്ഷോഭകരം വാക്യം*
*ഖണ്ഡകാവ്യം പ്രചക്ഷതേ*

സംസ്കൃതരീതി അവലംബിച്ചു രൂപംകൊണ്ട ഖണ്ഡകാവ്യങ്ങളെ പ്രാചീന ഖണ്ഡകാവ്യങ്ങൾ എന്നു വിളിക്കാം. അതിനുദാഹരണമാണ് കുചേലവൃത്തം വഞ്ചിപ്പാട്ട്.

ആംഗലഭാഷാ കാവ്യങ്ങളുമായി ബന്ധപ്പെട്ടാണ് ആധുനിക ഖണ്ഡകാവ്യ രചന മലയാളത്തിൽ രൂപപ്പെടുന്നത്. വേർഡ്സ്വർത്തിന്റെയും കോൾറിഡ്ജിന്റെയും കാലത്തോടെ വികസ്വരമായ കാല്പനികപ്രസ്ഥാനം പോലൊരു പരിവർത്തനം പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാന ദശകത്തിൽ ഉണ്ടായി. നവോത്ഥാന കാലമെന്നാണ് ഇത് അറിയപ്പെടുന്നത്. നവോത്ഥാനത്തിന്റെ മുഖ്യധാരകൾ പാശ്ചാത്യ സാഹിത്യസമ്പർക്കം, ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ ആവിർഭാവം, സ്വാതന്ത്ര്യവാഞ്ഛ, വിദ്യാസമ്പന്നരുടെ ഇടയിലെ സാമൂഹ്യാവബോധം തുടങ്ങിയവയാണ്. സാമൂഹ്യ, രാഷ്ട്രീയരംഗങ്ങളിലുണ്ടായ നവോത്ഥാനം സാഹിത്യവീക്ഷണത്തെയും ഏറെ സ്വാധീനിച്ചു.

വസ്തുനിഷ്ഠമെന്നും ആത്മനിഷ്ഠമെന്നും ഖണ്ഡകാവ്യങ്ങളെ തിരിക്കാം. കവിയുടെ സ്വാനുഭവത്തേക്കാൾ കഥകൾക്കും പ്രകൃതിസംഭവങ്ങൾക്കും

ആയിരിക്കും വസ്തുനിഷ്ഠ ഖണ്ഡകാവ്യങ്ങളിൽ പ്രാധാന്യം. മലയാളത്തിൽ *മഗ്ദലനമറിയം, കരുണ, പിംഗള* തുടങ്ങിയ പ്രശസ്ത കാവ്യങ്ങൾ വസ്തുനിഷ്ഠ പ്രതിപാദനത്തിന് ഉദാഹരണങ്ങളാണ്. കവിയുടെ വികാരവിചാരങ്ങൾക്കും സ്വന്തം വ്യക്തിത്വപ്രകാശനത്തിനുമാണ് ആത്മനിഷ്ഠ ഖണ്ഡകാവ്യങ്ങളിൽ പ്രാധാന്യമുള്ളത്. നാലപ്പാട്ട് നാരായണമേനോന്റെ *കണ്ണുനീർത്തുള്ളി* ആത്മനിഷ്ഠ ഖണ്ഡകൃതിയാണ്. എന്നാൽ, പല ഖണ്ഡകാവ്യകൃതികളിലും മിശ്രരീതി കാണാറുണ്ട്. അവയെ വ്യക്തിനിഷ്ഠമെന്നോ ആത്മനിഷ്ഠമെന്നോ വ്യവച്ഛേദിച്ചു പറയാൻ കഴിയില്ല.

പ്രാചീന ഖണ്ഡകാവ്യങ്ങൾക്കെന്നതുപോലെ അധികം നീളമില്ലാത്ത ഇതിവൃത്തം തന്നെയാണ് ആധുനിക ഖണ്ഡകാവ്യങ്ങൾക്കുമുള്ളത്. ഇവയിലെ ഇതിവൃത്തങ്ങൾ ആദിമദ്ധ്യാന്തങ്ങളൊപ്പിച്ചു പൂർണമായ മട്ടിൽ രൂപം കൊള്ളുകയല്ല. ഇതിവൃത്തത്തിലെ സുപ്രധാന ഭാഗത്തിനു മിഴിവു നൽകി അപ്രധാന ഭാഗങ്ങൾ സൂച്യരൂപത്തിലാക്കി ആവിഷ്കരിക്കയാണ് ആധുനിക ഖണ്ഡകാവ്യത്തിന്റെ രീതി. നാടകീയമോ കാവ്യാത്മകമോ ആയ കഥാഭാഗമായിരിക്കും സാമാന്യേന ഖണ്ഡകാവ്യത്തിനാസ്പദം.

ഇതിവൃത്തം, ആധുനിക ഖണ്ഡകാവ്യത്തിൽ '*ബന്ധനസ്ഥനായ അനിരുദ്ധനി*'ലേതുപോലെ പുരാണപ്രസിദ്ധമായിരിക്കാം; അല്ലെങ്കിൽ കപോലകല്പിതമാകാം; അതുമല്ലെങ്കിൽ സങ്കല്പങ്ങളും യാഥാർത്ഥ്യങ്ങളും ചേർന്ന മിശ്രമാകാം. എന്തായിരുന്നാലും വായനക്കാരുടെ ശ്രദ്ധ പിടിച്ചുപറ്റാൻ കഴിയുന്ന വിധം ആവിഷ്കരിച്ചിരിക്കണം. ഇതിവൃത്ത ഘടനകളെ ഔചിത്യഭാസുരമായ രീതിയിൽ അനുപാതദീക്ഷയോടെ അംഗോപാംഗങ്ങളൊപ്പിച്ച് വികാരസാന്ദ്രമായി അവതരിപ്പിക്കാൻ കഴിയുക എന്നതാണ് ആധുനിക ഖണ്ഡകാവ്യങ്ങളുടെ സംവിധാനരീതി. കഥയുടെ വികാസ പരിണാമങ്ങൾക്കനുയോജ്യമായ വിധത്തിൽ വർണനകളും അലങ്കാരങ്ങളും ഉണ്ടാകാം. പക്ഷേ, ഇത് കഥയുടെ ഏകാഗ്രമായ പുരോഗതിക്കു പറ്റിയ രീതിയിലേ ആകാവൂ. നല്ലൊരു ചെറുകഥയുടെ കാവ്യസാത്കൃതമായ രൂപമാണ് ആധുനിക ഖണ്ഡകാവ്യമെന്നു പറയാം.

*സമഗ്രമായ ജീവിതത്തിന്റെ എല്ലാ ഭാഗങ്ങളിലുമായി ചിതറുന്നതിനു പകരം അതിന്റെ ഒരു ഭാഗത്ത് കവിപ്രതിഭ ഉറച്ചുനിൽക്കുമ്പോൾ ഒരു ഖണ്ഡകാവ്യം രൂപമെടുക്കുന്നു.*

ആധുനിക ഖണ്ഡകാവ്യങ്ങളുടെ സാമാന്യ സ്വഭാവമാണ് മേൽവിവരിച്ചത്. ഈ പ്രത്യേകതകൾ ചാവറയച്ചൻ എഴുതിയ '*അനസ്താസ്യായുടെ രക്തസാക്ഷ്യം*' എന്ന കൃതിക്കുണ്ടോ എന്നാണു പരിശോധിക്കേണ്ടത്.

പ്രഖ്യാതമായ ഒരു കഥ ആദിമകാല ക്രൈസ്തവരുടെ ചരിത്രത്തിൽനിന്ന് എടുത്തിരിക്കുന്നു. അധികം നീളമില്ലാത്ത ഇതിവൃത്തം എന്നത് കൃതിയുടെ വലിപ്പത്തിൽ മാത്രമല്ല പ്രതിപാദനത്തിലും കാണുന്ന പ്രത്യേകതയാണ്.

അനസ്താസ്യാ എന്ന തരുണീമണിയുടെ ജീവിതകഥ മുഴുവനും അവതരിപ്പിക്കുന്നുവെങ്കിലും ജീവചരിത്രത്തിലെ സുപ്രധാന ഭാഗങ്ങൾക്കു മിഴിവേകി അപ്രധാന ഭാഗങ്ങൾ സൂചിപ്പിച്ചു മാത്രം കാവ്യം അവതരിപ്പിക്കുന്ന ഉചിതജ്ഞനായ കവിയെ ആണിവിടെ ദർശിക്കുന്നത്. നാടകീയത ഭാഗമില്ലാതെ പാലിക്കുന്നുമുണ്ട്. ഭാവതീവ്രതയും ഭാവനാത്മകതയും രൂപസാരള്യമാർന്ന പ്രതിപാദനവും ഈ കൃതിയുടെ സവിശേഷതകളാണ്. ഔചിത്യപൂർണമായ അലങ്കാരങ്ങളും വർണനകളും ഈ ഖണ്ഡകാവ്യത്തിന് അകൃത്രിമശോഭ നൽകുന്നു.

മലയാളത്തിലെ ആധുനിക ഖണ്ഡകാവ്യ പ്രസ്ഥാനത്തിന്റെ അരുണോദയമായി സാഹിത്യ ചരിത്രകാരന്മാർ എ.ആർ. രാജരാജവർമയുടെ *മലയവിലാസത്തെയാണ്* എടുത്തുകാട്ടുന്നത്. ആ കൃതി കൊല്ലവർഷം 1070 (ക്രിസ്ത്വബ്ദം 1895)-ൽ ആണ് വിരചിതമായത്. എന്നാൽ, ചാവറ കുര്യാക്കോസച്ചൻ *അനസ്താസ്യായുടെ രക്തസാക്ഷ്യം* രചിച്ചത് 1862-ൽ ആയിരുന്നു; അതായത്, കേരളപാണിനിയുടെ *മലയവിലാസത്തിനു* മൂന്നു പതിറ്റാണ്ടു മുൻപ്!

മലയാളത്തിലെ ശ്രദ്ധേയമായ ഖണ്ഡകാവ്യങ്ങളെല്ലാം *മലയവിലാസത്തിന്റെ* അനുജത്തിമാരാണ്. കെ.സി. കേശവപിള്ളയുടെ '*ആസന്നമരണചിന്താശതകം*' ആണ് അവയിൽ ഒന്നാമത്തേത്. പിന്നീട് രൂപംകൊണ്ട ഖണ്ഡകാവ്യങ്ങൾ പലതും വിലാപ കാവ്യങ്ങളായിരുന്നു. '*ഒരു വിലാപം*' എന്ന പേരിൽ വി.സി. ബാലകൃഷ്ണപ്പണിക്കരും സി.എസ്. സുബ്രഹ്മണ്യം പോറ്റിയും ഓരോ കൃതിയും '*പ്രിയവിലാപം*' എന്ന പേരിൽ എ. രാജരാജവർമ ഒരു കൃതിയും രചിച്ചു. തികച്ചും ആത്മനിഷ്ഠങ്ങളായ പ്രസ്തുത കൃതികൾക്കു ശേഷമാണ് ആശാൻ, ഉള്ളൂർ, വള്ളത്തോൾ എന്നിവരുടെ കൃതികൾ കൈരളിയെ കോൾമയിർ കൊള്ളിച്ചത്. അങ്ങനെ ആധുനിക ഖണ്ഡകാവ്യപ്രസ്ഥാനത്തിന്റെ കാലഘട്ടം പരാമർശിക്കുമ്പോൾ വിശേഷിച്ച് ഒരു കാര്യം ഓർക്കാനുള്ളത് ചാവറയച്ചന്റെ ഖണ്ഡകാവ്യത്തിന് പതിറ്റാണ്ടുകൾ ശേഷമാണ് *മലയവിലാസമടക്കമുള്ള* ഖണ്ഡകാവ്യങ്ങൾ മലയാളത്തിൽ വിരചിതമായത് എന്നത്രെ.

### പശ്ചാത്തലം

1599-ൽ നടന്ന ഉദയംപേരൂർ സൂന്നഹദോസ് വരെ കേരളത്തിലെ സുറിയാനി കത്തോലിക്കാ സമുദായത്തിന്റെ ആദ്ധ്യാത്മികാവശ്യങ്ങൾ നിറവേറ്റിയത് ബാബേൽ പാത്രിയാർക്കീസിനാൽ നിയുക്തരായ സുറിയാനി മെത്രാന്മാർ ആയിരുന്നു. എന്നാൽ, സൂന്നഹദോസിലെ നിശ്ചയപ്രകാരം പാശ്ചാത്യ ലത്തീൻ മെത്രാന്മാർ കേരളത്തിലെ കത്തോലിക്കാസഭയുടെ ഭരണം ഏറ്റെടുത്തു. തുടർന്നുള്ള രണ്ടര നൂറ്റാണ്ട് പാശ്ചാത്യർ ഭരിച്ചു. സഭാതലവനായ മാർപ്പാപ്പയുടെ അംഗീകാരവും പാശ്ചാത്യർക്കായിരുന്നു. 1861-ൽ

ബാബേലിൽനിന്ന് നിരീക്ഷകനായി മാർ തോമസ് റോക്കോസ് എന്ന മെത്രാൻ കേരളത്തിലെത്തി. ലത്തീൻ ഭരണത്തിൽ അതൃപ്തരായ സുറിയാനികത്തോലിക്കർ അദ്ദേഹത്തിന്റെ പിന്നിൽ അണിനിരന്നു. ഭൂരിപക്ഷം പള്ളികളും തോമസ് റോക്കോസ് മെത്രാൻ പിടിച്ചെടുത്തു ഭരണം തുടങ്ങി. മാർപ്പാപ്പയുടെ അറിവും അംഗീകാരവും ഇല്ലാതെ കടന്നുവന്ന റോക്കോസിനെതിരെ, സുറിയാനികത്തോലിക്കരുടെ അനിഷേധ്യനേതാവായിരുന്ന ചാവറ കുര്യാക്കോസച്ചൻ മുന്നിട്ടിറങ്ങി. ഒരു വർഷത്തോളം നീണ്ടുനിന്ന ആഭ്യന്തര സമരത്തിനുശേഷം മാർ തോമസ് റോക്കോസ് പരാജയം സമ്മതിച്ച് ബാബേലിലേക്കു തിരിച്ചുപോയി. കത്തോലിക്കാവിശ്വാസത്തിനു വേണ്ടി ജീവൻപോലും ത്യജിക്കുവാൻ തയ്യാറായാണ് ചാവറയച്ചൻ സമരമുഖത്തിറങ്ങിയത്. ജനങ്ങൾക്കും സഹപ്രവർത്തകർക്കും ഉത്തേജനവും ആവേശവും നൽകുവാൻ വേണ്ടിയാണ് വിശ്വാസത്തിനു വേണ്ടി രക്തസാക്ഷിത്വം വരിച്ച അനസ്താസ്യായുടെയും സിറിലിന്റെയും കഥ ചാവറയച്ചൻ കാവ്യമായി രചിച്ചത്. അദ്ദേഹം അച്ചടിച്ചു വിളംബരം ചെയ്ത ലഘുലേഖയിൽ '*ഇങ്ങനെയുള്ളവരുടെ (റോക്കോസ് മെത്രാൻ) കൈകളാൽ രക്തസാക്ഷിയായി മരിക്കാൻ ഇടവരുന്നെങ്കിൽ അതു ദൈവത്തിന്റെ അധികമായ അനുഗ്രഹം എന്നോർത്ത് അതിനുകൂടിയും തുനിയുക ആവശ്യമായിരിക്കുന്നു*' എന്നു കാണുന്നു. ഒരു പക്ഷേ, ഈ ഖണ്ഡകാവ്യം മുഴുവൻ അച്ചടിച്ചുവിതരണം ചെയ്തിരിക്കാം, ആ രേഖയോടൊപ്പം, അദ്ദേഹം.

**ഇതിവൃത്തം**

എ.ഡി. മൂന്നാം നൂറ്റാണ്ടിൽ വലേറിയൻ ചക്രവർത്തി റോമിൽ ഭരണം കൈയേറ്റു. ക്രൈസ്തവരെ നിഹനിക്കുവാനും ജനങ്ങളെയെല്ലാം ജോവ് (ജൂപ്പിറ്റർ) ദേവന്റെ ആരാധകരാക്കുവാനും പരിശ്രമിച്ചു. ചക്രവർത്തിയുടെ മതമർദ്ദനത്തിനും വിഗ്രഹപൂജയ്ക്കും അരു നിന്നത് പ്രോബാ എന്ന മന്ത്രിപുംഗവനായിരുന്നു.

അക്കാലഘട്ടത്തിൽ സോഫിയാ എന്ന ഒരു കന്യാസ്ത്രീ ഒരു കന്യാലയം നടത്തിയിരുന്നു. അതീവസുന്ദരിയായ അനസ്താസ്യാ എന്ന തരുണീരത്നം മഠത്തിൽ അംഗമായി. ക്രിസ്ത്യാനാ എന്നുകൂടി നാമമുള്ള അവളെ മന്ത്രി കൊട്ടാരത്തിലേക്കു പിടിച്ചുകൊണ്ടുപോയി. ക്രിസ്തുമതം ഉപേക്ഷിക്കണമെന്നും ജൂപ്പിറ്റർ ദേവനെ ആരാധിക്കണമെന്നും അങ്ങനെ ചെയ്താൽ സമ്പത്തും രാജ്ഞീപദവും നൽകാമെന്നും മന്ത്രി വാഗ്ദാനം ചെയ്തു.

പക്ഷേ, അനസ്താസ്യാ അവയെല്ലാം തൃണസമാനം തള്ളിക്കളഞ്ഞു. ക്രിസ്തുവിനുവേണ്ടി ആത്മാർപ്പണം ചെയ്യാൻ തയ്യാറായി. ക്രൂരമർദ്ദനങ്ങൾക്ക് അവളുടെ മനസ്സുമാറ്റാനായില്ല. തടവറയിൽക്കിടന്നും യേശുവിന്റെ സ്തുതി പാടിയ അവളുടെ നാവ് മന്ത്രി അറുത്തുകളഞ്ഞു. ആസന്നമരണയായ

അനസ്താസ്യാ സമീപം നിന്നിരുന്ന സിറിലോസ് എന്ന ചെറുപ്പക്കാരനോട് തെല്ലു ദാഹജലം ആംഗ്യഭാഷയിൽ യാചിച്ചു. അയാൾ ജലം പകർന്നു നൽകി. ധീരോദാത്തയായ അനസ്താസ്യായേയും അവൾക്കു ദാഹനീർ പകർന്നു കൊടുത്ത സിറിലോസിനെയും പ്രോബാ നിർദ്ദയം വധിച്ചു. തനിക്കു വേണ്ടി വീരചരമം വരിച്ച ആ രണ്ടുപേരുടെയും ആത്മാക്കളെ യേശു സൗഭാഗ്യ പൂർണമായ പറുദീസായിലേക്ക് ആനയിച്ചു... ഇത്രയുമാണ് പുരാവൃത്തം.

കുട്ടനാട്ടുകാരനായ ചാവറയച്ചൻ ഈ മനോഹര കാവ്യരചനയ്ക്ക് വഞ്ചിപ്പാട്ടുരീതിയാണ് സ്വീകരിച്ചിട്ടുള്ളത്.

**പ്രതിപാദനരീതി**

എദുക്കാന്താത്ത് (വിദ്യാനികേതനം), സെനാത്തുമാർ (സെനറ്റ് അംഗം), നായകജാതത്രിയുഗം (ക്രിസ്തുവിനുശേഷം മൂന്നാം നൂറ്റാണ്ട്) എന്നിങ്ങനെ ചുരുക്കം ദുർഗ്രഹപദങ്ങളേ കാവ്യത്തിലുള്ളൂ.

മലയാള ഖണ്ഡകാവ്യ പരമ്പരയിലെ ആദ്യകൃതികളുടെയല്ല, കുമാരനാശാൻ അവസാനമെഴുതിയ 'കരുണ'യുടെ ശൈലിയിലാണ് ഈ ചാവറകൃതിയുടെ രചനയെന്നു കാണാം.

*അദ്ഭുതമായ് വിളങ്ങുന്ന സോഫിയാ എന്നുള്ള ശ്രേഷ്ഠ*
*ചൊൽപ്പെരിയ റോമ്മാതന്നിൽ വസിക്കുംകാലം*
*അനസ്താസ്യാ എന്ന പൈതൽ, പുതുകന്നി ഗണത്തോടെ*
*അണച്ചുചേർപ്പതിനായിട്ടുണർത്തിച്ചപ്പോൾ,*
*അമ്മ സോപ്യാ, പ്രിയമാതാല സ്നേഹമോടെ മകളായി*
*അങ്ങവളെ ചേർത്തു തന്റെ പുണ്യകേതത്തിൽ...*

എത്ര മധുരവും ലളിതവുമായ ശൈലിയാണെന്നു കാണുക. അത്യന്താധുനിക കവിതയുടെ ദുർഗ്രഹത എന്ന ദുർബ്ബാധ മലയാൺമയെ ഗ്രസിക്കുന്നതിനു മുമ്പുള്ള കവിതയ്ക്ക് ഒരു മാതൃകയായിക്കൂടി ഇതിനെ കണക്കാക്കാം.

മുന്നിൽ മന്ത്രിപുംഗവൻ നിൽക്കേ, പ്രശാന്തയായി മകൾക്ക് അന്ത്യോപദേശം നൽകുന്ന സോഫിയായെ എത്ര മർമ്മജ്ഞതയോടെയാണ് കവി ചിത്രീകരിച്ചിട്ടുള്ളത്. എത്രയുംവേഗം രാജാവിന്റെ പക്കലേക്കു നീ ചെല്ലുക എന്നു സോഫിയാ പറയുമ്പോൾ അതു വലേറിയൻ ചക്രവർത്തിയെക്കുറിച്ചാവുമെന്നാണ് മന്ത്രി ധരിക്കുന്നത്. അല്ല, മണവാളനായ ക്രിസ്തുവിനെയാണെന്നതു മനോഹരമായി അവതരിപ്പിക്കുന്ന ഭാഗം നോക്കുക:

*വാർത്തയൊക്കെ കേട്ടുടനെ പാർത്തുനിന്ന പുണ്യസോപ്യാ*
*ചേർത്തു തന്റെ മാർവിടത്തിൽ സ്നേഹപുത്രിയെ*
*സ്നേഹമേറും മകളേ നിർഭാഗ്യമേറും മണവാളൻ*
*ദാഹമോടെവിളിക്കുന്നു വേഗമായ്പ്പോക*

*പൂർവകാലേ നിൻകരത്തെ നീട്ടിദിവ്യദാഹമോടെ*
*മാറിടത്തിലണച്ചൊരു രാജനെ ഓർക്ക*
*നിൻമണത്തെ മുടിപ്പാനായ് ഒൺമയോടെ ധരിത്രിയിൽ*
*ഭംഗിയേറും കൊടി ഏന്തി വൻഗിരിയേറി*
*മെച്ചമേറും കിരീടത്തെ വച്ചുചൂടിശിരസ്സിനെ*
*അർച്ചനയായണച്ചു തൻജീവനുംകൂടെ*
*എന്ന നിന്റെ സുന്ദരനാം പുണ്യരാജമണവാളൻ*
*ഇന്നു തന്റെ മഹത്വം നീ കാട്ടുക വേഗം...*

ക്രിസ്തുമതം ഉപേക്ഷിക്കണമെന്നും, ചക്രവർത്തിയുടെ ഇംഗിതം നിറവേറ്റിയാൽ രാജ്യത്തെ സമ്പത്തു മുഴുവൻ സ്വന്തമാക്കാമെന്നുമുള്ള ചടുലവാക്കുകൾകൊണ്ട് മന്ത്രി അവളെ പ്രലോഭിപ്പിക്കുന്നു. പക്ഷേ, അവൾ പറയുന്നു.

*ലോകഭാഗ്യം സമർപ്പിക്കാൻ ദാഹമില്ല മമചിത്തേ*
*കൊലഹലമായ ശിക്ഷാഭീതിയുമില്ല...*

എന്ന്.

കൊലപാതകം ഹലമാക്കിയ ആളാണ് ചക്രവർത്തി. മന്ത്രി കോപാന്ധനായി മാറി. ചുരുങ്ങിയ വാക്കുകളിൽ ആ രംഗം കവി അവതരിപ്പിക്കുന്നു:

*ക്രൂരഭാവം നടിച്ചവൻ ചുണ്ടുരണ്ടും ചുവപ്പിച്ചു*
*ക്രോധവീര്യാൽ മുഖം സൂര്യാമേഘമായ് മൂടി...*

പിന്നീട് നിശിതവും ക്രൂരവുമായ ശിക്ഷാനടപടികൾ ഓരോന്നായി അവൾക്കെതിരേ മന്ത്രി അയയ്ക്കുന്നു:

*കന്നി തന്റെ ദേഹമൊക്കെ ചീന്തിയവർ പൊളിച്ചിട്ട്*
*ചിന്തി വീഴും ചോര കൊണ്ടു കുതിർത്തുഭൂമി...*

യാതൊരു വിധ ശിക്ഷകൊണ്ടും അവളെ കീഴ്പ്പെടുത്തുവാൻ റോമൻ സൈന്യാധിപനു കഴിഞ്ഞില്ല. യേശുവിന്റെ അപദാനങ്ങൾ വാഴ്ത്തിയ അനസ്താസ്യായുടെ നാവ് ആ നീചൻ അറുത്തുമാറ്റി:

*കഷ്ടമയ്യോ ശിഷ്ടനാവും പിഴുതുവേരാൽ*
*ശുദ്ധവായിൽനിന്നുടനേ കൊച്ചൊരാറെന്നതുപോലെ*
*രക്തധാര പുറപ്പെട്ടു, നനച്ചു സർവം...*

തുടർന്ന് സിറിലോസ് അവൾക്ക് ദാഹജലം പകരുന്നതും ഇരുവരേയും ഖലന്മാർ മൃത്യുവിലേക്കു നയിക്കുന്നതുമാണ് സംക്ഷിപ്തമായി ചാവറയച്ചൻ അവതരിപ്പിച്ചിട്ടുള്ളത്.

ഈ കഥ ഒരു ശുഭപര്യവസായിയായി മാറ്റിയിരിക്കുന്നുവെന്നതും ശ്രദ്ധേയമാണ്. പുഷ്യരാഗം, പഞ്ചരത്നം, വൈരവൈഡൂര്യം, പച്ചമരതകം

തുടങ്ങിയ രത്നങ്ങൾക്കൊണ്ട് അലംകൃതമായ പറുദീസയിലേക്ക് യേശു ഈ രണ്ട് ആത്മാക്കളേയും ആനയിക്കുന്നതോടെ *അനസ്താസ്യായുടെ രക്തസാക്ഷ്യം* അവസാനിക്കുന്നു.

പല ആളുകളോടും സന്ദർഭവശാൽ ഈ കാവ്യത്തെക്കുറിച്ച് ഞാൻ സംസാരിച്ചിട്ടുണ്ട്.

*ഹേയ്! അങ്ങനെ ഒരു കാവ്യം മലയാളത്തിലെ പ്രഥമ ഖണ്ഡകാവ്യമായിരിക്കയില്ല* എന്നാണ് മിക്കവരും തന്നെ പറഞ്ഞത്. പക്ഷേ, അവരാരും ഈ കാവ്യകൃതി മുഴുവനായി വായിച്ചിട്ടുള്ളവരല്ല. ആശാന്റെ *കരുണയോ*, വള്ളത്തോളിന്റെ *മഗ്ദലനമറിയമോ*, ഉള്ളൂരിന്റെ *പിംഗളയോ* വായിക്കുന്നവർക്ക് അതേ തോതു വച്ച് അളന്ന് ഈ കൃതിയെ വിലയിരുത്താൻ കഴിയും. മറ്റു ഖണ്ഡകാവ്യങ്ങളിൽ നിന്ന് ഏതംശത്തിലാണ് ഈ കൃതിക്ക് കുറവുള്ളതെന്ന് ചൂണ്ടിക്കാണിച്ചാൽ അത് അംഗീകരിക്കാം.

1981-ൽ സുദീർഘമായ അവതാരികയോടുകൂടി *അനസ്താസ്യായുടെ രക്തസാക്ഷ്യം* ഞാൻ പ്രസിദ്ധീകരിച്ചു; ശൂരനാട്ടു കുഞ്ഞൻപിള്ള, സച്ചിദാനന്ദൻ (കവി), ഗുരു നിത്യചൈതന്യയതി, ഡോ. പി.വി. വേലായുധൻപിള്ള എന്നിവർക്ക് അയച്ചു കൊടുത്തു. ഇവരെല്ലാം എന്റെ കണ്ടെത്തൽ അംഗീകരിക്കുകയും കവിയായ ചാവറയച്ചന്റെ കൃതിയെക്കുറിച്ചു വിലപ്പെട്ട അഭിപ്രായം നൽകുകയും ചെയ്തു. *അനസ്താസ്യായുടെ രക്തസാക്ഷ്യം* സമ്പൂർണമായി വായിക്കുകയും മറ്റു ഖണ്ഡകാവ്യകൃതികളുമായി താരതമ്യപ്പെടുത്തുകയും ചെയ്യുന്ന ഏതൊരാളും അതു പ്രഥമഖണ്ഡകാവ്യമായി അംഗീകരിക്കും എന്നുറപ്പുണ്ട്. കൃതി വായിക്കാതെ ഊഹിച്ച് അഭിപ്രായം പറയുന്നവരെ കണക്കിൽപ്പെടുത്തേണ്ടതില്ല.

1844-ൽ സ്വന്തമായി ഒരു അച്ചടിയന്ത്രം ഡിസൈൻ ചെയ്ത് നിർമ്മിച്ച ചാവറയച്ചൻ മുദ്രണാലയരംഗത്തെ അതികായനാണ്. 1887-ൽ ആരംഭിച്ച *നസ്രാണി ദീപിക* ദിനപ്പത്രം ആ പ്രസ്സിലാണ് ഒരു വ്യാഴവട്ടക്കാലം അച്ചടിച്ചത്. ചാവറയച്ചന്റെ ബൃഹദ്കവിതയായ *ആത്മാനുതാപം* ലെയോപോൾദ് മിഷനറിയുടെ ആമുഖക്കുറിപ്പോടുകൂടി ആ പ്രസ്സിൽനിന്നും പുറത്തുവന്നു. *അനസ്താസ്യായുടെ രക്തസാക്ഷ്യം*, കത്തോലിക്കാസഭയിലെ ആഭ്യന്തര സമരകാലത്ത് വിശ്വാസികളെ ലക്ഷ്യമാക്കി രചിച്ചതാകയാൽ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തി എന്നതിനു സംശയമില്ല. പക്ഷേ, ആ കൃതി കത്തോലിക്കാ സമൂഹത്തിൽ മാത്രം ഒതുങ്ങി. ഇതും ഇതുപോലുള്ള കൃതികളും വള്ളംകളിക്കും മറ്റുമായി പാട്ടുകൾ എന്ന നിലയിൽ ഉപയോഗിച്ചിരുന്നെങ്കിലും സാഹിത്യരംഗത്ത് അറിയപ്പെട്ടില്ല. അതുകൊണ്ട് ഈ കൃതിയെപ്പറ്റി ഒരു പരാമർശനംപോലും നമുക്ക് കാര്യമായി കിട്ടിയിട്ടില്ല. എങ്കിലും കൈയ്യെഴുത്തു പ്രതി മാന്നാനത്തും, മൈക്രോ ഫിലിം ബാംഗ്ലൂർ ധർമാരാം കോളേജിലും, സൂക്ഷിക്കുന്നുണ്ട്.

ചാവറ കൃതികളെക്കുറിച്ചു പൊതുവേ ഒരു വാക്ക് പറഞ്ഞുകൊള്ളട്ടെ.

അസ്വസ്ഥവും മതനിരപേക്ഷവുമായ ഊഷരഭൂമിയിൽ നിന്നടിക്കുന്ന ഗ്രീഷ്മക്കാറ്റേറ്റ് തളരുന്ന ആത്മാവിനെ ഈശ്വരോപാസനയുടെ നിഷ്ക്കുട നികുഞ്ജത്തിൽ തലചായ്ച്ചാശ്വസിക്കുവാൻ സഹർഷം മാടിവിളിക്കുന്ന മാലാഖയുടെ ശാലീനതയും അക്ലിഷ്ടമോഹനമായ രചനയുടെ മാധ്വീകങ്ങൾ പേറുന്ന മാധുര്യവും നിസ്തുലമായ ഭക്തിയുടെ പ്രകാശഗോപുരനടയിൽ നിതാന്തനർത്തനം നടത്തുന്ന വാഗ്ദേവതയുടെ ശക്തിസൗന്ദര്യങ്ങളും ചാവറ കൃതികളിൽ നാം ദർശിക്കുന്നു.

ക്ഷണപ്രഭാചഞ്ചലമായ ഭൗതികസുഖങ്ങൾ ത്യാജ്യകോടിയിൽത്തള്ളി അനർഘവും അനശ്വരവുമായ ദിവ്യസ്നേഹത്തിന്റെ ആ മേഖലകളിലേക്ക് ഉഡ്ഡയനം ചെയ്യുന്ന ആത്മാവിന്റെ ചിറകടി സ്വരം *അനസ്താസ്യായുടെ രക്തസാക്ഷ്യം* എന്ന കൃതിയിൽ നാം ശ്രവിക്കുന്നു. മർദ്ദനങ്ങളുടെ മുന്നിൽ അടിപതറാതെ നിൽക്കുകയും മരണത്തെ നിത്യതയുടെ ദിവ്യയാനമാക്കുകയും ചെയ്ത തരുണീരത്നത്തിന്റെ ജീവിതം അനുഗാനം ചെയ്യുന്ന *അനസ്താസ്യായുടെ രക്തസാക്ഷ്യം* എന്ന ഈ കൃതി ഈർച്ചവാളിന്റെ വായ്ത്തലയ്ക്ക് അടിപണിയാത്ത മനുഷ്യാത്മാവിന്റെ ഈശ്വരോന്മുഖ പ്രയാണത്തിന്റെ നിസ്തുല പ്രതീകമാണ്. ആത്മാനുതാപത്തിൽ ഉഷസന്ധ്യയുടെ സൗമ്യപ്രകാശമാണ് ഓളം വെട്ടുന്നതെങ്കിൽ മധ്യാഹ്നസന്ധ്യയുടെ തീക്ഷ്ണജ്വാലകളാണ് വീരരസം ഉൾത്തുടികൊട്ടുന്ന *അനസ്താസ്യായുടെ രക്തസാക്ഷ്യ*മെന്ന ഖണ്ഡകാവ്യകൃതിയിൽ അവാച്യശോഭ ചാർത്തി നിലകൊള്ളുന്നത്.

■

പതിനൊന്ന്

# ആത്മത്യാഗം വരച്ചു ചേർത്ത അവസാനത്തെ ഇല

ഡോ. സി.വി. ആനന്ദബോസ് ഐ.എ.എസ്.

**ചാ**വറയച്ചനെ ഞാൻ കണ്ടിട്ടില്ല. ആ സാന്നിദ്ധ്യം അനുഭവിച്ചറിഞ്ഞിട്ടുണ്ട്. ഷേക്സ്പിയർ പറഞ്ഞതുപോലെ, 'Thereby hangs a tale' *ഒരു പുണ്യവാൻ നടന്ന മണ്ണിലൂടെ നടക്കാൻ കഴിയുക, ശ്വസിച്ച വായു ശ്വസിക്കാൻ കഴിയുക, ജീവിച്ച അന്തരീക്ഷത്തിൽ ജനിച്ചു വളരാൻ കഴിയുക...* അപൂർവമായ ഒരനുഭൂതി തന്നെയാണിത്. എനിക്കു പങ്കുവയ്ക്കാനുള്ളതും അതു മാത്രമാണ്.

സെന്റ് പീറ്റേഴ്സ് ബസിലിക്കയാണ് രംഗം. മാർപ്പാപ്പയെ നേരിൽക്കാണാനുള്ള അദമ്യമായ ആഗ്രഹവുമായി ഞങ്ങൾ അവിടെയെത്തി; ഞാനും ഭാര്യ ലക്ഷ്മിയും. ഏതാനും ദിവസങ്ങളേ ഞങ്ങൾ റോമിൽ തങ്ങുന്നുള്ളൂ. യു.എന്നി.ന്റെ പാർപ്പിട ഉച്ചകോടിയിൽ പങ്കെടുക്കാൻ ഇസ്താംബൂളിലേക്കു പോകുന്ന വഴിയാണ്.

**പത്രോസിന്റെ സിംഹാസനത്തിനു മുൻപിൽ**

റോമിലെ താമസം കർമലീത്താ സഭയുടെ ഭവനത്തിൽ. മാന്നാനത്തെ അച്ചന്മാർ ഞങ്ങൾ വരുന്ന വിവരം റോമിലെ സുപ്പീരിയറായ ലൂക്കാച്ചനെ അറിയിച്ചിരുന്നു. വിമാനത്താവളത്തിൽ ഇറങ്ങിയതു മുതൽ ലൂക്കാച്ചൻ ഞങ്ങളുടെ ലോക്കൽ ഗാർഡിയനായി. മാർപ്പാപ്പയെ കാണണം. റോം വിടുന്നതിനു മുമ്പ് കാണുകയെന്നത് ബുദ്ധിമുട്ടുള്ള കാര്യമാണ്. എങ്കിലും ഈശ്വരനിശ്ചയം അതായിരുന്നു. പിറ്റേന്നുതന്നെ മാർപ്പാപ്പയെ കാണാൻ അവസരം ലഭിച്ചു.

മാർപ്പാപ്പയോടു ലൂക്കാച്ചൻ പറഞ്ഞു:

*ഇവർ ഇന്ത്യയിൽ നിന്നു വന്നവരാണ്.*

മാർപ്പാപ്പ തിരുത്തി:

*കേരളത്തിൽനിന്ന്, അല്ലേ?*

ഏതാനും നാൾമുമ്പ് മാർപ്പാപ്പ കേരളത്തിൽ വന്നിരുന്നു, ചാവറയച്ച നെയും അൽഫോൻസാമ്മയെയും വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിക്കാൻ.

ഞാൻ ഭക്തിപുരസ്ക്കരം അറിയിച്ചു:

*കേരളത്തിൽ നിന്നാണ്. മാന്നാനത്തു നിന്നാണ്. ചാവറയച്ചന്റെ സ്ഥലത്തു നിന്നാണ്.*

അഞ്ചു തലമുറകൾക്കുശേഷം മാന്നാനത്തെ ചിറ്റേഴം തറവാട്ടിൽനിന്നുള്ള എന്നെ കൈപിടിച്ചുയർത്തി ചാവറയച്ചൻ പത്രോസിന്റെ സിംഹാസനത്തിനു മുന്നിൽ എത്തിച്ചിരിക്കുന്നു!

വീട്ടിലെ കാരണവന്മാർ പറഞ്ഞു ഞാൻ കേട്ടിട്ടുണ്ട്: ചാവറയച്ചൻ മാന്നാനത്ത് പള്ളി പണിയാൻ വന്നപ്പോൾ ചിറ്റേഴത്തെ കളപ്പുരയാണ് അച്ചന്മാർക്കു വിശ്രമിക്കാനും പണിയായുധങ്ങൾ വയ്ക്കാനും ഉപയോഗിച്ചിരുന്നതെന്ന്. അന്നത്തെ കാരണവന്മാരോട് അച്ചൻ പറഞ്ഞ പല കാര്യങ്ങളും ആദരവിലും സ്നേഹത്തിലും പൊതിഞ്ഞ് തറവാട്ടിലെ തലമുറകൾക്കു കൈമാറിയിട്ടുള്ളത് ഞാൻ ഓർമ്മിച്ചു.

ചാവറയച്ചൻ പള്ളി പണിത കഥ.

സെമിനാരി സ്ഥാപിച്ച കഥ.

വാഴപ്പിണ്ടിയിൽ പ്രസ്സുണ്ടാക്കിയ കഥ.

ത്യാഗത്തിന്റെ, വിശ്വാസത്തിന്റെ പീഡാനുഭവത്തിന്റെ, ഉയിർത്തെഴുന്നേൽപ്പിന്റെ കഥ.

ഇതൊക്കെ എനിക്കു കേട്ടറിവേയുള്ളു, വീട്ടിലെ കാരണവന്മാരിൽനിന്നും. പക്ഷേ, അവർ കേട്ടത് അവരുടെ അച്ഛനപ്പൂപ്പന്മാരിൽനിന്നാണ്. അവർ കേട്ടതോ ചാവറയച്ചനിൽനിന്ന് നേരിട്ട്! അതുകൊണ്ടുതന്നെ ആ കേട്ടറിവിന് ആത്മാവുണ്ട്.

എന്തൊക്കെയാണ് ഞാൻ കേട്ടത്?

മാന്നാനത്ത് പള്ളി പണിയാൻ ചാവറയച്ചന് താത്പര്യമില്ലായിരുന്നത്രേ!

പിന്നെ?...

ആ 'പിന്നെ'യുടെ പിന്നാലെ പോകുമ്പോഴാണ് അച്ചന്റെ മനസ്സും അച്ചന്റെ മഹത്വവും മനസ്സിലാകുന്നത്.

നീണ്ടനാളത്തെ അന്വേഷണത്തിനുശേഷമാണ് പള്ളി പണിയാനുള്ള സ്ഥലം കണ്ടെത്തിയത്. പുല്ലരിക്കുന്നാണ് പള്ളിക്കായി തീരുമാനിച്ച സ്ഥലം.

അനുമതിക്കായി ദിവാനെ സമീപിച്ചു. ദിവാൻ ഏറ്റുമാനൂർ തഹസിൽദാരോടു റിപ്പോർട്ട് ചോദിച്ചു.

*പുല്ലരിക്കുന്നിൽ പള്ളി പണിയുന്നതിൽ ആർക്കെങ്കിലും എതിർപ്പുണ്ടോ?*

ആദ്യമൊന്നും ആരും എതിർത്തില്ല.

എന്നാൽ കുമാരനല്ലൂർ ദേവീക്ഷേത്രത്തിലെ ഭക്തജനങ്ങളിൽ ചിലർക്ക് ഒരാശങ്ക. ദേവിയുടെ ദൃഷ്ടി പതിയുന്ന സ്ഥലമാണ് ക്ഷേത്രത്തിനടുത്തുള്ള പുല്ലരിക്കുന്ന്. അവിടെ മറ്റൊരു ദേവാലയം വരുന്നത് അത്ര തൃപ്തികരമല്ലല്ലോ.

ഒന്നു പറഞ്ഞ് രണ്ടു പറഞ്ഞ് ഇതൊരു ചർച്ചാവിഷയമായി.

കലക്കവെള്ളത്തിൽ മീൻപിടിക്കാൻ ചിലർ ഇടയ്ക്കുവന്നു ചാടി. ഒരു ചുവടുപോലും പിന്മാറരുത് എന്ന് അച്ചന്മാരുടെമേലും സമ്മർദ്ദമുണ്ടായി. വേണ്ടിവന്നാൽ കണ്ണിനു കണ്ണ്, പല്ലിനു പല്ല് എന്ന നിലയിലേക്കു കാര്യങ്ങൾ നീങ്ങാൻ തുടങ്ങി.

അവിടെയാണ് ചാവറ അച്ചൻ "*ഞാൻ ജീവനും വഴിയും വെളിച്ചവുമാകുന്നു*" എന്ന തിരുവചനത്തിന്റെ ജീവസ്സുറ്റ പ്രതീകമായി മാറിയത്.

*'അന്യമതസ്ഥരെ മുറിപ്പെടുത്തിക്കൊണ്ട് പുല്ലരിക്കുന്നിൽ പള്ളി പണിയണ്ട'*

അച്ചൻ തറപ്പിച്ചു പറഞ്ഞു.

**പിടിയരിയുടെ സങ്കീർത്തനം**

പുല്ലരിക്കുന്നിന്റെ നഷ്ടം മാന്നാനത്തിന്റെ നേട്ടമായത് ദൈവഹിതം. റോമിൽനിന്ന് പണം ചാക്കിൽക്കെട്ടി കൊണ്ടു വന്നല്ല ചാവറയച്ചൻ പള്ളി പണിതത്; പിടിയരി പിരിച്ചും ഉത്പന്നപ്പിരിവു നടത്തിയുമാണ്. അതിൽ സഹകരിച്ചത് ഇടവകക്കാർ മാത്രമല്ല, നാട്ടുകൂട്ടം മുഴുവനായിരുന്നു.

ഇതു ഞാൻ മനസ്സിലാക്കിയത് കേട്ടറിവിലൂടെയല്ല. എൺപതുകഴിഞ്ഞ എന്റെ വലിയമ്മ പിടിയരി ഇടുന്നത് ഞാൻ കണ്ടിട്ടുണ്ട്. അതിന്റെ തുടക്കം ചാവറയച്ചനിൽ നിന്നാണെന്ന് വല്യമ്മയുടെ വല്യമ്മൂമ്മ പറഞ്ഞ് അവർ കേട്ടിട്ടുണ്ടത്രേ. അതവിടെ നിൽക്കട്ടെ. ചാവറയച്ചൻ പള്ളി പണിതത്, സെമിനാരി സ്ഥാപിച്ചത്, സംസ്കൃതവിദ്യാലയം തുടങ്ങിയത്, അച്ചുകൂടം സ്ഥാപിച്ചത്, വിയർപ്പൊഴുക്കിയും വിയർപ്പൊഴുക്കിച്ചും തന്നെയായിരുന്നു. അതൊരു തപസ്യയായിരുന്നു. ഉൾവിളിയായിരുന്നു.

ഇതൊന്നും പെട്ടെന്നുണ്ടായതല്ല. നൊമ്പരമില്ലാതെ പിറവിയില്ലല്ലോ. ചാവറയച്ചൻ നൊമ്പരം വളരെയേറെ സഹിച്ചിരുന്നു. അടുത്തുനിന്നവരും അടുത്തുകൂടിയവരും പുളിച്ച വീഞ്ഞും മുൾക്കിരീടവും നൽകാൻ തുനിഞ്ഞു;

ഒളിഞ്ഞും തെളിഞ്ഞും. അച്ചനെ മാന്നാനത്തുനിന്നും മാറ്റി. അതിനുള്ള കുതന്ത്രങ്ങൾ ഒരുക്കാൻ കള്ളൻ കപ്പലിൽത്തന്നെ ഉണ്ടായിരുന്നു. അവർ തന്ത്രം മെനഞ്ഞത് ശുദ്ധഹൃദയനായ ചാവറയച്ചൻ അറിഞ്ഞില്ല. മെത്രാനോട് അവർ കള്ളക്കഥകൾ പറഞ്ഞു കേൾപ്പിച്ചു. അസത്യം സത്യത്തേക്കാൾ വിശ്വസനീയമാണല്ലോ. ആരംഭത്തിൽ, ചാവറയച്ചന്റെ കാര്യത്തിലും അങ്ങനെതന്നെ സംഭവിച്ചു. താൻ ചോരയും നീരും നൽകി പണിത പള്ളി പാതിയെത്തിയപ്പോൾ മാന്നാനത്തുനിന്നും മാറ്റി നിയമിച്ചു. അനുസരണയുള്ള വൈദികൻ എന്ന നിലയിൽ മെത്രാസനത്തിന്റെ കൽപനകൾ ശിരസ്സാവഹിച്ചെങ്കിലും അച്ചന്റെ മനസ്സ് മാന്നാനത്തു തന്നെയായിരുന്നു. കർത്താവിൽ ശരണം പ്രാപിക്കുകയല്ലാതെ ചാവറയച്ചന്റെ മുമ്പിൽ മറ്റു വഴികളുണ്ടായിരുന്നില്ല. സത്യം ആർക്കും ദൈവത്തിന്റെ മുമ്പിൽനിന്നും മറച്ചുവയ്ക്കാനാകില്ലല്ലോ.

ക്രമേണ മെത്രാനു കാര്യം മനസ്സിലായി. ചാവറയച്ചനെ മാന്നാനത്തേക്കു മാറ്റി നിയമിച്ചു. പിന്നെയൊരിക്കലും തിരിഞ്ഞുനോക്കേണ്ടി വന്നിട്ടില്ല.

മാന്നാനം പള്ളി, വൈദികരുടെ ആശ്രമം, പള്ളിവക അച്ചുക്കൂടം, സംസ്കൃതവിദ്യാലയം, അനാഥാലയം, ഇന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പടർന്നുപന്തലിച്ചുകിടക്കുന്ന കർമ്മലീത്താസഭ... ഇതിന്റെയൊക്കെ പിതാവാകാൻ ചാവറ തറവാട്ടിലെ കൊച്ചു കുര്യാക്കോസിന് ദൈവനിയോഗം ലഭിച്ചു.

**ജീവിതം കൊണ്ടെഴുതിയ കവിത**

എങ്ങനെ, എന്തുകൊണ്ട്?

ഈശോസഭയിലെ ഒരു വൈദികനുണ്ടായിരുന്നു. പേര് ജെറാർദ് മാൻലി ഹോപ്കിൻസ്. അദ്ദേഹം ഒരു കവി കൂടിയായിരുന്നു; പിൽക്കാലത്ത് പ്രസിദ്ധനായ കവി.

അദ്ദേഹത്തിന്റെ ഒരു കവിതയുണ്ട്.

*'റെക്ക് ഓഫ് ദി ഡോയിഷ്ലാൻഡ്'* (Wreck of the Deutschland). ജർമ്മനിയിലെ ബ്രെയ്മൻ തുറമുഖത്തുനിന്ന് ഒരു കപ്പൽ പുറപ്പെട്ടു. ആ കപ്പലിൽ യാത്രക്കാരായി അഞ്ചു കന്യാസ്ത്രീകളുണ്ട്. നടുക്കടലിൽവച്ച് കപ്പൽ മുങ്ങുന്നു. ടൈറ്റാനിക് സിനിമ കണ്ടവർക്കറിയാം മുങ്ങുന്ന കപ്പലിലെ യാത്രക്കാരുടെ വെപ്രാളം. ചിലർ ഓടുന്നു. ചിലർ ചാടുന്നു. ചിലർ കപ്പലിൽതന്നെ മുകളിലേക്കും താഴേക്കും കയറിയിറങ്ങുന്നു. ഈ കന്യാസ്ത്രീകളാകട്ടെ ഒന്നും സംഭവിക്കാത്തമട്ടിൽ അക്ഷോഭ്യരായി, നിസ്സംഗരായി മറ്റുള്ളവരെ സമാധാനിപ്പിക്കുന്നു. ഇവർക്കിതെങ്ങനെ സാധിച്ചു? സമ്പൂർണ സമർപ്പണം ഒന്നുകൊണ്ടു തന്നെ.

സ്വർഗ്ഗത്തിലെ വേട്ടനായയെക്കുറിച്ച് ഫ്രാൻസിസ് തോംസൺ എഴുതിയ കവിതയുണ്ടല്ലോ; *'ദ ഹൗണ്ട് ഓഫ് ഹെവൻ' (The Hound of Heaven).* സ്വർഗ്ഗസ്ഥനായ പിതാവുതന്നെയാണ് ഈ വേട്ടനായ്. വേട്ടനായിൽനിന്ന് കുതറിയോടുന്ന, തെന്നിമാറുന്ന ഭക്തൻ. രക്ഷയില്ല. ഒടുവിൽ അവൻ, വേട്ടനായയെത്തന്നെ ശരണം പ്രാപിക്കുന്നു. അതെ, ദൈവത്തിനുമുമ്പിൽ സമ്പൂർണ്ണ സമർപ്പണം. അതിന്റെ പൊരുൾ ഹോപ്കിൻസിന് ഉൾക്കൊള്ളാനായി; ഫ്രാൻസിസ് തോംസണ് സ്വാംശീകരിക്കാനായി. ഇവർ കവിതയിലൂടെ നേടിയത് ചാവറയച്ചൻ ജീവിതത്തിൽ നേടി. ഈ സമ്പൂർണ സമർപ്പണമാണ് സാധാരണക്കാരിൽ സാധാരണക്കാരനായി ജീവിച്ച ചാവറയച്ചനെ അസാധാരണന്മാരിൽ അസാധാരണനായി മാറ്റിയത്.

■ ചാവറയച്ചന്റെ സംഭാവന എന്താണ്?

പള്ളിയും പള്ളിക്കൂടവും സെമിനാരിയും പ്രസ്സും *ആത്മാനുതാപം* പോലുള്ള കൃതികളും, കേരളത്തിന്റെ സീമകൾ അതിലംഘിച്ചു വളർന്നു പടർന്ന ഒരു സന്യാസസമൂഹവും മാത്രമല്ല; അതിന്റെ പിന്നിലെ ഈശ്വര സാന്നിധ്യം തന്നെയാണ്.

ഒ. ഹെൻട്രിയുടെ ഒരു കഥയുണ്ട്: *അവസാനത്തെ ഇല.*

ഒരിടത്തൊരു പെൺകുട്ടി. അവൾ രോഗശയ്യയിലാണ്. കട്ടിലിൽ കിടന്നുകൊണ്ട് ജനാലയിലൂടെ പുറത്തെ ഭിത്തിയിൽ പിടിച്ചുകയറിയിരിക്കുന്ന ഒരു വള്ളിച്ചെടിയിൽ നോക്കിക്കിടക്കാനേ അവൾക്കു കഴിയുന്നുള്ളു. ചെടിയിലെ ഓരോ ഇല പൊഴിയുമ്പോഴും അവൾക്കറിയാം തന്റെ ജീവിതത്തിലെ ഒരു ദിവസം കൂടി കൊഴിഞ്ഞിരിക്കുന്നു.

അയലത്ത് ഒരു യുവാവുണ്ട്. അയാൾ ഒരു ചിത്രകാരനാണ്. ചിത്രരചനയിൽ അർഹമായതു നേടാൻ അയാൾക്കു കഴിഞ്ഞിട്ടില്ല. തന്റെ മാസ്റ്റർപീസ് വരയ്ക്കുന്ന ദിനവുംകാത്ത് അയാൾ കഴിയുന്നു.

പെൺകുട്ടി നോക്കുമ്പോൾ ചെടിയിൽ ഇനി ഒരൊറ്റയിലയേ അവശേഷിച്ചിട്ടുള്ളു. അവൾക്കു മനസ്സിലായി. ഇന്നു രാത്രി ആ ഇല കൊഴിയും. അതോടെ തന്റെ ജീവിതത്തിലെ അവസാന നിമിഷവും കൊഴിഞ്ഞുവീഴും. അവൾക്കു സങ്കടം; അയൽവാസികൾക്കു സങ്കടം. പിറ്റേന്നു രാവിലെ അയൽക്കാർ ജനാലയിലൂടെ എത്തിനോക്കി. അവരുടെ ഭയം അസ്ഥാനത്തായിരുന്നു. പെൺകുട്ടി സന്തോഷംകൊണ്ട് തുള്ളിച്ചാടുന്നു. അവൾക്കൊരു പുതുജീവൻ ലഭിച്ചിരിക്കുന്നു. പൂച്ചെടിയിലെ അവസാനത്തെ ഇല കൊഴിഞ്ഞിട്ടില്ല. അയൽക്കാർക്കു സന്തോഷമായി. എന്നാൽ ചെടിയുടെ ചുവട്ടിൽ അവരൊരു കാഴ്ച കണ്ടു.

ഒരു യുവാവ് അവിടെ മരിച്ചുകിടക്കുന്നു.

അത് ആ അയലത്തെ ചിത്രകാരനായിരുന്നു!

ചെടിയിലെ അവസാനത്തെ ഇല അയാൾ വരച്ചുചേർത്തതാണ്. അയാളുടെ മാസ്റ്റർപീസ്. മഞ്ഞുപെയ്യുന്ന രാത്രിയിൽ അയാൾ ഭിത്തിയിൽ ഒരില വരച്ചുചേർത്തു, ആ പെൺകുട്ടിയെ രക്ഷിക്കാൻ. ആത്മത്യാഗത്തിന്റെ രക്തസാക്ഷിയായി!

ചാവറയച്ചൻ എന്തു ചെയ്തു?

നാം ചെയ്യുന്ന ഓരോ പ്രവൃത്തിയും മറ്റൊരാളുടെ ജീവിതത്തിൽ അവസാന ഇല വരച്ചു ചേർക്കുന്നോ പിഴുതെറിയുന്നോ; ഈ തിരിച്ചറിവു നമുക്കു നൽകി. അതാണ്, അതുമാത്രമാണ് ചാവറയച്ചനു നൽകാനുണ്ടായിരുന്ന വിധവയുടെ ചില്ലിക്കാശ്!

■

പന്ത്രണ്ട്

# മലയാള മാധ്യമ കുടുംബത്തിന്റെ ആദ്യനാൾവഴികളിലൂടെ

ഡോ. സെബാസ്റ്റ്യൻ പോൾ

'*അക്ഷരം വിപ്രഹസ്തേന*'യെന്ന ഭോഷത്തത്തെ അഭിമാനപൂർവം കെട്ടിയെഴുന്നള്ളിച്ച ഭാരതസംസ്കാരത്തെ ശക്തമായി വെല്ലുവിളിച്ചുകൊണ്ട്, അറിയാനും പഠിക്കാനുമുള്ള മനുഷ്യന്റെ അവകാശത്തിനു പരിമിതികൾ പാടില്ലെന്ന് ആദ്യംതന്നെ പ്രഖ്യാപിച്ച ചരിത്രമാണ് മലയാളനാടിന്റേത്.

ചാതുർവർണ്യത്തിന്റെ താഴത്തെ തട്ടിലുള്ളവരിലേക്കും ഇവിടെ പത്തൊൻപതാം നൂറ്റാണ്ടിൽത്തന്നെ വിദ്യാവെളിച്ചം കടന്നുചെന്നു തുടങ്ങിയിരുന്നു. വിദേശത്തുനിന്നുള്ള ക്രിസ്ത്യൻ മിഷനറിമാർക്കാണ് നാം ഇതിനു നന്ദി പറയേണ്ടതെങ്കിലും ഈ നീക്കത്തിനു പെട്ടെന്നുതന്നെ ഇവിടെ വിപ്ലവ ഫലങ്ങളുളവാക്കാനായതിനു കാരണം തദ്ദേശീയരായ ഏതാനും ധിഷണാശാലികൾ തന്നെയായിരുന്നു.

## മുദ്രണകലയിലെ പൂർവ്വസൂരി

കാലത്തിനു മുമ്പേ ചിറകുവിടർത്തിപ്പറന്ന ആ ചരിത്രശിൽപികളുടെ നിരയിൽ ഗണ്യമായ സ്ഥാനമാണ് വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചനുള്ളത്. പള്ളിക്കൂടങ്ങളിലൂടെ ആരംഭിച്ച വിദ്യാഭ്യാസ വിപ്ലവത്തിന് ഊർജ്ജം പകരാൻ അച്ചടിമാധ്യമങ്ങൾ അനിവാര്യമാണെന്നു പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽത്തന്നെ ചാവറയച്ചൻ ചിന്തിച്ചുതുടങ്ങിയിരുന്നു. വിപരീത സാഹചര്യങ്ങളെ അതിജീവിച്ചു വിജയം കൈവരിക്കാനുള്ള ആ നിശ്ചയദാർഢ്യത്തിന്റെയും കഠിനാദ്ധ്വാനത്വരയുടെയും ഫലമാണ് 1846-ൽ മാന്നാനത്തു സ്ഥാപിതമായ സെന്റ് ജോസഫ്സ് പ്രസ്.

കേരളനാടിന്റെയും മലയാളഭാഷയുടെയും പിൽക്കാല ചരിത്രത്തിൽ മാന്നാനം സെന്റ് ജോസഫ്സ് പ്രസ് ചെലുത്തിയ സ്വാധീനം ഏറെ

വലുതാണ്. ഇവിടെ '*നസ്രാണി ദീപിക*' അച്ചടിക്കാൻ ആരംഭിച്ചത് ഇന്ത്യയുടെ തന്നെ മാധ്യമചരിത്രത്തിൽ നാഴികക്കല്ലായി. ആദ്യത്തെ മലയാള ദിനപ്പത്രമായ '*ദീപിക*' അച്ചടിമഷി പുരണ്ട് വെളിച്ചം കണ്ടത് 1887-ൽ ആയിരുന്നെങ്കിലും സാംസ്കാരികകേരളത്തിന്റെ കണ്ണും കാതും നാവുമായി മാറാൻ ശേഷിയുള്ളൊരു ദിനപ്പത്രത്തെക്കുറിച്ചുള്ള സ്വപ്നം അരനൂറ്റാണ്ടിനു മുൻപു തന്നെ ചാവറയച്ചനു സ്വന്തമായുണ്ടായിരുന്നു.

ഈ സ്വപ്നത്തിന്റെ ചിറകായാണ് അദ്ദേഹം മാന്നാനത്ത് പ്രസ്സ് ആരംഭിച്ചത്. ആ നിലയ്ക്ക് *മലയാളത്തിലെ അച്ചടി മാധ്യമരംഗത്തിന്റെ തലതൊട്ടപ്പനെന്ന്* ചാവറയച്ചനെ വിളിക്കുന്നത് അനുചിതമാകില്ല.

പ്രൊട്ടസ്റ്റന്റ് മിഷനറിമാരും ജെസ്യൂട്ട് മിഷനറിമാരും സുവിശേഷപ്രവർത്തനത്തിനായി പ്രസുകൾ സ്ഥാപിച്ചിരുന്നു. പക്ഷേ, കേരള സംസ്കാരത്തെ ഉൾക്കൊള്ളുന്ന എന്തെങ്കിലുമൊക്കെ ഈ പ്രസ്സുകളിൽനിന്നു പുറത്തുവരുന്നത് അപൂർവമായിരുന്നു. സി.എം.ഐ. സന്യാസസമൂഹത്തിന്റെ സ്ഥാപകരിലൊരാളായ ചാവറയച്ചൻ പുതിയൊരു പ്രസ്സിനെപ്പറ്റി ചിന്തിച്ചത് ഈ സാഹചര്യത്തിലാണ്. അതു യാഥാർത്ഥ്യമാക്കാൻ സഹിച്ച യാതനകളുടെ കഥ, അദ്ദേഹത്തിന്റെ ജീവിതകഥയുടെ തന്നെ മിഴിവാർന്ന ഒരദ്ധ്യായമായി.

ഇന്ത്യയിൽ ആദ്യത്തെ പ്രസ്സ് സ്ഥാപിതമായതു ഗോവയിലാണ്. ഈ പ്രസ്സ് ഗോവയിലെത്തിയതിനു പിന്നിൽ രസകരമായൊരു കഥയുണ്ട്. പോർട്ടുഗൽ രാജാവ് അബിസീനിയയിലെ രാജാവിനു സമ്മാനമായി കപ്പലിൽ അയച്ചുകൊടുത്ത പ്രസ്സ്, കപ്പൽക്കമ്പനിക്കു പറ്റിയ അബദ്ധത്തിന്റെ ഫലമായി ഗോവയിലെത്തിയതാണ്. 1556 സെപ്റ്റംബർ അഞ്ചിന് ഗോവയിലെത്തിയ പ്രസ്സ് അബിസീനിയയിലേക്കുതന്നെ കൊണ്ടുപോകാൻ, പ്രസ്സിന്റെയൊപ്പം യാത്ര ചെയ്തിരുന്ന സ്പാനിഷ് മിഷണറി യത്നിച്ചുവെങ്കിലും ഗോവയിലെ പോർട്ടുഗീസ് ഗവർണർ ഇടപെട്ടു. അതോടെ പ്രസ്സ് ഗോവയിൽത്തന്നെയുറച്ചു. അങ്ങനെ ഗോവയിലെ സെന്റ് പോൾ ജെസ്യൂട്ട് സെമിനാരിയിൽ ഇന്ത്യയിലെ ആദ്യത്തെ അച്ചുകൂടം സ്ഥാപിതമായി.

ഈ പ്രസ്സിനു പിന്നിലെ മുഖ്യസാങ്കേതിക വിദഗ്ദ്ധരിലൊരാളായിരുന്ന ബ്രദർ ജോൺ ഗൊൺസാൽവസ് 1577-ൽ വൈപ്പിക്കോട്ട സെമിനാരിയിൽ വന്ന് ആദ്യത്തെ '*മലബാർ ടൈപ്പു*'കൾ കൊത്തിയുണ്ടാക്കാൻ നേതൃത്വം നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്.

മൂന്നു പതിറ്റാണ്ടു കഴിഞ്ഞ് കൊല്ലത്ത് ഫാ. പ്രയർ ഒരു പ്രസ് സ്ഥാപിച്ചു. വിശുദ്ധ ഫ്രാൻസിസ് സേവ്യർ രൂപപ്പെടുത്തിയ *വേദോപദേശസംഗ്രഹം* ഇവിടെ അച്ചടിച്ചു.

അച്ചടിവിദ്യ ഇന്ത്യയിൽ പിന്നീടു വളർന്നത് വളരെ മന്ദഗതിയിലായിരുന്നു.

1778-ലാണ് ബംഗാളിൽ ആദ്യത്തെ പ്രസ് സ്ഥാപിതമായത്. മുംബൈയിൽ 1807-ലും. ഇക്കാലത്ത് കോട്ടയത്ത് സി.എം.എസ്. പ്രസ്സും തിരുവനന്തപുരത്ത് സർക്കാർ അച്ചുകൂടവും സ്ഥാപിതമായി.

കോട്ടയത്തെ സി.എം.എസ്. പ്രസ്സ് തികച്ചും പ്രോട്ടസ്റ്റന്റ് മതപ്രചാരണത്തിൽ മാത്രം ശ്രദ്ധയൂന്നി. ഒരു പുതിയ പ്രസ്സ് സ്ഥാപിക്കാനുള്ള ചാവറയച്ചന്റെ മോഹത്തെക്കുറിച്ചറിഞ്ഞ ഈ പ്രസ്സിന്റെ മേധാവികൾ തികച്ചും വിരുദ്ധ നിലപാടാണത്രേ സ്വീകരിച്ചത്. പ്രസ്സ് ഒന്നു കാണാനുള്ള ചാവറയച്ചന്റെ അഭ്യർത്ഥന നിരസിക്കപ്പെട്ടു. സഹപ്രവർത്തകർപോലും അച്ചന്റെ പദ്ധതി അപ്രായോഗികമാകുമെന്നു പറഞ്ഞു നിരുത്സാഹപ്പെടുത്തി.

### പ്രതിബന്ധങ്ങളെ അതിജീവിച്ച്

പ്രസ്സിന്റെ സുവർണ്ണജൂബിലിവേളയിലെ (1896 ജനുവരി 10) *ദീപിക* മുഖപ്രസംഗത്തിൽ നിന്നൊരു ഭാഗം:

*"അന്നത്തെ കാലാവസ്ഥയ്ക്ക് കേവലം അപൂർവവും വിസ്മയകരവും ആയിരുന്ന ഈ കാര്യത്തിനായുള്ള പരിശ്രമവും ആലോചനയും അന്ന് ഒരുവിധം ബുദ്ധിമത്തുക്കളായ ജനങ്ങൾപോലും പരിച്ഛേദം ഒരു അസാധ്യമായ പരിശ്രമം ആണെന്നു നിർണയിച്ചു. എന്നാലും, ചാവറയച്ചൻ അവരുടെ നിർണയങ്ങളേയും ആലോചനകളേയും അഗണ്യമാക്കി. അതു നിമിത്തം സാധാരണക്കാരായ മറ്റു ജനങ്ങൾ ഇദ്ദേഹത്തിന്റെ ശ്രമം ബുദ്ധിഭ്രമത്തിന്റെ ആരംഭമാണെന്നു കൂടെ പറഞ്ഞുതുടങ്ങി. പക്ഷേ, ഇതൊന്നുംകൊണ്ട് സ്ഥിരോത്സാഹിയായ ഈ മനുഷ്യന്റെ അഭിപ്രായത്തിന് യാതൊരു ഭേദഗതിയും ഉണ്ടായില്ല. ഇതു സംബന്ധമായ ഓരോ ജോലികൾ ആരംഭിക്കുകയും ചെയ്തു."*

വിപരീതസാഹചര്യങ്ങൾക്കു കീഴടങ്ങാതെ ചാവറയച്ചൻ തിരുവനന്തപുരത്തുപോയി സർക്കാർ അച്ചുകൂടം വിശദമായി കണ്ടു. അവിടെയുണ്ടായിരുന്ന കത്തോലിക്കരായ ചില ജീവനക്കാർ അച്ചനെ സഹായിച്ചു. പ്രസ്സിന്റെ 'ഡയഗ്രം' മനസ്സിൽ കുറിച്ചിട്ടാണ് അച്ചൻ മടങ്ങിപ്പോന്നത്. തിരിച്ചെത്തിയ ഉടനെ വാഴപ്പിണ്ടിയിൽ അദ്ദേഹം പ്രസിന്റെ ഒരു മാതൃകയുണ്ടാക്കി. ഈ മാതൃകയിൽനിന്നു മരത്തിൽ അച്ചുകൂടം നിർമ്മിച്ചു.

അക്ഷരനിർമ്മിതിയായിരുന്നു അടുത്ത വെല്ലുവിളി. ടൈപ്പ് കൊത്തുന്നവരാരും ചാവറയച്ചനെ സഹായിക്കാതിരിക്കാൻ സി.എം.എസ്. പ്രസ്സുകാർ ഉപരോധം തന്നെ ഒരുക്കി. ഒടുവിൽ ശിവരാമൻ എന്ന തമിഴ്നാട്ടുകാരനായ തട്ടാനെ തിരുവല്ലയിൽനിന്നു സംഘടിപ്പിച്ചു. ശിവരാമൻ ജോലി തുടങ്ങിയതറിഞ്ഞ് അയാളുടെ മുൻ അധികാരി ആരുടെയോ പ്രേരണയാലെത്തി ശിവരാമനെ പിടിച്ചുകൊണ്ടുപോകാനൊരുങ്ങി. ഇതിനെയെല്ലാം ചെറുത്ത് ചാവറയച്ചൻ അയാളെ പുളിങ്കുന്നിൽ തന്റെ സുഹൃത്തായ തോപ്പിൽ കുര്യൻ കുരുവിളയുടെ വീട്ടിൽ താമസിപ്പിച്ചു. ശിവരാമൻ തന്റെ ദൗത്യം പൂർത്തിയാക്കി.

ഒടുവിൽ പ്രസ്സിന് ലൈസൻസ് കിട്ടേണ്ട സമയമായപ്പോൾ സർക്കാരിൽ നിന്ന് എതിർപ്പുയർന്നു. വരാപ്പുഴ മെത്രാപ്പോലീത്ത ലുദ്‌വിക്കോസിനോട് ചാവറയച്ചൻ പരാതി പറഞ്ഞു. മെത്രാപ്പോലീത്തായുടെ സുഹൃത്തായിരുന്ന ബ്രിട്ടീഷ് റസിഡന്റ് കല്ലൻ സായ്പിനെക്കൊണ്ട് നടത്തിയ ശുപാർശ അനുകൂലഫലമുണ്ടാക്കി.

ഈ ഘട്ടത്തിലാണ് പ്രസ്സ് ഓടിക്കാൻ ഒരു പ്രിന്ററുടെ അഭാവം അച്ചനു ബോദ്ധ്യമായത്. തിരുവനന്തപുരം അച്ചുകൂടത്തിൽനിന്ന് കുര്യൻ എന്ന പ്രിന്റർ ആ ദൗത്യമേറ്റെടുത്തു. മാന്നാനത്തു താമസിച്ചുകൊണ്ട് കുര്യൻ പ്രിന്റർ ഒട്ടേറെപ്പേർക്കു പരിശീലനം നൽകി. ചാവറയച്ചന്റെ പ്രസ്സ് അങ്ങനെ ഓട്ടംതുടങ്ങാമെന്ന നിലയിലായി. ബോംബെയിൽപോയി *'ബൈൻഡിംഗ്'* പഠിച്ചു വന്ന കൊച്ചിക്കാരനായ ഒരു യഹൂദനെ വരുത്തി പ്രസ്സിലെ ബൈൻഡറാക്കി. ഇയാളുടെ കീഴിൽ പലരും ഈ തൊഴിൽ പഠിച്ചു. മാന്നാനവും തുടർന്ന് കോട്ടയവും അച്ചടികേന്ദ്രമായി ഉയർന്നത് പിൽക്കാല ചരിത്രം.

പ്രസ്സ് പ്രവർത്തനക്ഷമമായി ജോലിക്കാരും റെഡിയായപ്പോഴാണ് കടലാസിനും മഷിക്കും സഹിക്കേണ്ടിവരുന്ന ക്ലേശം ചില്ലറയല്ലെന്ന് അച്ചനു ബോദ്ധ്യമായത്. വിദേശത്തുനിന്നു വരുത്തേണ്ടിയിരുന്ന കടലാസിനും മഷിക്കും സാമ്പത്തികം തന്നെയായിരുന്നു മുഖ്യപ്രശ്നം. എന്തായാലും കൊച്ചിക്കാരനായ കമീശയെ ചട്ടംകെട്ടി. ആലപ്പുഴ ഇലഞ്ഞിക്കൽ ചെറിയാൻ കുഞ്ഞും വൈക്കത്തുകാരൻ കൊച്ചു പൗലോസുമാണ് ഇതിനു സഹായിച്ചതെന്ന് *നാളാഗമത്തിൽ* പറയുന്നു. നൂറു രൂപയുടെ കടലാസ്, മഷി, ഈയം എന്നിവയാണ് ബുക്ക് ചെയ്തത്. പത്തു രൂപ അഡ്വാൻസ് നൽകി.

### ഭാഗ്യസുകൃതം

പക്ഷേ, അച്ചൻ പ്രതീക്ഷിച്ചതിലുമേറെ ചരക്ക് ഒരുമിച്ചു വന്നു. തുകയും ഏറി. മൊത്തമായല്ലാതെ സാധനങ്ങൾ എടുക്കാൻ സമ്മതിക്കില്ലെന്നായി ഏജന്റ്. ഒടുവിൽ ചേന്നക്കാട്ട് തോമ്മാച്ചനെന്നയാൾ ഇടപെട്ട് ഏജന്റിന്റെ നിബന്ധനകളിൽ അയവുവരുത്തി. തോമാച്ചൻ തന്നെ മുൻകയ്യെടുത്ത് ഒരു ചിട്ടി തുടങ്ങി, മൂവായിരം ചക്രം സമാഹരിച്ചു. ഈ തുകയും ഇതേ തുകയ്ക്കുള്ള *'കച്ചീട്ടും'* നൽകി. ആറായിരം ചക്രത്തിന്റെ കടലാസും മഷിയും ഈയവും തോമാച്ചൻ കരയ്ക്കിറക്കി. മറ്റൊരു സന്യാസവൈദികന്റെ സഹായത്തോടെ ചാവറയച്ചൻ ചരക്ക് കൊച്ചിയിൽനിന്ന് മാന്നാനത്തെത്തിച്ചു.

തന്റെ സഹപ്രവർത്തകർക്കും സ്നേഹിതർക്കുമായി ചാവറയച്ചൻ എഴുതിയ ഒരു *ഉപദേശപത്രമാണ്* മാന്നാനം പ്രസ്സിൽ നിന്ന് ആദ്യമായി അച്ചടിച്ചത്. ക്രാന്തദർശിയായ ആ കഠിനാദ്ധ്വാനിയുടെ നിസ്തന്ദ്രശ്രമം ഒടുവിൽ അച്ചടിത്താളുകളായി വിജയപരിണാമത്തിലെത്തി.

*'ജ്ഞാനപീയൂഷം'* എന്ന പ്രാർത്ഥനാപുസ്തകമാണു പുസ്തകരൂപത്തിൽ ഇവിടെ ആദ്യം അച്ചടിച്ചത്. കേരളസഭയെ വിപത്സന്ധിയിലെത്തിക്കുമെന്ന്

അക്കാലത്തു ധാരണ പരത്തിയ 'റോക്കോസ്' ശീശ്മക്കെതിരെ ചാവറയച്ചന്റെ തൂലിക ഉതിർത്ത ലേഖനങ്ങളും പ്രബോധനങ്ങളുമെല്ലാം മാന്നാനം പ്രസിലാണ് അച്ചടിച്ചത്.

പുളിങ്കുന്ന് തോപ്പിൽ കുര്യൻ തമിഴിൽനിന്നു വിവർത്തനം ചെയ്ത പല കൃതികളും ഇവിടെ നിന്നു പ്രസിദ്ധീകരിച്ചു.

അച്ചടിക്കടലാസിന്റെ ദൗർലഭ്യം ചാവറയച്ചനെ വല്ലാതെ വിഷമിപ്പിച്ചിരുന്നു. രണ്ട് എഴുത്തുകടലാസ് കൂട്ടിയൊട്ടിച്ചാണ് ഒറ്റക്കടലാസാക്കി അച്ചടിക്കുപയോഗിച്ചിരുന്നത്. ഒടുവിൽ ഫ്രാൻസിൽനിന്നും സ്പെയിനിൽനിന്നും നല്ല കടലാസ് എത്തിക്കാൻ വരാപ്പുഴ മെത്രാപ്പോലീത്ത സഹായിച്ചു.

മാന്നാനം അച്ചുകൂടത്തിന്റെ ശാഖയായി കൂനമ്മാവിൽ ചാവറയച്ചൻ മറ്റൊരു അച്ചുകൂടവും സ്ഥാപിച്ചു. ധാരാളം പ്രാർത്ഥനാപുസ്തകങ്ങളും ലഘു ഗ്രന്ഥങ്ങളും ഇവിടെനിന്നു വെളിച്ചം കണ്ടു.

### സാമൂഹ്യബദ്ധത

മലയാളത്തിലെ ആദ്യ ദിനപ്പത്രത്തിന്റെ ഗർഭഗൃഹമാകാൻ കഴിഞ്ഞതാണ് മാന്നാനം സെന്റ് ജോസഫ്സ് പ്രസിന്റെ ഏറ്റവും വലിയ ഭാഗ്യമായി കാണാവുന്നത്. ചാവറയച്ചൻ കാലയവനികയ്ക്കു പിന്നിൽ മറഞ്ഞ് വർഷങ്ങൾ കഴിഞ്ഞാണ് '*നസ്രാണി ദീപിക*' വെളിച്ചം കണ്ടതെങ്കിലും പ്രസിന്റെ സ്ഥാപന വേളയിൽ ചാവറയച്ചൻ കണ്ട സ്വപ്നം നിധീരിക്കൽ മാണിക്കത്തനാരും മറ്റും ചേർന്നു പൂർത്തിയാക്കുകയായിരുന്നു.*

മതപ്രചരണത്തിനു മാത്രമായി പ്രസ് നടത്തുന്നതായിരുന്നു വിദേശ മിഷണറിമാരുടെ രീതിയെങ്കിൽ, നാടിന്റെയും സമൂഹത്തിന്റെയും വിശാലതാത്പര്യങ്ങൾക്കാണു ചാവറയച്ചൻ മുൻതൂക്കം നൽകിയത്. അദ്ദേഹത്തിന്റെ പിൻഗാമികളായി '*ദീപിക*'യെ നയിച്ചവരും ഇക്കാര്യത്തിൽ തികഞ്ഞ ശ്രദ്ധ ചെലുത്തി.

മഹാകവി ഉള്ളൂർ '*ദീപിക*'യിലെ സ്ഥിരം എഴുത്തുകാരിലൊരാളായിരുന്നു. സ്വദേശാഭിമാനി രാമകൃഷ്ണപിള്ള കുറേക്കാലം ദീപികയുടെ മുഖപ്രസംഗ രചന നിർവഹിച്ചിരുന്ന കാര്യം അധികം പേർക്ക് അറിയുമെന്നു

---

* 1846-ൽ ഹെർമൻ ഗുണ്ടർട്ട് ആരംഭിച്ച *രാജ്യസമാചാരവും* അതേതുടർന്നു പ്രസിദ്ധീകരിച്ച *പശ്ചിമോദയം, ജ്ഞാനനിക്ഷേപം* എന്നീ മാസികകളുമാണു കാലക്രമത്തിൽ നോക്കുമ്പോൾ മലയാളത്തിലെ ആദ്യ പ്രസിദ്ധീകരണങ്ങൾ. പിന്നീടാണ് ചാവറ പിതാവു മുൻകയ്യെടുത്തു സ്ഥാപിച്ച കൂനമ്മാവിലെ അമലോൽഭവ മാതാവിന്റെ പ്രസ്സിൽ നിന്നു ആദ്യവും വരാപ്പുഴയിൽനിന്നു തുടർന്നും പിന്നീടു എറണാകുളത്ത് ഐ.എസ്സ്. പ്രസ്സിൽനിന്നും പ്രസിദ്ധപ്പെടുത്തിയ *സത്യനാദ കാഹളത്തിന്റെ* പിറവി. അതും കഴിഞ്ഞ് 11 വർഷങ്ങൾക്കുശേഷമാണു *നസ്രാണി ദീപിക* ഇറങ്ങുന്നത്. ഇക്കൂട്ടത്തിൽ ദിനപത്രമായി പരിണമിക്കുവാനും ഇന്നും പ്രസിദ്ധീകരണം തുടരുവാനുമുള്ള നിയോഗം *ദീപികയ്ക്കു* മാത്രമായിരുന്നു ■ എഡിറ്റർ.

തോന്നുന്നില്ല. കുമ്മനം ഗോവിന്ദപിള്ള, ചക്കനാട്ട് ശങ്കരപിള്ള, പി.ആർ. നാണു തുടങ്ങിയവർ ദീപികയുടെ എഡിറ്റർമാരായിരുന്നതും അങ്ങനെതന്നെ.

സ്റ്റേറ്റ് കോൺഗ്രസിന്റെ വളർച്ചയിൽ ഊറ്റമായ പിന്തുണ നൽകിക്കൊണ്ടു സ്വാതന്ത്ര്യസമരത്തിനു പിന്നിൽ ദീപിക അടിയുറച്ചു നിന്നു. ജാതി വ്യവസ്ഥയ്ക്കെതിരെ ആഞ്ഞടിച്ചു. '*മലയാളി മെമ്മോറിയൽ*' പ്രസ്ഥാനത്തിനു ശക്തി പകർന്നു. ചെറുകിട കർഷകർക്കും മലയോര കുടിയേറ്റക്കാർക്കും വേണ്ടി തൂലിക പടവാളാക്കി.

തിരുവിതാംകൂറിൽ സാധാരണപൗരനു വോട്ടവകാശം ലഭ്യമാക്കാൻ ദീപിക വീറോടെ പൊരുതി. സ്റ്റേറ്റ് കോൺഗ്രസിനു ദീപിക ഊർജ്ജം പകർന്നപ്പോൾ കുപിതനായ ദിവാൻ സർ സി.പി. രാമസ്വാമി അയ്യർ *ദീപികയുടെ* എഡിറ്ററായിരുന്ന ഫാ. ഷാബോറിനെ നിരന്തരം ഭീഷണിപ്പെടുത്തിയതും ഒടുവിൽ അറസ്റ്റു ചെയ്തതും ചരിത്രത്തിൽ വേണ്ടത്ര സ്ഥാനം നേടിയ സംഭവങ്ങളാകാതെ പോയതു വിസ്മയമുണർത്തുന്നു. പിൽക്കാലത്തും അധഃസ്ഥിതർക്കുവേണ്ടി വീറോടെ ശബ്ദിച്ചു *ദീപിക*.

ജീവാത്മാവിന്റെ ആശയങ്ങളുമായി *ദീപിക* മുന്നേറിയെന്നു ചൂണ്ടിക്കാണിക്കാനാണ് ഈ ചരിത്രസംഭവങ്ങൾ അയവിറക്കിയത്. മലയാളമാധ്യമ കുടുംബത്തിന്റെ പൂർവ്വ പിതാവുതന്നെയാണു വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ.

■

പതിമൂന്ന്

# ഇടയനാടകശാഖയിലെ മലയാളി സാന്നിദ്ധ്യം

ടി.എം. എബ്രഹാം

എക്കലോഗ്[1] (Ecologue) എന്ന വാക്കിനർത്ഥം ഇടയഗാനം, ഗ്രാമീണ ഗീതം എന്നൊക്കെയാണ്. ഗ്രാമീണരുടെ ലളിത ജീവിതവും അതു നൽകുന്ന ആനന്ദവും എല്ലാമാണ് ഇത്തരം ഇടയഗീതങ്ങളിലെ പ്രതിപാദ്യം. ഗ്രീക്കു കവിയായ *തിയോക്രിറ്റസ്* (Theocritus) ആണ് ഇതാദ്യം രൂപപ്പെടുത്തുന്നത്. പിന്നീട് റോമൻകവി *വിർജിൽ* (Virgil) ആണ് ലാറ്റിനിൽ ഈ പേരിൽ കാവ്യങ്ങൾ ചമയ്ക്കുന്നത്. വിർജിൽ ഇതു കൂടുതൽ നാടകീയവും കലാത്മകവുമാക്കി മാറ്റി. *(ബി.സി. 44നും 38നും ഇടയ്ക്ക് എന്നാണു സൂചന)* ആട്ടിടയന്മാരുടെയും ഗ്രാമീണരുടെയും ജീവിതം ചിത്രീകരിക്കുന്ന ഈ കാവ്യരൂപങ്ങൾ രംഗത്ത് അവതരിപ്പിക്കുന്ന രീതി നിലവിൽ വന്നുവെങ്കിലും പിന്നീട് എപ്പോഴാണ് എക്കലോഗ് ഇന്നവശേഷിക്കുന്ന നാടകരൂപമായ *ഷെപ്പേർഡ് പ്ലേ (ഇടയനാടകം)* ആയി മാറിയതെന്നു വ്യക്തമല്ല. യേശുവിന്റെ ജനനവുമായി ബന്ധപ്പെട്ടാണ് ഇന്നു ലഭ്യമായ ഇടയനാടകങ്ങൾ ഏറെയും രചിക്കപ്പെട്ടിരിക്കുന്നത്. നാടകചരിത്രം ഇക്കാര്യത്തിൽ മാത്രമല്ല, മദ്ധ്യകാലഘട്ടത്തിലെ അനവധി നൂറ്റാണ്ടുകളിലെ, പ്രത്യേകിച്ചും ആറു മുതൽ പത്തു വരെയുള്ള നൂറ്റാണ്ടുകളിലെ, കലാപ്രവർത്തനങ്ങളെപ്പറ്റി മൗനം പാലിക്കുകയാണല്ലോ.

എ.ഡി. 476ൽ റോമാ സാമ്രാജ്യം തകരുകയും കത്തോലിക്ക സഭ അവിടെ ശക്തി ആർജ്ജിക്കുകയും ചെയ്തു. എ.ഡി. 1095 വരെ കുരിശുയുദ്ധക്കാരുടെ തേരോട്ടക്കാലമായിരുന്നു. നാടകം എന്നതു ദൈവനിന്ദ പ്രചരിപ്പിക്കുന്ന ഒരു കലയാണെന്നും അതുകൊണ്ടുതന്നെ വിശ്വാസികളെ അതു വഴിതെറ്റിക്കുമെന്നും സഭാധികാരികൾ വിശ്വസിച്ചു. ഏഴു മുതൽ പതിമൂന്നു വരെയുള്ള നൂറ്റാണ്ടുകളിലാണു സംഗീതത്തിനും ചിത്രകലയ്ക്കും

കത്തോലിക്കാസഭ ഏറെ പ്രോത്സാഹനം നൽകിയത്. വാസ്തുശില്പ ഭംഗിയുള്ള ഒട്ടേറെ കത്തീഡ്രലുകൾ ഇക്കാലത്ത് സഭയുടേതായി നിർമ്മിക്കപ്പെട്ടു. പക്ഷേ, അപ്പോഴൊന്നും നാടകത്തെ പ്രോത്സാഹിപ്പിക്കാൻ സഭ തുനിഞ്ഞില്ല. അക്കാലത്ത് നാടകത്തിൽ അഭിനയിക്കുന്നതു തന്നെ വിലക്കിയിരുന്നുവെന്നു മാത്രമല്ല, അഥവാ അഭിനയിച്ചാൽ, അവരെ ശിക്ഷിക്കുകയും അവരുടെ പൗരത്വം എടുത്തുകളയുകയും വരെ ചെയ്തിരുന്നുവെന്നു ചരിത്രം സാക്ഷ്യപ്പെടുത്തുന്നു.

ഒൻപതാം നൂറ്റാണ്ടിൽ, പ്രാർത്ഥനാക്രമത്തിൽ, വിശുദ്ധ കുർബ്ബാനയ്ക്കിടയിൽ, ഗാനരൂപത്തിലുള്ള ചെറിയ നാടകരൂപങ്ങൾ കടന്നുവരാൻ തുടങ്ങുന്നതായി കാണാം.[2] ദേവാലയത്തിൽ വിശുദ്ധ കുർബ്ബാനയ്ക്കു കൊഴുപ്പും അലങ്കാരഭംഗിയും ഈ നാടകങ്ങൾ സമ്മാനിച്ചു. ട്രോപ്സ്[3] (Tropes) എന്ന നാടകരൂപങ്ങൾ ആദ്യമായി പ്രത്യക്ഷപ്പെടുന്നത് സ്വിറ്റ്സർലന്റിലെ സെന്റ്. ഗാളിലെ (St. Gall) ആശ്രമത്തിൽ ക്രിസ്തുവിന്റെ ഉയിർപ്പുതിരുനാളിനോടനുബന്ധിച്ചാണ്.

**നിങ്ങൾ ആരെ തേടുന്നു?**

ദേവാലയത്തിൽ വിശുദ്ധ കുർബ്ബാന അരങ്ങേറുകയായിരുന്നു. അവിടെയാണ് *നിങ്ങൾ ആരെ അന്വേഷിക്കുന്നു? (Whom do you seek?)* എന്ന നാടകഭാഗം അരങ്ങേറുന്നത്. സംഭാഷണങ്ങൾ ഗാനരൂപത്തിലായിരുന്നുവെന്നു മാത്രം. മൂന്നു മേരിമാരും യേശുവിന്റെ കല്ലറയിലേയ്ക്കു പ്രഭാതവെളിച്ചത്തിൽ നടക്കുകയാണ്. അപ്പോഴാണ് ശവകുടീരത്തിനു മുകളിലിരുന്ന മാലാഖ ചോദ്യമുതിർക്കുന്നത്:

*നിങ്ങൾ ആരെ അന്വേഷിക്കുന്നു?*

മൂന്നു മേരിമാരും ഒരുമിച്ചുത്തരം പറഞ്ഞു:

*ക്രൂശിക്കപ്പെട്ട നസ്രായനായ യേശുവിനെ.*

മാലാഖ പറഞ്ഞു:

*അവൻ ഇവിടെയില്ല. എഴുതപ്പെട്ടിരിക്കുന്ന പോലെ അവൻ ഉയിർത്തെഴുന്നേറ്റു... അവൻ ഉയിർത്തെഴുന്നേറ്റ വിവരം നിങ്ങൾ എല്ലാവരോടും പോയി വിളംബരം ചെയ്യുവിൻ.*

ഒരു പരീക്ഷണമായിട്ടാവണം ആദ്യം ഇതരങ്ങേറിയത്. ആ മുഹൂർത്തത്തിന്റെ ഭക്തിസാന്ദ്രതയ്ക്കു ഇത് ആത്മീയമായ ഒരധിക പരിവേഷം നൽകുന്നതായനുഭവപ്പെട്ടു. ഫലപ്രദമെന്നും വിജയമെന്നും കണ്ടതിനെ തുടർന്ന് യൂറോപ്പിലെ എല്ലാ പള്ളികളിലും ഈ നാടകരൂപം അവതരിപ്പിക്കുക പതിവായി.

ആദ്യത്തെ അവതരണത്തിൽ എല്ലാ കഥാപാത്രങ്ങളുടെയും വേഷമിട്ടത് ആശ്രമത്തിലെ പുരോഹിതന്മാരാണ്. പിന്നീട് അവതരണത്തിൽ ഈ

നാടകരൂപത്തിൽ കന്യാസ്ത്രീകളും ആശ്രമത്തിലെ സന്യാസികളും അൾത്താരബാലന്മാരും ഗായകസംഘാംഗങ്ങളും ഒക്കെ അഭിനയിക്കുവാൻ ചേർന്നതായി ചരിത്രം പറയുന്നു. നാടകഭാഗത്തിന്റെ വിജയത്തെതുടർന്ന് യേശുജീവിതവുമായി ബന്ധപ്പെട്ടതായ ബൈബിൾ ഭാഗങ്ങൾ ദേവാലയത്തിനുള്ളിൽ അവതരിപ്പിക്കുന്ന രീതി നിലവിൽ വന്നു.

പന്ത്രണ്ടാം നൂറ്റാണ്ടു വരെ ഈ രീതിയിലുള്ള ലഘു അവതരണങ്ങൾ തുടർന്നു. ഈ നാടകങ്ങളെ *ലിറ്റർജിക്കൽ നാടകങ്ങൾ*[4] (Litergical drama) എന്നാണു നാടകചരിത്രത്തിൽ അടയാളപ്പെടുത്തുന്നത്.

പന്ത്രണ്ടാം നൂറ്റാണ്ടിൽ കത്തോലിക്കാസഭ ഇത്തരം നാടകങ്ങളുടെ അവതരണം ദേവാലയത്തിനകത്തു നിരോധിച്ചു. നിരോധനത്തിനു കാരണമൊന്നും രേഖപ്പെടുത്തപ്പെട്ടിട്ടില്ല. എന്നാൽ ദേവാലയത്തിനു പുറത്ത് നാടകങ്ങൾ അവതരിപ്പിക്കുന്നതിന് അതേസമയം സഭ എല്ലാ പിന്തുണയും നൽകി.

ദേവാലയത്തിനു പുറത്തേയ്ക്കു അയയ്ക്കപ്പെട്ട നാടകം വളരെ പെട്ടെന്നു ഒരു കലാരൂപം എന്ന നിലയയിൽ വളരുകയും കൂടുതൽ സ്വതന്ത്രമാവുകയും ചെയ്തു. എങ്കിലും നാടകത്തിലെ പ്രമേയങ്ങൾ ബൈബിളിലെ സംഭവങ്ങളെത്തന്നെ ആധാരമാക്കുന്ന രീതി തുടർന്നു.

**മിസ്റ്ററി നാടകങ്ങളുടെ തുടക്കം**

ഉർബൻ നാലാമൻ മാർപ്പാപ്പയുടെ കാലത്ത് 1264ൽ ഒരു പുതിയ തിരുന്നാൾ കൂടി സഭാകലണ്ടറിൽ ചേർക്കപ്പെട്ടു; *കോർപ്പസ് ക്രിസ്റ്റി* (Corpus Christie).[5] തുടക്കത്തിൽ ഈ തിരുന്നാൾ, ഫ്രാൻസിലെ ലീഗെ (Liege) എന്ന സ്ഥലത്തു മാത്രമായി സജ്ജീകരിക്കപ്പെട്ടിരുന്നെങ്കിലും, പതിന്നാലാം നൂറ്റാണ്ടായപ്പോഴേക്കും സഭയുടെ ഏറ്റവും പ്രധാനപ്പെട്ട തിരുന്നാളായി ഇതു മാറിക്കഴിഞ്ഞിരുന്നു. ഈ തിരുന്നാൾ പ്രദക്ഷിണത്തോടനുബന്ധിച്ച്, നാടകാവതരണങ്ങൾ അരങ്ങേറാനാരംഭിച്ചു. പഴയനിയമത്തിലേയും പുതിയ നിയമത്തിലേയും സംഭവങ്ങളായിരുന്നു നാടകങ്ങളുടെ പ്രമേയം.

കത്തോലിക്കാസഭയ്ക്ക്, ബൈബിൾ കഥകളെ ആധാരമാക്കി നാടകങ്ങൾ അവതരിപ്പിക്കുന്നതിൽ സ്വാഭാവികമായും എതിർപ്പുണ്ടായിരുന്നില്ല. സഭാതത്ത്വങ്ങൾ അനുയായികളെ പഠിപ്പിക്കുന്നതിൽ ഈ അവതരണങ്ങൾ ഫലപ്രദമാണെന്നവർ മനസ്സിലാക്കിക്കഴിഞ്ഞിരുന്നു.

കരകൗശല വിദഗ്ദ്ധരുടെ സംഘ(Craft guilds)ങ്ങളാണ് ഈ നാടകങ്ങളുടെ നിർമ്മാണച്ചിലവ് വഹിച്ചിരുന്നത്. ഈ നാടകങ്ങൾ *മിസ്റ്ററി നാടകങ്ങൾ* (Mystery Plays) എന്നാണറിയപ്പെട്ടത്. *മിസ്റ്ററി* എന്ന വാക്ക് മധ്യകാലഘട്ടത്തിൽ ഉപയോഗിച്ചിരുന്നത് ഏതെങ്കിലും ഒരു തൊഴിൽവൈദഗ്ദ്ധ്യം പരിശീനത്തിലൂടെ സ്വന്തമാക്കിയ ഒരുവന്റെ പ്രവർത്തിയെ വിശേഷിപ്പിക്കാനാണ്.

കപ്പൽപ്പണിക്കാർ, തട്ടാന്മാർ, കൽപ്പണിക്കാർ... ഇവരുടെ ഏതെങ്കിലും സംഘ ങ്ങളാവും തങ്ങളുടെ തൊഴിലുമായി ബന്ധപ്പെട്ട ഒരു ബൈബിൾ പ്രമേയം നാടകരൂപത്തിൽ നിർമ്മിക്കുക.

ഉദാഹരണത്തിന് കപ്പൽപ്പണിക്കാർ *(Shipwrights) നോഹയുടെ പെട്ടകം* എന്ന നാടകം അവതരിപ്പിക്കുമ്പോൾ, ഇറച്ചിവെട്ടുകാരുടെ സംഘം *(Butchers, guild)*, *വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീ (The Woman Taken in Adultery)* എന്ന നാടകത്തിനായിരിക്കും അവതരണ സഹായം ചെയ്യുക.

നാടകങ്ങൾ അനവധി ദിവസം നീണ്ടു നിൽക്കുന്ന ഒരു ചാക്രിക രീതി യിലാണ് അവതരിപ്പിക്കപ്പെട്ടിരുന്നത്.

പരിശുദ്ധ കുർബാനയുടെ തിരുന്നാളിനോടനുബന്ധിച്ച് അവതരിപ്പിക്കുന്ന നാടകങ്ങൾ *ചാക്രിക നാടകങ്ങൾ (Cycle Plays)* എന്നാണറിയപ്പെട്ടിരുന്നത്. 46 നാടകങ്ങൾ ചേരുന്നതാണ് ഒരു ചക്രം. ഈ ചക്രത്തിലെ ആദ്യനാടകം *മാലാഖമാരുടെ പതനം (The Fall of The Angels)* ആയിരുന്നുവെങ്കിൽ അവ സാനത്തെ നാടകം *അന്തിമവിധി(The last Judgement)*യായിരുന്നു.

**ചാവറ തുടക്കം കുറിച്ച നാടകവഴി**

ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ എഴുതിയ ഇടയനാടകങ്ങളുടെ കയ്യെഴുത്തുപ്രതികൾ പത്തെണ്ണമാണ്.[6] ക്രിസ്തുമസ്സ് മുതൽ പൂജ്യരാജാ ക്കന്മാരുടെ തിരുന്നാൾ വരെയുള്ള ദിവസങ്ങളിലായി അവതരിപ്പിക്കുക എന്ന തായിരുന്നു ഈ രചനകളുടെ ലക്ഷ്യം. 1856 കാലത്ത് തന്റെ സന്ന്യാസസഭ യിലെ (സി.എം.ഐ.) വൈദിക വിദ്യാർത്ഥികൾക്ക് അഭിനയിക്കാൻ വേണ്ടി യാണ്, അദ്ദേഹം ഈ നാടകങ്ങൾ എഴുതിയത്. വൈദിക വിദ്യാർത്ഥികളാ യിരിക്കെ, ഈ നാടകങ്ങളുടെ അവതരണ തുടർച്ചയിൽ വേഷമിട്ട കുറേപ്പേ രെങ്കിലും ഇന്നും സി.എം.ഐ. സഭയിലുണ്ട്.[7]

ഈ നാടകങ്ങൾക്ക് അദ്ദേഹം കൊടുത്ത പേര്: *എക്‌ലോഗ്സ് (ഇടയ നാടകങ്ങൾ)* എന്നാണ്. ചാവറാപിതാവിന്, ലാറ്റിനും ഇറ്റാലിയനും ഭാഷ കൾ കൈകാര്യം ചെയ്യാനുള്ള കഴിവുണ്ടായിരുന്നുവെന്ന് അദ്ദേഹത്തിന്റെ ജീവചരിത്രകാരന്മാർ സാക്ഷ്യപ്പെടുത്തുന്നു.

ഈ നാടകങ്ങളുടെ രചന നടക്കുന്ന കാലത്ത്, മലയാളത്തിൽ മൗലിക നാടകങ്ങൾ എഴുതപ്പെട്ടു തുടങ്ങിയിരുന്നില്ലായെന്ന് നാടക ചരിത്ര വിദ്യാർത്ഥി വിസ്മയത്തോടെ വായിക്കുന്നു. നാടകത്തിലെ സംഭാഷണങ്ങൾ കാവ്യ രൂപ ത്തിലാണ്. അതുകൊണ്ടാവാം ഗ്രാമീണകാവ്യം എന്നർത്ഥം വരുന്ന *എക്‌ലോഗ്* എന്ന പേര് ഈ സമാഹാരത്തിനു നൽകിയത്.

കണ്ടുകിട്ടിയിട്ടുള്ള കയ്യെഴുത്തുപ്രതികളിലൊന്നിലെ കഥാപാത്രങ്ങൾ *വിശ്വാസം, ശരണം, ഉപവി* എന്നിവയാണ്. അമൂർത്തമായ ഇവയ്ക്ക് രംഗ

വേദിയിൽ കഥാപാത്രങ്ങളായി ജീവൻ നൽകിയിരിക്കുകയാണ്. ഇതിൽ ആട്ടിടയന്മാരോ ഉണ്ണിയേശുവോ ഒന്നും കടന്നുവരുന്നില്ല. ഇടയനാടകങ്ങളുടെ ആഖ്യാനരീതികളിൽ നിന്നും വ്യത്യസ്തമായിട്ടാണ് രചനയും. മനുഷ്യന്റെ നിത്യരക്ഷയാണിതിലെ പ്രമേയം. മദ്ധ്യകാലഘട്ടത്തിൽത്തന്നെ പ്രചാരത്തിലിരുന്ന *മൊറാലിറ്റി (morality)* നാടകങ്ങളോടാണ്, ഈ നാടകത്തിനു സാദൃശ്യം. ധർമ്മോപദേശപരവും ദൃഷ്ടാന്തപരവുമായ പ്രമേയങ്ങളായിരിക്കും ഇത്തരം നാടകങ്ങളിലേത്. മനുഷ്യനെ നന്മയിലേക്ക് നയിക്കുക എന്നതാണ് ഇത്തരം നാടകങ്ങളുടെ ലക്ഷ്യം. *എവരിമാൻ (Everyman)* എന്ന മദ്ധ്യകാലഘട്ടത്തിലെ പ്രശസ്ത നാടകം ഇതിനുദാഹരണമാണ്.

ഇന്നും അവതരിപ്പിക്കപ്പെടുന്ന ഈ നാടകത്തിന്റെ രചയിതാവ് ആരാണെന്നറിയില്ല. പ്രമേയം വളരെ ലളിതമാണ്. ദൈവവും മരണവും ഇതിലെ കഥാപാത്രങ്ങളാണ്.

മരണത്തിനോട് ദൈവം പറയുന്നു:

*എവരിമാൻ എന്ന വ്യക്തിയെ മരണത്തിനു വേണ്ടി ഒരുക്കുക.*

എന്നാൽ എവരിമാൻ എന്ന കഥാപാത്രത്തിനു മരിക്കാൻ ഇഷ്ടമില്ല. അയാൾ മരണത്തെ കൈക്കൂലി കൊടുത്ത് വശത്താക്കാൻ ശ്രമിക്കുന്നു. അതു നടക്കാതെ വരുമ്പോൾ അയാൾ മരണത്തിന്റെ മുൻപിൽ ചെന്ന് തന്നെ ഒഴിവാക്കണമെന്ന് യാചിക്കുന്നു. അതും തിരസ്ക്കരിക്കപ്പെടുന്നു. ഒടുവിൽ അയാൾ ഒരു ആത്മീയ സഞ്ചാരത്തിനു പോകുന്നു. തന്നോടൊപ്പം അയാൾ *അറിവ് (Knowledge), നല്ല പ്രവൃത്തികൾ (Good Deeds), കൂട്ടായ്മ (Fellowship), പശ്ചാത്താപം (Confession), സൗന്ദര്യം (Beauty)* എന്നീ സുഹൃത്തുക്കളെകൂടി കൂട്ടുന്നു. ഇവരെല്ലാം നാടകത്തിലെ തിളക്കമുള്ള കഥാപാത്രങ്ങളാണ്.

ഒടുവിൽ അയാൾ മരണത്തിലേക്ക് നടന്നടുക്കുകയാണ്. അപ്പോൾ ലൗകികതയെ പ്രതിനിധാനം ചെയ്യുന്ന കഥാപാത്രങ്ങൾ അയാളെ വിട്ടുപോകുന്നു; വിശുദ്ധി നിറഞ്ഞവർ അയാളോടൊപ്പം മരണത്തിൽ ചേർന്നു നിൽക്കുന്നു.

വിശ്രുതരായ പല സംവിധായകരും *എവരിമാൻ* എന്ന ഈ നാടകം വ്യത്യസ്ത ശൈലികളിൽ സംവിധാനം ചെയ്തിട്ടുണ്ട്. കാലത്തെ അതിജീവിക്കുന്ന ഈ രചനയിൽ വരാനിരിക്കുന്ന അനവധി കാലങ്ങളിലേക്കു കാത്തുവെച്ച ദൈവത്തിന്റെ കൈയ്യൊപ്പ് ചാർത്തപ്പെട്ടിട്ടുണ്ട്. *ഹൃദയത്തിൽ ദൈവത്തിന്റെ കൈയ്യൊപ്പുള്ള ആൾ* എന്നൊക്കെ കഴിഞ്ഞ കാലത്തെ ചില എഴുത്തുകാരെപ്പറ്റി നാം പറയാറുണ്ടല്ലോ. മദ്ധ്യകാലഘട്ടത്തിലെങ്ങോ എഴുതപ്പെട്ട ഈ രചനയുടെ അജ്ഞാതനായ ആ രചയിതാവ് സർഗ്ഗാത്മകതയിൽ

ദൈവിക സ്പർശമുള്ള ആരെങ്കിലുമായിരുന്നിരിക്കണം. ചരിത്രത്തിൽ ഒരി ക്കൽപ്പോലും ആ അജ്ഞാതനാടകകൃത്തിന്റെ പേരു വരില്ല!

ചാവറ അച്ചൻ എഴുതിയ, *മൊറാലിറ്റി (morality)* നാടകത്തിനെപ്പറ്റിയാണ് മുകളിൽ പരാമർശിച്ചത്.

*വിശ്വാസം, ശരണം, ഉപവി* എന്നീ ക്രൈസ്തവാനുഭവങ്ങളെ കഥാപാത്രമാക്കി എഴുതപ്പെട്ട ഈ നാടകത്തിന്റെ കാലഗണന 1860നു മുൻപാണെന്നു കാണുന്നു. ചാവറ കുര്യാക്കോസ് ഏലിയാസ് എന്ന പുരോഹിതൻ മരിക്കുന്നത് 1871ലാണ്. 1833ൽ അദ്ദേഹം മാന്നാനത്തു വൈദിക സെമിനാരി സ്ഥാപിച്ചു. ഒപ്പം സുറിയാനി കത്തോലിക്കരുടെ ആദ്യത്തെ പൊതുസെമിനാരി സ്ഥാപിച്ചു നടത്തുവാൻ നേതൃത്വം നൽകി. മാന്നാനത്തു പ്രസ്സും പ്രസിദ്ധീകരണകേന്ദ്രവും ആരംഭിക്കുന്നതും സംസ്കൃത വിദ്യാലയം സ്ഥാപിക്കുന്നതും 1846ലാണ്. ആ വർഷം തന്നെ അദ്ദേഹം സഭയുടെ ഭരണസാരഥ്യവും ഏറ്റെടുത്തു. കത്തോലിക്കാസഭയുടെ പ്രഥമ വിശ്വാസ പരിശീലന കേന്ദ്രം അദ്ദേഹം മാന്നാനത്ത് ആരംഭിക്കുന്നത് 1853ലാണ്. 1856ലാണ് അദ്ദേഹം സെമിനാരി വിദ്യാർത്ഥികൾക്കുവേണ്ടി ഈ നാടകശ്രമങ്ങൾ നടത്തിയിരിക്കുക.

ചാവറ പിതാവ് ഇപ്രകാരം ഇടയനാടകങ്ങൾ അവതരിപ്പിക്കുന്ന കാലഘട്ടത്തിൽ മലയാളത്തിലെ രംഗകലയുടെ അവസ്ഥ എന്തായിരുന്നു എന്നത് ഗവേഷണ വിദ്യാർത്ഥികളുടെ ശ്രദ്ധ പതിയേണ്ടുന്ന ഒരു കാര്യമാണ്. മലയാളത്തിലെ ആദ്യ നാടകമായി കണക്കാക്കപ്പെടുന്നത് 1882ൽ ഈ ഭാഷയിലേക്കു വിവർത്തനം ചെയ്യപ്പെട്ട *അഭിജ്ഞാന ശാകുന്തളം* ആണെന്ന് നമ്മുടെ നാടക സാഹിത്യചരിത്രം പറയുന്നു. അതിനു മുൻപ്, 1878ൽ കല്ലൂർ ഉമ്മൻ ഫിലിപ്പോസ് ഷേക്സ്പിയറിന്റെ *Comedy of Errors* എന്ന കൃതിയെ അടിസ്ഥാനമാക്കി *ആൾമാറാട്ടം* എന്ന നാടകം രചിച്ചിരുന്നു. ലക്ഷണമൊത്ത ഒരു നാടകകൃതിയല്ല എന്ന കാരണത്താൽ അതിന്, നാടക സാഹിത്യ ചരിത്രത്തിൽ അർഹിക്കുന്ന പരിഗണന ലഭിച്ചില്ല.

ചാവറ പിതാവ് തന്റെ ഇടയനാടകങ്ങളുടെ രചന നിർവ്വഹിച്ച കാലം 1856–58 കാലങ്ങളിലാണ്; അക്കാലത്താണ് മാന്നാനത്തുനിന്ന് സന്യാസപരിശീലനം കൂനമ്മാവിലേക്കു മാറ്റിയത്. *അഭിജ്ഞാന ശാകുന്തളത്തിനോ ആൾമാറാട്ടത്തിനോ* രംഗാവിഷ്ക്കാര സൗഭാഗ്യം ഉണ്ടായതായി കേട്ടിട്ടില്ല. എന്നാൽ ചാവറ പിതാവ് എഴുതി അവതരിപ്പിച്ച ഇടയനാടകങ്ങളുടെ സ്ഥിതി അതായിരുന്നില്ല. അദ്ദേഹം ഈ നാടകങ്ങൾ എഴുതി എന്നു മാത്രമല്ല, അന്ന് എല്ലാ വർഷവും വൈദിക വിദ്യാർത്ഥികളെക്കൊണ്ട് രംഗത്തവതരിപ്പിക്കുകയും ചെയ്തിരുന്നു.

**മലയാളത്തിൽ മാത്രമല്ല; ഇന്ത്യയിൽത്തന്നെ ആദ്യം!**

ഇന്ത്യൻ ഭാഷാ നാടകങ്ങളിൽ, ആദ്യ രചനയായി കണക്കാക്കപ്പെടുന്നത്, ബംഗാളി ഭാഷയിലെഴുതിയ *നീലദർപ്പൺ* എന്ന നാടകമാണ്. 1860ലാണ്

ദീനബന്ധു മിശ്ര ഈ നാടകത്തിന്റെ രചന നിർവ്വഹിക്കുന്നത്. ബംഗാളിലെ നീലം തോട്ടം ഉടമകളായ യൂറോപ്യന്മാരും തോട്ടം തൊഴിലാളികളായ ഇന്ത്യക്കാരും തമ്മിലുള്ള സംഘർഷമാണ് ഈ നാടകത്തിലെ പ്രമേയ വസ്തു. *നീലദർപ്പൺ* എഴുതപ്പെടുന്നതിനു മുൻപേ എഴുതപ്പെടുകയും അവതരിപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു *ഇടയനാടകങ്ങൾ. അഭിജ്ഞാന ശാകുന്തള*ത്തിന്റെ മലയാള വിവർത്തനം കേരളവർമ്മ വലിയ കോയിത്തമ്പുരാൻ നിർവ്വഹിക്കുന്നത് 1882ൽ മാത്രമാണല്ലോ. ഭാരതീയ ഭാഷാനാടകങ്ങളിൽ ആദ്യത്തേതായി അടയാളപ്പെടുത്തപ്പെടുന്ന *നീലദർപ്പണി*നു പോലും മുൻപേ തന്നെ, അതിനും എത്രയോ വർഷം മുൻപ്, 1856 കാലത്ത് ചാവറ കുര്യാക്കോസ് എന്ന പുരോഹിതൻ *ഇടയനാടകങ്ങൾ* എന്ന പേരിൽ മലയാളഭാഷയിൽ നാടകങ്ങൾ രചിച്ചു; അവ സെമിനാരിയ്ക്കകത്താണെങ്കിലും രംഗത്ത് അവതരിപ്പിച്ചു; ഒരു തവണയല്ല; ദിവസങ്ങളോളം തുടർച്ചയായി; വർഷം തോറും ഈ രംഗാവിഷ്ക്കാരം തുടരുകയും ചെയ്തു. അദ്ദേഹത്തിന്റെ മരണശേഷവും ഈ അവതരണങ്ങൾ തുടർന്നു പോന്നിരുന്നു.

ചരിത്രാന്വേഷിയുടെ സഗൗരവമായ ശ്രദ്ധയും നാടക ചരിത്രകാരന്റെ സൂക്ഷ്മമായ പരിശോധനയും ആവശ്യപ്പെടുകയും അർഹിക്കുകയും ചെയ്യുന്നുണ്ട് ഈ കണ്ടെത്തൽ.

സെമിനാരിയ്ക്കകത്തു നിവർത്തിയ്ക്കപ്പെട്ടതുകൊണ്ടു ഘോഷിക്കപ്പെടാതെയും ഈ നിവർത്തനത്തിലെ ചരിത്രപരമായ പ്രാധാന്യം മനസ്സിലാകാതിരുന്നതിനാൽ വെളിപ്പെടുത്തപ്പെടാതെയും പോയ ഒരു വലിയ സത്യം ഇതിലൂടെ അനാവൃതമാവുകയാണ്. മലയാള നാടകവഴിയിൽ മാത്രമല്ല; ഇന്ത്യൻ നാടകവഴിയിൽതന്നെ നാടകരചനയുടെയും രംഗാവിഷ്ക്കാരത്തിന്റെയും ആദ്യപാദങ്ങൾക്കു ചുവടുവെച്ചതും വഴിതെളിച്ചതും ഈ കൊച്ചു കേരളത്തിലെ ഒരു സന്യാസാശ്രമത്തിന്റെ അകത്തളങ്ങളിലിരുന്നുകൊണ്ടു യോഗിതുല്യനായ ഒരു വന്ദ്യവൈദികന്റെ സമർപ്പിത ശ്രമഫലമായാണ് എന്നു ചരിത്രം സാക്ഷ്യപ്പെടുത്തുമെങ്കിൽ അതൊരു ചെറിയ കാര്യമല്ല തന്നെ!

അതിനായുള്ള ചരിത്രത്തിന്റെ പുനർ:വായനയ്ക്കും അനുബന്ധമായ പര്യവേഷണ പഠനങ്ങൾക്കും ഈ സൂചനകൾ പ്രചോദനവും പ്രകോപനവുമാകട്ടെ എന്ന ആഗ്രഹം തന്നെയാണ് ഈ കുറിപ്പിനു പ്രേരകം.

■

1. Ecologue. ലാറ്റിനിൽ Eclogae. Bucolics എന്നും അറിയപ്പെട്ടിരുന്നു. അതൊരു ഗ്രീക്ക് പദമാവണം. കന്നുകളുടെ കരുതലിനായി എന്ന് അർത്ഥസൂചന. തിയോക്രിറ്റസിന്റെ കാവ്യങ്ങളെ മിത്തുകളുമായി ബന്ധപ്പെടുത്തി നാടകീയത നിറഞ്ഞ പുനരാവിഷ്ക്കാരം നടത്തുകയായിരുന്നു വിർജിൽ. കൊച്ചു കൊച്ചു ഖണ്ഡങ്ങളായിട്ടായിരുന്നു തിയോക്രിറ്റസിന്റെ രചന. അതുകൊണ്ടാവാം അവ Idylls (ഹ്രസ്വരംഗങ്ങൾ) എന്നും Vignettes എന്നും അറിയപ്പെട്ടിരുന്നു. വിർജിലിന്റെ 3 വിഖ്യാത കൃതികളിൽ ഒന്ന് എക്കലോഗുകളായിരുന്നു. ദേശാടനത്തിന്റെ നാളുകളിൽ സഞ്ചരിക്കുന്ന ആൾക്കൂട്ടത്തെ നയിച്ചിരുന്നത് ആട്ടിൻപറ്റത്തെ തെളിക്കുന്ന ഇടയന്മാരായിരുന്നിരിക്കണമല്ലോ. റോമിൽ നടന്ന സാമൂഹ്യ പരിണാമങ്ങളുടെ പ്രതിസ്പന്ദങ്ങൾ അവരുടെ കുശലസംവാദങ്ങളിൽ ഉൾച്ചേർന്നിരിക്കുവാനുള്ള സാധ്യതയെ വിർജിൽ തന്റെ പുനരാവിഷ്ക്കാരത്തിൽ പ്രയോജനപ്പെടുത്തുകയായിരുന്നു. പത്തു എക്കലോഗുകളാണു വിർജിലിന്റേതായി ഗ്രന്ഥത്തിലുൾപ്പെടുത്തിയിരുന്നത്. Amoebaean ആലാപനത്തിന്റെ രീതിവൃത്തമാണവലംബിച്ചിരുന്നത്. സാമൂഹ്യ പരിഃസ്ഥിതിയിലെ വിപ്ലവകരങ്ങളായ മാറ്റങ്ങളോട് ഇടഞ്ഞും ഇണങ്ങിയും സുഖദുഃഖപര്യവസായിയായ പ്രണയവഴികളോടു ചേർന്നുമൊക്കെയായിരുന്നു പ്രമേയകൽപ്പന. സാമൂഹ്യ മാറ്റത്തിനു ഉത്തേജകമാകണം കലാരചന എന്ന വിർജിലിന്റെ ഉൾബോധം എക്കലോഗുകളിൽ കണ്ടെത്താനാകും. റോമായിലെ രംഗവേദികളിൽ പ്രസ്താവ്യമായ വിജയം നേടിയ എക്കലോഗുകളുടെ ആവിഷ്ക്കാരം വിർജിലിന് ഏതാണ്ടൊരു താരപദവി തന്നെ നേടി നൽകിയിരുന്നു.

   ഇറ്റാലിയൻ നവോത്ഥാന കാലത്ത് ഡാന്റേ, *പെത്രാർക, ബൊക്കാസിയോ* തുടങ്ങിയവർ എക്കലോഗുകൾക്കു കൂടുതൽ പ്രചാരം നൽകി. എഡ്മണ്ട് സ്പെൻസർ ആണത്രെ ഇംഗ്ലീഷിൽ പന്ത്രണ്ടു ഖണ്ഡങ്ങളുടെ ഒരു പരമ്പര എഴുതി ഈ സരണിയിൽ പിന്നീട് പ്രമുഖനായത്. എ.ഡി. 1552-1559ൽ. പതിനെട്ടാം നൂറ്റാണ്ടു മുതലാണ് സംഭാഷണത്തിന്റെയും ആത്മഭാഷണത്തിന്റെയും ഗദ്യവഴികൾ കൂടി ഈ രചനയിലെ രീതിയാകുന്നത് ■ എഡിറ്റർ

2. ആരാധനാനുഷ്ഠാനങ്ങളിലെ അംഗവിക്ഷേപങ്ങളിലും പദചലനങ്ങളിലും വരെ നാടകീയതയുടെ ആത്മീയ പര്യാപ്തതയ്ക്കുതകുന്ന Choreographyയുടെ ചിട്ടകൾ ദീക്ഷിച്ചു വന്നിട്ടുള്ളതായി ആ തലത്തിലൊരു വിശകലനം ബോദ്ധ്യപ്പെടുത്തുന്നുമുണ്ട് ■എഡിറ്റർ
3. ആലങ്കാരികമായി ഉപയോഗിക്കുന്ന പദമോ പ്രയോഗമോ ആണ് *Tropes.*
4. പ്രാർത്ഥനാക്രമവുമായി ബന്ധപ്പെട്ട നാടകങ്ങൾ.
5. *Corpus Christie*: പരിശുദ്ധ കുർബ്ബാനയുടെ തിരുനാൾ
6. ഇറ്റാലിയൻ എക്ലോഗുകളായിരുന്നിരിക്കണം ചാവറ പിതാവ് അവലംബിച്ച മാതൃക. പന്ത്രണ്ടു നാടകങ്ങളുടെ ഒരു പാക്കേജ് അദ്ദേഹം അവതരിപ്പിച്ചിരുന്നുവെന്നാണു സൂചന. ബാക്കി രണ്ടു നാടകങ്ങളുടെ കൈയ്യെഴുത്തുപ്രതികൾകൂടി കണ്ടെത്തുവാനുള്ള അന്വേഷണങ്ങൾ തുടരുന്നു.
7. അവരുമായി നേരിൽക്കണ്ട് അവരുടെ അവതരണനാളുകളിലെ ആ ഓർമ്മകൾ രേഖപ്പെടുത്തുവാനുള്ള ശ്രമങ്ങളും നടന്നുവരുന്നു.

പതിനാല്

# നാടൻശീലിന്റെ മൊഴിച്ചന്തം

പി.കെ. രാജശേഖരൻ

ആത്മീയ ജീവിതത്തിന്റെ ഭൗതിക പ്രയോഗങ്ങളിൽ ഒന്നായിരുന്നു ചാവറയച്ചന് എഴുത്ത്. അജപാലനദൗത്യത്തിന്റെ നിർവഹണം എളുപ്പമോ ധനത്തിന്റേയോ ജനത്തിന്റേയോ പിന്തുണ ഏറിയതോ അല്ലായിരുന്ന ഒരു കാലഘട്ടത്തിൽ എഴുത്തിനെ ഒരു പ്രയോഗോപാധിയാക്കാൻ ശ്രമിച്ചതിൽ നിന്നാണ് അദ്ദേഹത്തിന്റെ ഗദ്യവും പദ്യവും പിറന്നതെന്നു കാണാൻ വിഷമമില്ല. കവിതയും ചരിത്രവും ധർമ്മോപദേശവും എഴുതിക്കൊണ്ട് വിശ്വാസിസമൂഹത്തിൽ ഇടപെട്ടതിനൊപ്പം പൊതുസമൂഹത്തിൽക്കൂടി ഇടപെടുകയായിരുന്നു അദ്ദേഹം. ഒന്നര നൂറ്റാണ്ടിനപ്പുറം ഒരു സംസ്കൃത പാഠശാല തുറക്കുകയും ഓരോ പള്ളിയിലും ഓരോ പള്ളിക്കൂടം തുടങ്ങണമെന്ന പവിത്രമായ ശാഠ്യം പിടിക്കുകയും ചെയ്ത അദ്ദേഹം തന്റെ കവിതയിലും ഗദ്യത്തിലും സംസ്കൃതത്തിന്റെ രാജപാതയേക്കാൾ മലയാളത്തിന്റെ നാട്ടുവഴിയാണു പിന്തുടർന്നത്. ഭൗതികപ്രയോഗമെന്ന നിലയിൽ തന്റെ എഴുത്ത് എത്തിച്ചേരേണ്ട, വിനിമയം ചെയ്യപ്പെടേണ്ട, സമൂഹത്തെക്കുറിച്ചുള്ള ജനകീയ ബോധം അതിനു പിന്നിൽ പ്രവർത്തിച്ചിരുന്നു. നിയോക്ലാസ്സിക് കാവ്യപാരമ്പര്യവും കാവ്യഭാഷയും ജയഭേരിയടിച്ചു നിന്ന കാലത്താണ് ചാവറയച്ചന്റെ കാവ്യകൃതികളായ '*ആത്മാനുതാപ*'വും '*അനസ്താസിയായുടെ രക്തസാക്ഷ്യ*'വും '*മരണവീട്ടിൽ പാടുന്നതിനുള്ള പാന*'യും രചിക്കപ്പെട്ടത്. എന്നാൽ പൂർണ്ണമായും ആ കാവ്യസമ്പ്രദായത്തിന്റെ മാർഗത്തിൽ അദ്ദേഹം സഞ്ചരിച്ചില്ല. സംസ്കൃതബദ്ധവും അലങ്കാരനിബിഡവുമായ നിയോക്ലാസ്സിക് കാവ്യഭാഷയ്ക്കു പകരം തന്നാട്ടുമൊഴിയോട് അടുത്തു നില്ക്കുന്ന ജനകീയ കാവ്യഭാഷ രൂപപ്പെടുത്താനായിരുന്നു ചാവറയച്ചൻ കവി എന്ന നിലയിൽ ശ്രമിച്ചത്.

## തന്നാട്ടുമൊഴിയോട് ചേർന്നു നിന്നു

നിയോക്ലാസ്സിക് കവികൾ അഭിസംബോധന ചെയ്തതിൽ നിന്നു വ്യത്യസ്തമായ വായാനാസമൂഹത്തെ ലക്ഷ്യം വച്ചുകൊണ്ടാണ് അദ്ദേഹം തന്റെ കാവ്യഭാഷയെ (പലപ്പോഴും കാവ്യഭംഗി ബലികഴിച്ചുകൊണ്ടുപോലും) തന്നാട്ടുഭാഷയ്ക്കു ചാരെ നിർത്തിയത്. നല്ല മലയാള ഗദ്യം രൂപപ്പെട്ടു തുടങ്ങിയിട്ടില്ലാത്ത ആ ഘട്ടത്തിൽ ഗദ്യത്തോടു ചാർച്ചയുള്ള കാവ്യഭാഷയാണ് അദ്ദേഹം സ്വീകരിച്ചത്. ഭാവനയുടെ സ്വതന്ത്രവിനിമയം എന്നതിലുപരിയായ കാവ്യലക്ഷ്യം ആ കവിതയ്ക്കുണ്ടായിരുന്നു. കാവ്യശരീരത്തിന്മേൽ കർശന നിയന്ത്രണമേർപ്പെടുത്തുന്ന ആ ബാഹ്യലക്ഷ്യങ്ങൾ അദ്ദേഹത്തിന്റെ കവിതയിൽ സ്വാഭാവികമായും നിഴൽവീഴ്ത്തിയിട്ടുണ്ട്. കേവലമായ ഭൗതിക പ്രയോഗം, മറ്റു പ്രവൃത്തികളിൽനിന്നു ഭിന്നമായി കവിതയിൽ ആത്മാവു ചോർത്തിക്കളയും. എന്നാൽ '*ആത്മാനുതാപ*'ത്തിലോ '*അനസ്താസിയ*'യിലോ 'പാന'യിലോ ആത്മാവിന്റെ ഈ അസന്നിഹിതത്വമില്ല. ആത്മീയ ജീവിതത്തിന്റെ വിപുലനവും മേഖലാന്തരണവുമായി ചാവറയച്ചന്റെ കവിത മാറിയത് അങ്ങനെയാണ്. കവിത മാത്രമല്ല ഗദ്യവും അദ്ദേഹത്തിനു പ്രവർത്തനം തന്നെയായിരുന്നു, ജനകീയ പ്രവർത്തനം.

'*സുപ്തിങന്ത*' സംസ്കൃതപദങ്ങൾ നിറഞ്ഞ മണിപ്രവാളത്തിൽ ആട്ടക്കഥകളും ഉത്തരകാല ചമ്പുക്കളും ധാരാളമുണ്ടായിക്കൊണ്ടിരുന്ന കാലത്താണ് ചാവറയച്ചൻ സംസ്കൃത പദാനുപാതം കുറച്ച് ഒരു കാവ്യഭാഷ വികസിപ്പിച്ചെടുത്തത്. അന്നു വ്യാപകമായിരുന്ന മണിപ്രവാളശൈലിയുടെ നിഴലിൽ നിന്നു പൂർണ്ണമായും വിടുതി നേടാൻ കഴിഞ്ഞില്ലെങ്കിലും തന്റെ കവിതയുടെ ലക്ഷ്യത്തിന് കുറേക്കൂടി ജനികീയമായ ഒരു കാവ്യഭാഷാക്രമം വേണമെന്ന സൂക്ഷ്മബോധം അദ്ദേഹത്തെ ഭരിച്ചിരുന്നു. വെൺമണിമാരുടെ പച്ചമലയാളത്തിനും ഏ.ആർ. രാജരാജവർമ തുടങ്ങിവച്ച ആധുനികകാവ്യവിപ്ലവത്തിനും മുമ്പായിരുന്നു ചാവറയച്ചൻ തദ്ദേശീയമായൊരു കാവ്യഭാഷയുടെ നിർമ്മാണപ്രവർത്തനത്തിൽ മുഴുകിയത് എന്നുകൂടി കാണേണ്ടതുണ്ട്.

## ജനകീയ ഗദ്യത്തിന്റെ പരിണാമവഴിയിൽ

കവിതയിലേക്കാൾ ഗദ്യത്തിലായിരുന്നു ചാവറയച്ചൻ തന്റെ ജനകീയ ഭാഷാബോധം ഏറ്റവും നന്നായി പ്രകടിപ്പിച്ചത്. *നാളാഗമങ്ങളി*ലും (1840-1869), '*ധ്യാനസല്ലാപങ്ങ*'ളിലും (1869) അദ്ദേഹം ഉപയോഗിച്ച ഗദ്യം ജനകീയ ഗദ്യത്തിന്റെ ആദ്യമാതൃകകളിൽപ്പെടുന്നു. അധികം വൈകാതെ അച്ചടിയുടെ വ്യാപനവും പത്രപ്രവർത്തനവും ചേർന്നു മലയാളത്തിൽ രൂപപ്പെടുത്തിയ മതനിരപേക്ഷ ജനകീയ ഗദ്യത്തിന്റെ തൊട്ടുപിന്നിലുള്ള പടവുകളാണവ. 19-ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ നിലവിലുണ്ടായിരുന്ന ഔദ്യോഗിക ഗദ്യത്തിൽ നിന്നും വ്യത്യസ്തമായ ഒരു വ്യാവഹാരിക ഗദ്യം രൂപപ്പെടുത്താൻ അദ്ദേഹത്തിനു

കഴിഞ്ഞു. '*നാളാഗമങ്ങ്*ൾ എന്ന സഭാചരിത്രനാൾവഴികൃതികളിലെ ഗദ്യം മതപരമായ ആവശ്യത്തിനുവേണ്ടിയുള്ളതായിരുന്നുവെങ്കിലും അതിൽ സാമാന്യവ്യവഹാരഭാഷയുടെ മൊഴിച്ചന്തം ഉണ്ടായിരുന്നു. ആധുനിക ഗദ്യത്തോട്, കുഞ്ചൻ നമ്പ്യാരുടെ തുള്ളൽകൃതികളിൽ നിന്നു ജനിതകബന്ധം തുടങ്ങുന്ന മലയാള ഗദ്യത്തിലെ പ്രാധാന്യമുള്ള അധ്യായങ്ങളാണവ. കേരളത്തിലെ ക്രൈസ്തവസഭാചരിത്രങ്ങൾ തന്നെയായ '*നാളാഗമങ്ങ*'ളിലെ ഗദ്യം പിൽക്കാലത്തെ മതനിരപേക്ഷ ജനകീയ ഗദ്യത്തിലേക്ക് എങ്ങനെ ഒരു തന്നാട്ടുവഴി തുറന്നുവെന്നു വ്യക്തമാകണമെങ്കിൽ അതേകാലത്തു തന്നെ പുറത്തുവന്ന '*രാജ്യസമാചാര*'ത്തിലെ ഗദ്യം വായിച്ചാൽ മതി. ആദ്യകാലത്തെ മലയാളപത്രമെന്ന് ഏതാണ്ടെല്ലാ ചരിത്ര രചയിതാക്കളും അന്ധമായി ആവർത്തിക്കുന്ന '*രാജ്യസമാചാര*'ത്തിലെ മതപ്രചാരണ ഗദ്യത്തിൽ നിന്ന് ബഹുകാതമകലെയാണ് '*നാളാഗമങ്ങളി*'ലെ മതാത്മകമായ ഗദ്യം. '*ധ്യാനസല്ലാപങ്ങളി*'ലെ മതാത്മകഗദ്യമാകട്ടെ പിന്നീട് രൂപപ്പെട്ട ആഖ്യായികാ ഗദ്യത്തെ സ്വപ്നം കണ്ടു. ഈ ഗദ്യപാരമ്പര്യത്തിൽ നിന്നു വിമോചനം നേടിയാണ് അച്ചടിയും പത്രപ്രവർത്തനവും പിന്നീട് മതനിരപേക്ഷമായ ഗദ്യം മലയാളത്തിൽ നടപ്പിലാക്കിയത്. നോവലും ചെറുകഥയും ഉപന്യാസവും പൊടിച്ചുവളർന്നത് ആ മണ്ണിലായിരുന്നു. താഴെയുള്ള അസംഖ്യം അടരുകളാണ് ഫലഭൂയിഷ്ഠമായ മേൽമണ്ണ് രൂപപ്പെടുത്തുന്നത്. ആ അടരുകളിൽപ്പെടുന്നു ചാവറയച്ചൻ എഴുതിയ ഗദ്യം.

'*ധ്യാനസല്ലാപങ്ങളി*'ൽ തന്റെ വിശ്വാസ തീവ്രതയുടെയും ഉത്തമബോധ്യത്തിന്റെയും അസന്ദിഗ്ധതയിൽ നിന്നുകൊണ്ട് ചാവറയച്ചൻ ഇങ്ങനെയെഴുതി:

*"ധ്യാനം എന്നത് ദൈവത്തോടുള്ള സംസാരമാകുന്നു. സ്നേഹത്താൽ ദൈവത്തോടു ചേർന്നു തന്നോടൊന്നിച്ചിരുന്ന് സ്നേഹിതന്മാരോട് ഒന്നിച്ചുള്ള സംഭാഷണം എന്നപോലെ ആത്മമണവാളനായ ഈശോമ്ശിഹായോടൊന്നിച്ചിരുന്നു സംസാരിക്കയത്രേ ഇതിന്റെ പ്രവൃത്തി. ഇതിനാൽ നിന്റെ തണുപ്പിന്റെ കാലമെന്നു നീ പേരുവിളിച്ചിരുന്ന തുടക്കകാലങ്ങളിൽ ലോകസംസാരത്തിൽ ദൈവത്തോടു സംസാരിപ്പാനായിട്ടു ധ്യാനത്തിൽ നിന്നും അകന്നിരുന്നു എന്നും നിന്റെ ചരിത്രത്തിൽ ഞാൻ വായിച്ചു കണ്ടു. എന്നതിനാൽ എന്റെ അമ്മേ, ഇതു ശരിതന്നെ, അതെന്ത്യേ? ധ്യാനം ദൈവത്തോടൊന്നിച്ചിരുന്നുള്ള സംസാരമാകുന്നുവെന്നു വരുമ്പോൾ ഒരു സ്നേഹിതനോടുള്ള സംസാരം പോലെ ആകുന്നു."*

ബിംബ കല്പനകളിൽ സംസാരിക്കുന്ന കവിതയിലേക്കുള്ള പില്ക്കാല വഴി ഈ ഗദ്യശകലത്തിലുണ്ട്. ഗദ്യം രൂപപ്പെടുന്ന നാളിലാണ് കവിതയെ ആലിംഗനംചെയ്യാൻ ആഗ്രഹിക്കുന്ന ധ്യാനാത്മകമായ ഈ ഗദ്യം എഴുതപ്പെട്ടതെന്നുകൂടി ഓർക്കണം.

**കവിത ദേവാലയ സമം**

ആത്മീയ ജീവിതത്തിൽ നിന്ന് ഇളക്കി മാറ്റാവുന്നതായിരുന്നില്ല ചാവറയച്ചനു കവിത. അതുകൊണ്ടു തന്നെ അത് വിശ്വാസ ദാർഢ്യത്തിന്മേൽ പണിഞ്ഞ ദേവാലയമായി. സാമാന്യ ജനങ്ങൾക്കുകൂടി പരിചിതമായ കാവ്യഭാഷയിൽ വിശ്വാസത്തിന്റെ മഹത്വം വെളിപ്പെടുത്തുകയായിരുന്നു അദ്ദേഹത്തിന്റെ കാവ്യലക്ഷ്യം. ഒരേസമയം സന്യാസിയുടെയും പ്രബോധകന്റെയും വഴി സ്വീകരിക്കാൻ നിർബന്ധിക്കുന്ന സന്ദർഭമാണത്. ജനകീയ സ്വഭാവമുള്ള കാവ്യഭാഷയും സാമാന്യ വായനക്കാരുടെ അഭിരുചിയെ എളുപ്പം സ്വാധീനിക്കുന്ന പ്രമേയങ്ങളും കൊണ്ട് ആ സന്ദർഭം മറികടക്കാനാണ് അദ്ദേഹം ശ്രമിച്ചത്. തന്റെ ആധ്യാത്മികചര്യയിൽനിന്ന് അണുപോലും വ്യതിചലിക്കാതെ അതു സാധിക്കുകയും ചെയ്തു.

മരണത്തെയാണ് ചാവറയച്ചൻ പ്രമേയമായി സ്വീകരിച്ചത്. '*ചാവരുൾ*', '*മരണവീട്ടിൽ പാടുന്നതിനുള്ള പാന*', '*അനസ്താസിയായുടെ രക്തസാക്ഷ്യം*' എന്നീ ശീർഷകങ്ങൾ നോക്കുക. മരണത്തിന്റെ സന്ദർഭത്തിൽ നിന്നുകൊണ്ട് വിശ്വാസ ജീവിതത്തിന്റെ മഹത്വത്തെക്കുറിച്ചുള്ള പ്രബോധനം എന്ന കാവ്യലക്ഷ്യം നിറവേറ്റപ്പെടുകയാണ് അവയിൽ. ആത്മീയതാവാദത്തിന്റെയും ക്രൈസ്തവമായ ദർശനബോധത്തിന്റെയും ഭാഗം കൂടിയാണ് മരണത്തെക്കുറിച്ചുള്ള വിചാരങ്ങൾ ആ കാവ്യങ്ങളിൽ.

മരണ ദിവസം ജനന ദിവസത്തേക്കാൾ നല്ലത്, വിരുന്നുവീട്ടിൽ പോകുന്നതിനെക്കാൾ വിലാപഗൃഹത്തിൽ പോകുന്നതാണു നല്ലത് എന്ന് *സഭാപ്രസംഗി*യുടെ വചനം അനുസ്മരിപ്പിച്ചുകൊണ്ടു തുടങ്ങുന്ന '*മരണവീട്ടിൽ പാടാനുള്ള പാന*' യഥാർത്ഥത്തിൽ ജീവിതത്തെ സംബന്ധിച്ച ആത്മീയ ദർശനം അവതരിപ്പിക്കുകയാണു ചെയ്യുന്നത്. പ്രബോധനമാണ് അതിന്റെ ലക്ഷ്യം. *ഇഹലോകം, സ്വജനം, സ്വദേഹം* എന്നീ മൂന്നു സ്നേഹിതർ മരണസമയത്തു മനുഷ്യനു പ്രയോജനപ്പെടുന്നില്ല. നാലാമത്തെ സ്നേഹിതനായ *പുണ്യമാണ്* യഥാർത്ഥ മിത്രം.

എഴുത്തച്ഛൻ പറയുന്നതുപോലുള്ള '*ദേഹാഭിമാനം നിമിത്ത*'മായ മിഥ്യയെ ഒഴിവാക്കി നിരഹങ്കാരവും നിസ്വാർത്ഥവുമായ കർമ്മത്തിലൂടെ ദൈവത്തിനു സ്വയം സമർപ്പിക്കാനുള്ള ഈ പ്രബോധനത്തിനു പിന്നിൽ ക്രൈസ്തവതയോടൊപ്പം ഭാരതീയ ആധ്യാത്മിക വാദവും കൂടിക്കലർന്നിട്ടുണ്ട്.

അതേസമയം, അതിഭൗതികമായ ഒരു സാന്നിധ്യത്തെ, ബാഹ്യേന്ദ്രിയങ്ങൾക്കപ്പുറമുള്ള യാഥാർത്ഥ്യ ലോകത്തെക്കുറിച്ചുള്ള പ്ലേറ്റോണിയൻ വീക്ഷണം സ്വാംശീകരിച്ച സെന്റ് അഗസ്റ്റിന്റെ ആത്മീയദർശനത്തിന്റെ നിഴലാട്ടവും അവിടെ കാണാം. ശരീരത്തിന്റെ മാധ്യസ്ഥമില്ലാതെ മനസ്സിലൂടെ

ഈശ്വരനിലേക്കു നീങ്ങണമെന്ന അഗസ്റ്റീനിയൻ ദർശനം ഏതൊക്കെയോ അളവിൽ ഈ ആത്മീയ തത്ത്വവിചാരത്തിന്റെ ഭാഗമായതുകൊണ്ടാണ് *ലോകം-ബന്ധു-ശരീരം* എന്ന ത്രിത്വത്തിനപ്പുറമുള്ള നാലാംമാനമായ പുണ്യകർമ്മത്തിലേക്കു നീങ്ങാൻ കവി ആവശ്യപ്പെടുന്നത്.

എന്നാൽ ആത്മീയതയെക്കുറിച്ചുള്ള ഗഹന ചർച്ചയായി ചാവറയച്ചൻ കവിതയെ മാറ്റിയില്ല. പകരം തന്റെ വായനാസമൂഹത്തിന്/ശ്രോതൃസമൂഹത്തിന് (മരണവീട്ടിൽ പാടാൻ വേണ്ടിയാണല്ലോ കാവ്യം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്). വിശ്വാസബോധ്യമുണ്ടാവാൻ സഹായിക്കുന്ന കഥകൾ പറയുകയാണ് അദ്ദേഹം. ജനകീയ കാഴ്ചപ്പാടിന്റെയും കവിതയെ സംബന്ധിച്ച ക്ഷേമമൂല്യ വിശ്വാസത്തിന്റെയും ഫലമായിരുന്നു അത്. അതുകൊണ്ടുതന്നെ മരണത്തെ ജീവിതത്തെയും സഭാജീവിതത്തെയും കുറിച്ചുള്ള പ്രബോധന വേദിയാക്കി അദ്ദേഹം മാറ്റി. ചാവറയച്ചനെ സംബന്ധിച്ച് ആത്മീയജീവിതത്തിന്റെ ഭൗതിക പ്രയോഗങ്ങളിലൊന്നായിരുന്നു കവിത എന്നതു കൊണ്ടാണത്.

### പീഢിപ്പിക്കപ്പെടുന്ന ക്രൈസ്തവതയുടെ നേർചിത്രം

ഖണ്ഡകാവ്യങ്ങൾ മലയാളത്തിൽ പതിവാകും മുമ്പാണ് ചാവറയച്ചൻ *'അനസ്തീസിയായുടെ രക്തസാക്ഷ്യം'* എഴുതിയത്. പീഡിപ്പിക്കപ്പെട്ട ആദിമ യൂറോപ്യൻ ക്രൈസ്തവരുടെ ജീവിതത്തിൽ നിന്നുള്ളതാണ് അനസ്തീസിയായുടെ കഥ.

സോഫിയ എന്ന കന്യാസ്ത്രീ നടത്തിയിരുന്ന മഠത്തിലെ അംഗമായ അനസ്തീസിയയെ വശത്താക്കാനും തന്റെ വിശ്വാസത്തിലേക്കു കൊണ്ടുവരാനും റോമാചക്രവർത്തിയായ വലേറിയൻ ശ്രമിക്കുന്നു. സ്നേഹമണവാളനായ ക്രിസ്തുവിനെ വരിച്ച അവൾക്ക് ചക്രവർത്തിയും അദ്ദേഹത്തിന്റെ വിശ്വാസവും അസ്വീകാര്യമായിരുന്നു. ക്രൈസ്തവ വിശ്വാസത്തിൽ ഉറച്ചുനിന്ന അവൾക്ക് ഭയാനകമായ ശരീരപീഡകൾ ഏൽക്കേണ്ടി വന്നു. തടവിൽ കിടന്നുകൊണ്ട് ക്രിസ്തുവിനെ സ്തുതിച്ച അനസ്തീസിയയുടെ നാവ് അവർ മുറിച്ചു കളഞ്ഞു. അനസ്തീസിയയേയും അവൾക്കു വെള്ളം കൊടുത്ത ചീറിലോസ് എന്ന യുവാവിനെയും കൊല്ലുകയും ചെയ്തു.

ക്രൈസ്തവ വിശ്വാസത്തിന്റെ തീവ്രത സഭാംഗങ്ങളെ ബോധ്യപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ രചിക്കപ്പെട്ട ഈ കാവ്യം വഞ്ചിപ്പാട്ടിന്റെ വൃത്തമായ *നതോന്നതയിലാണ്* എഴുതിയിരിക്കുന്നത്. സാമാന്യ മനുഷ്യർക്കു പരിചിതമായ ഈണം കാവ്യത്തിനു നല്കിയതിനു പിന്നിലെ ജനകീയബോധമാണു ശ്രദ്ധിക്കേണ്ടത്. ചാവറയച്ചൻ ജനിച്ചു വളർന്ന കുട്ടനാടൻ ഭൂപ്രദേശത്തെ ജനങ്ങളിൽ ആദിമമുദ്രയെന്നോണം പതിഞ്ഞു കിടക്കുന്നതാണ് വള്ളപ്പാട്ട്. അപരിചിതമായ ഒരു പാശ്ചാത്യകഥയെ ആ ഈണത്തിലേക്കു മാറ്റി

യെഴുതുമ്പോൾ വിശ്വാസത്തിന്റെ ജനകീയവത്കരണം എളുപ്പമാകുമെന്ന് ചാവറയച്ചന് അറിയാമായിരുന്നു.

സഭാംഗങ്ങൾക്കു വിശ്വാസദാർഢ്യം പകരാനായി കഥകൾ പറഞ്ഞാൽ പോരെന്നും അവ മലയാളത്തിൽ പറയണമെന്നും ആ മലയാളം ലിപികളിൽ മാത്രം മലയാളമായാൽപ്പോരെന്നും കൂടി അദ്ദേഹത്തിനറിയാമായിരുന്നു. തദ്ദേശീകരണം എന്നു വിളിക്കാവുന്ന തനിമയുണ്ടാക്കലിന് കവിതയിൽ അദ്ദേഹം ശ്രദ്ധിക്കാൻ കാരണമതാണ്. അദ്ദേഹത്തിന്റെ കാലത്തും അതിനു സമീപ കാലങ്ങളിലുമുണ്ടായ ക്രിസ്തീയ മതസാഹിത്യത്തിൽ നിന്ന് ചാവറയച്ചന്റെ രചനകൾ വേറിട്ടു നിൽക്കുന്നത് ഈ തദ്ദേശബോധത്താലാണ്. സാഹിത്യചരിത്രകാരന്മാർ *പാതിരിമലയാളം* എന്നു വിളിക്കുന്ന ശൈലിയിൽ നിന്ന് വിഴിമാറി നടക്കാൻ അദ്ദേഹത്തിനു കഴിഞ്ഞതും അതുകൊണ്ടാണ്.

കവി എന്ന നിലയിൽ ചാവറയച്ചനുള്ള സാഹിത്യചരിത്രപരമായ സ്ഥാനം, ഖണ്ഡകാവ്യം, നാടകം ഉൾപ്പടെയുള്ള കാവ്യരൂപങ്ങളിൽ ആദ്യചുവടുവച്ചു എന്നുള്ളതാണ്. മലയാളത്തിന്റെ ഊർജ്ജപ്രസരമുള്ള ഒരു കാവ്യഭാഷയുടെ ആദ്യ മാതൃകയാണ് അദ്ദേഹം രൂപപ്പെടുത്തിയതും. ■

# അനുബന്ധം ഒന്ന്

## ചാവറ കുര്യാക്കോസ് ഏലിയാസ് ജീവിതരേഖ

- 1805
  ഫെബ്രുവരി 10ന് ആലപ്പുഴയിലെ കൈനകരിയിൽ ജനനം
- 1818
  സെമിനാരി പ്രവേശനം
- 1829
  പൗരോഹിത്യ സ്വീകരണം
- 1831
  മെയ് 11. ഭാരതത്തിലെ ആദ്യത്തെ ഏതദ്ദേശീയ സന്യാസസഭാ സ്ഥാപനം (C.M.I.)
- 1833
  സുറിയാനി കത്തോലിക്കരുടെ ആദ്യത്തെ പൊതു സെമിനാരി മാന്നാനത്ത് ആരംഭിക്കുവാൻ നേതൃത്വം കൊടുക്കുന്നു.
- 1846
  സുറിയാനി കത്തോലിക്കരുടെയിടയിലെ ആദ്യത്തെ പ്രസ്സും പ്രസിദ്ധീകരണ കേന്ദ്രവും മാന്നാനത്തു സ്ഥാപിച്ചു.
- 1846
  ആദ്യത്തെ കത്തോലിക്ക സംസ്കൃത സ്കൂൾ മാന്നാനത്തു സ്ഥാപിച്ചു.
- 1853
  സുറിയാനി കത്തോലിക്കാസഭയുടെ പ്രഥമ വിശ്വാസ പരിശീലന കേന്ദ്രം മാന്നാനത്തു ആരംഭിക്കുന്നു.
- 1855
  ഇന്ത്യൻ ജനതയിൽ നിന്നും ആദ്യ ക്രൈസ്തവ പുരോഹിതൻ സന്യാസവ്രത സമർപ്പണം ചെയ്യുന്നു.
- 1857-58
  ഇന്ത്യൻ ഭാഷാനാടകവഴിയിലെ ആദ്യരചനയായി ഗണിയ്ക്കേണ്ട ഇടയനാടകങ്ങളുടെ (എക്ളോഗുകൾ) രചന ചാവറ പിതാവു നിർവ്വഹിച്ചു. തുടർന്ന് അവ സെമിനാരിയിൽ അവതരിപ്പിക്കപ്പെടുവാൻ ആരംഭിച്ചു.

- 1861

ആർച്ചു ഡീക്കന്മാരുടെ സ്ഥാനത്ത് സുറിയാനി കത്തോലിക്ക രുടെ ആദ്യ വികാരി ജനറാൾ ആയി നിയമിതനാകുന്നു.

- 1861

റോക്കോസ് ശീശ്മയുടെ തരംഗത്തിൽ നിന്നും കേരളസഭയെ രക്ഷിക്കുവാനുള്ള പ്രതിരോധത്തിനു നേതൃത്വം നൽകി.

- 1862–69

കേരള സുറിയാനി കത്തോലിക്കാ സഭയുടെ ആരാധനാക്രമ ങ്ങളെ നവീകരിച്ചു.

- 1862

മലയാളത്തിലെ ആദ്യഖണ്ഡകാവ്യമായ *അനസ്താസ്യായുടെ രക്തസാക്ഷ്യം* രചിച്ചു.

- 1864

ഒരു പള്ളിയ്ക്കു ഒരു പള്ളിക്കൂടം എന്ന നിഷ്ഠ വികാരി ജന റാൾ എന്ന നിലയിൽ നടപ്പിലാക്കി.

- 1865

കത്തോലിക്ക പ്രൈമറി സ്കൂൾ മാന്നാനത്തു സ്ഥാപിച്ചു.

- 1866

കേരളത്തിലെ പ്രഥമ ഏതദ്ദേശീയ സന്യാസിനീ സമൂഹം *നിഷ്പാദുക കർമ്മലീത്താ മൂന്നാംസഭ* (T.O.C.D) എന്ന പേരിൽ ലിയോപ്പോൾദ് മിഷനറിയോടു ചേർന്നു സ്ഥാപിച്ചു. ഈ സഭ പിന്നീട് ഔദ്യോഗികമായി രണ്ടായി സി.എം.സി., സി.റ്റി.സി. എന്നീ പേരുകളിൽ അറിയപ്പെടുകയും പ്രവർത്തനം തുടരുകയും ചെയ്യുന്നു.

- 1868

ലെയോപോൾഡ് മിഷനറിയോടു ചേർന്ന് പെൺകുട്ടികൾക്ക് ആദ്യത്തെ ബോർഡിംഗ് ഹൗസും സ്കൂളും കൂനമ്മാവിൽ ആരംഭിച്ചു.

- 1868

*ഒരു നല്ല അപ്പന്റെ ചാവരുൾ* എന്ന കുടുംബ നവീകരണ ക്രമം നൽകി.

- 1869

അനാഥർക്കും രോഗികൾക്കും വൃദ്ധർക്കുമായി ആദ്യത്തെ ക്രൈസ്തവ അഗതിമന്ദിരം, *ഉപവിശാല* കൈനകരിയിൽ സ്ഥാപിച്ചു.

- 1869

19-ാം നൂറ്റാണ്ടിലെ കത്തോലിക്കാസഭയിലേയ്ക്കുള്ള പുന രൈക്യ പ്രസ്ഥാനത്തിനു പ്രേരണ നൽകി.

- 1871

ജനുവരി 3ന് കൂനമ്മാവിൽ നിര്യാതനായി. ജനുവരി 4ന് സെന്റ് ഫിലോമിന ആശ്രമത്തിൽ സംസ്ക്കാരം നടത്തി.

- 1889

മെയ് 24. അദ്ദേഹത്തിന്റെ പൂജ്യാവശിഷ്ടങ്ങൾ കൂനമ്മാവ് ആശ്രമ ദേവാലയത്തിൽ നിന്നെടുത്തു മാന്നാനം ആശ്രമ ദേവാലയത്തിൽ സ്ഥാപിച്ചു.

- 1984

ഏപ്രിൽ 7. ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ റോമിൽ വച്ചു ധന്യനായി പ്രഖ്യാപിച്ചു.

- 1986

ഫെബ്രുവരി 8. ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ കോട്ടയത്തു വച്ചു ഭാരതത്തിലെ ആദ്യ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു.

- 1987

അദ്ദേഹത്തിന്റെ ബഹുമാനാർത്ഥം കേന്ദ്രഗവർമ്മെന്റ് തപാൽ സ്റ്റാമ്പു പുറത്തിറക്കി. രാഷ്ട്രപതി ആർ. വെങ്കിട്ടരാമൻ തിരുവനന്തപുരത്തു വച്ചു സ്റ്റാമ്പ് റിലീസ് ചെയ്തു.

- 2006

മലയാള സാഹിത്യ സംഭാവനകളെ പരിഗണിച്ച് കേരള സർക്കാർ തൃശൂർ സാഹിത്യ അക്കാദമി ഹാളിൽ അദ്ദേഹത്തിന്റെ ഛായാചിത്രം അനാച്ഛാദനം ചെയ്തു.

# അനുബന്ധം രണ്ട്

## ചാവറ കുര്യാക്കോസ് ഏലിയാസിന്റെ രചനകൾ

*നാളാഗമങ്ങൾ (CHRONICLES)*

• സി.എം.ഐ., സി.എം.സി. സന്യാസിസഭകളുടെ സ്ഥാപനം, വളർച്ച • 19-ാം നൂറ്റാണ്ടിലെ പദ്രൊവാദോ, പ്രൊപ്പഗാന്ത സഭാസംവിധാനങ്ങളിലെ ഭരണാധികാരികളും മിഷനറിമാരും • 19-ാം നൂറ്റാണ്ടിലെ കേരളസഭയിലെ പ്രധാന സംഭവങ്ങളും വ്യക്തികളും • പാലയ്ക്കൽ തോമാ കത്തനാരുടെ ജീവചരിത്രം: *മലയാളിയെക്കുറിച്ചു മലയാളി എഴുതിയ ആദ്യ ജീവചരിത്രം*

*ആത്മാനുതാപം*

*മരണവീട്ടിൽ പാടുന്നതിനുള്ള പാന*
(പർവ്വം എന്നായിരുന്നു ആദ്യം. പിന്നീടു പുനഃപ്രകാശനവേളയിൽ അതു പാന എന്നു മാറ്റുകയായിരുന്നു)

*അനസ്താസിയായുടെ രക്തസാക്ഷ്യം*
(മലയാളത്തിലെ ആദ്യഖണ്ഡകാവ്യം)

*ധ്യാനസല്ലാപങ്ങൾ*
(ധ്യാന സംഭാഷണങ്ങളും ധ്യാന വിചാരങ്ങളും ധ്യാനപ്രാർത്ഥനകളും)

*ചാവറയച്ചന്റെ കത്തുകൾ*

*തുക്കാസ*
(തിരുക്കർമ്മാചാരാനുഷ്ഠാനങ്ങൾ)

*ലിറ്റർജിക്കൽ കലണ്ടർ*
*(ആരാധനക്രമത്തിലെ കാലവ്യത്യാസങ്ങൾ)*

*മരിച്ചവർക്കുള്ള ഒപ്പീസ്*

*ഇടയ നാടകങ്ങൾ*
(Ecologues: Shepherd plays: സെമിനാരികളിൽ ക്രിസ്തുമസ്സ് വേളകളിൽ അവതരിപ്പിക്കുവാൻ വേണ്ടി എഴുതിയിരുന്ന ലഘുനാടകങ്ങൾ. മലയാളത്തിലെ മാത്രമല്ല, ഇന്ത്യയിലെതന്നെ നാടകവഴിയിലെ ആദ്യശ്രമങ്ങൾ ഇതായിരുന്നു എന്നു കണ്ടെത്തിയിട്ടുണ്ട്. ചാവറ കുര്യാക്കോസ് ഏലിയാസ് എഴുതിയ ആദ്യ ഇടയനാടകങ്ങളുടെ കൈയ്യെഴുത്തുപ്രതികൾ ലഭ്യമായിട്ടുണ്ട്. ആധുനിക മലയാളഭാഷ്യത്തോടൊപ്പം അവയുടെ ആദിമരൂപം, വ്യാഖ്യാന പഠനമുൾക്കൊള്ളിച്ചു കൊണ്ടു പ്രസിദ്ധപ്പെടുത്തുവാനുള്ള ശ്രമങ്ങൾ ബേസ്റൗമ നടത്തിവരുന്നു.)

# അനുബന്ധം മൂന്ന്

## ബേസ്റൗമ

ബേസ്റൗമ എന്ന സുറിയാനി പദത്തിന്റെ അർത്ഥം ഉയരങ്ങളിലെ ഭവനം എന്നാണ്. മാന്നാനത്തുള്ള സി.എം.ഐ. സഭയുടെ ആദ്യഭവനത്തെ സ്ഥാപകപി താക്കൾ വിളിച്ച പേരാണിത്. ഈ പേര് ചാവറ പിതാവാണ് നൽകിയത്. ചാവറ കുര്യാക്കോസ് ഏലിയാസ് പിതാവിന്റെ ജീവിത ദർശനങ്ങളും അനുബന്ധ വിചാ രധാരകളും വ്യാപകമായ തലത്തിൽ ദൃശ്യ-ശ്രാവ്യ-മുദ്രണ തലങ്ങളിലൂടെ കേന്ദ്രീ കൃതമായി പൊതുസമൂഹമധ്യത്തിൽ എത്തിക്കുന്നതിനായി സി.എം.ഐ., സി. എം.സി. സഭകൾ സംയുക്തമായി ചാവറ സെൻട്രൽ സെക്രട്ടറിയേറ്റിന്റെ കീഴിൽ ആരംഭിച്ചിട്ടുള്ള പ്രകാശനധാരയാണ് *ബേസ്റൗമ*. *ബേസ്റൗമ* പ്രവർത്തന സര ണിയിലെ ആദ്യപാദമാണ് പുസ്തകപ്രസാധനം. ദൃശ്യ-ശ്രാവ്യ ധാരകളിൽക്കൂടി പ്രവർത്തനം വ്യാപിപ്പിക്കുന്നതിനുള്ള ഒരുക്കങ്ങളിലാണ് സഭാനേതൃത്വം. *ബേസ്റൗമ* എന്ന പേരിൽ ചാവറ പിതാവിന്റെ ജീവിതദർശനങ്ങളെ പ്രമേയമാക്കി അന്തർദ്ദേശീയ നിലവാരത്തിലുള്ള ഒരു ഡോക്യുഫീച്ചർ ചിത്രത്തിന്റെ കടലാസു ജോലികൾ പൂർത്തിയാക്കി വരുന്നു. ആഗസ്റ്റ് 26ന് മാന്നാനത്ത് ചാവറ പിതാ വിന്റെ സ്മൃതി മണ്ഡപത്തിനു മുൻപിൽ ചിത്രീകരണം തുടങ്ങുവാനാകുമെന്നാണ് പ്രതീക്ഷ. ചാവറ പിതാവിന്റെ കാവ്യ രചനകൾക്കൊപ്പം കവി ശ്രേഷ്ഠരായ അക്കിത്തം, ഒ.എൻ.വി., വിഷ്ണു നാരായണൻ നമ്പൂതിരി, യൂസഫലി കേച്ചേരി, ശ്രീകുമാരൻ തമ്പി തുടങ്ങിയ പ്രതിഭാധനർ ക്രൈസ്തവ ചൈതന്യത്തെ അവ ലംബമാക്കി എഴുതുന്ന ഗാനങ്ങൾക്ക് ഇന്ത്യയിലെ തന്നെ സംഗീതരംഗത്തെ ഏറ്റവും മുതിർന്ന ആചാര്യനായ സംഗീതകാരൻ വി. ദക്ഷിണമൂർത്തി സംഗീതം പകർന്നുകൊണ്ടുള്ള ഒരു മ്യൂസിക്ക് ആൽബത്തിന്റെ ഒരുക്കങ്ങളും പുരോഗമി ക്കുന്നു. ഇതോടൊപ്പം തമിഴിലും കന്നഡത്തിലും ഹിന്ദിയിലും കൂടി ഗാനങ്ങൾ ഈണപ്പെടുത്തുന്നുണ്ട്. പ്രശസ്തരും പ്രഗത്ഭരുമായ ഗായകരായിരിക്കും ആലാ പനം തൊണ്ണൂറുകളുടെ പാതയിലെത്തിയ സംഗീതാചാര്യൻ ദക്ഷിണമൂർത്തി ആദ്യമായാണ് ഒരു ക്രിസ്ത്യൻ മ്യൂസിക്കൽ ആൽബം ചിട്ടപ്പെടുത്തുന്നതെന്ന അപൂർവ്വത കൂടി ഈ പരിശ്രമത്തിനുണ്ട്. ഗാനങ്ങളിൽ കുറച്ചെണ്ണത്തിനു പ്രഗ ത്ഭരായ ചലച്ചിത്രകാരന്മാരുടെ സഹായത്തോടെ ദൃശ്യാഖ്യാനം നൽകുവാനും ശ്രമിക്കുന്നുണ്ട്.

താഴെ പറയുന്ന ഒരു പാനലാണ് *ബേസ്റൗമ* പ്രകാശന ധാരയ്ക്കു നേതൃത്വം നൽകുന്നത്.

ചെയർമാൻ : *ടി.എം. എബ്രഹാം* (നാടക സൈദ്ധാന്തികനും കലാകാരനും സംഗീത നാടക അക്കാദമി വൈസ് ചെയർമാനും)

അംഗങ്ങൾ : *ഫാ. ജോസ് പന്തപ്ലാംതൊട്ടിയിൽ* സി.എം.ഐ. (പ്രിയോർ ജനറൽ)

*റവ. സിസ്റ്റർ സാങ്റ്റ* സി.എം.സി.
(സുപ്പീരിയർ ജനറൽ)

ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ.
(ചാവറ സെൻട്രൽ സെക്രട്ടറിയേറ്റ് ഡയറക്ടർ)

സിസ്റ്റർ ലിയോനില സി.എം.സി.
(സി.എം.സി. കോൺഗ്രിഗേഷൻ ജനറൽ കൗൺസിൽ പ്രതിനിധി)

റവ. സിസ്റ്റർ ആവില സി.എം.സി.
(സി.എം.സി. കോൺഗ്രിഗേഷൻ പ്രതിനിധി)

കൺവീനർ : ജോൺ പോൾ
(മാധ്യമ വിദഗ്ദ്ധനും ചലച്ചിത്രകാരനും)

കോർഡിനേറ്റർ : ഫാ. റോബി കണ്ണഞ്ചിറ സി.എം.ഐ.
(എറണാകുളം ചാവറ കൾച്ചറൽ സെന്റർ ഡയറക്ടറും
ചാവറ സെൻട്രൽ സെക്രട്ടറിയേറ്റ് കോർഡിനേറ്ററും)

**പ്രസിദ്ധീകരണങ്ങൾ:**

- *ആകാശദീപങ്ങൾ സാക്ഷി* • ചാവറ പിതാവിന്റെ ജീവിതത്തിലൂടെ ഒരു നോവലിസ്റ്റിന്റെ തീർത്ഥാടനം • *ജോൺ ആന്റണി* • അവതാരിക: *പെരുമ്പടവം ശ്രീധരൻ* (രണ്ടാം പതിപ്പ്)
- *സുകൃതംസ്മര* • *ഡോ. സുകുമാർ അഴീക്കോട്, ഡോ. എം. ലീലാവതി, എം.കെ. സാനു, എ. ശ്രീധരമേനോൻ, പി. ഗോവിന്ദപ്പിള്ള, ഫാ. ഇസഡ്.എം. മൂഴൂർ, സി.വി. ആനന്ദബോസ്, മാത്യു ഉലകംതറ, ഡോ. കുര്യാസ് കുമ്പളക്കുഴി, ഡോ. സെബാസ്റ്റ്യൻ പോൾ, സി.പി. ശ്രീധരൻ, കെ.എം. തരകൻ, ടി.എം. എബ്രഹാം, പി.കെ. രാജശേഖരൻ* എന്നിവരുടെ ചാവറ പിതാവിനെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ • അവതാരിക: *എം. തോമസ് മാത്യു.* (രണ്ടാം പതിപ്പ്)
- *ഇതാ ഞാൻ, അവിടത്തെ ദാസൻ* • ചാവറ പിതാവിന്റെ ജീവിതദർശനങ്ങളെ പാർശ്വപരിവൃത്ത സഹിതം അവതരിപ്പിക്കുന്ന ഗ്രന്ഥപരമ്പരയിലെ ആദ്യ ഭാഗം • *ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ* • അവതാരിക : *ഡോ. കെ.എസ്. രാധാകൃഷ്ണൻ.*
- *പൊതുവിദ്യാഭ്യാസം: പ്രസക്തിയും പ്രശ്നങ്ങളും* • ചാവറ അനുസ്മരണ പ്രഭാഷണങ്ങൾ • *ഡോ. കെ.എസ്സ്. രാധാകൃഷ്ണൻ, അബ്ദുൾ സമദ് സമദാനി* (രണ്ടാം പതിപ്പ്)
- *എന്റെ ഓഹരിയും പാനപാത്രവും* • ചാവറ പിതാവിന്റെ ദൈവ സാദൃശ സങ്കല്പം : ഒരു വിചാരണം • *സിസ്റ്റർ ആവില സി.എം.സി.,* അവതാരിക: *ടി.എം. എബ്രഹാം.*

BETH RAUMA
an initiative of
CHAVARA CENTRAL SECRETARIAT
representing
C.M.I. and C.M.C. Congregations
PB NO. 3105
CHAVARA HILLS, KAKKANADU, COCHIN 682030
Ph: 91 484 4070012 Fax: 91 484 4070015
E-mail: bethrauma@gmail.com, chavara.secretariat@cmi.in

# സുകൃതംസ്മര

ഒരു ബേസ് റൗമ പ്രസിദ്ധീകരണം
ചാവറ സെൻട്രൽ സെക്രട്ടറിയേറ്റ്

## ചാവറ സംസ്കൃതി

സുകുമാർ അഴീക്കോട്, എം.കെ.സാനു, എം.ലീലാവതി,
എ.ശ്രീധരമേനോൻ, പി.ഗോവിന്ദപ്പിള്ള, സി.പി.ശ്രീധരൻ,
കെ.എം.തരകൻ, ഇസഡ്.എം.മുഴൂർ, മാത്യു ഉലകംതറ,
സി.വി.ആനന്ദബോസ്, സെബാസ്റ്റ്യൻ പോൾ,
കുര്യാസ് കുമ്പളക്കുഴി, ടി.എം.എബ്രഹാം,
പി.കെ.രാജശേഖരൻ, എന്നിവരുടെ പഠന നിരീക്ഷണങ്ങൾ

സി.എം.ഐ. പ്രിയോർ ജനറാൾ ഹൗസ്
ചാവറ ഹിൽസ്, കാക്കനാട്, കൊച്ചി - 682030